# നിയമ ധ്വനി

പുസ്തകം-2 | ഒക്ടോബർ 2014

കേരള സർക്കാർ നിയമ വകുപ്പ് പ്രസിദ്ധീകരണം

ലക്കം-2



# നിയമധ്വനി



കേരള സർക്കാർ നിയമ വകുപ്പ് പ്രസിദ്ധീകരണം

## പത്രാധിപസമിതി


| | | |
|---|---|---|
| ചീഫ് എഡിറ്റർ | : | **സി. പി. രാമരാജ പ്രേമ പ്രസാദ്**<br>നിയമ സെക്രട്ടറി |
| എഡിറ്റർ | : | **റ്റി. വസന്തകുമാർ**<br>അഡീഷണൽ നിയമ സെക്രട്ടറി |
| അംഗങ്ങൾ | : | **റ്റി. വിജയകുമാർ**<br>അഡീഷണൽ നിയമ സെക്രട്ടറി |
| | | **പി. പി. മേരി**<br>ജോയിന്റ് സെക്രട്ടറി |
| | | **പി. എസ്. ഷൈല**<br>സെക്ഷൻ ആഫീസർ |
| | | **എസ്. വി. മനേഷ്**<br>ലീഗൽ അസിസ്റ്റന്റ് |
| | | **ആർ. കിംരാജ്**<br>ലീഗൽ അസിസ്റ്റന്റ് |
| പുറംതാൾ രൂപകല്പന | : | പ്രഥമേഷ് കെ. ഭാസ്കർ |



| | | |
|---|---|---|
| വിലാസം | : | നിയമ (ഔദ്യോഗിക ഭാഷ-പ്രസിദ്ധീകരണ സെൽ) വകുപ്പ്,<br>ഗവൺമെന്റ് സെക്രട്ടേറിയറ്റ്,<br>തിരുവനന്തപുരം-695 001. |
| ഫോൺ | : | 0471-2517064, 0471-2517066 |



ഈ പ്രസിദ്ധീകരണത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള ലേഖനങ്ങളിലെ അഭിപ്രായങ്ങൾ സംസ്ഥാന സർക്കാരിന്റെയോ നിയമ വകുപ്പിന്റെയോ അല്ല എന്നും അവ ലേഖകരുടെ വ്യക്തിപരമായ അഭിപ്രായങ്ങളാണ് എന്നും അവയ്ക്കുള്ള ഉത്തര വാദിത്വം ലേഖകർക്ക് മാത്രമാണെന്നും സാക്ഷ്യപ്പെടുത്തുന്നു.

*പത്രാധിപസമിതി.*



## പ്രസാധക കുറിപ്പ്

ഒരു ജനതയുടെ ജീവിതവും സംസ്കാരവുമെല്ലാം അവരുടെ മാതൃഭാഷയോട് ഏറെ ബന്ധപ്പെട്ടിരിക്കുന്നു. ഭരണവും ഭരണകർത്താക്കളും ഭരണീയരുമെല്ലാം ഒരേ ഭാഷ പിൻതുടർന്നാൽ മാത്രമേ പരസ്പരമുള്ള അകൽച്ച ഇല്ലാതെയായി ഭരണനിർവ്വഹണം സുഗമവും സംതൃപ്തമാവുകയുള്ളൂ. അതുകൊണ്ടുതന്നെ, നമ്മുടെ സംസ്ഥാന ഭരണത്തിന്റെ എല്ലാ തലങ്ങളിലും ആശയവിനിമയോപാധി മലയാളമായിരിക്കണമെന്നത് അനിവാര്യമാക്കിയ നടപടി ലക്ഷ്യം കൈവരിയ്ക്കുന്നു എന്നതിൽ നമുക്കഭിമാനിക്കാം. എന്നാൽ ഭരണഭാഷ മാത്രമല്ല നീതിനിർവ്വഹണത്തിന്റെ പ്രധാനഘടകമായ കോടതി ഭാഷയും മാതൃഭാഷ തന്നെയാകേണ്ടതായിട്ടുണ്ട്. വ്യവഹാരത്തിലേർപ്പെടുന്ന ഓരോ പൗരന്റേയും മൗലികമായ അവകാശമാണ് അവന്റെ ഭാഷയിൽ തന്നെ വിധിന്യായങ്ങൾ ലഭ്യമാക്കുക എന്നത്. കോടതിഭാഷ മലയാളമാക്കുന്നതിനായുള്ള സർക്കാരിന്റെ ധീരമായ ചുവടുവയ്പ് ആണ് പ്രധാനകോടതിവിധികളുടെ മലയാള പരിഭാഷയും മറ്റു മലയാള നിയമലേഖനങ്ങളുമടങ്ങിയ നിയമ വകുപ്പിന്റെ മലയാള പ്രസിദ്ധീകരണമായ **നിയമധ്വനി** എന്ന് നിങ്ങളേവർക്കും അറിയാവുന്നതാണല്ലോ. നിയമധ്വനിയുടെ ഇതുവരെയുള്ള ഓരോ ലക്കവും കുറ്റമറ്റതാക്കാൻ ഞങ്ങൾ കഴിയുന്നത്ര പരിശ്രമിച്ചിട്ടുണ്ട്. നീതിനിർവ്വഹണ മേഖലയിലെ മലയാള പദസമ്പത്തിന്റെ അപര്യാപ്തത മൂലം വിധിന്യായങ്ങളുടെ പരിഭാഷാ വേളയിൽ നേരിടേണ്ടിവന്നിട്ടുള്ള വെല്ലുവിളികൾ പുതിയ പദങ്ങൾ സൃഷ്ടിച്ചും മറ്റു ഭാഷകളുമായി ബന്ധപ്പെട്ട് പ്രചാരത്തിലിരിക്കുന്ന പദങ്ങൾ സ്വീകരിച്ചുമാണ് കൈകാര്യം ചെയ്തിട്ടുള്ളത്. ഈ ഉദ്യമത്തിൽ സംഭവിച്ചിരിക്കാവുന്ന ന്യൂനതകൾ ചൂണ്ടിക്കാട്ടുന്നവരോട് ഞങ്ങൾ കൃതജ്ഞതയുള്ളവരായിരിക്കും.

**നിയമധ്വനി** വായനക്കാർക്ക് ഒരു മുതൽക്കൂട്ടാകുമെന്ന് ഞാൻ പ്രത്യാശിക്കുന്നു. ഈ പ്രസിദ്ധീകരണം ഭംഗിയായി നിങ്ങളുടെ കയ്യിലെത്തുന്നതിന് പിന്നിൽ പ്രവർത്തിച്ചവർക്കും ഇതുവരെ എല്ലാ പിൻതുണയും പ്രോത്സാഹനവും നൽകിയവർക്കും എന്റെ ഹൃദയംഗമമായ നന്ദി അറിയിച്ചുകൊള്ളുന്നു.

**സി. പി. രാമരാജ പ്രേമ പ്രസാദ്,**
നിയമ സെക്രട്ടറി

നിയമവകുപ്പ്
ഗവൺമെന്റ് സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം
28-10-2014

## ഉൾത്താളുകളിൽ......

സുപ്രീം കോടതി വിധിന്യായങ്ങൾ 1

ഹൈക്കോടതി വിധിന്യായങ്ങൾ 41

ലേഖനങ്ങൾ :

1999-ലെ കേരള ലോകായുക്ത ആക്റ്റ്: ഒരു ലഘു വിവരണം 73

ഹെൻട്രി VIII ക്ലോസ് :
വൈഷമ്യങ്ങൾ നീക്കംചെയ്യുന്നതിനുള്ള അധികാരം 77

— *സി. രമണി*

ഭേദഗതി ആക്റ്റ് റദ്ദാക്കപ്പെടുമ്പോൾ 79

— *എസ്. ഗിരിജാദേവി*

ഔദ്യോഗിക ഭാഷ ജനങ്ങളിലേക്ക് 82

— *പി.വി. ചന്ദ്രബോസ്*

സ്ത്രീ തന്നെ ധനം 87

— *പി.പി. മേരി*

അവയവദാനം എന്ന ധർമ്മം 92

— *പി. ഇന്ദുകല*

2014-ലെ വിക്റ്റിം കോമ്പൻസേഷൻ പദ്ധതി 96

— *വി. എം. രഹ്ന*

മൊബൈൽ ഫോൺ നഷ്ടപ്പെട്ടാൽ 100

— *കെ. പ്രസാദ്*

ഭാഷാന്തരണം നേരിടുന്ന വെല്ലുവിളികൾ 101

— *റ്റി. ജയകുമാർ*

34/4257/2014.

# സുപ്രീം കോടതി വിധിന്യായങ്ങൾ

# ബഹു. സുപ്രീം കോടതി മുമ്പാകെ

*ബഹു. ജസ്റ്റിസ് ജി.എസ്. സിങ്‌വി*

*&*

*ബഹു. ജസ്റ്റിസ് സി. നാഗപ്പൻ*

**അഭയ് സിങ്**

അഭി

**യൂണിയൻ ഓഫ് ഇൻഡ്യ**

**എസ്.എൽ.പി.(സി) നമ്പർ 25237/2010**

2013 ഡിസംബർ 10-ന് വിധി പ്രസ്താവിച്ചത്

**1989-ലെ മോട്ടോർ വാഹന ചട്ടങ്ങൾ, ചട്ടങ്ങൾ 108, 108എ&119—സംസ്ഥാനത്തിന്റെയും ഇന്ത്യൻ യൂണിയന്റെയും കീഴിൽ പൊതു ഉദ്യോഗങ്ങൾ വഹിക്കുന്ന പൊതു ജീവനക്കാർക്കും ആളുകൾക്കും ചുവന്ന ലൈറ്റുകൾ ഉൾപ്പെടെ വിവിധ നിറങ്ങളിലുള്ള ലൈറ്റുകൾ പോലെയുള്ള അധികാര ചിഹ്നങ്ങളും പദവിചിഹ്നങ്ങളും വാഹന വ്യൂഹങ്ങൾ/അകമ്പടികളും ഉപയോഗിക്കുവാനുള്ള അവകാശം—നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.**

## വിധിന്യായം

*ജസ്റ്റിസ് ജി.എസ്. സിങ്‌വി,*

1989-ലെ മോട്ടോർ വാഹന ചട്ടങ്ങളിലെ ചട്ടം 108(1) നുള്ള (iii)-ാം പരിമിതി വ്യവസ്ഥയിൽ ഉപയോഗിച്ചിരിക്കുന്ന "ഉന്നതപദവിയിലിരിക്കുന്നവർ" എന്ന പദം ഭാരതത്തിന്റെ ഭരണഘടനയിൽ നിർദ്ദേശിച്ചിട്ടുള്ള വിവിധ തസ്തികകളും സ്ഥാനങ്ങളും ഉദ്യോഗങ്ങളും വഹിക്കുന്നവരെ അതിന്റെ പരിധിക്കുള്ളിൽ ഉൾക്കൊള്ളിക്കുന്നു. കേന്ദ്ര സർക്കാർ വിനിർദ്ദേശിച്ചിട്ടുള്ള "ഉന്നത പദവിയിലിരിക്കുന്നവരെ"യും സംസ്ഥാന സർക്കാർ വിനിർദ്ദേശിച്ചിട്ടുള്ള അവർക്ക് സമാനമായവരെയും വഹിച്ചുകൊണ്ടു പോകുന്ന മോട്ടോർ വാഹനങ്ങളിൽ ചുവന്ന ലൈറ്റുകൾ ഘടിപ്പിക്കാവുന്നതും എന്നാൽ ഫ്ളാഷറോടു കൂടിയതോ അല്ലാതെയോ ഉള്ള ചുവന്ന ലൈറ്റുകൾ വിനിർദ്ദേശിക്കപ്പെട്ടിട്ടുള്ള ഉന്നതപദവിയിലിരിക്കുന്നയാൾ കർത്തവ്യത്തിലായിരിക്കുമ്പോൾ മാത്രമേ ഉപയോഗിക്കുവാൻ പാടുള്ളതും അല്ലാത്തപ്പോൾ പാടില്ലാത്തതുമാകുന്നു. സംസ്ഥാന സർക്കാരുകൾക്കോ യൂണിയൻ പ്രദേശങ്ങളിലെ ഭരണകൂടങ്ങൾക്കോ "ഉന്നതപദവിയിലിരിക്കുന്നവർ" എന്ന പദത്തിന്റെ വ്യാപ്തി, കേന്ദ്രസർക്കാർ പുറപ്പെടുവിച്ചിട്ടുള്ള 11-01-2002-ലെയും 28-07-2005-ലെയും വിജ്ഞാപനങ്ങളിലെ 'സി'-യും 'ഡി'-യും ഖണ്ഡങ്ങളിൽ നിർണ്ണയിക്കപ്പെട്ടിട്ടുള്ളതിനപ്പുറം വർദ്ധിപ്പിക്കുവാൻ സാധിക്കുന്നതല്ല.

ആയതിനാൽ, അവ പ്രസക്തമായ ചട്ടങ്ങളും വിജ്ഞാപനങ്ങളും, അവയ്ക്ക് 1989-ലെ ചട്ടങ്ങളും കേന്ദ്രസർക്കാർ പുറപ്പെടുവിച്ചിട്ടുള്ള 11-01-2002, 28-07-2005 എന്നീ തീയതികളിലെ വിജ്ഞാപനങ്ങളുമായി ചേർച്ച വരുത്തുവാനായി ഭേദഗതിചെയ്യേണ്ടതാണ്. ഈ നിർവ്വഹണം മൂന്നു മാസ കാലാവധിക്കുള്ളിൽ പൂർത്തീകരിച്ചിരിക്കേണ്ടതാണ്. യൂണിഫോമിലുള്ള ആളുകൾക്കും; തങ്ങളുടെ കർത്തവ്യനിർവ്വഹണത്തിനായി റോഡുകളിലേക്ക് തടസ്സമില്ലാത്ത പ്രവേശനം ആവശ്യപ്പെടുന്ന പ്രവർത്തനസജ്ജരായ ഏജൻസികൾക്കും; ആംബുലൻസ് സേവനങ്ങൾ, അഗ്നിശമന സേവനങ്ങൾ, അടിയന്തിര അറ്റകുറ്റപ്പണികൾ മുതലായവ പോലെയുള്ള അടിയന്തിര കർത്തവ്യങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവർക്കും അകമ്പടികളായോ പൈലറ്റുകളായോ ക്രമസമാധാന കർത്തവ്യങ്ങൾക്കു വേണ്ടിയോ ഉപയോഗിക്കപ്പെടുന്ന പോലീസ് വാഹനങ്ങൾക്കും ചുവന്ന ലൈറ്റുകൾ വയ്ക്കുവാൻ അവകാശം ഇല്ലാത്തതും എന്നാൽ മറ്റു നിറങ്ങളിലുള്ള ലൈറ്റുകൾ, ഉദാഹരണത്തിന് നീല, വെള്ള, നാനാവർണ്ണങ്ങളോടു കൂടിയവ മുതലായവ വയ്ക്കുവാൻ അവകാശമുള്ളതുമാകുന്നു. 1989-ലെ ചട്ടങ്ങളിലെ 119(3)-ാം ചട്ടത്തിലോ സംസ്ഥാന സർക്കാരുകളോ യൂണിയൻ പ്രദേശങ്ങളിലെ ഭരണകൂടങ്ങളോ ഉണ്ടാക്കിയ ചട്ടങ്ങളിൽ അടങ്ങിയിട്ടുള്ള അതുപോലെയുള്ള വ്യവസ്ഥകളിലോ വിനിർദ്ദേശിച്ചിട്ടുള്ളവ ഒഴികെയുള്ള യാതൊരു മോട്ടോർ വാഹനങ്ങളിലും വ്യത്യസ്ത പിച്ചിലുള്ള ശബ്ദ അനുക്രമം നൽകുന്ന പല ശബ്ദങ്ങളിലുള്ള ഹോണുകളോ ക്രമാതീതമായി പരുഷമായതോ കർണ്ണഭേദിയായതോ ഉച്ചത്തിലുള്ളതോ ഭയപ്പെടുത്തുന്നതോ ആയ ശബ്ദം പുറപ്പെടുവിക്കുന്ന മറ്റേതെങ്കിലും ശബ്ദ ഉത്പാദക ഉപകരണമോ ഘടിപ്പിക്കാൻ പാടില്ലാത്തതാകുന്നു. 1988-ലെ ആക്റ്റിലെയും അതിനുകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലെയും വ്യവസ്ഥകൾ നടപ്പിലാക്കുന്ന ജോലി ഏൽപ്പിക്കപ്പെട്ടിട്ടുള്ള പോലീസ് ഉദ്യോഗസ്ഥരും മറ്റു അധികാരസ്ഥാനങ്ങളും യാതൊരു ഭയമോ പക്ഷപാതമോ കൂടാതെ അവരുടെ കർത്തവ്യങ്ങൾ നിർവ്വഹിക്കേണ്ടതും 108 (1)-ാം ചട്ടത്തിലും 119-ാം ചട്ടത്തിലും സംസ്ഥാന സർക്കാരുകളും യൂണിയൻ പ്രദേശങ്ങളിലെ ഭരണകൂടങ്ങളും ഉണ്ടാക്കിയിട്ടുള്ള സമാന ചട്ടങ്ങളിലും അടങ്ങിയിട്ടുള്ള നിരോധനം ലംഘിക്കുന്നവർക്കുമേൽ ഉചിതമായ ശിക്ഷ ചുമത്തേണ്ടതുമാണ്. പല ശബ്ദങ്ങളിലുള്ള ഹോണുകൾ ഘടിപ്പിച്ചിട്ടുള്ള വാഹനങ്ങളുടെ, അങ്ങനെയുള്ള ഹോണുകൾ ഉപയോഗിക്കുവാൻ 1989-ലെ ചട്ടങ്ങളിലെ 119(3)-ാം ചട്ടമോ സംസ്ഥാന സർക്കാരുകളോ യൂണിയൻ പ്രദേശങ്ങളിലെ ഭരണകൂടങ്ങളോ ഉണ്ടാക്കിയിട്ടുള്ള തൽസ്ഥാനീയ ചട്ടങ്ങളോ പ്രകാരം അനുവദിക്കപ്പെട്ടവർ അല്ലാതെയുള്ള, ഉടമസ്ഥർ/ഉപയോക്താക്കൾ ഒരു മാസ കാലാവധിക്കുള്ളിൽ പല ശബ്ദങ്ങളുള്ള ഹോണുകൾ നീക്കം ചെയ്യേണ്ടതാണ്. 1988-ലെ ആക്റ്റിലെയും അതിൻകീഴിൽ കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരുകളും യൂണിയൻ പ്രദേശങ്ങളിലെ ഭരണകൂടങ്ങളും ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലെയും വ്യവസ്ഥകൾ നടപ്പിലാക്കുവാൻ അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥരും, 1989-ലെ ചട്ടങ്ങളിലെ 119(3)-ാം ചട്ടത്തിലോ സംസ്ഥാന സർക്കാരുകളും യൂണിയൻ പ്രദേശങ്ങളിലെ ഭരണകൂടങ്ങളും ഉണ്ടാക്കിയിട്ടുള്ള തൽസ്ഥാനീയ ചട്ടങ്ങളിലോ വിനിർദ്ദേശിച്ചിട്ടുള്ളവ ഒഴികെയുള്ള എല്ലാ വാഹനങ്ങളിൽ നിന്നും പലശബ്ദങ്ങളുള്ള ഹോണുകൾ നീക്കം ചെയ്യപ്പെടുന്നുവെന്ന് ഉറപ്പു വരുത്തേണ്ടതാണ്. എല്ലാ സംസ്ഥാനങ്ങളിലെയും ചീഫ് സെക്രട്ടറിമാരും യൂണിയൻ പ്രദേശങ്ങളിലെ ഭരണാധികാരികളും ഈ ഉത്തരവിൽ അടങ്ങിയിട്ടുള്ള നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു നോട്ടീസ് അവരെ സംബന്ധിച്ച സംസ്ഥാനങ്ങളിലും യൂണിയൻ പ്രദേശങ്ങളിലും വ്യാപകമായ പ്രചാരമുള്ള വർത്തമാനപത്രങ്ങളിൽ പ്രസിദ്ധീകരിപ്പിക്കേണ്ടതാണ്. 2012-ലെ മോട്ടോർ വാഹനങ്ങൾ (ഭേദഗതി) ബില്ലിലെ 51-ാം ഖണ്ഡത്തിൽ വർദ്ധിപ്പിച്ച ശിക്ഷ ചുമത്തലിനുള്ള ഒരു വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന്

പാണ്ഡിത്യമുള്ള സോളിസിറ്റർ ജനറൽ സമർപ്പിച്ചിരിക്കുന്ന കുറിപ്പിൽ പറഞ്ഞിട്ടുണ്ട്. ആ ഭേദഗതി ഇതുവരെ നടപ്പാക്കപ്പെട്ടതായി കാണുന്നില്ല. നിയമനിർമ്മാണസഭ, പൊതുവായി 1989-ലെ ആക്റ്റിലെയും 1989-ലെ ചട്ടങ്ങളിലെയും വ്യവസ്ഥകളുടെയും പ്രത്യേകിച്ച് 108-ഉം 119-ഉം ചട്ടങ്ങളിലെ വ്യവസ്ഥകളുടെയും ദുരുപയോഗത്തിന് എതിരെ പിന്തിരിപ്പിക്കുന്ന ആയുധമായി പ്രവർത്തിക്കാവുന്ന മതിയായ ശിക്ഷ ചുമത്തലിനുള്ള ഉചിതമായ ഭേദഗതി ഉണ്ടാക്കുമെന്നും വ്യവസ്ഥ ഉണ്ടാക്കുമെന്നും ഞങ്ങൾ പ്രതീക്ഷിക്കുകയും വിശ്വസിക്കുകയും ചെയ്യുന്നു. സംസ്ഥാന സർക്കാരുകളും യൂണിയൻ പ്രദേശങ്ങളിലെ ഭരണകൂടങ്ങളും ചുവന്ന ലൈറ്റുകളും പല ശബ്ദങ്ങളിലുള്ള ഹോണുകളും അല്ലെങ്കിൽ അതുപോലെയുള്ള ഉപകരണങ്ങളും ഉപയോഗിക്കലിനെതിരെയുള്ള നിരോധനം ഉൾക്കൊള്ളുന്ന ചട്ടങ്ങൾ ലംഘിക്കുന്നവരെ പിന്തിരിപ്പിക്കാനുതകുന്ന ശിക്ഷ ചുമത്തുന്നതിനായി നിലവിലുള്ള ചട്ടങ്ങൾ ഭേദഗതി ചെയ്യുകയോ ഉചിതമായ ചട്ടങ്ങൾ ഉണ്ടാക്കുകയോ ചെയ്യേണ്ടതാണ്.

കേന്ദ്ര സർക്കാർ, 1989-ലെ മോട്ടോർ വാഹന ചട്ടങ്ങളിലെ 108(1)-ാം ചട്ടത്തിനുള്ള (iii)-ാം പരിമിതിവ്യവസ്ഥ പ്രകാരം അതിൽ നിക്ഷിപ്തമായിട്ടുള്ള അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് 11-01-2002-ലെ എസ്.ഒ 52(ഇ) നമ്പർ വിജ്ഞാപനം പുറപ്പെടുവിക്കുകയും ആയത് 28-07-2005 എസ്.ഒ 1070 (ഇ) നമ്പർ വിജ്ഞാപന പ്രകാരം ഭേദഗതി ചെയ്യപ്പെടുകയും ചെയ്തു. അത് താഴെ കാണുന്ന പ്രകാരമാണ്.

“(എ) രാജ്യത്തെവിടെയും കർത്തവ്യത്തിലായിരിക്കുമ്പോൾ വാഹനത്തിന്റെ മുകളിൽ മുൻവശത്ത് ഫ്ളാഷറോടു കൂടിയ ചുവന്ന ലൈറ്റ്-

1. രാഷ്ട്രപതി
2. ഉപരാഷ്ട്രപതി
3. പ്രധാനമന്ത്രി
4. മുൻ രാഷ്ട്രപതിമാർ
5. ഡെപ്യൂട്ടി പ്രധാനമന്ത്രി
6. ഭാരതത്തിന്റെ ചീഫ് ജസ്റ്റിസ്
7. ലോക്സഭാ സ്പീക്കർ
8. യൂണിയൻ ക്യാബിനറ്റ് മന്ത്രിമാർ
9. ആസൂത്രണ കമ്മീഷൻ ഉപാദ്ധ്യക്ഷൻ
10. മുൻ പ്രധാനമന്ത്രിമാർ
11. രാജ്യസഭയിലെയും ലോക് സഭയിലെയും പ്രതിപക്ഷ നേതാക്കൾ
12. സുപ്രീംകോടതിയിലെ ജഡ്ജിമാർ

(ബി) രാജ്യത്തെവിടെയും കർത്തവ്യത്തിലായിരിക്കുമ്പോൾ വാഹനത്തിന്റെ മുകളിൽ മുൻവശത്ത് ഫ്ളാഷറില്ലാത്ത ചുവന്ന ലൈറ്റ്-

1. മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ
2. ഭാരതത്തിന്റെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ
3. രാജ്യസഭാ ഉപാദ്ധ്യക്ഷൻ
4. ലോക്സഭാ ഡെപ്യൂട്ടി സ്പീക്കർ
5. യൂണിയൻ സഹമന്ത്രിമാർ
6. ആസൂത്രണ കമ്മീഷൻ അംഗങ്ങൾ
7. ഭാരതത്തിന്റെ അറ്റോർണി ജനറൽ
8. കാബിനറ്റ് സെക്രട്ടറി
9. പൂർണ്ണമായും ജനറലിന്റെ പദവിയോ തത്തുല്യ പദവിയോ വഹിക്കുന്ന മൂന്ന് സർവ്വീസുകളിലെയും സ്റ്റാഫുകളുടെ മേധാവികൾ

> ***aequitas est a equalitas.***
> *(Equity is equality)*
> ***ധാർമ്മികനീതി സമത്വം ആകുന്നു.***

10. യൂണിയൻ ഉപമന്ത്രിമാർ
11. ലഫ്. ജനറലിന്റെ പദവിയോ തത്തുല്യ പദവിയോ വഹിക്കുന്ന മൂന്ന് സർവ്വീസുകളിലെയും സ്റ്റാഫുകളുടെ ഒഫിഷ്യേറ്റിംഗ് മേധാവികൾ
12. കേന്ദ്ര അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ അദ്ധ്യക്ഷൻ

13. ന്യൂനപക്ഷ കമ്മീഷന്റെ അദ്ധ്യക്ഷൻ
14. പട്ടികജാതി-പട്ടികഗോത്രവർഗ്ഗ കമ്മീഷന്റെ അദ്ധ്യക്ഷൻ
15. യൂണിയൻ പബ്ളിക് സർവ്വീസ് കമ്മീഷന്റെ അദ്ധ്യക്ഷൻ

(സി) പദവിയിലും അന്തസ്സിലും വിശേഷാവകാശങ്ങളിലും മുകളിലെ (എ)-യും (ബി)-യും ഇനങ്ങളിൽ പരാമർശിച്ചിട്ടുള്ള ഉന്നതപദവിയിലിരിക്കുന്നവർക്ക് തത്തുല്യരായി ഔപചാരികമായി പദവിനിർദ്ദേശം ചെയ്യപ്പെട്ട ഉന്നതപദവിയിലിരിക്കുന്നയാളെ വഹിച്ചു കൊണ്ടുപോകുന്ന ഏതൊരു വാഹനത്തിനും തത്തുല്യമായ വിശേഷാവകാശങ്ങൾ പ്രകാരം ചുവന്ന ലൈറ്റ് ഉപയോഗിക്കാവുന്നതാണ്. തങ്ങളുടെ വ്യക്തിപരമായ നിലകളിൽ ആഭ്യന്തര മന്ത്രാലയം പദവി നൽകിയിട്ടുള്ള ഉന്നത പദവിയിലിരിക്കുന്നവരെ വഹിച്ചുകൊണ്ടു പോകുന്ന വാഹനങ്ങൾക്ക് മുകളിലെ (എ)-യും (ബി)-യും ഇനങ്ങളിൽ പരാമർശിച്ചിട്ടുള്ള ഉന്നതപദവിയിലിരിക്കുന്നവർക്ക് നൽകിയിട്ടുള്ള തത്തുല്യമായ വിശേഷാധികാരങ്ങൾ പ്രകാരം ചുവന്ന ലൈറ്റ് ഉപയോഗിക്കാവുന്നതാണ്.

(ഡി) മുകളിൽ മുൻവശത്ത് ചുവന്ന ലൈറ്റ് ഘടിപ്പിച്ച വാഹനം ഉന്നത പദവിയിലിരിക്കുന്നവരെ വഹിച്ചുകൊണ്ടു പോകുന്നില്ലെങ്കിൽ, അപ്പോൾ അങ്ങനെയുള്ള ചുവന്ന ലൈറ്റ് ഉപയോഗിക്കാൻ പാടില്ലാത്തതും ഒരു കറുത്ത ആവരണം കൊണ്ട് മറയ്ക്കേണ്ടതുമാണ്.

(ഇ) സംസ്ഥാന സർക്കാരുകളും യൂണിയൻ പ്രദേശ ഭരണകൂടങ്ങളും, അതത് സംഗതിപോലെ, ഗവർണ്ണർ, ലഫ്.ഗവർണ്ണർ, മുഖ്യമന്ത്രി, ഹൈക്കോടതികളിലെ ചീഫ് ജസ്റ്റിസ്മാരും ജഡ്ജിമാരും, സംസ്ഥാന/ യൂണിയൻ പ്രദേശ നിയമനിർമ്മാണസഭകളുടെ അദ്ധ്യക്ഷൻ, സ്പീക്കർ, കാബിനറ്റ് മന്ത്രിമാർ മുതലായവർ പോലെയുള്ള അവയുടെ സംസ്ഥാന സർക്കാരുകളിലെയോ യൂണിയൻ പ്രദേശ ഭരണകൂടങ്ങളിലെയോ ഉന്നത പദവിയിലിരിക്കുന്നവരെ സംബന്ധിച്ച് ചുവന്ന ലൈറ്റ് ഉപയോഗിക്കലിനെ കുറിച്ച് സമാനമായ വിജ്ഞാപനങ്ങൾ പുറപ്പെടുവിക്കേണ്ടതാണ്.

## ബഹു. സുപ്രീം കോടതി മുമ്പാകെ

*ബഹു. ജസ്റ്റിസ് കെ.എസ്. രാധാകൃഷ്ണൻ*

*&*

*ബഹു. ജസ്റ്റിസ് സി. നാഗപ്പൻ*

**ഹരിയാന ഫിനാൻഷ്യൻ കോർപ്പറേഷൻ**

അഭി

**ഗുരുചരൺ സിംഗ്**

**സിവിൽ അപ്പീൽ നമ്പർ 11028/2013**

2013 ഡിസംബർ 13-ന് വിധി പ്രസ്താവിച്ചത്

**1882-ലെ വസ്തു കൈമാറ്റ ആക്റ്റ്, വകുപ്പുകൾ 100 & 59-ഒരു പണയം ജനിപ്പിക്കുന്നതിനുള്ള വെറുമൊരു വാഗ്ദാനം, ഏതെങ്കിലും സ്ഥാവര വസ്തുവിൽ ഒരു അവകാശം സൃഷ്ടിക്കുവാൻ മതിയായതല്ല.**

## വിധിന്യായത്തിന്റെ ചുരുക്കക്കുറിപ്പ്

വസ്തു കൈമാറ്റ ആക്റ്റിലെ 100-ാം വകുപ്പ് 59-ാം വകുപ്പുമായി കൂട്ടി വായിക്കുമ്പോൾ, കക്ഷികളുടെ പ്രവർത്തി മൂലം, മറ്റൊരാൾക്ക് കൊടുക്കുവാനുള്ള പണത്തിന് ഏതെങ്കിലും സ്ഥാവര വസ്തു ഈടായി നൽകുകയാണെങ്കിൽ, ആയത് പണയമാകുന്ന തല്ലാത്തതും അപ്പോൾ ഒരു സാധാരണ പണയത്തിന് ബാധകമാകുന്ന എല്ലാ വ്യവസ്ഥകളും, ആകാവുന്നിടത്തോളം, അങ്ങനെയുള്ള ചാർജ്ജിന് ബാധകമാകുന്ന താണെന്ന് വ്യക്തമാക്കുന്നു. തൽഫലമായി, വസ്തുകൈമാറ്റ ആക്റ്റിലെ 59-ാം വകുപ്പ് അനുസരിച്ച്, അവകാശപത്രങ്ങളുടെ ഡിപ്പോസിറ്റ് വഴിയുള്ള ഒരു പണയം അല്ലാത്ത ഒരു പണയം നടത്തുമ്പോൾ, അത് രജിസ്റ്റർ ചെയ്ത ഒരു കരണം വഴി മാത്രമേ നടപ്പിൽ വരുത്തുവാൻ കഴിയുകയുള്ളൂ. ഈ കേസിനെ സംബന്ധിച്ചിടത്തോളം, ഒന്നാം എതിർകക്ഷി രജിസ്റ്റർ ചെയ്ത യാതൊരു പണയാധാരവും ഒപ്പിട്ട് പൂർത്തീകരിച്ചിട്ടില്ലാത്തതും വസ്തുവിന്റെ ആധാരം യാതൊന്നും ഒന്നാം എതിർകക്ഷി കോർപ്പറേഷന് കൈമാറിയിട്ടില്ലാത്തതു മാകുന്നു. വായ്പ നിലവിലിരിക്കുന്ന കാലയളവിൽ ഒരാൾ അതിൽ പരാമർശിച്ചിട്ടുള്ള പണയ വസ്തുക്കൾ വിക്രയം ചെയ്യുകയി ല്ലെന്നുള്ള വാഗ്ദാനം മാത്രം അതിൽ പരാമർശിച്ചിട്ടുള്ള സ്ഥാവരവസ്തുക്കളുടെ മേൽ ഏതെങ്കിലും ചാർജ്ജ് നൽകുകയില്ല. മറ്റൊരു അർത്ഥത്തിൽ പറഞ്ഞാൽ, ഒരു പണയം ജനിപ്പിക്കുന്നതിനുള്ള വെറുമൊരു വാഗ്ദാനം, ഏതെങ്കിലും സ്ഥാവരവസ്തുവിൽ ഒരു അവകാശം സൃഷ്ടിക്കുവാൻ മതിയായതല്ല. ഈ നിയമവീക്ഷണം ഈ കോടതിയുടെ വിവിധ വിധിന്യായങ്ങൾ മുഖേന തീർച്ചപ്പെടു ത്തിയിട്ടുള്ളതാണ്. *കെ. മുത്തുസ്വാമി ഗൗണ്ടർ* ((1998) 7 എസ്.സി.സി. 327) എന്ന കേസിൽ, കക്ഷികൾ, വിധിയിൽ പറഞ്ഞിരുന്ന തുക കൊടുത്തുതീർക്കുന്നതുവരെ അവർ വസ്തുക്കൾ അന്യാധീനപ്പെടുത്തുക യില്ലായെന്ന് വാഗ്ദാനം ചെയ്തിരുന്ന ഒരു ഈട് പത്രത്തിന്റെ നിയമസാധുത ഈ കോടതി പരിഗണിക്കുകയായിരുന്നു.

## ബഹു. സുപ്രീം കോടതി മുമ്പാകെ

**ബഹു. ജസ്റ്റിസ് ഡോ. ബി. എസ്. ചൗഹാൻ**

**ബഹു. ജസ്റ്റിസ് ജെ. ചെലമേശ്വർ**

**&**

**ബഹു. ജസ്റ്റിസ് എം.വൈ. ഇക്ബാൽ**

**സിവിൽ അപ്പീൽ നം 979/2014**

2014 ഫെബ്രുവരി 12-ന് വിധി പ്രസ്താവിച്ചത്.

**ഭാരതത്തിന്റെ ഭരണഘടന, അനുച്ഛേദങ്ങൾ 229(1) & 16(1)-അനുച്ഛേദം 16(1)-ൽ ഉപയോഗിച്ചിരിക്കുന്ന പ്രകാരം 'അവസരം' എന്നാൽ ജീവനത്തിനുള്ള അവസരം എന്ന് അർത്ഥമാകുന്നതും അത് ഉറപ്പ്നല്കുന്നത് എന്തെന്നാൽ ജീവനത്തിനുള്ള ഈ അവസരം എല്ലാവർക്കും സമമായി ലഭ്യമാകുമെന്നുള്ളതുമാണ്.**

ഭരണഘടനയിൻ കീഴിൽ പോലും, അനുച്ഛേദം 229(1) പ്രകാരം ചീഫ് ജസ്റ്റിസിന് നൽകിയിട്ടുള്ള നിയമനാധികാരം ജീവനം സംബന്ധിച്ച വിഷയങ്ങളിൽ എല്ലാ പൗരൻമാർക്കും അവസരസമത്വം ഉറപ്പ് നൽകുന്ന അനുച്ഛേദം 16(1)ന് വിധേയമാണ്. ഈ അനുച്ഛേദത്തിൽ ഉപയോഗിച്ചിരിക്കുന്ന പ്രകാരം 'അവസരം' എന്നാൽ ജീവനത്തിനുള്ള അവസരം എന്ന് അർത്ഥമാകുന്നതും അത് ഉറപ്പ് നല്കുന്നത് എന്തെന്നാൽ ജീവനത്തിനുള്ള ഈ അവസരം എല്ലാവർക്കും സമമായി ലഭ്യമാകുമെന്നുള്ളതുമാണ്.

**സേവനം--ഭാരതത്തിന്റെ ഭരണഘടന, അനുച്ഛേദങ്ങൾ 229(1) & 16(1)--അനുച്ഛേദം 229(2) പ്രകാരമുള്ള അധികാരങ്ങൾ ചീഫ് ജസ്റ്റിസിന് സ്വതന്ത്രമാക്കപ്പെട്ടതും നിയമബദ്ധമല്ലാത്തതുമായ ഒരു രീതിയിൽ വിനിയോഗിക്കാൻ കഴിയില്ല--നിയമനങ്ങൾ അനുച്ഛേദങ്ങൾ 14-ലേയും 16-ലേയും കൂടാതെ/അല്ലെങ്കിൽ നിയമനിർമ്മാണസഭ ഉണ്ടാക്കിയ അങ്ങനെയുള്ള ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കേണ്ടതാണ്.**

ഭരണഘടനയുടെ അനുച്ഛേദം 229(2) പ്രകാരമുള്ള അധികാരങ്ങൾ ചീഫ് ജസ്റ്റിസിന് സ്വതന്ത്രമാക്കപ്പെട്ടതും നിയമബദ്ധമല്ലാത്തതുമായ ഒരു രീതിയിൽ വിനിയോഗിക്കാൻ കഴിയില്ല എന്ന ഫലത്തിലേക്ക് നിയമത്തെ സംക്ഷേപിപ്പിക്കുവാൻ കഴിയുന്നതാണ്. നിയമനങ്ങൾ ഭരണഘടനയുടെ അനുച്ഛേദങ്ങൾ 14-ലേയും 16-ലേയും കൂടാതെ/അല്ലെങ്കിൽ നിയമനിർമ്മാണസഭ ഉണ്ടാക്കിയ അങ്ങനെയുള്ള ചട്ടങ്ങളിലെയും വ്യവസ്ഥകൾ പാലിച്ചുകൊണ്ട് നടത്തപ്പെടേണ്ടതാണ്.

**ഭാരതത്തിന്റെ ഭരണഘടന, അനുച്ഛേദങ്ങൾ 229(1) & 16(1)—ജീവനം, അത് ഹൈക്കോടതിയിലോ അതിന് കീഴിലുള്ള കോടതികളിലോ ഉള്ള ക്ലാസ് IV-ന്റെയോ ക്ലാസ് III-ന്റെയോ ക്ലാസ് II-ന്റെയോ മറ്റേതെങ്കിലും ക്ലാസ്സിന്റെയോ ആയാലും, "പൊതുജീവന"ത്തിന്റെ നിർവ്വചനത്തിനുള്ളിൽ വരുന്നതാണ്.**

ഇന്നത്തെ സമ്പ്രദായത്തിൽ, പ്രതിദിന തൊഴിലാളികളും കാഷ്വൽ തൊഴിലാളികളും സൗകര്യപ്രദമായി കൊണ്ടുവരപ്പെട്ടിട്ടുള്ളതും പിന്നീടുള്ള ഒരു ഘട്ടത്തിൽ അവരെ റഗുലറൈസ് ചെയ്യുവാനുള്ള ശ്രമങ്ങൾ അനുവർത്തിക്കപ്പെടുകയും ചെയ്യുന്നു. ആയതിനാൽ, കൂടുതൽ സമയവും ഉന്നയിക്കപ്പെടുന്ന പ്രശ്നം, ചട്ടങ്ങൾ ഒരു പ്രത്യേക രീതി സ്വീകരിക്കുവാൻ നിർദ്ദേശിക്കുമ്പോഴും സ്വവിവേകത്തിന്റെ ശരിയല്ലാത്ത വിനിയോഗത്തെ സൂചിപ്പിക്കുന്ന നിയമനങ്ങൾ നടത്തുന്നതിന് വേണ്ടി സ്വീകരിച്ചിട്ടുള്ള നടപടിക്രമത്തെക്കുറിച്ചാണ്. ജീവനം, അത് ഹൈക്കോടതിയിലോ അതിന് കീഴിലുള്ള കോടതികളിലോ ഉള്ള ക്ലാസ് IV-ന്റേയോ ക്ലാസ്-III ന്റേയോ ക്ലാസ് II-ന്റേയോ മറ്റേതെങ്കിലും ക്ലാസ്സിന്റേയോ ആയാലും, "പൊതുജീവന"ത്തിന്റെ നിർവ്വചനത്തിനുള്ളിൽ വരുന്നതാണ് എന്നതിൽ യാതൊരു സംശയവും ഉണ്ടാകാൻ സാധ്യമല്ല. ആയതിനാൽ, അങ്ങനെയുള്ള ജീവനം ചട്ടങ്ങൾ പ്രകാരവും ക്ഷമതയുള്ള അധികാരസ്ഥാനത്തിന്റെ ഉത്തരവുകൾ പ്രകാരവും നൽകപ്പെടേണ്ടതുണ്ട്.

**ഭാരതത്തിന്റെ ഭരണഘടന, അനുച്ഛേദങ്ങൾ 229 (1) & 16 (1)—ഹൈക്കോടതിയിലും അതോടൊപ്പം കീഴ്ക്കോടതികളിലും ഉള്ള സ്റ്റാഫുകളുടെ നിയമനം കൈകാര്യം ചെയ്യുന്ന സ്റ്റാറ്റ്യൂട്ടറി നിയമങ്ങളെ പുനഃപരിശോധിക്കുവാൻ എല്ലാ ഹൈക്കോടതികളോടും ആവശ്യപ്പെടുകയും ഏതെങ്കിലും ചട്ടം ഭരണഘടനയുടെ അനുച്ഛേദങ്ങൾ 14-ലേയും 16-ലേയും വ്യവസ്ഥകൾക്ക് അനുസൃതമായും പൊരുത്തപ്പെട്ടും ഇല്ലാതിരിക്കുകയാണെങ്കിൽ, ആയത് രൂപഭേദപ്പെടുത്താവുന്നതുമാണ്.**

**ഭാരതത്തിന്റെ ഭരണഘടന, അനുച്ഛേദങ്ങൾ 229 (1) & 16 (1)— ഏതെങ്കിലും നിയമനം സ്റ്റാറ്റ്യൂട്ടറി ചട്ടങ്ങളെ ഉല്ലംഘിച്ചുകൊണ്ട് നടത്തുകയാണെങ്കിൽ, ആ നിയമനം തസ്തികയുടെ ഏതെങ്കിലും വിഭാഗത്തെയോ അത് വഹിക്കുന്ന ആളിനേയോ കണക്കിലെടുക്കാതെ ആരംഭം മുതൽ അസാധുവായിരിക്കുന്നതാണ്.**

ഹൈക്കോടതിയിലോ ഹൈക്കോടതിക്ക് കീഴിലുള്ള കോടതികളിലോ ഉള്ള ഏതെങ്കിലും തസ്തികയിലുള്ള ഏതൊരു ഒഴിവും നികത്തുന്നതിന്, അതിനുവേണ്ടിയുണ്ടാക്കിയ സ്റ്റാറ്റ്യൂട്ടറി ചട്ടങ്ങളുടെ കർശനമായ അനുസരണം ആവശ്യമാണ്. ഏതെങ്കിലും നിയമനം സ്റ്റാറ്റ്യൂട്ടറി ചട്ടങ്ങളെ ഉല്ലംഘിച്ചുകൊണ്ട് നടത്തുകയാണെങ്കിൽ, ആ നിയമനം തസ്തികയുടെ ഏതെങ്കിലും വിഭാഗത്തെയോ, അത് വഹിക്കുന്ന ആളിനേയോ കണക്കിലെടുക്കാതെ ആരംഭം മുതൽ അസാധുവായിരിക്കുന്നതാണ്.

**ഭാരതത്തിന്റെ ഭരണഘടന, അനുച്ഛേദങ്ങൾ 229 (1) & 16 (1)-- തസ്തിക, ഏറ്റവും കുറഞ്ഞത് രണ്ട് വർത്തമാന പത്രങ്ങളിൽ പരസ്യം നൽകുന്നത് വഴി നികത്തപ്പെടേണ്ടതും അവയിലൊന്ന് ബന്ധപ്പെട്ട സംസ്ഥാനത്ത് വ്യാപകമായി പ്രചാരമുള്ള പ്രാദേശിക ഭാഷയിൽ ആയിരിക്കേണ്ടതുമാണ്.**

> *"acta exteriora indicant interiora secreta.*
> *(External actions show internal secrets.)*
> *ബാഹ്യ ചേഷ്ടകൾ ആന്തരിക രഹസ്യങ്ങളെ പ്രകടമാക്കുന്നു."*

തസ്തിക, ഏറ്റവും കുറഞ്ഞത് രണ്ട് വർത്തമാനപത്രങ്ങളിൽ പരസ്യം നല്കുന്നത് വഴി നികത്തപ്പെടേണ്ടതും അവയിലൊന്ന് ബന്ധപ്പെട്ട സംസ്ഥാനത്ത് വ്യാപകമായി പ്രചാരമുള്ള പ്രാദേശികഭാഷയിൽ ആയിരിക്കേണ്ടതുമാണ്. അതിനുപുറമേ, തദ്ദേശ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും പേരുകൾ ആവശ്യപ്പെടാവുന്നതും ഒഴിവുകൾ മറ്റു രീതികളിൽ പരസ്യപ്പെടുത്താവുന്നതുമാണ്. ഉദാ:- തൊഴിൽ വാർത്തകൾ, മുതലായവ.

**ഭാരതത്തിന്റെ ഭരണഘടന, അനുച്ഛേദങ്ങൾ 229 (1) & 16 (1)-ഇതിൽ മുകളിൽ കൽപ്പിച്ച പ്രകാരം പരസ്യപ്പെടുത്താതെ നികത്തിയ ഏതൊരു ഒഴിവും ആരംഭം മുതൽ അസാധുവായിരിക്കുന്നതും പരസ്യം കൂടാതെ നികത്തുവാൻ അനുവദനീയമായ അങ്ങനെയുള്ള നിയമനങ്ങൾ ഒഴികെ, പ്രാവർത്തികമാക്കാനാകാത്തതും നടപ്പിലാക്കാനാകാത്തതുമായി നിലകൊള്ളുന്നതാണ്.**

ഇതിൽ മുകളിൽ കൽപ്പിച്ച പ്രകാരം പരസ്യപ്പെടുത്താതെ നികത്തിയ ഏതൊരു ഒഴിവും, ആരംഭം മുതൽ അസാധുവായിരിക്കുന്നതും പരസ്യം കൂടാതെ നികത്തുവാൻ അനുവദനീയമായ അങ്ങനെയുള്ള നിയമനങ്ങൾ ഒഴികെ, പ്രാവർത്തികമാക്കാനാകാത്തതും നടപ്പിലാക്കാനാകാത്തതുമായി നിലകൊള്ളുന്നതാണ്. ഉദാ:- ബാധകമാകുന്ന ചട്ടങ്ങൾ പ്രകാരമുള്ള ആശ്രിതനിയമനം. ഏതെങ്കിലും നിയമനം നടത്തുന്നതിന് മുമ്പ്, രാഷ്ട്രം സ്വീകരിച്ചിട്ടുള്ള സംവരണ നയം മുതലായവ, ഏതെങ്കിലും ഉണ്ടെങ്കിൽ, അത് പാലിക്കുമ്പോൾതന്നെ എല്ലാ ഉദ്യോഗാർത്ഥികളുടെയും അർഹതയും ഒപ്പം അനുയോജ്യതയും പരിശോധിക്കേണ്ടതാണ്/ പരീക്ഷിക്കേണ്ടതാണ്.

**ഭാരതത്തിന്റെ ഭരണഘടന, അനുച്ഛേദങ്ങൾ 229(1) & 16(1)—കീഴ്ക്കോടതികൾക്കു വേണ്ടിയുള്ള ഉദ്യോഗാർത്ഥികളുടെ തിരഞ്ഞെടുപ്പിന് /റിക്രൂട്ട്മെന്റിനുള്ള മാർഗ്ഗനിർദ്ദേശരേഖകൾ.**

ഓരോ ഹൈക്കോടതിക്കും, അതത് ഹൈക്കോടതിക്ക് കീഴിലുള്ള കോടതികൾക്ക് വേണ്ടിയുള്ള ഉദ്യോഗാർത്ഥികളുടെ കേന്ദ്രീകൃത തിരഞ്ഞെടുപ്പ് ഉണ്ടായിരിക്കേണ്ടത് അതിന് അഭിലഷണീയമാണോയെന്ന് ആറുമാസത്തിനകം പരിശോധിക്കാവുന്നതും തീരുമാനിക്കാവുന്നതും അഭിലഷണീയമാണെന്ന് അത് കാണുന്നുവെങ്കിൽ, രാഷ്ട്ര അല്ലെങ്കിൽ മേഖല അല്ലെങ്കിൽ മണ്ഡല അടിസ്ഥാനത്തിൽ ആ ആവശ്യം നടപ്പാക്കുവാൻ ചട്ടങ്ങൾ രൂപവത്ക്കരിക്കാവുന്നതുമാണ്. ബന്ധപ്പെട്ട ഹൈക്കോടതിയോ കീഴ്ക്കോടതിയോ, അതത് സംഗതിപോലെ, ഒഴിവുകൾ യഥാസമയം നികത്തുകയും അതുവഴി ഏതെങ്കിലും അസൗകര്യമോ ജീവനക്കാരുടെ കുറവ് കൊണ്ടുള്ള അസൗകര്യം ഒഴിവാക്കുകയും അത് താൽക്കാലിക സംവിധാനങ്ങൾ സ്വീകരിക്കുക എന്ന ശല്യം നിയന്ത്രിക്കുകയും ചെയ്യും എന്ന ലക്ഷ്യത്തോടെ വർഷത്തിൽ ഏറ്റവും കുറഞ്ഞത് ഒരിക്കലെങ്കിലും നിലവിലുള്ള ഒഴിവുകൾക്കോ പ്രസ്തുത കാലയളവിൽ ഉണ്ടാകാൻ ഇടയുള്ള ഒഴിവുകൾക്കോ വേണ്ടി സ്ഥിര അടിസ്ഥാനത്തിലുള്ള റിക്രൂട്ട്മെന്റ് നടത്തേണ്ടതാണ്.

## ബഹു. സുപ്രീംകോടതി മുമ്പാകെ

**ബഹു. ജസ്റ്റിസ് കെ.എസ്. രാധാകൃഷ്ണൻ & ബഹു. ജസ്റ്റിസ് എ.കെ., സിക്രി**

**നാഷണൽ ലീഗൽ സർവ്വീസസ് അതോറിറ്റി**

**അഭി**

**യൂണിയൻ ഓഫ് ഇൻഡ്യ**

റിട്ട് പെറ്റീഷൻ (സിവിൽ) നമ്പർ 604/2013 & 400/2012

2014 ഏപ്രിൽ 15-ന് വിധി പ്രസ്താവിച്ചത്

# വിധിന്യായത്തിലെ പ്രസക്ത ഭാഗങ്ങൾ

ഭാരതത്തിന്റ ഭരണഘടന,അനുച്ഛേദം 14—പുരുഷന്മാരോ/സ്ത്രീകളോ അല്ലാത്ത ഹിജഡകൾ/ഭിന്നലിംഗക്കാരായ ആളുകൾ—''ആൾ'' എന്ന പദപ്രയോഗത്തിൽ പെടുന്നവരും, ആകയാൽ, ഭാരതത്തിലെ മറ്റ് ഏതൊരു പൗരനും അനുഭവിക്കുന്നതുപോലെ സമമായ സിവിലും പൗരത്വവും അവകാശങ്ങൾക്കു പുറമെ ജീവനം, ആരോഗ്യപരിരക്ഷണം, വിദ്യാഭ്യാസം ഉൾപ്പെടെയുള്ള രാഷ്ട്ര പ്രവർത്തനത്തിന്റെ എല്ലാ രംഗങ്ങളിലും നിയമങ്ങളുടെ നിയമാനുസൃത സംരക്ഷണത്തിന് അവകാശപ്പെട്ടവരും ആകുന്നു.

ഭാരതത്തിന്റെ ഭരണഘടന, അനുച്ഛേദം 14—ലൈംഗികാധിഷ്ഠിതമോ ലിംഗ അനന്യതയോ കാരണമാക്കിയുള്ള വിവേചനം നിയമത്തിനു മുമ്പാകെ സമത്വത്തിനും നിയമത്തിന്റെ സമമായ സംരക്ഷണത്തിനും കോട്ടം വരുത്തുകയും ഭാരതത്തിന്റെ ഭരണഘടനയുടെ 14-ാം അനുച്ഛേദത്തെ ലംഘിക്കുകയും ചെയ്യുന്നു.

ഭാരതത്തിന്റെ ഭരണഘടന, അനുച്ഛേദങ്ങൾ 15 & 16—അനുച്ഛേദങ്ങൾ 15-ഉം 16-ഉം പ്രകാരമുള്ള `ലിംഗം' കാരണമാക്കിയുള്ള വിവേചനത്തിൽ ലിംഗ അനന്യത കാരണമാക്കിയുള്ള വിവേചനവും ഉൾപ്പെടുന്നു—15-ഉം 16-ഉം അനുച്ഛേദങ്ങളിൽ ഉപയോഗിച്ചിരിക്കുന്ന `ലിംഗം' എന്ന പദം പുരുഷന്റെയോ സ്ത്രീയുടെയോ ജീവശാസ്ത്രപരമായ ലിംഗത്തിന് മാത്രമായി പരിമിതപ്പെടുത്തപ്പെടുന്നില്ല. എന്നാൽ, പുരുഷന്മാരോ സ്ത്രീകളോ അല്ലെന്ന് അവർ തന്നെ കരുതുന്ന ആളുകളെ ഉൾപ്പെടുത്തുവാൻ ഉദ്ദേശിച്ചിട്ടുള്ളതാകുന്നു.

ഭാരതത്തിന്റെ ഭരണഘടന, അനുച്ഛേദം 16(4)—ഭിന്നലിംഗക്കാർ ഭരണഘടനയുടെ 16(4)-ാം അനുച്ഛേദത്തിൻ കീഴിൽ വിവക്ഷിക്കപ്പെട്ട പ്രകാരം നിയമന കാര്യത്തിൽ സംവരണത്തിന് അവകാശപ്പെട്ടവരും ആകുന്നു--രാഷ്ട്രം അവർക്ക് പൊതു സർവ്വീസുകളിൽ അർഹമായ പ്രാതിനിധ്യം നൽകുവാനുള്ള സ്വീകാര്യാത്മകമായ നടപടിയെടുക്കുവാൻ ബാദ്ധ്യസ്ഥമാണ്.

ഭാരതത്തിന്റെ ഭരണഘടന, അനുച്ഛേദം 19(1)(ക)—ലിംഗ അനന്യത ഒരാളുടെ വ്യക്തിപരമായ തിരിച്ചറിയലിന്റെ കാതലിലും ലിംഗം പ്രകടിപ്പിക്കലിലും ബോധിപ്പിക്കലിലും സ്ഥിതി ചെയ്യുന്നതും, ആയതിനാൽ, അത് ഭാരതത്തിന്റെ ഭരണഘടനയുടെ അനുച്ഛേദം 19(1) (ക) പ്രകാരം സംരക്ഷിക്കപ്പെടേണ്ടിയിരിക്കുന്നതുമാകുന്നു.

ഭാരതത്തിന്റെ ഭരണഘടന, അനുച്ഛേദം 19(1)(ക)—സ്വകാര്യതയുടെയും സ്വയം തിരിച്ചറിയലിന്റെയും നിയന്ത്രണസ്വാതന്ത്ര്യത്തിന്റെയും വ്യക്തിപരമായ സ്വഭാവ ദാർഢ്യത്തിന്റെയും മൂല്യങ്ങൾ ഭാരതത്തിന്റെ ഭരണഘടനയുടെ അനുച്ഛേദം 19(1) (ക) പ്രകാരം ഭിന്നലിംഗ സമൂഹത്തിലെ അംഗങ്ങൾക്ക് ഉറപ്പ് നൽകിയിട്ടുള്ള മൗലിക അവകാശങ്ങളാകുന്നതും ആ അവകാശങ്ങളെ സംരക്ഷിക്കുവാനും അംഗീകരിക്കുവാനും രാഷ്ട്രം ബാദ്ധ്യസ്ഥമായിരിക്കുന്നതുമാകുന്നു.

ഭാരതത്തിന്റെ ഭരണഘടന, അനുച്ഛേദം 21--ലിംഗം തിരിച്ചറിയൽ ഒരു വ്യക്തിയുടെ അന്തസ്സിന് അഭിഭാജ്യമായിരിക്കുന്നതും ''വ്യക്തിപരമായ നിയന്ത്രണസ്വാതന്ത്ര്യ'' ത്തിന്റെയും ''സ്വയംതീരുമാന'' ത്തിന്റെയും കാതലിലായിരിക്കുന്നതും ആകുന്നു.

ഭാരതത്തിന്റെ ഭരണഘടന, അനുച്ഛേദം 21--ഹിജഡകളും നപുംസകങ്ങളും, ദ്വിലിംഗക്കാർക്കു പുറമെ, നമ്മുടെ ഭരണഘടനയും നിയമങ്ങളും പ്രകാരം മൂന്നാം ലിംഗമായി പരിഗണിക്കപ്പെടേണ്ടതുണ്ട്.

ഭാരതത്തിന്റെ ഭരണഘടന, അനുച്ഛേദങ്ങൾ 14, 15, 16, 19 & 21--അനുച്ഛേദങ്ങൾ 14-ഉം, 15-ഉം, 16-ഉം, 19-ഉം, 21-ഉം ഹിജഡകളെയും/ഭിന്നലിംഗക്കാരെയും അവയുടെ വ്യാപ്തിക്കുള്ളിൽ ഉൾപ്പെടുത്തുകയും അപ്രകാരം പുരുഷനോ സ്ത്രീയോ ആയ ലിംഗത്തിലേയ്ക്ക് പരിമിതപ്പെടുത്താതിരിക്കുകയും ചെയ്യുന്നു.

ഭാരതത്തിന്റെ ഭരണഘടന അനുച്ഛേദങ്ങൾ 14, 15, 16, 19 & 21—ലിംഗം തിരിച്ചറിയൽ ലിംഗത്തിന്റെ അഭിഭാജ്യഭാഗമായിരിക്കുന്നതും മൂന്നാം ലിംഗമായി തിരിച്ചറിയുന്നവർ ഉൾപ്പെടെയുള്ള യാതൊരു പൗരനും ലിംഗം തിരിച്ചറിയൽ കാരണമാക്കി വിവേചിക്കപ്പെടാൻ കഴിയുന്നതല്ലാത്തതുമാകുന്നു.

ഭാരതത്തിന്റെ ഭരണഘടന, അനുച്ഛേദങ്ങൾ 14, 15, 16, 19 & 21--ലൈംഗിക അധിഷ്ഠിതയുടെയോ ലിംഗം തിരിച്ചറിയലിന്റെയോ അടിസ്ഥാനത്തിലുള്ള വിവേചനത്തിൽ ഭരണഘടന പ്രകാരം ഉറപ്പ് നൽകപ്പെട്ടിട്ടുള്ള നിയമം മുഖേനയുള്ള സമത്വത്തെയോ നിയമങ്ങളുടെ സമമായ സംരക്ഷണത്തെയോ അസാധുവാക്കുന്നതോ മാറ്റിവയ്ക്കുന്നതോ ആയ പ്രഭാവമുള്ള ഏതൊരു വിവേചനമോ ഒഴിവാക്കലോ നിയന്ത്രണമോ മുൻഗണനയോ ഉൾപ്പെടുന്നു.

ഭാരതത്തിന്റെ ഭരണഘടന, അനുച്ഛേദങ്ങൾ 14, 15, 16, 19 & 21--ഭിന്നലിംഗ സമൂഹത്തിലെ അംഗങ്ങളുടെ ഭരണഘടനാപരമായ അവകാശങ്ങൾ സംരക്ഷിക്കുവാൻ പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശങ്ങൾ.—

1. ഹിജഡകളും നപുംസകങ്ങളും നമ്മുടെ ഭരണഘടനയുടെ മൂന്നാം ഭാഗവും പാർലമെന്റും സംസ്ഥാന നിയമനിർമ്മാണ സഭയും ഉണ്ടാക്കിയ നിയമങ്ങളും പ്രകാരമുള്ള അവരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനുള്ള ആവശ്യത്തിനായി, ദ്വിലിംഗത്തിൽ നിന്നും ഭിന്നമായി മൂന്നാം ലിംഗമായി പരിഗണിക്കപ്പെടേണ്ടതാണ്.

2. ഭിന്നലിംഗക്കാരായ ആളുകളുടെ, അവരുടെ സ്വയം തിരിച്ചറിയപ്പെട്ട ലിംഗം തീരുമാനിക്കുവാനുള്ള അവകാശം കൂടി ശരിവയ്ക്കപ്പെടുകയും പുരുഷനോ സ്ത്രീയോ മൂന്നാം ലിംഗമോ ആയുള്ള അവരുടെ ലിംഗം തിരിച്ചറിയലിന് നിയമപരമായ അംഗീകാരം നൽകുവാൻ കേന്ദ്ര-സംസ്ഥാന സർക്കാരുകളെ നിർദ്ദേശിക്കുകയും ചെയ്യുന്നു.

3. അവരെ സാമൂഹികവും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങളിൽപ്പെട്ട പൗരന്മാരായി പരിഗണിക്കുവാനും വിദ്യാഭ്യാസസ്ഥാപനങ്ങളിലെ പ്രവേശനത്തിന്റെ സംഗതികളിലും പൊതു നിയമനങ്ങളിലും എല്ലാവിധ സംവരണവും നൽകുവാനുമുള്ള നടപടികൾ സ്വീകരിക്കുവാൻ കേന്ദ്ര-സംസ്ഥാന സർക്കാരുകളോട് ഞങ്ങൾ നിർദ്ദേശിക്കുന്നു.

4. ഹിജഡകൾ/ഭിന്നലിംഗക്കാർ ലൈംഗിക പരമായ വിവിധ ആരോഗ്യ പ്രശ്നങ്ങൾ നേരിടുന്നതിനാൽ പ്രത്യേക എച്ച്.ഐ.വി. സെറോ നിരീക്ഷണ കേന്ദ്രങ്ങൾ (സെറോ-സർവലൻസ് സെന്റേഴ്സ്) പ്രവർത്തിപ്പിക്കുവാൻ കേന്ദ്ര-സംസ്ഥാന സർക്കാരുകളോട് നിർദ്ദേശിക്കുന്നു.

5. ഹിജഡകൾ/ഭിന്നലിംഗക്കാർ നേരിട്ടുകൊണ്ടിരിക്കുന്ന ഭയം, ലജ്ജ, ലിംഗപരമായ ഉത്കണ്ഠ, സാമൂഹിക സമ്മർദ്ദം, വിഷാദം, ആത്മഹത്യാ പ്രവണതകൾ, സാമൂഹിക അപമാനം മുതലായവ പോലുള്ള പ്രശ്നങ്ങൾ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ഗൗരവമായി പരിഹരിക്കേണ്ടതും ഒരാളുടെ ലിംഗം പ്രഖ്യാപിക്കുന്നതിനു വേണ്ടി സെക്ഷ്വൽ റീഅസൈൻമെന്റ് സർജറിക്കുള്ള (എസ്.ആർ.എസ്) ഏതൊരു നിർബന്ധവും അധാർമ്മികവും നിയമവിരുദ്ധവുമാണ്.

6. ഭിന്നലിംഗക്കാർക്ക് ആശുപത്രികളിൽ വൈദ്യപരിരക്ഷ നൽകുവാനും അവർക്ക് പ്രത്യേക ടോയ്‌ലറ്റുകളും മറ്റു സൗകര്യങ്ങളും നൽകുവാനും കൂടിയുള്ള ഉചിതമായ നടപടികൾ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സ്വീകരിക്കേണ്ടതാണ്.

7. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ അവരുടെ ഉന്നമനത്തിനു വേണ്ടി വിവിധ സാമൂഹിക ക്ഷേമപദ്ധതികൾ ആവിഷ്കരിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

8. ഭിന്നലിംഗക്കാർ, അവരും സാമൂഹിക ജീവിതത്തിന്റെ അവിഭാജ്യ ഘടകമാണെന്നും തൊട്ടുകൂടാത്തവരായി കൈകാര്യം ചെയ്യപ്പെടുന്നില്ലായെന്നും അനുഭവിച്ചറിയുവാനായി പൊതു അവബോധം സൃഷ്ടിക്കുവാനുള്ള നടപടികൾ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സ്വീകരിയ്ക്കേണ്ടതാണ്.

9. നമ്മുടെ സാംസ്കാരികവും സാമൂഹികവുമായ ജീവിതത്തിൽ അവർ ഒരിക്കൽ അനുഭവിച്ചിരുന്ന സമൂഹത്തിലെ അവരുടെ ബഹുമാനവും സ്ഥാനവും വീണ്ടെടുക്കുവാനുള്ള നടപടികളും കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സ്വീകരിക്കേണ്ടതാണ്.

❋

**“ *actio personalis moritur cum persona.***
***(A personal action dies with the person.)***
***വ്യക്തിപരമായ നടപടി ആ വ്യക്തിയുടെ***
***മരണത്തോടെ അവസാനിക്കുന്നു.* ”**

## ബഹു. സുപ്രീം കോടതി മുമ്പാകെ

*ബഹു. ചീഫ് ജസ്റ്റിസ് ആർ.എം. ലോധ*

*ബഹു. ജസ്റ്റിസ് എ.കെ. പട്നായിക്*

*ബഹു. ജസ്റ്റിസ് സുധൻസു ജ്യോതി മുഖോപാദ്ധ്യായ*

*ബഹു. ജസ്റ്റിസ് ദീപക് മിശ്ര*

*&*

*ബഹു. ജസ്റ്റിസ് എഫ്.എം. ഇബ്രാഹിം കാലിഫുള്ള*

**കർണ്ണാടക സർക്കാർ**

**അഭി**

**പ്രൈമറി & സെക്കൻഡറി സ്കൂളുകളുടെ**

**(ഗവൺമെന്റ് അംഗീകൃത-അൺഎയ്ഡഡ്-ഇംഗ്ലീഷ് മീഡിയം)**

**അസോസിയേറ്റഡ് മാനേജ്മെന്റ്**

**സി.എ നമ്പറുകൾ 2013-ലെ 5166-5190 & അനുബന്ധ കേസുകൾ**

2014 മേയ് 6-ന് വിധി പ്രസ്താവിച്ചത്

**ഭാരതത്തിന്റെ ഭരണഘടന, അനുച്ഛേദങ്ങൾ 19(1) (ക), 19(1) (ഛ), 29(1) & 30(1)— മാതൃഭാഷയുടെ അടിച്ചേൽപ്പിക്കൽ അനുച്ഛേദങ്ങൾ 19, 29 & 30 പ്രകാരമുള്ള മൗലികാവകാശങ്ങളെ ബാധിയ്ക്കുന്നു.**

പ്രൈമറി സ്കൂളിൽ I മുതൽ IV വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക്, അവരുടെ മാതൃഭാഷയിൽ അവരെ പഠിപ്പിക്കുകയാണെങ്കിൽ, കൂടുതൽ നന്നായി പഠിക്കുവാൻ കഴിയുമെന്ന് വിദഗ്ദ്ധർ അവരുടെ അഭിപ്രായത്തിൽ യോജിക്കാമെങ്കിലും ഭരണഘടനയുടെ അനുച്ഛേദങ്ങൾ 29(1)-ഉം, 30(1)-ഉം പ്രകാരം സംരക്ഷിക്കപ്പെടുന്ന ന്യൂനപക്ഷ സ്കൂളുകളിലും ഭരണഘടനയുടെ 19(1) (ഛ) അനുച്ഛേദപ്രകാരം ഏതെങ്കിലും തൊഴിൽ തുടരുവാനുള്ള അവകാശം അനുഭവിക്കുന്ന ധനസഹായം നൽകപ്പെടാത്ത സ്വകാര്യ സ്കൂളുകളിലും I മുതൽ IV വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് വേണ്ടിയുള്ള ബോധന മാധ്യമം ആ കുട്ടികളുടെ മാതൃഭാഷയായിരിക്കണമെന്ന് അംഗീകാരത്തിനുള്ള ഒരു ഉപാധിയായി സംസ്ഥാനത്തിന് വ്യവസ്ഥചെയ്യുവാൻ കഴിയുന്നതല്ല എന്നതാണ് ഞങ്ങളുടെ സുചിന്തിതമായ അഭിപ്രായം. മാതൃഭാഷയുടെ അടിച്ചേൽപ്പിക്കൽ ഭരണഘടനയുടെ അനുച്ഛേദങ്ങൾ 19-ഉം 29-ഉം 30-ഉം പ്രകാരമുള്ള മൗലികാവകാശങ്ങളെ ബാധിക്കുന്നു എന്ന് ഞങ്ങൾ വിധിക്കുന്നു.

**ഭാരതത്തിന്റെ ഭരണഘടന, അനുച്ഛേദങ്ങൾ 19(1) (ക) യും 21 ക യും 350 ക യും--അനുച്ഛേദം 19(1) (ക) പ്രകാരം സംസാരത്തിനും ആശയപ്രകടനത്തിനും ഉള്ള സ്വാതന്ത്ര്യത്തിനുള്ള അവകാശത്തിൽ ഒരു കുട്ടിയുടെ പഠനകാലത്തിന്റെ പ്രാഥമിക ഘട്ടത്തിൽ ആ കുട്ടിയുടെ ഇഷ്ടപ്രകാരമുള്ള ഒരു ഭാഷയിൽ വിദ്യ അഭ്യസിപ്പിക്കപ്പെടുവാനുള്ള സ്വാതന്ത്ര്യം ഉൾപ്പെടുന്നു.**

സംസാരത്തിനും ആശയപ്രകടനത്തിനും ഉള്ള സ്വാതന്ത്ര്യത്തിനുള്ള അവകാശത്തിൽ വിദ്യ അഭ്യസിക്കുവാനും അറിവു നൽകുവാനും സ്വീകരിക്കുവാനുമുള്ള അവകാശവും വിദ്യ അഭ്യസിപ്പിക്കപ്പെടാനും അറിവ് നൽകപ്പെടാനും സ്വീകരിക്കപ്പെടാനുമുള്ള അവകാശവും കൂടി ഉൾപ്പെടുന്നു. ഭരണഘടനയുടെ അനുച്ഛേദം 19(1) (ക) പ്രകാരമുള്ള സംസാരത്തിനും ആശയപ്രകടനത്തിനും ഉള്ള സ്വാതന്ത്ര്യത്തിനുള്ള അവകാശത്തിൽ ഒരു കുട്ടിയുടെ പഠനകാലത്തിന്റെ പ്രാഥമിക ഘട്ടത്തിൽ ആ കുട്ടിയുടെ ഇഷ്ടപ്രകാരമുള്ള ഒരു ഭാഷയിൽ വിദ്യ അഭ്യസിപ്പിക്കപ്പെടുവാനുള്ള സ്വാതന്ത്ര്യം ഉൾപ്പെടുന്നുവെന്നും സംസ്ഥാനത്തിന്, പഠനകാലത്തിന്റെ പ്രാഥമിക ഘട്ടത്തിൽ കുട്ടിയെ അവന്റെ മാതൃഭാഷയിൽ പഠിപ്പിക്കുകയാണെങ്കിൽ, അവന് കൂടുതൽ ഗുണകരമായിരിക്കും എന്ന് അത് കരുതുന്ന കാരണത്താൽ മാത്രം അങ്ങനെയുള്ള ഇഷ്ടത്തിന്മേൽ നിയന്ത്രണങ്ങൾ അടിച്ചേൽപ്പിക്കുവാൻ കഴിയില്ല എന്നും ഈ കോടതിയുടെ മുൻ വിധിന്യായങ്ങളോട് യോജിച്ചുകൊണ്ട് ഞങ്ങൾ നിരീക്ഷിക്കുന്നു.

**ഭാരതത്തിന്റെ ഭരണഘടന,അനുച്ഛേദങ്ങൾ 9(1) (ക) യും 21 ക യും 350 ക യും--ഒരു കുട്ടിയ്ക്കോ, അവനുവേണ്ടി അവന്റെ അച്ഛനോ അമ്മയ്ക്കോ രക്ഷകർത്താവിനോ പഠനകാലത്തിന്റെ പ്രാഥമിക ഘട്ടത്തിൽ വിദ്യ അഭ്യസിപ്പിക്കപ്പെടാൻ അവൻ ആഗ്രഹിക്കുന്ന ബോധന മാധ്യമം സംബന്ധിച്ച് തിരഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യത്തിനുള്ള ഒരു അവകാശം ഉണ്ടായിരിക്കുന്നതാണ്.**

ഭരണഘടനയുടെ അനുച്ഛേദം 19(1)(ക) പ്രകാരമുള്ള സംസാരത്തിനും ആശയപ്രകടനത്തിനും ഉള്ള സ്വാതന്ത്ര്യത്തിനുള്ള അവകാശ ത്തിൽ, ഒരു കുട്ടിയുടെ പഠനകാലത്തിന്റെ പ്രാഥമിക ഘട്ടത്തിൽ ആ കുട്ടിയുടെ ഇഷ്ടപ്രകാരമുള്ള ഒരു ഭാഷയിൽ വിദ്യ അഭ്യസിപ്പിക്കപ്പെടുവാനുള്ള അവകാശം ഉൾപ്പെടുന്നുവെന്നും സംസ്ഥാനത്തിന്, പഠനകാലത്തിന്റെ പ്രാഥമികഘട്ടത്തിൽ കുട്ടിയെ അവന്റെ മാതൃഭാഷയിൽ പഠിപ്പിക്കുകയാണെങ്കിൽ അത് അവന് കൂടുതൽ ഗുണകരമായിരിക്കും എന്ന് അത് കരുതുന്ന കാരണത്താൽ മാത്രം അങ്ങനെയുള്ള ഇഷ്ടത്തിന്മേൽ നിയന്ത്രണങ്ങൾ അടിച്ചേൽപ്പിക്കുവാൻ കഴിയില്ല എന്നതുമാണ് ഞങ്ങളുടെ കാഴ്ചപ്പാട്. ആയതിനാൽ, ഒരു കുട്ടിയ്ക്കോ, അവനുവേണ്ടി അവന്റെ അച്ഛനോ അമ്മയ്ക്കോ രക്ഷകർത്താവിനോ പഠനകാലത്തിന്റെ പ്രാഥമിക ഘട്ടത്തിൽ അവൻ വിദ്യ അഭ്യസിപ്പിക്കപ്പെടാൻ ആഗ്രഹിക്കുന്ന ബോധന മാധ്യമത്തെ സംബന്ധിച്ച് തിരഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യത്തിനുള്ള ഒരു അവകാശം ഉണ്ടായിരിക്കുമെന്ന് ഞങ്ങൾ വിധിയ്ക്കുന്നു. ഭരണഘടനയുടെ അനുച്ഛേദം 19(1)(ക) യിലെ സംസാരത്തിനും ആശയപ്രകടനത്തിനും ഉള്ള സ്വാതന്ത്ര്യത്തിനുള്ള അവകാശത്തിൽ ഒരു കുട്ടിയ്ക്കോ, അവനുവേണ്ടി അവന്റെ അച്ഛനോ അമ്മയ്ക്കോ രക്ഷകർത്താവിനോ പ്രാഥമിക പഠനകാലഘട്ടത്തിൽ ബോധന മാദ്ധ്യമം തിരഞ്ഞെടുക്കുവാനുള്ള അവകാശം ഉൾപ്പെടുന്നില്ല എന്ന പാണ്ഡിത്യമുള്ള അഡ്വക്കേറ്റ് ജനറലിന്റെ വാദം ഞങ്ങൾക്ക് സ്വീകരിക്കുവാൻ കഴിയുന്നതല്ല.

**ഭാരതത്തിന്റെ ഭരണഘടന, അനുച്ഛേദങ്ങൾ 350 ക, 19(1) (ക) & (ഛ), 29(1)&30(1)-- ഭരണഘടനയുടെ അനുച്ഛേദം 350 ക പ്രകാരം ഭാഷാന്യൂന പക്ഷങ്ങളെ, പ്രൈമറി സ്കൂളുകളിൽ ഒരു ബോധന മാദ്ധ്യമമായി അവരുടെ മാതൃഭാഷയെ മാത്രം തിരഞ്ഞെടുക്കുന്നതിന് നിർബന്ധിക്കുവാൻ സംസ്ഥാനത്തിന് യാതൊരു അധികാരവും ഇല്ലാത്തതാണ്.**

ഭാഷാന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെടുന്ന കുട്ടികൾക്ക് വിദ്യാഭ്യാസത്തിന്റെ പ്രാഥമിക ഘട്ടത്തിൽ മാതൃഭാഷയിൽ ബോധനത്തിന് വേണ്ടിയുള്ള മതിയായ സൗകര്യങ്ങൾ നൽകേണ്ടത് ഓരോ സംസ്ഥാനത്തിനകത്തുമുള്ള ഓരോ തദ്ദേശാധികാര സ്ഥാനത്തിന്റെയും യത്നം ആയിരിക്കേണ്ടതാണെന്ന് ഭരണഘടനയുടെ അനുച്ഛേദം 350 ക യിൽ വ്യവസ്ഥചെയ്തിരിക്കുന്നു എന്നത് ഞങ്ങൾ ശ്രദ്ധിച്ചിട്ടുണ്ട്. ഭരണഘടനയുടെ

അനുച്ഛേദം 30(1) പ്രകാരം ഒരു ഭാഷാന്യൂനപക്ഷത്തിന് അത് സ്ഥാപിച്ചിട്ടുള്ള സ്കൂളിൽ പ്രാഥമിക ഘട്ടങ്ങളിൽ വിദ്യാഭ്യാസം നൽകപ്പെടുന്ന ബോധന മാദ്ധ്യമം തിരഞ്ഞെടുക്കുവാനുള്ള അവകാശം ഉണ്ടെന്ന് ഞങ്ങൾ നേരത്തെ തന്നെ വിധിച്ചിട്ടുള്ളതാണ്. ആയതിനാൽ, അനുച്ഛേദം 30(1) പ്രകാരമുള്ള ഈ മൗലികാവകാശത്തെ ലംഘിച്ചുകൊണ്ട് ഒരു ഭാഷാന്യൂനപക്ഷത്തിനെ അത് സ്ഥാപിച്ചിട്ടുള്ള പ്രൈമറി സ്കൂളിൽ അതിന്റെ മാതൃഭാഷയെ മാത്രം ഒരു ബോധന മാദ്ധ്യമമായി തിരഞ്ഞെടുക്കുന്നതിന് നിർബന്ധിക്കുവാൻ സംസ്ഥാനത്തെ അധികാരപ്പെടുത്തുന്നുവെന്ന് അനുച്ഛേദം 350 ക യെ വ്യാഖ്യാനിക്കുവാൻ കഴിയുന്നതല്ല. അതിനനുസൃതമായി, ഭരണഘടനയുടെ അനുച്ഛേദം 350 ക പ്രകാരം ഭാഷാന്യൂനപക്ഷങ്ങളെ പ്രൈമറി സ്കൂളുകളിൽ അവരുടെ മാതൃഭാഷയെ മാത്രം ഒരു ബോധന മാദ്ധ്യമമായി തിരഞ്ഞെടുക്കുന്നതിന് നിർബന്ധിക്കുവാൻ സംസ്ഥാനത്തിന് യാതൊരു അധികാരവും ഇല്ലെന്ന് ഞങ്ങൾ വിധിയ്ക്കുന്നു.

**ഭാരതത്തിന്റെ ഭരണഘടന, അനുച്ഛേദങ്ങൾ 19(1)(ഛ), 21 ക , 29(1) & 30(1)—ഒരു ന്യൂനപക്ഷ സ്കൂൾ അല്ലാത്തതും അനുച്ഛേദങ്ങൾ 21(1) ന്റെയും 30(1) ന്റെയും സംരക്ഷണം അനുഭവിക്കാത്തതുമായ ധനസഹായം നൽകപ്പെടാത്ത ഒരു സ്വകാര്യ സ്കൂളിന്, ആ സ്കൂളിലെ കുട്ടികൾക്ക് വിദ്യാഭ്യാസം നൽകുന്നതിനു വേണ്ടി ഒരു ബോധന മാദ്ധ്യമത്തെ തിരഞ്ഞെടുക്കാൻ കഴിയുന്നതാണ്.**

ഭരണഘടനയുടെ അനുച്ഛേദം 19(1) (ഛ) യിൽ "ഇഷ്ടപ്രകാരമുള്ള" എന്ന പദം ഇല്ല. ഞങ്ങളുടെ സുചിന്തിതമായ അഭിപ്രായത്തിൽ `ഇഷ്ടപ്രകാരമുള്ള' എന്ന പദത്തിന്റെ അഭാവം ഒരു സാരവത്തായ വ്യത്യാസം ഉണ്ടാക്കുന്നില്ല, എന്തുകൊണ്ടെന്നാൽ, ഭരണഘടനയുടെ അനുച്ഛേദം 19 "സ്വാതന്ത്ര്യത്തിനുള്ള അവകാശം" എന്ന പേരിടപ്പെട്ടിരിക്കുകയും ഭരണഘടനയുടെ അനുച്ഛേദം 19(1) (ഛ) യിൽ `തൊഴിൽ' എന്ന പദത്തിന് മുമ്പുള്ള "ഏതെങ്കിലും" എന്ന പദത്തിനോടൊപ്പം വരുന്ന "സ്വാതന്ത്ര്യം" എന്ന പദം ഒരു വിദ്യാഭ്യാസ സ്ഥാപനം സ്ഥാപിക്കുവാനും ഭരണം നടത്തുവാനുമുള്ള അവകാശത്തിൽ ഒരു പൗരന്റെ, അവന്റെ ഇഷ്ടപ്രകാരമുള്ള ഒരു ബോധന മാദ്ധ്യമത്തിൽ വിദ്യാഭ്യാസം നൽകുന്നതിനുവേണ്ടി ഒരു സ്കൂൾ സ്ഥാപിക്കുവാനുള്ള അവകാശവും ഉൾപ്പെടും എന്ന് അർത്ഥമാകുന്നതായി ഞങ്ങൾ കാണുന്നു. ഒരു പൗരൻ, അയാൾ ഒരു സ്കൂൾ സ്ഥാപിക്കണമെന്നും അങ്ങനെയുള്ള ഒരു സ്കൂളിൽ ബോധന മാദ്ധ്യമം ഒരു പ്രത്യേക ഭാഷ ആയിരിക്കണമെന്നും ചിന്തിക്കുകയാണെങ്കിൽ, അപ്പോൾ അയാൾക്ക് അങ്ങനെയുള്ള അവകാശം ഭരണഘടനയുടെ അനുച്ഛേദം 19(6) പ്രകാരം സംസ്ഥാനം ഉണ്ടാക്കിയിട്ടുള്ള ന്യായമായ റഗുലേഷനുകൾക്ക് വിധേയമായി വിനിയോഗിക്കുവാൻ കഴിയുന്നതാണ്. ഇപ്രകാരം ഒരു ന്യൂനപക്ഷ സ്കൂൾ അല്ലാത്തതും ഭരണഘടനയുടെ അനുച്ഛേദങ്ങൾ 29(1) ന്റെയും 30(1) ന്റെയും സംരക്ഷണം അനുഭവിക്കാത്തതുമായ ധന സഹായം നൽകപ്പെടാത്ത ഒരു സ്വകാര്യ സ്കൂളിന് ആ സ്കൂളിലെ കുട്ടികൾക്ക് വിദ്യാഭ്യാസം നൽകുന്നതിനുവേണ്ടി ഒരു ബോധന മാദ്ധ്യമം തിരഞ്ഞെടുക്കുവാൻകഴിയുമെന്നുള്ളതാണ് ഞങ്ങളുടെ സുചിന്തിതമായ അഭിപ്രായം.

> *"actore incumbit onus probandi.*
> *(The burden of proof lies on a plaintiff)*
> *തെളിവുഭാരം വാദിക്ക് ആയിരിക്കുന്നതാണ്"*

**ഭാരതത്തിന്റെ ഭരണഘടന, അനുച്ഛേദങ്ങൾ 19(1) (ക), 21 & 21 ക-- ഒരു കുട്ടിയ്ക്കോ, അവനുവേണ്ടി അവന്റെ അച്ഛനോ അമ്മയ്ക്കോ രക്ഷകർത്താവിനോ പ്രാഥമിക പഠനകാല ഘട്ടത്തിൽ ബോധന മാദ്ധ്യമം തിരഞ്ഞെടുക്കുവാനുള്ള അവകാശമുള്ളത് അനുച്ഛേദം 19(1)(ക) പ്രകാരമാണ്, അനുച്ഛേദങ്ങൾ 21 അല്ലെങ്കിൽ 21(ക) പ്രകാരമല്ല.**

ആയതിനാൽ, ഭരണഘടനയുടെ അനുച്ഛേദങ്ങൾ 21-ഉം, 21 ക യും പ്രകാരം ഒരു കുട്ടിക്ക് പതിനാല് വയസ്സുവരെ സംസ്ഥാനത്തിൽ നിന്നും സൗജന്യ വിദ്യാഭ്യാസം അവകാശപ്പെടുവാനുള്ള ഒരു മൗലിക അവകാശം ഉണ്ടായിരിക്കുന്നതാണ്. ഒരു കുട്ടിയ്ക്ക് സംസ്ഥാനത്തു നിന്നും അവകാശപ്പെടാൻ കഴിയുന്ന അങ്ങനെയുള്ള സൗജന്യ വിദ്യാഭ്യാസം, സംസ്ഥാനത്തിന് നിയമം വഴി, തീരുമാനിക്കാവുന്ന പ്രകാരമുള്ള ഒരു രീതിയിൽ ആയിരിക്കും എന്ന് ഭരണഘടനയുടെ അനുച്ഛേദം 21 ക യുടെ ഭാഷ കൂടുതൽ വ്യക്തമാക്കുന്നു. ആയതിനാൽ, ഭരണഘടനയുടെ അനുച്ഛേദം 21 ക പ്രകാരം സൗജന്യ വിദ്യാഭ്യാസം നൽകപ്പെടുന്ന സ്കൂളുകളിൽ ബോധന മാദ്ധ്യമം മാതൃഭാഷയിലോ മറ്റ് ഏതെങ്കിലും ഭാഷയിലോ ആയിരിക്കും എന്ന് സംസ്ഥാനം നിയമം വഴി തീരുമാനിക്കുകയാണെങ്കിൽ, ആ കുട്ടിക്ക്, ഭരണഘടനയുടെ അനുച്ഛേദം 21 അല്ലെങ്കിൽ 21 ക പ്രകാരമുള്ള അവകാശം എന്ന നിലയിൽ സംസ്ഥാനം അവന് വിദ്യാഭ്യാസം നൽകേണ്ട ബോധന മാദ്ധ്യമം തിരഞ്ഞെടുക്കുവാനുള്ള ഒരവകാശം അവന് ഉള്ളതായി അവകാശപ്പെടാൻ കഴിയുന്നതല്ല. ഞങ്ങളുടെ സുചിന്തിതമായ അഭിപ്രായത്തിൽ, ഭരണഘടനയുടെ അനുച്ഛേദങ്ങൾ 21-ഉം, 21 ക യും പ്രകാരമുള്ള വിദ്യാഭ്യാസത്തിനുള്ള അവകാശത്തിൽ ഒരു ബോധന മാദ്ധ്യമം തിരഞ്ഞെടുക്കുവാനുള്ള അവകാശം അന്തർലീനമാണെന്നുള്ള തീരുമാനത്തിൽ ഹൈക്കോടതി എത്തിച്ചേർന്നത് ശരിയല്ലായിരുന്നു. ആയതിനാൽ, ഒരു കുട്ടിയ്ക്കും, അവനുവേണ്ടി അവന്റെ അച്ഛനും അമ്മയ്ക്കും അല്ലെങ്കിൽ രക്ഷകർത്താവിനും പ്രാഥമിക പഠനകാലഘട്ടത്തിൽ ബോധന മാദ്ധ്യമം തിരഞ്ഞെടുക്കുവാനുള്ള അവകാശമുള്ളത് ഭരണഘടനയുടെ അനുച്ഛേദം 19(1) (ക) പ്രകാരമാണെന്നും അനുച്ഛേദം 21 അല്ലെങ്കിൽ അനുച്ഛേദം 21 ക-യോ പ്രകാരമല്ല എന്നുമാണ്.

**ഭാരതത്തിന്റെ ഭരണഘടന, അനുച്ഛേദം 350 ക--പദങ്ങളും പദപ്രയോഗങ്ങളും- "മാതൃഭാഷ" യുടെ അർത്ഥം--അനുച്ഛേദം 350 ക യിൽ മാതൃഭാഷ" ഒരു പ്രത്യേക സംസ്ഥാനത്തിലെ ഭാഷാന്യൂനപക്ഷ വിഭാഗത്തിന്റെ മാതൃഭാഷ എന്നർത്ഥമാകുന്നു.**

അനുച്ഛേദം 350 ക യിലെ `മാതൃഭാഷ' എന്ന ആശയപ്രകടനം ഒരു പ്രത്യേക സംസ്ഥാനത്തിലെ ഭാഷാന്യൂനപക്ഷ വിഭാഗത്തിന്റെ മാതൃഭാഷയെന്ന് അർത്ഥമാകുന്നതും ഇത് ആ പ്രത്യേക ഭാഷാന്യൂനപക്ഷ വിഭാഗത്തിന്റെ ഭാഷയെന്ന് വ്യക്തമായി അർത്ഥമാകുന്നതുമാണ്. ആയതിനാൽ, ഭരണഘടനയുടെ സന്ദർഭത്തിൽ മാതൃഭാഷ എന്നാൽ ഒരു സംസ്ഥാനത്തിലെ ഭാഷാന്യൂനപക്ഷത്തിന്റെ ഭാഷ എന്നർത്ഥമാകുന്നതും കുട്ടിയുടെ അച്ഛനോ അമ്മയോ രക്ഷകർത്താവോ ആണ് ആ കുട്ടിയുടെ മാതൃഭാഷ ഏതാണെന്ന് തീരുമാനിക്കുന്നതും ആകുന്നു. മാതൃഭാഷയാണ് കുട്ടിയ്ക്ക് സൗകര്യപ്രദമായിരിക്കുന്ന ഭാഷ എന്ന് ഒരിടത്തും ഭരണഘടന വ്യവസ്ഥചെയ്യുന്നില്ല. "മാതൃഭാഷ" യുടെ ഈ അർത്ഥം "ആശയപ്രകടന"ത്തിന്റെ സാധ്യമായേക്കാവുന്ന ഒരർത്ഥമായിരിക്കുമ്പോൾ, ഇത് ഭരണഘടനയുടെ അനുച്ഛേദം 350 ക യിലോ ഭരണഘടനയുടെ മറ്റേതെങ്കിലും വ്യവസ്ഥയിലോ ഉള്ള മാതൃഭാഷയുടെ അർത്ഥം അല്ലാതാവുന്നതും അതുകൊണ്ട് മാതൃഭാഷയാണ് കുട്ടിയ്ക്ക് സൗകര്യപ്രദമായിരിക്കുന്ന ഭാഷ എന്ന് പറഞ്ഞുകൊണ്ട് സംസ്ഥാനത്തിന്റെ അധികാരത്തെ വിപുലപ്പെടുത്തുവാനോ ഒരു മൗലിക അവകാശത്തെ നിയന്ത്രിക്കുവാനോ ഞങ്ങൾക്ക് കഴിയാതിരിക്കുകയും ചെയ്യുന്നു.

**ഭാരതത്തിന്റെ ഭരണഘടന, അനുച്ഛേദങ്ങൾ 21 ക, 19(1) (ക) & (ഛ), 29(1)& 30(1)—സർക്കാർ അംഗീകൃത സ്കൂളുകളിൽ ധനസഹായം നൽകപ്പെടുന്ന സർക്കാർ സ്കൂളുകൾ മാത്രമല്ല, എന്നാൽ അംഗീകാരം നൽകപ്പെട്ടിട്ടുള്ള ധനസഹായം നൽകപ്പെടാത്ത സ്കൂളുകളും കൂടി ഉൾപ്പെടുന്നതാണ്.**

എല്ലാ സ്കൂളുകൾക്കും, അവ സർക്കാരിനാൽ സ്ഥാപിക്കപ്പെടുന്നതായാലും അല്ലെങ്കിൽ അവ സർക്കാരിനാൽ ധനസഹായം നൽകപ്പെടുന്നതായാലും അല്ലെങ്കിൽ അവ സർക്കാരിനാൽ ധനസഹായം നൽകപ്പെടാത്തതായാലും, ബന്ധപ്പെട്ട ആക്റ്റിലെയോ സർക്കാർ ഉത്തരവിലെയോ വ്യവസ്ഥകൾ അനുസരിച്ച് നൽകപ്പെടേണ്ട അംഗീകാരം ആവശ്യമാണ്. അതിനനുസൃതമായി, സർക്കാർ അംഗീകൃത സ്കൂളുകളിൽ ധനസഹായം നൽകപ്പെടുന്ന സർക്കാർ സ്കൂളുകൾ മാത്രമല്ല, എന്നാൽ അംഗീകാരം നൽകപ്പെട്ടിട്ടുള്ള ധനസഹായം നൽകപ്പെടാത്ത സ്കൂളുകളും കൂടി ഉൾപ്പെടുന്നു.

## ബഹു. സുപ്രീം കോടതി മുമ്പാകെ

*ബഹു. ചീഫ് ജസ്റ്റിസ് ആർ.എം. ലോധ*

*ബഹു. ജസ്റ്റിസ് എ.കെ. പട്നായിക്*

*ബഹു. ജസ്റ്റിസ് സുധൻസു ജ്യോതി മുഖോപാദ്ധ്യായ*

*ബഹു. ജസ്റ്റിസ് ദീപക് മിശ്ര*

*&*

*ബഹു. ജസ്റ്റിസ് എഫ്.എം. ഇബ്രാഹിം കാലിഫുള്ള*

**പ്രമാദി എഡ്യൂക്കേഷണൽ & കൾച്ചറൽ ട്രസ്റ്റ്**

**അഭി**

**യൂണിയൻ ഓഫ് ഇൻഡ്യ**

**റിട്ട് ഹർജി (സിവിൽ) നമ്പർ 2012 ലെ 416 & അനുബന്ധ കേസുകൾ**

2014 മേയ് 6-ന് വിധി പ്രസ്താവിച്ചത്

**ഭാരതത്തിന്റെ ഭരണഘടന, അനുച്ഛേദം 15(5)--അനുച്ഛേദം 15(5)-ൽ നിന്നുമുള്ള ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഒഴിവാക്കൽ അനുച്ഛേദം 14-ന്റെ ലംഘനമല്ല.**

ഭരണഘടനയുടെ 30-ാംഅനുച്ഛേദത്തിലെ (1)-ാം ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള ധനസഹായം നൽകപ്പെടുന്നതോ ധനസഹായം നൽകപ്പെടാത്തതോ ആയ ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ന്യൂനപക്ഷ സ്വഭാവം, സാമൂഹികമായും വിദ്യാഭ്യാസ പരമായും പിന്നോക്കം നിൽക്കുന്ന വിഭാഗ ങ്ങളിൽപ്പെട്ട പൗരന്മാരുടെ അല്ലെങ്കിൽ പട്ടികജാതികളുടേയും പട്ടിക ഗോത്ര വർഗ്ഗങ്ങളുടെയും പ്രവേശനങ്ങളാൽ ബാധിക്കപ്പെടാവുന്നതും ഈ കാരണത്താലാണ് ഭൂരിപക്ഷം ഉണ്ടാക്കുന്ന ഒരു നിയമത്തിൽ നിന്നും ന്യൂനപക്ഷ സ്ഥാപനങ്ങളെ സംരക്ഷിക്കുവാനുള്ള വീക്ഷണത്തോടുകൂടി ധനസഹായം നൽകപ്പെടുന്നതോ ധനസഹായം നൽകപ്പെടാത്തതോ ആയ ന്യൂനപക്ഷ സ്ഥാപനങ്ങൾ 15-ാം അനുച്ഛേദത്തിലെ (5)-ാം ഖണ്ഡപ്രകാരമുള്ള രാഷ്ട്രത്തിന്റെ പ്രാപ്ത മാക്കുന്ന അധികാരത്തിന് പുറത്ത് സൂക്ഷിക്ക പ്പെടുന്നതുമാകുന്നു. *അശോക കുമാർ ഠാക്കൂർ അഭി യൂണിയൻ ഓഫ് ഇൻഡ്യ* (2008) (6 എസ്.സി.സി 1) എന്ന കേസിൽ ഈ കോടതിയുടെ ഭരണഘടനാബഞ്ച് വിധിച്ചിട്ടുള്ളത് പോലെ ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, അവ സ്വയം ഒരു പ്രത്യേക വിഭാഗം ആയിരിക്കുന്നതും ഭരണഘടനയുടെ അനുച്ഛേദം 30 പ്രകാരം അവയുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നതും ആയതിനാൽ, ഭരണഘടനയുടെ അനുച്ഛേദം 15(5)-ൽ നിന്നുമുള്ള ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഒഴിവാക്കൽ അനുച്ഛേദം 14-ന്റെ ലംഘനമല്ലാത്തതുമാകുന്നു.

**ഭാരതത്തിന്റെ ഭരണഘടന, അനുച്ഛേദം 21 ക, 15(5) & 30(1)-- 2009-ലെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള കുട്ടികളുടെ അവകാശം ആക്റ്റ്—**

**ഭരണഘടനയുടെ അനുച്ഛേദം 30(1)-ൽ പരാമർശിച്ചിട്ടുള്ള ന്യൂനപക്ഷ സ്കൂളുകൾക്ക് ബാധകമാക്കുന്നിടത്തോളം, ഭരണഘടനയുടെ അധികാരപരിധിക്കു പുറത്തുള്ളതാണ്.**

ധനസഹായം നൽകപ്പെടാത്ത ന്യൂനപക്ഷ സ്കൂളുകൾക്ക്, ആ സ്കൂൾ സ്ഥാപിച്ചിട്ടുള്ള ന്യൂനപക്ഷ സമുദായത്തിലെ അംഗങ്ങളുടെ കുട്ടികളായിരിക്കണമെന്നില്ലാത്ത, സമീപസ്ഥലത്തുള്ള ദുർബല വിഭാഗത്തിലും പ്രതികൂലഅവസ്ഥയിലുള്ള വിഭാഗങ്ങളിലും പെടുന്ന കുട്ടികളെ പ്രവേശിപ്പിക്കുവാനുള്ള നിയമപരമായ കടമ ഉണ്ടായിരിക്കുന്നതാണ്. സ്കൂൾ സ്ഥാപിച്ചിട്ടുള്ള ന്യൂനപക്ഷ സമുദായം അല്ലാത്ത സമുദായങ്ങളിലെ അംഗങ്ങളിന്മേൽ ഒരു ന്യൂനപക്ഷ സ്ഥാപനത്തെ അടിച്ചേൽപ്പിക്കുവാൻ കഴിയുന്നതല്ല; എന്തുകൊണ്ടെന്നാൽ, അത് സ്കൂളിന്റെ ന്യൂനപക്ഷ സ്വഭാവത്തെ നശിപ്പിക്കാവുന്നതാണെന്ന് ഭരണഘടനയുടെ 15-ാം അനുച്ഛേദത്തിലെ 5-ാം ഖണ്ഡത്തിന്റെ സാധുത ചർച്ചചെയ്യുന്ന വേളയിൽ ഞങ്ങൾ വിധിക്കുകയുണ്ടായി. ഞങ്ങളുടെ വീക്ഷണത്തിൽ ധനസഹായം നൽകപ്പെടുന്നതോ ധനസഹായം നൽകപ്പെടാത്തതോ ആയ ന്യൂനപക്ഷ സ്കൂളുകൾക്ക് 2009-ലെ ആക്റ്റ് ബാധകമാക്കുകയാണെങ്കിൽ, ഭരണഘടനയുടെ അനുച്ഛേദം 30(1) പ്രകാരമുള്ള ന്യൂനപക്ഷങ്ങളുടെ അവകാശം നിഷ്ഫലമാക്കപ്പെടുന്നതാണ്. ആയതിനാൽ, 2009-ലെ ആക്റ്റ് ഭരണഘടനയുടെ 30-ാം അനുച്ഛേദത്തിലെ (1)-ാം ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള ന്യൂനപക്ഷ സ്കൂളുകൾക്ക് ബാധകമാക്കുന്നിടത്തോളം, ഭരണഘടനയുടെ അധികാരപരിധിക്കപ്പുറത്തുള്ളതാണ്. ഇപ്രകാരം, രാജസ്ഥാനിലെ ധനസഹായം നൽകപ്പെടാത്ത സ്വകാര്യ സ്കൂളുകൾക്ക് വേണ്ടിയുള്ള *സൊസൈറ്റി അഭി ഇന്ത്യൻ യൂണിയനും മറ്റൊരാളും* എന്ന കേസിലെ ((2012) എസ്.സി.സി 102) ഈ കോടതിയുടെ ഭൂരിപക്ഷ വിധിന്യായം, 2009-ലെ ആക്റ്റ് ധനസഹായം നൽകപ്പെടുന്ന ന്യൂനപക്ഷ സ്കൂളുകൾക്ക് ബാധകമാണെന്ന് അത് വിധിക്കുന്നിടത്തോളം ശരിയല്ല എന്നതാണ് ഞങ്ങളുടെ കാഴ്ചപ്പാട്.

**ഭാരതത്തിന്റെ ഭരണഘടന,അനുച്ഛേദങ്ങൾ 15(5) & 30(1)--15-ാം അനുച്ഛേദത്തിലെ 5-ാം ഖണ്ഡപ്രകാരമുള്ള മതന്യൂനപക്ഷ സ്ഥാപനങ്ങളുടെ ഒഴിവാക്കൽ രാജ്യത്തിന്റെ മതേതര സ്വഭാവത്തിന്റെ ലംഘനം അല്ലാത്തതാകുന്നു.**

മതേതരത്വം ഭരണഘടനയുടെ ഒരു അടിസ്ഥാന സവിശേഷത ആണെന്നുള്ളതിന് യാതൊരു സംശയവുമില്ല, എന്നാൽ, ഭരണഘടനയുടെ 30-ാം അനുച്ഛേദത്തിലെ (1)-ാം ഖണ്ഡത്തിൽ മതന്യൂനപക്ഷ സ്ഥാപനങ്ങളെ ഒഴിവാക്കുന്ന ഭരണഘടനയുടെ 15-ാം അനുച്ഛേദത്തിലെ 5-ാം ഖണ്ഡം എങ്ങനെയാണ് ഏതെങ്കിലും രീതിയിൽ മതേതരത്വ ആശയത്തിന്റെ ലംഘനമാകുന്നതെന്ന് ഞങ്ങൾ വിലയിരുത്തുന്നില്ല. നേരെ മറിച്ച്, ഭാരതത്തിലെ മതേതരത്വത്തിന്റെ അന്ത:സത്ത വിവിധ ഭാഷകളോടും വിശ്വാസങ്ങളോടും കൂടിയ വ്യത്യസ്ത തരങ്ങളിൽപ്പെട്ട ജനങ്ങളെ അംഗീകരിക്കലും പരിപാലിക്കലും ആണെന്നും അങ്ങനെയുള്ള വ്യത്യാസങ്ങളെ സംരക്ഷിക്കുവാനും അതേ സമയം ഭാരതത്തിലെ ജനങ്ങളെ ഒരു ശക്തമായ രാഷ്ട്രം രൂപീകരിക്കുന്നതിന് ഐക്യപ്പെടുത്തുവാനും അനുച്ഛേദങ്ങൾ 29-ഉം 30-ഉം ആവശ്യപ്പെടുന്നു എന്നും *റ്റി.എം.എ.പൈ ഫൗണ്ടേഷൻ* ((2002) 8 എസ്.സി.സി 481)-എന്ന കേസിൽ ഈ കോടതി വിധിക്കുകയുണ്ടായി. ആയതിനാൽ, ഞങ്ങളുടെ സുചിന്തിതമായ അഭിപ്രായത്തിൽ, ഭരണഘടനയുടെ 30-ാം അനുച്ഛേദത്തിലെ (1)-ാം ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള ന്യൂനപക്ഷ സ്ഥാപനങ്ങളെ ഒഴിവാക്കുന്നതു വഴി ഭാരതത്തിന്റെ മതേതര സ്വഭാവം നിലനിർത്തപ്പെടുകയും നശിപ്പിക്കപ്പെടാതിരിക്കുകയും ചെയ്യുന്നു.

**ഭാരതത്തിന്റെ ഭരണഘടന, അനുച്ഛേദം 15(5)-ഭരണഘടനയുടെ 15-ാം അനുച്ഛേദത്തിലെ 5-ാം ഖണ്ഡം, ധനസഹായം നൽകപ്പെടുന്നതും ധനസഹായം നൽകപ്പെടാത്തതുമായ സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളെ അത് ഒരുപോലെ പരിഗണിക്കുന്നിടത്തോളം, 14-ാം അനുച്ഛേദത്തിന്റെ ലംഘനമാകുന്നില്ല.**

ആയതിനാൽ, ഭരണഘടനയുടെ 15-ാം അനുച്ഛേദത്തിലെ 5-ാം ഖണ്ഡപ്രകാരം രാഷ്ട്രം ഉണ്ടാക്കിയിട്ടുള്ള ഒരു നിയമം അത് ധനസഹായം നൽകപ്പെടുന്ന സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളെയും ധനസഹായം നൽകപ്പെടാത്ത സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളെയും ഒരുപോലെ പരിഗണിക്കുന്നു എന്ന കാരണത്താൽ ഭരണഘടനയുടെ 14-ാം അനുച്ഛേദ പ്രകാരമുള്ള ഒരു വാദത്തിൽ നിന്നും ഒഴിവാകുന്നതല്ല. ഭരണഘടനയുടെ 15-ാം അനുച്ഛേദത്തിലെ 5-ാം ഖണ്ഡം, 15-ാം അനുച്ഛേദത്തിലോ 19(1) (ഛ) അനുച്ഛേദത്തിലോ ഉള്ള യാതൊന്നും സാമൂഹ്യമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങളിൽപ്പെട്ട പൗരന്മാരുടെ അല്ലെങ്കിൽ പട്ടികജാതികൾക്കും പട്ടികഗോത്ര വർഗ്ഗങ്ങൾക്കും വേണ്ടി, രാഷ്ട്രം ധനസഹായം നൽകുന്നതോ ധനസഹായം നൽകാത്തതോ ആയ സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്ക് പ്രവേശനത്തിനു വേണ്ടി, നിയമം വഴി, ഒരു പ്രത്യേക വ്യവസ്ഥ ഉണ്ടാക്കുന്നതിന് രാഷ്ട്രത്തെ തടയുന്നതല്ല എന്നുമാത്രം പ്രസ്താവിക്കുന്നു. ഭരണഘടനയുടെ 15-ാം അനുച്ഛേദത്തിലെ 5-ാം ഖണ്ഡം, അങ്ങനെയുള്ള ഒരു നിയമം ഭരണഘടനയുടെ 14-ാം അനുച്ഛേദത്തിൽ വ്യവസ്ഥചെയ്യപ്പെട്ട പ്രകാരമുള്ള സമത്വത്തിന്റെ മറ്റ് ആവശ്യകതകൾ പാലിക്കുകയില്ല എന്നു പറയുന്നില്ല. അതുകൊണ്ട്, ഭരണഘടനയുടെ 15-ാം അനുച്ഛേദത്തിലെ 5-ാം ഖണ്ഡം, ധനസഹായം നൽകപ്പെടാത്ത സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളെയും ധനസഹായം നൽകപ്പെടുന്ന സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളെയും അത് ഒരു പോലെ പരിഗണിക്കുന്നിടത്തോളം, അത് ഭരണ ഘടനയുടെ 14-ാം അനുച്ഛേദത്തിന്റെ ലംഘനമാണ് എന്ന ശ്രീ. നരിമാന്റെ വാദത്തിൽ യാതൊരു കഴമ്പും ഞങ്ങൾ കാണുന്നില്ല.

**ഭാരതത്തിന്റെ ഭരണഘടന, അനുച്ഛേദങ്ങൾ 15(5) & 21--15-ാം അനുച്ഛേദത്തിന്റെ 5-ാം ഖണ്ഡം 21-ാം അനുച്ഛേദ പ്രകാരമുള്ള അവകാശത്തിന്റെ ലംഘനമാകുന്നില്ല.**

സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങളിൽപ്പെട്ട പൗരന്മാരുടെയും പട്ടികജാതികളുടെയും പട്ടികഗോത്ര വർഗ്ഗങ്ങളുടെയും ഇടയിൽ നിന്നും ഉള്ള പ്രവേശനം മുഖേന മേൻമ വിട്ടുവീഴ്ചചെയ്യപ്പെടും എന്ന വാദം, എല്ലാ പൗരന്മാർക്കും "വ്യക്തിയുടെ അന്തസ്സും രാഷ്ട്രത്തിന്റെ ഐക്യവും അഖണ്ഡതയും ഉറപ്പുവരുത്തിക്കൊണ്ടുള്ള സാഹോദര്യം" പുലർത്തുവാൻ വാഗ്ദാനം നൽകുന്ന ഭരണഘടനയുടെ ആമുഖത്തിന് വിരുദ്ധമാകുന്നതാണ്. ചരിത്രപരമായ കാരണങ്ങളാൽ മുന്നോട്ട് വന്നിട്ടില്ലാത്ത പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങളിൽപ്പെട്ട പൗരൻമാരും പട്ടികജാതികളും പട്ടികഗോത്ര വർഗ്ഗങ്ങളും രാഷ്ട്രത്തിന്റെ മുഖ്യധാരയിലേയ്ക്ക് സമന്വയിപ്പിക്കപ്പെടാത്ത പക്ഷം, സാഹോദര്യത്തിന്റെയും രാഷ്ട്രത്തിന്റെ ഐക്യത്തിന്റെയും അഖണ്ഡതയുടെയും ലക്ഷ്യങ്ങൾ കൈവരിക്കുവാൻ സാധിക്കുന്നതല്ല. ആയതിനാൽ, ഭരണഘടനയുടെ 15-ാം അനുച്ഛേദത്തിലെ 5-ാം ഖണ്ഡം, ഭരണഘടനയുടെ 21-ാം അനുച്ഛേദം പ്രകാരമുള്ള അവകാശത്തെ ലംഘിക്കുന്നു എന്ന ശ്രീ. നരിമാന്റെ വാദത്തിൽ യാതൊരു കഴമ്പും ഞങ്ങൾ കാണുന്നില്ല.

**ഭാരതത്തിന്റെ ഭരണഘടന, അനുച്ഛേദങ്ങൾ 15(5), 14, 19(1)(ഛ) & 21--15-ാം അനുച്ഛേദത്തിലെ 5-ാം ഖണ്ഡം ചേർക്കുന്ന 2005-ലെ ഭരണഘടനയുടെ തൊണ്ണൂറ്റിമൂന്നാം ഭേദഗതി ആക്റ്റ് സാധുവാണ്.**

ഭരണഘടനയുടെ 14-ഉം 19(1)(ഛ)-യും 21-ഉം പ്രകാരമുള്ള അവകാശങ്ങൾ യാതൊന്നും, ഭരണഘടനയുടെ 15-ാം അനുച്ഛേദത്തിലെ (5)-ാം ഖണ്ഡം മുഖേന റദ്ദാക്കപ്പെട്ടിട്ടില്ലാത്തതും തൊണ്ണൂറ്റിമൂന്നാം ഭേദഗതി ധനസഹായം നൽകപ്പെടാത്ത സ്ഥാപനങ്ങളിൻമേൽ സംവരണം ചുമത്തിയത്, ഭരണഘടനയുടെ ഒരു അടിസ്ഥാന സവിശേഷതയായ 19(1)(ഛ) അനുച്ഛേദത്തെ റദ്ദാക്കിയിട്ടുണ്ട് എന്ന് *അശോക കുമാർ ഠാക്കൂർ* *അഭി യൂണിയൻ ഓഫ് ഇൻഡ്യ* ((2008)

6 എസ്.സി.സി. 1) എന്ന കേസിൽ ജസ്റ്റിസ് ഭണ്ഡാരി എടുത്തിട്ടുള്ള ആശയം ശരിയായിട്ടുള്ളതല്ല. പകരം, ഭരണഘടനയുടെ 15-ാം അനുച്ഛേദത്തിലെ 5-ാം ഖണ്ഡം ചേർക്കുന്ന 2005-ലെ ഭരണഘടനയുടെ (തൊണ്ണൂറ്റിമൂന്നാം ഭേദഗതി) ആക്റ്റ് സാധുവാണെന്ന് ഞങ്ങൾ വിധിക്കുന്നു.

**ഭാരതത്തിന്റെ ഭരണഘടന, അനുച്ഛേദം 15(3)--15-ാം അനുച്ഛേദത്തിലെ 5-ാം ഖണ്ഡം ഭരണഘടനയുടെ 15-ാം അനുച്ഛേദത്തിന്മേൽ അധിപ്രഭാവമുള്ള ഒരു ഒഴിവാക്കലോ ഒരു പരിമിതിവ്യവസ്ഥയോ അല്ലാത്തതാകുന്നു.**

ഭരണഘടനയുടെ 15-ാം അനുച്ഛേദത്തിലെ 5-ാം ഖണ്ഡത്തിന്റെ ലക്ഷ്യം, സാമൂഹ്യമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങളിലെ പൗരന്മാരിൽപ്പെടുന്ന കൂടുതൽ എണ്ണം കുട്ടികൾക്ക് അല്ലെങ്കിൽ പട്ടികജാതികൾക്കും പട്ടികഗോത്രവർഗ്ഗങ്ങൾക്കും വേണ്ടി, വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുവാൻ സമമായ അവസരം നൽകുന്നത് ആയിരിക്കുകയും ഭരണഘടനയുടെ 15-ാം അനുച്ഛേദത്തിലെ (1)-ഉം (2)-ഉം ഖണ്ഡങ്ങളുടെ ലക്ഷ്യവും അവസര സമത്വം ആയിരിക്കുകയും ചെയ്യുന്നതിനാൽ, ഭരണഘടനയുടെ 15-ാം അനുച്ഛേദത്തിലെ (5)-ാം ഖണ്ഡം, ഭരണഘടന 15-ാം അനുച്ഛേദത്തിന്മേൽ അധിപ്രഭാവമുള്ള ഒരു ഒഴിവാക്കലോ ഒരു പരിമിതിവ്യവസ്ഥയോ ആണെന്ന് ഞങ്ങൾക്ക് വിധിയ്ക്കാൻ കഴിയാത്തതും, എന്നാൽ, ഭരണഘടനയുടെ ആമുഖത്തിൽ വാഗ്ദാനം ചെയ്തിട്ടുള്ള അവസര സമത്വത്തെ ഒരു യാഥാർത്ഥ്യം ആക്കുവാൻ സാധ്യമാക്കുന്ന ഒരു വ്യവസ്ഥ എന്ന് വിധിയ്ക്കാൻ കഴിയുന്നതുമാണ്.

**ഭാരതത്തിന്റെ ഭരണഘടന, അനുച്ഛേദങ്ങൾ 21 ക & 30(1)--ന്യൂനപക്ഷത്തിന് അവർക്കിഷ്ടമുള്ള സ്കൂളുകൾ സ്ഥാപിക്കുവാനും ഭരണം നടത്തുവാനുമുള്ള അവകാശങ്ങളെ റദ്ദാക്കുമെന്നുള്ള ഏതെങ്കിലും നിയമം ഉണ്ടാക്കുന്നതിനായി അനുച്ഛേദം 21 ക പ്രകാരമുള്ള അധികാരത്തെ വർദ്ധിപ്പിക്കുവാൻ കഴിയുന്നതല്ല.**

ഭരണഘടനയുടെ അനുച്ഛേദം 30(1) പ്രകാരം, എല്ലാ ന്യൂനപക്ഷങ്ങൾക്കും, അവ മതമോ ഭാഷയോ അടിസ്ഥാനമാക്കിയുള്ളതായാലും, അവരുടെ ഇഷ്ടപ്രകാരമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിക്കുവാനും ഭരണം നടത്തുവാനും അവകാശം ഉണ്ടായിരിക്കുന്നതാണ്. ആയതിനാൽ, മതപരവും ഭാഷാപരവുമായ ന്യൂനപക്ഷങ്ങൾക്ക് അവരുടെ ഇഷ്ടപ്രകാരമുള്ള വിദ്യാലയങ്ങൾ സ്ഥാപിക്കുവാനും ഭരണം നടത്തുവാനുമുള്ള ഭരണഘടനാപരമായ ഒരു പ്രത്യേക അവകാശം ഉണ്ടായിരിക്കുന്നതും രാഷ്ട്രത്തിന് ന്യൂനപക്ഷ സ്ഥാപനങ്ങളുടെ ഭരണനിർവ്വഹണത്തിൽ ഇടപെടുവാൻ യാതൊരു അധികാരവും ഇല്ലെന്നും നിയന്ത്രണ നടപടികൾ മാത്രമേ എടുക്കുവാൻ കഴിയുകയുള്ളൂവെന്നും ന്യൂനപക്ഷം അല്ലാത്ത സമുദായങ്ങളുടെ ഇടയിൽ നിന്നുമുള്ള വിദ്യാർത്ഥികളുടെ പ്രവേശനം, പ്രത്യേകിച്ചും ന്യൂനപക്ഷ സ്കൂളുകളിൽ, സ്ഥാപനങ്ങളുടെ ന്യൂനപക്ഷ സ്വഭാവത്തെ ബാധിക്കുന്ന വിധത്തിൽ അടിച്ചേല്പിക്കുവാൻ യാതൊരു അധികാരവും ഇല്ലായെന്നും ഈ കോടതി ആവർത്തിച്ചു വിധിച്ചിട്ടുള്ളതുമാകുന്നു. മാത്രമല്ല, *കേശവാനന്ദ ഭാരതി ശ്രീ പാദഗൾവരു അഭി സ്റ്റേറ്റ് ഓഫ് കേരളയും മറ്റൊരാളും* ((1973) 4 എസ് സി സി 225) എന്ന കേസിൽ പാർലമെന്റിന് ഭേദഗതിചെയ്യുന്നതിനുള്ള അതിന്റെ അധികാരം വിനിയോഗിച്ചുകൊണ്ട് ന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾ റദ്ദാക്കാൻ കഴിയുകയില്ല എന്ന് നിരീക്ഷിക്കുന്നതിലേക്ക് പോലും ചീഫ് ജസ്റ്റിസ് സിക്രി പോവുകയുണ്ടായി. ഇപ്രകാരം, ന്യൂനപക്ഷങ്ങളുടെ, അവരുടെ ഇഷ്ടപ്രകാരമുള്ള സ്കൂളുകൾ സ്ഥാപിക്കുവാനും ഭരണം നടത്തുവാനുമുള്ള അധികാരത്തെ റദ്ദാക്കുമെന്നുള്ള ഏതെങ്കിലും നിയമം ഉണ്ടാക്കുന്നതിനായി രാഷ്ട്രത്തിൽ നിക്ഷിപ്തമാകുന്ന ഭരണഘടനയുടെ അനുച്ഛേദം 21 ക പ്രകാരമുള്ള അധികാരത്തെ വർദ്ധിപ്പിക്കുവാൻ കഴിയുന്നതല്ല.

**ഭാരതത്തിന്റെ ഭരണഘടന, അനുച്ഛേദങ്ങൾ 21 ക, 15(5) & 19(1)(ച)-- ഭരണഘടനയുടെ അനുച്ഛേദം 21 ക യും 2009-ലെ സൗജന്യവും**

**നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള കുട്ടികളുടെ അവകാശം ആക്റ്റും അനുച്ഛേദം 19(1)(ച) പ്രകാരമുള്ള ന്യൂനപക്ഷങ്ങളല്ലാത്ത സ്വകാര്യ സ്കൂളുകളുടെ അവകാശങ്ങളെ ലംഘിക്കുന്നില്ല.**

2009-ലെ ആക്റ്റിനെ ഞങ്ങൾ പരിശോധിക്കുമ്പോൾ, ആക്റ്റിലെ വകുപ്പ് 12(1)(ഗ) യെ, വകുപ്പ് 2(ഢ)(iv) മായി കൂട്ടിവായിക്കവേ, അതിന്റെ ചെലവുകൾ നേരിടാൻ സമുചിത സർക്കാരിലോ തദ്ദേശഅധികാരസ്ഥാനത്തിലോ നിന്നും ധനസഹായമോ ഗ്രാന്റുകളോ സ്വീകരിക്കുന്നതല്ലാത്ത ധനസഹായം നൽകപ്പെടാത്ത ഒരു സ്കൂളിനോട് ഒന്നാം ക്ലാസ്സിൽ സമീപ സ്ഥലത്തുള്ള ദുർബല വിഭാഗത്തിലും പ്രതികൂലഅവസ്ഥയിലുമുള്ള ഗ്രൂപ്പിലും പെടുന്ന കുട്ടികളെ ആ ക്ലാസ്സിന്റെ എണ്ണത്തിന്റെ ഏറ്റവും കുറഞ്ഞത് 25 ശതമാനത്തോളം പ്രവേശിപ്പിക്കുവാനും അതിന്റെ പൂർത്തീകരണം വരെ സൗജന്യവും നിർബന്ധിതവുമായ പ്രാഥമിക വിദ്യാഭ്യാസം നൽകുവാനും ആവശ്യപ്പെടുന്നതായി ഞങ്ങൾ കാണുന്നു. 2009-ലെ ആക്റ്റിന്റെ വകുപ്പ് 12 (2) പ്രകാരം അങ്ങനെയുള്ള ഒരു സ്കൂളിന് അപ്രകാരം അത് വഹിച്ച ചെലവ്, ഓരോ കുട്ടിക്കും രാഷ്ട്രം വഹിച്ച ചെലവിന്റെയോ കുട്ടിയിൽ നിന്നും ഈടാക്കിയ യഥാർത്ഥ തുകയുടെയോ വ്യാപ്തിയോളം, ഇതിൽ ഏതാണോ കുറവ്, അത് നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിൽ മടക്കിക്കൊടുക്കേണ്ടതാണെന്ന് ഞങ്ങൾ കൂടുതലായി കാണുന്നു. ഇപ്രകാരം, ധനസഹായം നൽകപ്പെടാത്ത ഒരു സ്വകാര്യ സ്കൂളിൽ പ്രവേശിക്കപ്പെടുന്ന സമീപ സ്ഥലത്തുള്ള ദുർബല വിഭാഗങ്ങളിലും വിവിധ ഗ്രൂപ്പുകളിലും പെടുന്ന കുട്ടികളുടെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള ചെലവുകൾക്ക് ധനസഹായം നൽകുന്നത് അന്തിമമായി രാഷ്ട്രമാണ്. 2009-ലെ ആക്റ്റിലുള്ള ഈ വ്യവസ്ഥകൾ, ഞങ്ങളുടെ വീക്ഷണത്തിൽ, ആറ് മുതൽ പതിനാല് വയസ്സിന് ഇടയ്ക്കുള്ള കുട്ടികൾക്ക് സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം നൽകുന്നതിനുള്ള ആവശ്യത്തിന് വേണ്ടിയും *റ്റി.എം.എ.പൈ ഫൗണ്ടേഷൻ* ((2002) 8 എസ്.സി.സി 481) എന്ന കേസിൽ ഈ കോടതി വ്യാഖ്യാനിച്ചിട്ടുള്ള പ്രകാരം ഭരണഘടനയുടെ അനുച്ഛേദം 19(1) (ച) പ്രകാരമുള്ള അവകാശത്തിന് സംഗതവും നമ്മുടെ സമൂഹത്തിലെ ദുർബല വിഭാഗ ങ്ങളിലും പ്രതികൂല അവസ്ഥയിലുമുള്ള ഗ്രൂപ്പുകളിലും പെടുന്ന കുട്ടികൾക്ക് പ്രാഥമിക വിദ്യാഭ്യാസത്തിൽ അവസര സമത്വം എന്ന ഭരണഘടനാപരമായ ലക്ഷ്യങ്ങൾ കൈവരി ക്കുവാൻ ഉള്ളതും ആണ്. ആയതിനാൽ, ഭരണഘടനയുടെ അനുച്ഛേദം 21 ക യും 2009-ലെ ആക്റ്റും ഭരണഘടനയുടെ അനുച്ഛേദം 19(1) (ച) പ്രകാരമുള്ള ന്യൂനപക്ഷം അല്ലാത്ത സ്കൂളുകളുടെ അവകാശങ്ങളെ ലംഘിക്കു ന്നുവെന്ന് അവയ്ക്കുവേണ്ടി നടത്തിയ വാദങ്ങളിൽ ഏതൊരു കഴമ്പും ഞങ്ങൾ കാണുന്നില്ല.

> ***alii per alium non acquiritur obligatio.***
> *(One man cannot incur a liability through another.)*
> ***ഒരാൾക്ക് മറ്റൊരാൾ മുഖാന്തരം ഒരു ബാദ്ധ്യത വരുത്തിവയ്ക്കുവാൻ കഴിയുകയില്ല.***

**ഭാരതത്തിന്റെ ഭരണഘടന, അനുച്ഛേദങ്ങൾ 21 ക, 15(5), 19(1)(ച) & 30(1)--കുട്ടികൾക്ക് സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം നൽകുവാൻ രാഷ്ട്രം ഉണ്ടാക്കിയിട്ടുള്ള നിയമം അനുച്ഛേദം 19(1)(ച) പ്രകാരമുള്ള ധനസഹായം നൽകപ്പെടാത്ത സ്വകാര്യ സ്കൂളിന്റെ അവകാശങ്ങളെയോ അനുച്ഛേദം 30(1) പ്രകാരമുള്ള ന്യൂനപക്ഷ സ്കൂളുകളുടെ അവകാശങ്ങളേയോ റദ്ദാക്കാൻ പാടില്ലെന്ന്.**

ഭരണഘടനയുടെ അനുച്ഛേദം 19(1)(ച) പ്രകാരമുള്ള, ധനസഹായം നൽകപ്പെടാത്ത സ്വകാര്യ സ്കൂളുകളുടെ അവകാശമായോ അനുച്ഛേദം 30(1) പ്രകാരമുള്ള ന്യൂനപക്ഷ സ്കൂളുകളുടെ അവകാശമായോ പൊരുത്ത

മില്ലാത്ത യാതൊന്നും അനുച്ഛേദം 21(ക) യിൽ ഞങ്ങൾ കാണുന്നില്ല. എന്നാൽ, അനുച്ഛേദം 21 ക പ്രകാരം ഉണ്ടാക്കിയിട്ടുള്ള നിയമം അനുച്ഛേദങ്ങൾ 19(1)(ച) യും, 30(1)-ഉം പ്രകാരമുള്ള ഈ അവകാശങ്ങളെ ബാധിക്കാവുന്നതാണ്. ആയതിനാൽ, ആറ് മുതൽ പതിനാല് വയസ്സുവരെയുള്ള കുട്ടികൾക്ക് സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം നൽകുവാൻ രാഷ്ട്രം ഉണ്ടാക്കിയിട്ടുള്ള നിയമം, ഭരണഘടനയുടെ അനുച്ഛേദം 19(1) (ച) പ്രകാരമുള്ള ധനസഹായം നൽകപ്പെടാത്ത സ്വകാര്യ വിദ്യാലയങ്ങളുടെ അവകാശത്തേയോ ഭരണഘടനയുടെ അനുച്ഛേദം 30(1) പ്രകാരമുള്ള ധനസഹായം നൽകപ്പെടുന്നതോ നൽകപ്പെടാത്തതോ ആയ സ്വകാര്യ സ്കൂളുകളുടെ അവകാശത്തെയോ റദ്ദാക്കുന്ന അങ്ങനെയുള്ള തരത്തിലുള്ളതായിരിക്കുവാൻ പാടില്ലാത്തതാണ്.

**ഭാരതത്തിന്റെ ഭരണഘടന, അനുച്ഛേദം 21 ക--അനുച്ഛേദം 21 ക യിലെ `രാഷ്ട്രം' എന്ന പദത്തിന് നിയമം ഉണ്ടാക്കാൻ കഴിയുന്ന രാഷ്ട്രം എന്നു മാത്രമേ അർത്ഥമാക്കാൻ കഴിയുകയുള്ളൂ.**

ഭരണഘടനയുടെ അനുച്ഛേദം 21 ക, ഞങ്ങൾ ശ്രദ്ധിച്ചിട്ടുള്ളതുപോലെ, രാഷ്ട്രം ആറു മുതൽ പതിനാല് വയസ്സുവരെയുള്ള എല്ലാ കുട്ടികൾക്കും, രാഷ്ട്രം, നിയമം വഴി തീരുമാനിക്കാവുന്ന അങ്ങനെയുള്ള രീതിയിൽ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം നൽകേണ്ടതാണെന്ന് പ്രസ്താവിക്കുന്നു. അനുച്ഛേദം 21 ക യിലെ `രാഷ്ട്രം' എന്ന പദത്തിന് നിയമം ഉണ്ടാക്കാൻ കഴിയുന്ന രാഷ്ട്രം എന്നു മാത്രമേ അർത്ഥമാക്കുവാൻ കഴിയുകയുള്ളൂ. അതുകൊണ്ട്, ആറ് മുതൽ പതിനാല് വയസ്സുവരെയുള്ള എല്ലാ കുട്ടികൾക്കും സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം നൽകുവാനുള്ള ഭരണഘടനയുടെ അനുച്ഛേദം 21 ക പ്രകാരമുള്ള ഭരണഘടനാപരമായ കടമ രാഷ്ട്രത്തിനാണെന്നും ധനസഹായം നൽകപ്പെടാത്ത സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കല്ലെന്നും ഉള്ള ശ്രീ. റൊഹാട്ഗിയുടെയും ശ്രീ. നരിമാന്റെയും വാദങ്ങൾ ശരിയാണ്. എന്നിരുന്നാലും, രാഷ്ട്രം, അനുച്ഛേദം 21 ക പ്രകാരമുള്ള അതിന്റെ ഭരണഘടനാപരമായ കടമ അത് നിർവ്വഹിക്കുന്ന രീതി നിയമം വഴി തീരുമാനിക്കേണ്ടതാണെന്നും അനുച്ഛേദം 21 ക പ്രസ്താവിക്കുന്നു. ഇപ്രകാരം, ഒരു നിയമം ഉണ്ടാക്കുന്നതുവഴി ഭരണഘടനാപരമായ ഈ കടമ രാഷ്ട്രം നിർവ്വഹിക്കുവാൻ പ്രാപ്തമാക്കുന്നതിനുള്ള ഒരു പുതിയ അധികാരം രാഷ്ട്രത്തിൽ നിക്ഷിപ്തമാക്കപ്പെട്ടിട്ടുണ്ട്. എന്നിരുന്നാലും, അനുച്ഛേദം 21 ക യ്ക്ക്, ഭരണഘടനയുടെ അനുച്ഛേദം 19(1) (ച) യ്ക്കും അനുച്ഛേദം 30(1) നും അനുരൂപമായി അർത്ഥം കൽപ്പിയ്ക്കേണ്ടതുണ്ട്.

❋

***aliquis non debet esse judex in propria causa quia non potest esse judex et pars.***

*(No man ought to be a judge in his own cause, because he cannot act as a judge and at the same time be a party.)*

***യാതൊരാളും തന്റെ സ്വന്തം കേസിൽ ഒരു വിധികർത്താവാകരുത്, എന്തുകൊണ്ടെന്നാൽ അയാൾക്ക് ഒരേ സമയം ന്യായാധിപനായും കക്ഷിയായും പ്രവർത്തിക്കാൻ സാധിക്കുന്നതല്ല.***

## ബഹു. സുപ്രീംകോടതി മുമ്പാകെ

### സിവിൽ അപ്പീൽ അധികാരിത

*ഡോ.ജഗ്മിത്താർ സെയ്ൻ ഭഗത്* -- അപ്പീൽവാദി

അഭി

ഹരിയാന ഹെൽത്ത് സർവ്വീസ് ഡയറക്ടറും മറ്റുള്ളവരും -- എതിർകക്ഷികൾ

സിവിൽ അപ്പീൽ നമ്പർ 5476/2013

(എസ്.എൽ.പി. (സി) നമ്പർ 11381/2012-ൽ നിന്ന് ഉത്ഭവിക്കുന്നത്)

## ഉത്തരവ്

1. അനുമതി നൽകി.

2. 1986-ലെ ഉപഭോക്തൃ സംരക്ഷണ ആക്റ്റിൽ (ഇതിനുശേഷം "ആക്റ്റ്" എന്നാണ് പരാമർശിക്കപ്പെടുക) കീഴിൽ രൂപീകരിച്ച ദേശീയ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ, ന്യൂഡൽഹി (ഇതിനു ശേഷം "കമ്മീഷൻ" എന്നാണ് പരാമർശിക്കപ്പെടുക), 2007-ലെ 1156-ാം നമ്പർ റിവിഷൻ ഹർജിയിലും, 2008-ലെ 291-ാം നമ്പർ എം.എ യിലും, 2008-ലെ 450-ാം നമ്പർ എം.എ യിലും അപ്പീൽവാദിയുടെ അവകാശവാദവും അതുപോലെ തന്നെ ഏതാനും നിവൃത്തികൾ ആവശ്യപ്പെട്ടുകൊണ്ടുള്ള പുനഃപരിശോധന ഹർജിയും തള്ളിക്കൊണ്ട് 26-11-2009-ൽ പുറപ്പെടുവിച്ച വിധിന്യായത്തിനും ഉത്തരവിനും എതിരെ യാണ് ഈ അപ്പീൽ ഫയൽ ചെയ്തിട്ടുള്ളത്.

3. ഈ അപ്പീലിന് കാരണമായ വസ്തുതകളും സാഹചര്യങ്ങളും:

എ. അപ്പീൽവാദി, എതിർകക്ഷിയായ സർക്കാരിന്റെ ആരോഗ്യ വകുപ്പിൽ മെഡിക്കൽ ആഫീസറായി 05-06-1953-ൽ ജോലിയിൽ പ്രവേശിച്ചിട്ടുള്ളതും 28-10-1985-ൽ സ്വമേധയാ വിരമിച്ചിട്ടുള്ളതുമാണ്. സേവന കാലയളവിൽ, അദ്ദേഹത്തെ മറ്റൊരു ജില്ലയിലേയ്ക്ക് സ്ഥലംമാറ്റിയിട്ടുള്ളതും എന്നാൽ അദ്ദേഹം സർക്കാർ വസതിയായ ബി 8-ാം നമ്പർ ബംഗ്ലാവ് 11-05-1980 മുതൽ 08-07-1981 വരെ കൈവശംവെച്ചിരുന്നതുമാണ്. അദ്ദേഹത്തിന്റെ എല്ലാ ഉദ്യോഗവിരാമ ആനുകൂല്യങ്ങളും അദ്ദേഹത്തിന് നൽകിയിരുന്നില്ലെന്നും കാരണം കാണിയ്ക്കൽ നോട്ടീസൊന്നും അദ്ദേഹത്തിന് നൽകാതെ അദ്ദേഹത്തിനു നല്കാനുള്ള ഉദ്യോഗ വിരാമ ആനുകൂല്യങ്ങളിൽ നിന്നും പ്രസ്തുത കാലയളവിലേക്കുള്ള പിഴവാടക കുറച്ചിരുന്നതായും അപ്പീൽവാദി അവകാശവാദം ഉന്നയിച്ചു.

ബി. അപ്പീൽവാദി നിരവധി നിവേദനങ്ങൾ നൽകിയെങ്കിലും സർക്കാർ അധികാരികൾ അദ്ദേഹത്തിന് ഏതൊരു നിവൃത്തിയും അനുവദിച്ചു നൽകിയില്ല.

സി. ഇതിൽ സങ്കടപ്പെട്ട്, അപ്പീൽവാദി 05-01-1995-ൽ ഫരിദാബാദ് ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര ഫോറം (ഇതിനുശേഷം "ജില്ലാ ഫോറം" എന്നാണ് പരാമർശിയ്ക്കപ്പെടുക) മുമ്പാകെ ഒരു പരാതി ബോധിപ്പിച്ചിട്ടുള്ളതും പ്രസ്തുത ഫോറം, അദ്ദേഹത്തിന് നൽകേണ്ടിയിരുന്ന പെൻഷൻ, ഗ്രാറ്റുവിറ്റി, പ്രോവിഡന്റ് ഫണ്ട് മുതലായവ

സർക്കാർ അധികാരികൾ കൃത്യമായി കണക്കാക്കുകയും അവ അപ്പീൽവാദിയ്ക്ക് നൽകുകയും ചെയ്തിരുന്നുവെന്ന് നിരീക്ഷിച്ചു കൊണ്ട് 24-03-2000-ലെ ഉത്തരവ് പ്രകാരം പരാതി തള്ളിയിട്ടുള്ളതുമാണ്.

ഡി. അപ്പീൽവാദി അപ്പീൽ അധികാരിയായ സംസ്ഥാന കമ്മീഷനെ സമീപിച്ചിരുന്നു. അപ്പീൽവാദി ഒരു `ഉപഭോക്താവ്' അല്ലാതിരിക്കുകയും അതുകൊണ്ട് അദ്ദേഹത്തിന്റെ പരാതി സ്വീകരിക്കുന്നതിന് ജില്ലാ ഫോറത്തിന് അധികാരിത ഇല്ലാതിരിക്കുകയും ചെയ്തതിനാൽ പരാതി നിലനിൽക്കത്തക്കതല്ലാതായിരുന്നതും പ്രസ്തുത ഫോറത്തിന് കക്ഷികൾ തമ്മിലുള്ള തർക്കം പരിഹരിക്കുന്നതിന് സാധിക്കാതിരിക്കുകയും ചെയ്തിട്ടു പോലും, എതിർകക്ഷി (സർക്കാർ) അധികാരിത സംബന്ധിച്ച തർക്കം ജില്ലാ ഫോറത്തിനു മുമ്പാകെ ഉന്നയിക്കുകയോ ഏതെങ്കിലും അപ്പീൽ ബോധിപ്പിക്കുകയോ ചെയ്തിരുന്നില്ല എന്ന വസ്തുതയുടെ കാരണത്താൽ അധികാരിതയുടെ കാര്യത്തിലെ ജില്ലാ ഫോറത്തിന്റെ ഉത്തരവ് അന്തിമമായി തീരുകയും ചെയ്തിട്ടുള്ളതാണെന്ന് നിരീക്ഷിച്ചുകൊണ്ട് 31-01-2007-ലെ ഉത്തരവ് പ്രകാരം ആ അപ്പീൽ സംസ്ഥാന കമ്മീഷൻ തള്ളിയിട്ടുള്ളതാണ്. എന്നിരുന്നാലും, അപ്പീലിൽ യാതൊരു കഴമ്പും ഇല്ലാത്തതാണ്.

ഇ. ഇതിൽ സങ്കടപ്പെട്ടുകൊണ്ട് അപ്പീൽവാദി ദേശീയ കമ്മീഷൻ മുമ്പാകെ 2007-ലെ 1156-ാം നമ്പർ പരിശോധന ഹർജി (റിവിഷൻ പെറ്റീഷൻ) ഫയൽചെയ്തു. പ്രസ്തുത പരിശോധന ഹർജി 01-04-2008-ലെ ഉത്തരവ് പ്രകാരം തള്ളിയിട്ടുള്ളതും അപ്പീൽവാദി ഫയൽചെയ്ത പുനഃപരിശോധന ഹർജി 26-11-2009-ലെ ഉത്തരവ് പ്രകാരം തള്ളിയിട്ടുള്ളതുമാണ്.

ആയതിനാലാണ്, ഈ അപ്പീൽ ഫയൽ ചെയ്തിട്ടുള്ളത്.

4. ആക്റ്റ് പ്രകാരം ഏതൊരു ശ്രേണിയിലുമുള്ള ഏതൊരു ഫോറത്തിനും ഒരു സർക്കാർ ജീവനക്കാരന്റെ സർവ്വീസ് കാര്യം കൈകാര്യം ചെയ്യുവാൻ കഴിയുന്നതല്ല എന്ന് ബോധിപ്പിച്ചുകൊണ്ട് ഹരിയാനയിലെ പാണ്ഡിത്യമുള്ള സീനിയർ അഡീഷണൽ അഡ്വക്കേറ്റ് ജനറൽ ശ്രീ. നരേന്ദ്ര ഹുഡാ അധികാരിത സംബന്ധിച്ച പ്രാഥമിക തർക്കം ഉന്നയിയ്ക്കുകയുണ്ടായി. ആയതിനാൽ, ഈ സംഗതി ഒരിക്കലും യഥാർത്ഥ യോഗ്യതയിന്മേൽ പരിഗണിയ്ക്കുവാൻ പാടുള്ളതല്ല. കൂടാതെ, അപ്പീൽവാദിക്ക് നൽകുവാൻ ബാക്കി നിന്ന എല്ലാ തുകകളും നൽകിയിട്ടുള്ളതും തർക്കങ്ങളിൽ യാതൊന്നും ഇനി അവശേഷിക്കുന്നില്ലാത്തതുമാണ്.

5. പാണ്ഡിത്യമുള്ള അമിക്കസ് ക്യൂറിയായ ശ്രീ. പ്രതീഷ് കപൂർ, അപ്പീൽവാദിക്ക്, അദ്ദേഹത്തിന് നൽകേണ്ടതായ തുകയിൽ കുറച്ച് അധികാരികൾ തടഞ്ഞു വച്ചിരുന്നതിനാൽ അദ്ദേഹത്തിന്റെ എല്ലാ വിരാമ ആനുകൂല്യങ്ങളും ഇന്നുവരെ നൽകിയിട്ടില്ലായെന്നും ഇപ്രകാരം, ആയത് പലിശ സഹിതം വസൂലാക്കുവാൻ അയാൾക്ക് അവകാശമുണ്ടെന്നും ജില്ലാ ഫോറം ഒരു പ്രാഥമിക തർക്കമായി ആദ്യം തീരുമാനിക്കേണ്ടിയിരുന്ന ഈ പരാതി തീരുമാനിക്കുവാൻ ഫോറത്തിന് ക്ഷമതയുണ്ടായിരുന്നോ എന്നുമുള്ള നിരവധി സങ്കടങ്ങൾ മറ്റു പലതിന്റെയും കൂട്ടത്തിൽ ബോധിപ്പിക്കുകയുണ്ടായി. ഇത്രയേറെ ദീർഘസമയത്തിനു ശേഷം ഉചിതമായ മറ്റ് ഏതെങ്കിലും ഫോറത്തിലേക്ക് തിരിച്ചുപോകാൻ ഒരു വ്യവഹാരിക്ക് ബുദ്ധിമുട്ടാണ്. ഈ കേസിൽ അപ്പീൽവാദി 1995-ൽ ജില്ലാ ഫോറത്തെ സമീപിച്ചിട്ടുള്ളതും വിഷയത്തിന് അന്തിമരൂപം നൽകുവാൻ ഇതുവരെ സാധിച്ചിട്ടില്ലാത്തതും ഈ വൈകിയ വേളയിൽ അപ്പീൽവാദിയോട്

***ambiguitas verborum patens nulla verificatione excluditur.***
*(A patent ambiguity in the words of a written instrument cannot be cleared up by extrinsic evidence.)*
***ലിഖിതമായ ഒരു കരണത്തിലുള്ള വാക്കുകളിലെ പ്രത്യക്ഷമായ അവ്യക്തത ബാഹ്യമായ തെളിവുകൊണ്ട് വ്യക്തമാക്കുവാൻ സാധിക്കുന്നതല്ല.***

മറ്റ് ഫോറത്തെ സമീപിക്കുവാൻ ആവശ്യപ്പെടുകയാണെങ്കിൽ, അത് അദ്ദേഹത്തിനു വളരെയധികം ബുദ്ധിമുട്ട് ഉണ്ടാക്കുന്നതുമാണ്.

6. കക്ഷികൾക്കുവേണ്ടി പാണ്ഡിത്യമുള്ള അഭിഭാഷകൻ നടത്തിയ എതിർ വാദങ്ങൾ ഞങ്ങൾ പരിഗണിക്കുകയും രേഖകൾ പരിശോധിക്കുകയും ചെയ്തിട്ടുള്ളതാണ്.

7. അധികാരിത നല്കുന്നത് ഒരു നിയമനിർമ്മാണപ്രക്രിയയാണെന്നും അത് കക്ഷികളുടെ സമ്മതത്തോടുകൂടിയോ ഒരു മേൽക്കോടതിയ്ക്കോ നല്കാൻ കഴിയുന്നതല്ലെന്നും അധികാരിതയില്ലാത്ത സംഗതിയിന്മേൽ കോടതി ഒരു വിധി പാസ്സാക്കുകയാണെങ്കിൽ, അത് ആ സംഗതിയുടെ അടിസ്ഥാന കാരണം വരെ പോകുന്നതുകൊണ്ട്, അസാധുവാകുന്നതാണെന്നുമുള്ളതും തർക്കമില്ലാത്ത വിധം തീർച്ചപ്പെടുത്തിയിട്ടുള്ള ഒരു നിയമപരമായ ദൃഢപ്രസ്താവമാണ്. നടപടികളുടെ ഏതൊരു ഘട്ടത്തിലും അത്തരത്തിലുള്ളൊരു തർക്കം ഉന്നയിക്കാൻ കഴിയുന്നതാണ്. ഫോറത്തിന് അധികാരിതയില്ലെന്ന് ഒരിക്കൽ കണ്ടെത്തി കഴിഞ്ഞാൽ ഒരു കോടതിയുടെയോ ട്രൈബ്യൂണലിന്റെയോ കണ്ടെത്തലുകൾ അപ്രസക്തവും നടപ്പിലാക്കാൻ സാധിക്കാത്തതുമായിത്തീരുന്നു. അതുപോലെതന്നെ, ഒരു കോടതിക്ക്/ട്രൈബ്യൂണലിന് അന്തർലീനമായി അധികാരിത ഇല്ലെങ്കിൽ, നിയമനിർമ്മാണത്തിന്റെ ചൈതന്യത്തെ നിഷ്ഫലമാക്കുന്ന കുറ്റം ചെയ്യുവാനോ പാതകംചെയ്യുവാനോ കക്ഷിയുടെ മൗനാനുവാദം ഒരുപോലെ അനുവദിക്കാൻ പാടുള്ളതല്ല. നിയമങ്ങളിൽ നിന്നല്ലാതെ കോടതിക്ക് അധികാരിത കൈവരിക്കുന്നതിന് സാധിക്കുന്നതല്ല. അങ്ങനെയുള്ള സന്ദർഭങ്ങളിൽ അവകാശ പരിത്യാഗ സിദ്ധാന്തവും ബാധകമാകുന്നതല്ല. (*യുണൈറ്റഡ് കൊമേഷ്യൽ ബാങ്ക് ക്ലിപ്തം അഭി അവരുടെ ജോലിക്കാർ* (എ.ഐ.ആർ 1951 എസ്.സി. 230); *ശ്രീമതി നയി ബാഹു അഭി ലാൽ രാംനാരായണും മറ്റുള്ളവരും* (എ.ഐ.ആർ 1978 എസ്.സി 22); *നടരാജ് സ്റ്റുഡിയോസ് (പ്രൈ.) ക്ലിപ്തം അഭി നവരംഗ് സ്റ്റുഡിയോസും മറ്റൊരാളും* (എ.ഐ.ആർ 1981 എസ്.സി 537); *കോണ്ടിബാ ദാഗഡു കദം അഭി സാവിത്രിബായ് സോപൻ ഗുജറും മറ്റുള്ളവരും* (എ.ഐ.ആർ 1999 എസ്.സി 2213) എന്നിവ കാണുക).

8. *സുശീൽകുമാർ മേത്ത അഭി ഗോബിന്ദ് രാം ബോഹ്റ (മരിച്ചു പോയത്) നിയമ പ്രതിനിധികൾ മുഖേനയുള്ള കേസിൽ* (1990) 1 എസ്.സി.സി 193) ഈ കോടതി, അതിന്റെ അനേകം മുൻവിധിന്യായങ്ങളിൽ, പ്രത്യേകിച്ച് *പ്രീമിയർ ആട്ടോമൊബൈൽസ് ക്ലിപ്തം അഭി കെ.എസ്. വാഡ്കെയും മറ്റുള്ളവരും* ((1976) 1 എസ്.സി.സി 496); *കിരൺ സിങ് അഭി ചമൻ പാസ്വാൻ* (എ.ഐ.ആർ 1954 എസ്.സി. 340); *ചന്ദ്രിക മിസിറും മറ്റൊരാളും അഭി ഭൈയലാൽ* (എ.ഐ.ആർ 1973 എസ്.സി. 2391) എന്നീ കേസുകളിൽ ആശ്രയമർപ്പിച്ചുകൊണ്ട് അധികാരിതയില്ലാതെയുള്ള ഒരു വിധി അസാധുവാണെന്ന് വിധിച്ചിട്ടുള്ളതാണ്. അത് ന്യായാധിപനല്ലാത്ത ഒരാളുടെ മുമ്പാകെയുള്ള കേസിലെ വിധിയാകുന്നു; ഒരു പ്രത്യേക നിയമം ഒരു അവകാശം നല്കുകയും ആ അവകാശങ്ങളുടെ ന്യായനിർണ്ണയത്തിനായി ഒരു ഫോറത്തിന് വ്യവസ്ഥചെയ്യുകയും ചെയ്യുമ്പോൾ, ആ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം മാത്രമേ പരിഹാരം തേടാൻ പാടുള്ളതും കോമൺ ലാ കോടതിയ്ക്ക് യാതൊരു അധികാരിതയില്ലാത്തതും; ഒരു ആക്റ്റ് ഒരു നിയമബാധ്യത നിർവ്വഹിക്കുന്നതിനായി ഉണ്ടാക്കുകയും നിർദ്ദിഷ്ട രീതിയിൽ അതിന്റെ നിർവ്വഹണം നടപ്പിലാക്കുകയും ചെയ്യുന്നിടത്ത്, "മറ്റേതെങ്കിലും രീതിയിലുള്ള നിർവ്വഹണം നിർബന്ധിതമാക്കാൻ കഴിയുന്നതല്ലാത്തതും ആകുന്നു".

9. നിയമം ഏതെങ്കിലും കോടതി/ട്രൈബ്യൂണൽ അധികാരസ്ഥാനം/ഫോറത്തെ, അങ്ങനെയുള്ള ഒരു അധികാരസ്ഥാനത്തിനും ആ വിഷയത്തിന്മേൽ അധികാരിത ഇല്ലെങ്കിൽ, എന്തുതന്നെയായ യാതൊരു കാരണത്താലും ഇല്ലാത്ത അധികാരിത കൈക്കലാക്കുവാൻ അനുവദിക്കുന്നില്ല. അതിനുള്ള കാരണമെന്തെന്നാൽ അത് വ്യവഹാരപ്പെടുന്ന

സ്ഥലത്തെ സംബന്ധിച്ചുള്ള ഒരു ആക്ഷേപം അല്ല; "അധികാരിത ഇല്ല എന്ന കാരണത്താൽ ഉത്തരവിന്റെ അസാധുതയിലേക്ക് പോകുന്ന ഒരു ആക്ഷേപം ആയതുകൊണ്ടാണ്". ഇപ്രകാരം, ന്യായാധികാരവസ്തുതയുള്ള അസ്ഥിത്വം ഒരു കോടതിയോ ട്രൈബ്യൂണലോ അധികാരിത അനുമാനിക്കുന്നതിനുള്ള ഒരു മുൻ ഉപാധിയാണ്. എന്നാൽ, അങ്ങനെയുള്ള ന്യായാധികാര വസ്തുത നിലനിൽക്കുന്നുവെന്ന് ഒരിക്കൽ കണ്ടെത്തിയാൽ ആ കോടതിയ്ക്കോ ട്രൈബ്യൂണലിനോ ന്യായ നിർണ്ണയം വസ്തുതകളിൻമേലോ വിവാദ്യ വസ്തുതകളിൻമേലോ തീരുമാനം എടുക്കുവാനുള്ള അധികാരം ഉണ്ടായിരിക്കുന്നതാണ്. (*സേട്രുചാർലു രാമഭദ്രരാജു ബഹദൂർ* അഭി *ജയ്പൂർ മഹാരാജാവ്* (എ.ഐ.ആർ 1919 പി.സി. 150), *ഗുജറാത്ത് സർക്കാർ* അഭി *രാജേഷ് കുമാർ ചിമൻലാൽ ബാരട്ടും മറ്റൊരാളും* (എ.ഐ.ആർ 1996 എസ്.സി. 2664); *ഹർഷദ് ചിമൻ ലാൽ മോദി* അഭി *ഡി.എൽ.എഫ്. യൂണിവേഴ്സൽ ക്ലിപ്തവും മറ്റൊരാളും* (എ.ഐ.ആർ 2005 എസ്.സി. 4446); *കരോണ ക്ലിപ്തം* അഭി *മെസ്സേഴ്സ് പാർവ്വതി സ്വാമിനാഥനും മക്കളും* (എ.ഐ.ആർ 2008 എസ്.സി. 187) എന്നീ കേസുകൾ കാണുക).

10. ആക്റ്റിന്റെ ഉദ്ദേശ്യകാരണങ്ങളുടെ വിവരണത്തിൽ നിന്നും വ്യക്തമാകുന്ന പ്രകാരം, ജീവനും സ്വത്തിനും ആപത്കരമാകുന്ന സാധനങ്ങളുടെ വിപണനത്തിനെതിരെ സംരക്ഷിക്കപ്പെടേണ്ടതായ അവകാശവും; അന്യായ വ്യാപാര സമ്പ്രദായങ്ങൾക്കെതിരെ ഉപഭോക്താവിനെ സംരക്ഷിക്കുന്നതിന് സാധനങ്ങളുടെ ഗുണം, അളവ്, വീര്യം, പരിശുദ്ധി, ഗുണനിലവാരം, വില എന്നിവയെ സംബന്ധിച്ച് അറിയേണ്ടതായ അവകാശവും; ഉപഭോക്താക്കളെ മനസ്സാക്ഷിക്കുത്തില്ലാത്ത ചൂഷണംചെയ്യലിനെതിരെ പരിഹാരം തേടുവാനുള്ള അവകാശവും പോലെയുള്ള ഉപഭോക്താവിന്റെ താത്പര്യത്തിന്റെ ഏറ്റവും നല്ല സംരക്ഷണത്തിനുവേണ്ടി വ്യവസ്ഥ ചെയ്യുന്നതിനും, കൂടാതെ ഉപഭോക്തൃ വിദ്യാഭ്യാസത്തിനുള്ള അവകാശം മുതലായവ വ്യവസ്ഥചെയ്യുന്നതിനും വേണ്ടിയാണ് ഈ ആക്റ്റ് ഉണ്ടാക്കിയിട്ടുള്ളത്.

11. ആക്റ്റിലെ നിർവ്വചനഖണ്ഡമായ 2-ാം വകുപ്പ് താഴെ കൊടുത്തിരിക്കുന്ന പ്രകാരം ഇനിപ്പറയുന്നവയെ നിർവ്വചിച്ചിരിക്കുന്നു:

"2 (ഖ) 'പരാതിക്കാരൻ' എന്നാൽ,-

(i) ഒരു ഉപഭോക്താവ്; അല്ലെങ്കിൽ

(ii) കമ്പനി ആക്റ്റ്, 1956 (1956-ലെ 1) പ്രകാരമോ, തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമപ്രകാരമോ രജിസ്റ്റർ ചെയ്തിട്ടുള്ള ഏതെങ്കിലും സന്നദ്ധ ഉപഭോക്തൃ സംഘടന; അല്ലെങ്കിൽ

(iii) കേന്ദ്ര സർക്കാർ അല്ലെങ്കിൽ ഏതെങ്കിലും സംസ്ഥാന സർക്കാർ;

(iv) ഒരേ താത്പര്യമുള്ള നിരവധി ഉപഭോക്താക്കൾ ഉള്ളിടത്ത്, ഒന്നോ അതിലധികമോ ഉപഭോക്താക്കൾ;

(v) ഒരു ഉപഭോക്താവ് മരണപ്പെടുന്ന സംഗതിയിൽ, ഒരു പരാതി നൽകുന്ന അദ്ദേഹത്തിന്റെ നിയമാനുസൃത അവകാശി അല്ലെങ്കിൽ പ്രതിനിധി, എന്നർത്ഥമാകുന്നു.

2(ഗ) 'പരാതി' എന്നാൽ,-

(i) ഏതെങ്കിലും വ്യാപാരിയോ സേവനദാതാവോ അന്യായ വ്യാപാര സമ്പ്രദായമോ നിയന്ത്രിത വ്യാപാര സമ്പ്രദായമോ സ്വീകരിച്ചിട്ടുണ്ടെന്ന്;

(ii) അദ്ദേഹം വാങ്ങിയതോ വാങ്ങാമെന്ന് അദ്ദേഹം സമ്മതിച്ചിട്ടുള്ളതോ

***affirmanti, non neganti, incumbit probatio.***
*(The burden of proof lies upon him who affirms, not upon him who denies.)*
***തെളിവുഭാരം നിഷേധിക്കുന്ന ആളിൻമേലല്ല, സ്ഥിരീകരിക്കുന്ന ആളിൻമേലാണ്.***

ആയ സാധനങ്ങൾക്ക് ഒന്നോ അതിലധികമോ ന്യൂനതകളുണ്ടെന്ന്;

(iii) അദ്ദേഹം വാടകയ്ക്ക് എടുത്തതോ പ്രയോജനപ്പെടുത്തിയിട്ടുള്ളതോ വാടകയ്ക്ക് എടുക്കാമെന്നോ പ്രയോജന പ്പെടുത്താമെന്നോ സമ്മതിച്ചിട്ടുള്ളതോ ആയ സേവനങ്ങൾക്ക് ഏതെങ്കിലും തരത്തിലുള്ള ന്യൂനതയുണ്ടെന്ന്,

ഒരു പരാതിക്കാരൻ എഴുതി നൽകുന്ന ഏതെങ്കിലും ആരോപണം എന്നർത്ഥമാകുന്നു.

x x x x x

2(ഘ) 'ഉപഭോക്താവ്' എന്നാൽ,-

(i) നൽകിയിട്ടുള്ളതോ വാഗ്ദാനം ചെയ്തിട്ടുള്ളതോ ഭാഗികമായി നൽകി യിട്ടുള്ളതോ ഭാഗികമായി വാഗ്ദാനം ചെയ്തിട്ടുള്ളതോ ആയ പ്രതിഫലത്തിനു പകരമായോ പണം പിന്നീട് നൽകുന്ന ഏതെങ്കിലും സമ്പ്രദായ പ്രകാരമോ ഏതെങ്കിലും സാധനങ്ങൾ വാങ്ങുന്ന ഏതൊരാളും എന്ന് അർത്ഥമാകുന്നതും അതിൽ, നൽകിയിട്ടുള്ളതോ വാഗ്ദാനം ചെയ്തിട്ടുള്ളതോ ഭാഗികമായി നൽകിയി ട്ടുള്ളതോ ഭാഗികമായി വാഗ്ദാനം ചെയ്തിട്ടുള്ളതോ ആയ പ്രതിഫലത്തിനു പകരമായോ പണം പിന്നീട് നൽകുന്ന ഏതെങ്കിലും സമ്പ്രദായപ്രകാരമോ അത്തരം സാധനങ്ങൾ വാങ്ങുന്ന ആൾ അല്ലാതെയുള്ള അങ്ങനെയുള്ള സാധനങ്ങൾ ഉപയോഗിക്കുന്ന ഏതെങ്കിലും ആളും, അങ്ങനെയുള്ള ഉപയോഗം അങ്ങനെയുള്ള ആളിന്റെ (വാങ്ങുന്ന ആളിന്റെ) അനുവാദത്തോട് കൂടി നടത്തുമ്പോൾ, ഉൾപ്പെടുന്നതും എന്നാൽ അത്തരം സാധനങ്ങൾ വീണ്ടും വില്പന യ്ക്കായോ ഏതെങ്കിലും വാണിജ്യാ വശ്യത്തിനായോ കൈവശമാക്കുന്ന ഒരാൾ ഉൾപ്പെടാത്തതുമാകുന്നു; അല്ലെങ്കിൽ

(ii) നൽകിയിട്ടുള്ളതോ വാഗ്ദാനം ചെയ്തിട്ടുള്ളതോ ഭാഗികമായി നൽകിയി ട്ടുള്ളതോ ഭാഗികമായി വാഗ്ദാനം ചെയ്തിട്ടുള്ളതോ ആയ പ്രതിഫലത്തിനു പകരമായോ പണം പിന്നീട് നൽകുന്ന ഏതെങ്കിലും സമ്പ്രദായ പ്രകാരമോ ഏതെങ്കിലും സേവനങ്ങൾ വാടകയ്ക്കു എടുക്കുകയോ പ്രയോജനപ്പെടുത്തുകയോ ചെയ്യുന്ന ഏതൊരാളും എന്നർത്ഥമാകുന്നതും അതിൽ, നൽകിയിട്ടുള്ളതോ വാഗ്ദാനം ചെയ്തിട്ടുള്ളതോ ഭാഗികമായി നൽകിയി ട്ടുള്ളതോ ഭാഗികമായി വാഗ്ദാനം ചെയ്തിട്ടുള്ളതോ ആയ പ്രതിഫലത്തിനു പകരമായോ പണം പിന്നീട് നൽകുന്ന ഏതെങ്കിലും സമ്പ്രദായ പ്രകാരമോ സേവനങ്ങൾ വാടകയ്ക്കു എടുക്കുകയോ പ്രയോജനപ്പെടുത്തുകയോ ചെയ്യുന്ന ആൾ അല്ലാതെയുള്ള, അത്തരം സേവനങ്ങളുടെ ഏതെങ്കിലും ഗുണഭോക്താവും, അത്തരം സേവനങ്ങൾ ആദ്യം പറഞ്ഞ ആളിന്റെ അനുവാദത്തോടുകൂടി പ്രയോജനപ്പെടുത്തു മ്പോൾ ഉൾപ്പെടുന്നതും; എന്നാൽ അത്തരം സേവനങ്ങൾ വാണിജ്യ ആവശ്യത്തിനായി പ്രയോജനപ്പെടുന്ന ആൾ ഉൾപ്പെടാത്ത തുമാകുന്നു.

x x x x

2 (ഛ) 'ന്യൂനത' എന്നാൽ തത്സമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമ പ്രകാരമോ അതിൻകീഴിലോ കാത്തുസൂക്ഷിക്ക പ്പെടുവാൻ ആവശ്യപ്പെടുന്നതോ ഒരു കോൺട്രാക്റ്റിന് അനുസൃതമായോ മറ്റുവിധ ത്തിലോ ഒരാളാൽ നിർവ്വഹിക്കപ്പെടാൻ ഏറ്റെടുക്കപ്പെട്ടിട്ടുള്ളതോ ആയ ഏതെങ്കിലും സേവനവുമായി ബന്ധപ്പെട്ടുള്ള നിർവ്വഹ ണത്തിന്റെ ഗുണത്തിലും സ്വഭാവത്തിലും രീതിയിലുമുള്ള ഏതെങ്കിലും വീഴ്ചയോ അപൂർണ്ണതയോ പോരായ്മയോ അപര്യാ പ്തതയോ എന്നർത്ഥമാകുന്നു.

2 (ണ) 'സേവനം' എന്നാൽ ശേഷിയുള്ള ഉപഭോക്താക്കൾക്ക് ലഭ്യമാക്കപ്പെടുന്ന ഏത് തരത്തിലുമുള്ള സേവനം എന്നർത്ഥ മാകുന്നതും അതിൽ ബാങ്കിംഗുമായോ പണമിടപാടുമായോ ഇൻഷുറൻസുമായോ പരിവാഹനവുമായോ പ്രക്രിയകൾ മുഖേന സാധനങ്ങൾ കേടുവരാതെ സൂക്ഷിക്ക ലുമായോ വൈദ്യുതിയോ മറ്റ് ഊർജ്ജ വിതരണവുമായോ ഭക്ഷണമോ വാടക

കൊടുത്തുള്ള താമസമോ രണ്ടും കൂടിയുമോ ആയോ വീടുനിർമ്മാണവുമായോ വിനോദവുമായോ ഉല്ലാസവുമായോ വാർത്തകളോ മറ്റ് വിവരങ്ങളോ ശേഖരിക്ക ലുമായോ ബന്ധപ്പെട്ട സൗകര്യങ്ങൾക്കുള്ള ഏർപ്പാട് ഉൾപ്പെടുന്നതും, എന്നാൽ അവയിൽ മാത്രം ഒതുങ്ങിനിൽക്കാത്തതും, സൗജന്യ മായോ വ്യക്തിഗത സേവനത്തിനുള്ള ഒരു കോൺട്രാക്റ്റ് പ്രകാരമോ നൽകുന്ന ഏതെങ്കിലും സേവനം ഉൾപ്പെടാത്ത തുമാകുന്നു".

ആക്റ്റിലെ 11-ാം വകുപ്പ് ജില്ലാ ഫോറത്തിന്റെ അധികാരിതയെ സംബന്ധിച്ച് ഇങ്ങനെ പറയുന്നു:

"(1) ഈ ആക്റ്റിലെ മറ്റ് വ്യവസ്ഥകൾക്കു വിധേയമായി, ജില്ലാ ഫോറത്തിന്, സാധനങ്ങളുടെ അല്ലെങ്കിൽ സേവനങ്ങളുടെ അവകാശപ്പെടുന്ന നഷ്ട പരിഹാരം, ഏതെങ്കിലും ഉണ്ടെങ്കിൽ, അതിന്റെയും മൂല്യം ഇരുപത് ലക്ഷം രൂപയിൽ കവിയാത്ത പരാതികൾ സ്വീകരിയ്ക്കുവാനുള്ള അധികാരിത ഉണ്ടായിരിക്കുന്നതാണ്".

ഈ ആക്റ്റ് പാസ്സാക്കിയതു തന്നെ സാധനങ്ങളുടെ വിപണനത്തിനോ ആക്റ്റിൻ കീഴിൽ നിർവ്വചിച്ച പ്രകാരമുള്ള, "സേവനങ്ങൾക്കോ" വ്യവസ്ഥചെയ്യപ്പെട്ടിട്ടുള്ള ഉപഭോക്താക്കളുടെ അവകാശങ്ങൾ കൈകാര്യം ചെയ്യുവാനാണ് എന്ന് മേൽപ്പറഞ്ഞ നിയമ വ്യവസ്ഥകൾ സുവ്യക്തമാക്കുന്നു. ആയതിനാൽ ഫോറത്തിന് സർക്കാർ ജീവനക്കാരുടെ സർവ്വീസ് കാര്യങ്ങൾ ഈ ആക്റ്റ് പ്രകാരം കൈകാര്യം ചെയ്യുവാൻ കഴിയുമോ എന്ന ചോദ്യം ഉദിക്കുന്നു.

(12) *മോർഗൻ സ്റ്റാൻലി മ്യൂച്ചൽ ഫണ്ട്* അഭി *കാർത്തിക്ക് ദാസ്* ((1994) 4 എസ്.സി.സി. 225) എന്ന കേസിൽ പിന്നീട് വാങ്ങുന്ന ഒരാൾ ഈ ആക്റ്റ് പ്രകാരം "ഉപഭോക്താവ്" ആകുമോ എന്ന പ്രശ്നം ഈ കോടതി പരിശോധിക്കുകയും താഴെപ്പറയും പ്രകാരം വിധിക്കുകയും ചെയ്തു:

*"ഉപഭോക്താവ് എന്നത് ആ പദം സൂചിപ്പിക്കുന്നത് പോലെ ഉപഭോഗംചെയ്യുന്ന ഒരാൾ ആണ്. നിർവ്വചനപ്രകാരം, ഉപഭോക്താവ് സ്വകാര്യ ഉപയോഗത്തിനോ ഉപഭോഗത്തിനോ വേണ്ടി സാധനങ്ങൾ വാങ്ങുന്ന ഒരാൾ ആകുന്നു. ഉൽപാദന ശൃംഖലയുടെ അവസാനത്തെ സാധനങ്ങളോ സേവനങ്ങളോ ഉപഭോഗം ചെയ്യുന്ന ഏതൊരാളെയും ഉൾപ്പെടുത്തുന്ന വിധം "ഉപഭോക്താവ്" എന്ന പദത്തിന്റെ അർത്ഥം മേൽപ്പറഞ്ഞ നിർവ്വചനത്തിൽ വിശദമായി പ്രതിപാദിച്ചിരിക്കുന്നു. ആ സമഗ്രമായ നിർവ്വചനം സാധനങ്ങളുടേയും സേവന ങ്ങളുടേയും വിലയായോ ചെലവായോ പണം കൊടുക്കുന്ന ഓരോ ആളെയും ഉൾപ്പെടു ത്തുന്നതിന് ലക്ഷ്യമിടുന്നു. ഉപഭോക്താവ് അയാൾ എന്തിനു വേണ്ടിയാണോ പണം കൊടുക്കുന്നത് അത് ശരിയായ അളവിലും യഥാർത്ഥ ഗുണമേൻമയിലും ലഭിക്കുവാൻ അർഹനാണ്. ഓരോ സമൂഹത്തിലും, ഉപഭോക്താവ് കച്ചവടവും വ്യവസായിക വുമായ എല്ലാ പ്രവർത്തനത്തിന്റെയും ആകർഷണ കേന്ദ്രമായി നിലകൊള്ളുന്നു. അയാൾക്ക്, നിർമ്മാതാവ്, ഉൽപ്പാദകൻ, വിതരണക്കാരൻ, മൊത്ത വിൽപ്പനക്കാരൻ, ചില്ലറ വിൽപ്പനക്കാരൻ എന്നിവരിൽ നിന്നും സംരക്ഷണം ആവശ്യമാണ്.*

x x x x x x

*ആയതിനാൽ, കോൺട്രാക്റ്റ് (കമ്പനിയുടെ സംഘനിയമാവലി) പ്രകാരം അനുവദിച്ചു നൽകപ്പെടുന്നതിനുശേഷമേ അവകാശങ്ങൾ ഉണ്ടാകാനിടയുള്ളൂ. എന്നാൽ, നിശ്ചയമായും അനുവദിച്ചുനൽകിയതിനു മുമ്പല്ല. ആ ഘട്ടത്തിൽ, അയാൾ ഭാവി സാധനങ്ങളിലെ ഒരു ഭാവിനിക്ഷേപകൻ*

***allegans contraria non est audiendus.***
*(A person making contradictory allegations is not to be listened to.)*
***പരസ്പര വിരുദ്ധമായ ആരോപണങ്ങൾ ഉന്നയിക്കുന്ന ഒരാളെ ശ്രദ്ധിക്കേണ്ടതില്ല.***

*മാത്രമാണ്………… ഒരു പ്രതിഫലത്തിന് പകരമായി സാധനങ്ങൾ വാങ്ങുന്നില്ലാത്തതും ഒരു പ്രതിഫലത്തിന് പകരമായി കമ്പനിയുടെ സേവനങ്ങളുടെ വാടകക്കാരനെന്ന് അദ്ദേഹത്തെ വിളിക്കുവാൻ സാധിക്കാത്ത തുമാകുന്നു. മേല്പറഞ്ഞ ഉപഭോക്താവിന്റെ നിർവ്വചനത്തിൽ വരണമെന്നുണ്ടെങ്കിൽ പ്രസ്തുത ആക്റ്റിലെ 2(1)(ഘ)(i) വകുപ്പു പ്രകാരം, പ്രതിഫലത്തിനു പകരമായി സാധനങ്ങൾ വാങ്ങുന്ന ഒരു ഇടപാട് ഉണ്ടായിരിക്കണമെന്നത് വ്യക്തമാണ്. വില്പനയുടെയും വാങ്ങലിന്റെയും ഒരു പൂർത്തീകരിച്ച ഇടപാട് നടന്നിരിക്കണമെന്ന് ആ നിർവ്വചനം വിഭാവനം ചെയ്യുന്നു. ആക്റ്റ് പ്രകാരമുള്ള പരാതിയുടെ നിർവ്വചനത്തിന് പരിഗണന നൽകുന്നുവെങ്കിൽ യാതൊരു ഭാവി നിക്ഷേപകനും ആക്റ്റിൻ കീഴിൽ വരുന്നതിന് കഴിയില്ലായിരുന്നു എന്നത് വ്യക്തമാകുന്നതാണ്''.*

13. *ഒറീസ്സ ബോർഡ് ഓഫ് സെക്കൻഡറി എഡ്യൂക്കേഷൻ സെക്രട്ടറി* അഭി *സന്തോഷ്കുമാർ സാഹുവും മറ്റൊരാളും,* (എ.ഐ.ആർ 2010 എസ്.സി 3553) എന്ന കേസിൽ ഒരാൾ, മെട്രിക്കുലേഷൻ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയിട്ടുള്ള തന്റെ ജനനത്തീയതി തിരുത്തുന്നതിനു വേണ്ടി ഫയൽചെയ്ത ഒരു പരാതി സ്വീകരിക്കുവാനും അനുവദിക്കുവാനും ആക്റ്റ് പ്രകാരം ഫോറത്തിനു അധികാരിതയുണ്ടായിരുന്നോ എന്ന വിവാദ്യകം, ഈ കോടതി, എല്ലാ ഉപഭോക്തൃഫോറങ്ങളും പരാതിയുടെ നിലനിൽപ്പ് പ്രശ്നത്തെ ശരിയായ കാഴ്ചപ്പാടിൽ പരിഗണിക്കുവാൻ പരാജയപ്പെട്ട കാരണത്താൽ ചോദ്യംചെയ്യപ്പെട്ട ഉത്തരവ് തള്ളിക്കളയേണ്ടതാണെന്ന് നിരീക്ഷിച്ചുകൊണ്ട് തീരുമാനിക്കുകയുണ്ടായി. 1-ാം എതിർ കക്ഷിയുടെ മെട്രിക്കുലേഷൻ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയിട്ടുള്ള ജനനത്തീയതി ശരിയായത് ആണോയെന്നുള്ള പ്രശ്നത്തിലേയ്ക്ക് ജില്ലാ ഫോറം കടക്കുന്നതിന് മുമ്പ്, അത് 1-ാം എതിർകക്ഷി നടത്തിയ അഭ്യർത്ഥന പ്രകാരം തിരുത്തൽ വരുത്തുവാനുള്ള അപ്പീൽവാദിയുടെ പരാജയം എന്നു പറയപ്പെടുന്നത് സേവനത്തിലെ ന്യൂനതയായിട്ടുണ്ടോ എന്നത് പരിഗണിക്കേണ്ടതായിരുന്നു.

കോടതി പരാതി നിലനിൽക്കുന്നതാണോ എന്ന പ്രശ്നം തീരുമാനിക്കുന്നതിനായി കേസ് ജില്ലാ ഫോറത്തിലേയ്ക്ക് തിരിച്ചയയ്ക്കുകയുണ്ടായി.

14. *ബീഹാർ സ്കൂൾ പരീക്ഷാ ബോർഡ് അഭി സുരേഷ് പ്രസാദ് സിൻഹ,* (എ.ഐ.ആർ 2010 എസ്.സി 93) എന്ന കേസിൽ ഈ കോടതി, ഒരു പരീക്ഷാർത്ഥിക്ക്, 1952-ലെ ബീഹാർ സ്കൂൾ പരീക്ഷാ ബോർഡ് ആക്റ്റ് പ്രകാരം രൂപീകരിക്കപ്പെട്ട ബീഹാർ സ്കൂൾ പരീക്ഷാ ബോർഡ് നടത്തിയ തന്റെ പരീക്ഷകളെ സംബന്ധിച്ച ഏതെങ്കിലും പരാതി ഉന്നയിച്ചുകൊണ്ട് ആക്റ്റ് പ്രകാരം ജില്ലാ ഫോറം മുമ്പാകെ ഒരു പരാതി ഫയൽ ചെയ്യുവാൻ കഴിയുമോ എന്ന ചോദ്യം പരിഗണിക്കുകയും താഴെപ്പറയും പ്രകാരം നിരീക്ഷിച്ചുകൊണ്ട് അതിന് ഉത്തരം എതിരായി നൽകുകയും ചെയ്തിട്ടുള്ളതാണ്.

"ആക്റ്റിന്റെ ഉദ്ദേശ്യലക്ഷ്യം, ഒരു പ്രതിഫലത്തിന് പകരമായി വാഗ്ദാനം ചെയ്യുന്നതോ നൽകുന്നതോ ആയ സേവനങ്ങളെ അതിന്റെ പരിധിയിൽ ഉൾപ്പെടുത്തുക എന്നതാണ്. ഒരു പ്രതിഫലത്തിനു പകരമായി നൽകുന്ന ഏതൊരു സേവനവും അതിന്റെ ഏറ്റവും വിശാലമായ അർത്ഥത്തിൽ (തൊഴിൽപരമായ പ്രവർത്തനമോ അർദ്ധ-വാണിജ്യ പ്രവർത്തനമോ ഉൾപ്പെടെ) ഒരു വാണിജ്യ പ്രവർത്തനമായി അനുമാനിക്കേണ്ടതാണ്. എന്നാൽ, ഒരു പരീക്ഷാർത്ഥി പരീക്ഷയിൽ വിജയിക്കുന്നതു കൊണ്ട് ഒരു കോഴ്സ് വിജയകരമായി പൂർത്തിയാക്കിയതായി പ്രഖ്യാപിക്കപ്പെടുന്നതിന് അർഹനാണോയെന്ന് പരിശോധിക്കുന്ന നിയമാധിഷ്ഠിതമായ ഒരു ചുമതലയുടെ നിർവ്വഹണത്തെ ഉൾപ്പെടുത്തുവാൻ ആക്റ്റ് ഉദ്ദേശിക്കുന്നില്ല. പരീക്ഷയുടെ നടത്തിപ്പിനോ ഉത്തര

ക്കടലാസിന്റെ മൂല്യനിർണ്ണയത്തിനോ മാർക്ക് ഷീറ്റുകളോ സർട്ടിഫിക്കറ്റുകളോ നൽകുന്നതിനോ ഇടയിൽ ഏതാനും ചില ഉപേക്ഷയോ കൃത്യവിലോപമോ ന്യൂനതയോ ഉണ്ടാകാൻ ഇടയുണ്ടെന്നുള്ള വസ്തുത ബോർഡിനെ ഒരു പ്രതിഫലത്തിനു പകരമായുള്ള ഒരു സേവനദാതാവാക്കി മാറ്റുകയോ പരീക്ഷയെഴുതുന്ന ആളെ ആക്റ്റ് പ്രകാരം ഒരു പരാതി സമർപ്പിക്കുവാൻ കഴിയുന്ന ഒരു ഉപഭോക്താവായി മാറ്റുകയോ ചെയ്യുന്നില്ല. ബോർഡ് ഒരു `സേവനദാതാവ്' അല്ലെന്നും ഒരു പരീക്ഷയെഴുതുന്ന ഒരു വിദ്യാർത്ഥി `ഉപഭോക്താവ്' അല്ലെന്നും തൽഫലമായി, ആക്റ്റ് പ്രകാരമുള്ള പരാതി ബോർഡിന് എതിരായി നിലനിൽക്കത്തക്കതല്ല എന്നുള്ളതുമാണ് ഞങ്ങളുടെ വ്യക്തമായ കാഴ്ചപ്പാട്."

(*മഹർഷി ദയാനന്ദ് സർവ്വകാലശാല* അഭി *സുർജിത്ത് കൗർ* ((2010) 11 എസ്സ്.സി.സി. 159) എന്ന കേസ് കൂടി കാണുക).

> "***ambiguum placitum interpretari debt contra proferentem.***
> *(An ambiguous plea ought to be interpreted against the party pleading it.)*
> **അവ്യക്തമായ ഒരു വാദം, വാദിക്കുന്ന കക്ഷിക്ക് എതിരായി വ്യാഖ്യാനിക്കേണ്ടതാണ്.**"

15. *റീജിയണൽ പ്രൊവിഡന്റ് ഫണ്ട് കമ്മീഷണർ* അഭി *ഭവാനി* (എ.ഐ.ആർ 2008 എസ്.സി 2957) എന്ന കേസിൽ റീജിയണൽ പ്രൊവിഡന്റ് ഫണ്ട് കമ്മീഷണറുടെ കേസിന് ആക്റ്റിന്റെ ബാധകതയില്ലായ്മ സംബന്ധിച്ച ഡോ. പാഡിയായുടെ വാദങ്ങളെ--കക്ഷികൾ തമ്മിലുള്ള ബന്ധത്തെ 'മുതലാളിയും തൊഴിലാളിയും' എന്ന ആശയത്തിനുള്ളിൽ കൊണ്ടുവരുന്നതിനായി ആ കേസ് സൗജന്യമായി സേവനം നൽകുന്നതോ വ്യക്തിഗത സേവന കരാർ പ്രകാരം സേവനം നൽകുന്നതോ അല്ലാത്ത ഒന്നായിരുന്നതുകൊണ്ട് ഒരു പെൻഷൻ പദ്ധതിയുടെ നടത്തിപ്പിന് ഉത്തരവാദിയായ വ്യക്തിയെ ആക്റ്റിലെ 2(i) (ണ) വകുപ്പിന്റെ അർത്ഥത്തിനുള്ളിലെ 'സേവനദാതാവ്' ആയി കാണുവാൻ കഴിയുമായിരുന്നോ എന്ന പ്രശ്നത്തെ കൈകാര്യം ചെയ്തിരുന്നു. കോടതി ഇപ്രകാരം വിധിക്കുകയുണ്ടായി.

*"ഞങ്ങളുടെ കാഴ്ചപ്പാടിൽ, എതിർകക്ഷി 1971-ലെ എംപ്ലോയീസ് ഫാമിലി പെൻഷൻ സ്കീമിൽ ഒരംഗം ആകുകയും ആയതിലേയ്ക്ക് അംശദായം നൽകുകയും ചെയ്തതുവഴി അവർ പദ്ധതിയുടെ നടപ്പിലാക്കലിന് അപ്പീൽവാദി നൽകിയ സേവനങ്ങൾ പ്രയോജനപ്പെടുത്തിക്കൊണ്ടിരുന്നിടത്തോളം 2(1)(ഘ)(ii) വകുപ്പിന്റെ അർത്ഥത്തിനുള്ളിലുള്ള 'ഉപഭോക്താവ്'-ന്റെ നിർവ്വചനത്തിൽ കൃത്യമായി വരുന്നതാണ്. മറ്റ് അപ്പീലുകളിലെയും സംഗതി ഇതു തന്നെയാണ്:"*

16. മേൽപ്പറഞ്ഞ കാരണത്താൽ, ഒരു സർക്കാർ ജീവനക്കാരന് തന്റെ സേവന വ്യവസ്ഥകളെ സംബന്ധിച്ചോ ഗ്രാറ്റ്യുവിറ്റിയോ ജി.പി.എഫ്-ഓ തന്റെ ഉദ്യോഗവിരാമ ആനുകൂല്യങ്ങളിൽ ഏതെങ്കിലുമോ നൽകലിന് വേണ്ടിയുള്ള ഏതൊരു തർക്കവും ഈ ആക്റ്റ് പ്രകാരമുള്ള ഏതൊരു ഫോറം മുമ്പാകെയും ഉന്നയിക്കുവാൻ യാതൊരു തരത്തിലും കഴിയുന്നതല്ലെന്നുള്ളത് വ്യക്തമാണ്. സർക്കാർ ജീവനക്കാരൻ ആക്റ്റിലെ 2(1)(ഘ) (ii) വകുപ്പിൻകീഴിൽ നിർവ്വചിക്കപ്പെട്ട പ്രകാരമുള്ള 'ഉപഭോക്താവ്' എന്നതിന്റെ നിർവ്വചനത്തിൽ വരുന്നില്ല. അങ്ങനെയുള്ള സർക്കാർ ജീവനക്കാരന് തന്റെ സേവന വ്യവസ്ഥകൾക്കും റഗുലേഷനുകൾക്കും അല്ലെങ്കിൽ ആ ആവശ്യത്തിലേയ്ക്കായി ഉണ്ടാക്കിയിട്ടുള്ള നിയമാധിഷ്ഠിതമായ ചട്ടങ്ങൾക്ക് അനുസൃതമായി മാത്രമേ ഉദ്യോഗവിരാമ ആനുകൂല്യങ്ങൾ അവകാശപ്പെടാൻ അർഹതയുള്ളൂ. അയാളുടെ ഏതെങ്കിലും സങ്കടത്തിന്റെ പരിഹാരത്തിനുള്ള ഉചിതമായ ഫോറം, സംസ്ഥാന അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, ഏതെങ്കിലുമുണ്ടെങ്കിൽ അതോ, സിവിൽ

കോടതിയോ ആകാവുന്നതും എന്നാൽ തീർച്ചയായും ഈ ആക്റ്റ് പ്രകാരമുള്ള ഒരു ഫോറം അല്ലാത്തതുമാകുന്നു.

17. മേല്പറഞ്ഞ കാരണത്താൽ, സർക്കാർ ജീവനക്കാരന് ഉദ്യോഗവിരാമ ആനുകൂല്യങ്ങളിൽ ഏതിനെങ്കിലും വേണ്ടി ഈ ആക്റ്റ്പ്രകാരമുള്ള ഏതെങ്കിലും ഫോറത്തെ സമീപിക്കുവാൻ കഴിയുന്നതല്ല എന്ന് ഞങ്ങൾ വിധിയ്ക്കുന്നു.

18. അപ്പീൽവാദിയ്ക്ക് ലഭിക്കുവാൻ അവകാശമുണ്ടായിരുന്ന എല്ലാ തുകകളും ഇതിനകം നൽകിയിട്ടുള്ളതും പിഴവാടക കൂടി ഒഴിവാക്കിയി ട്ടുള്ളതും സർക്കാർ ഏതൊരു പിഴവാടകയും ചുമത്താൻ പോകുന്നില്ലെന്നുമുള്ള ഒരു പ്രസ്താവന ശ്രീ. ഹൂഡ നടത്തിയിട്ടുള്ളതുമാണ്. സർക്കാർ ഇതിനകം പിഴവാടക ഈടാക്കിയിട്ടുണ്ടെങ്കിൽ, ആയത് രണ്ട് മാസത്തിനകം അപ്പീൽ വാദിയ്ക്ക് തിരികെ നൽകേണ്ടതാണ്. ഇക്കാരണത്താൽ, ഞങ്ങൾ ഇനിയും ഏതെങ്കിലും ഉത്തരവ് പുറപ്പെടുവിക്കേണ്ട ആവശ്യമില്ലാത്തതാണ്.

മുകളിൽ പറഞ്ഞ കാരണങ്ങളാൽ, അപ്പീൽ തീർപ്പാക്കിയിരിക്കുന്നു. ഈ കേസ് തീർപ്പാക്കുന്നതിന് മുമ്പായി പാണ്ഡിത്യമുള്ള അമിക്കസ് ക്യൂറി ശ്രീ. പ്രതീഷ് കപൂർ നൽകിയ സഹായത്തിന് ഞങ്ങൾ അഭിനന്ദനം രേഖപ്പെടുത്തുന്നു. ചട്ടം അനുസരിച്ചുള്ള മുഴുവൻ ഫീസിനും അദ്ദേഹത്തിന് അർഹത ഉണ്ടായിരിക്കുന്നതാണ്.

***actus non facit reum, nisi mens sit rea.***

*(An act does not make a man guilty, unless he be so in intention.)*

***ഒരു കൃത്യം ഒരാളെ, അയാളുടെ ഉദ്ദേശ്യം ആ കൃത്യം അല്ലാത്ത പക്ഷം, അപരാധിയാക്കുന്നില്ല.***

# ബഹു. സുപ്രീം കോടതി മുമ്പാകെ

ബഹു. ജസ്റ്റിസ്. ദീപക് മിശ്ര

&

ബഹു. ജസ്റ്റിസ് വി. ഗോപാല ഗൗഡ

**ഭുവൻ മോഹൻ സിങ്**

**അഭി**

**മീന**

**ക്രിമിനൽ അപ്പീൽ നം. 1331/2014**

2014 ജൂലൈ 15 ന് വിധി പ്രസ്താവിച്ചത്

**ക്രിമിനൽ നടപടി നിയമസംഹിത, 1973, 125-ാം വകുപ്പ്—സംരക്ഷണത്തുക—ആ വ്യവസ്ഥയിൽ വ്യവസ്ഥചെയ്തിട്ടുള്ള കാരണങ്ങളാൽ തന്റെ ഭർതൃഭവനം വിട്ടൊഴിഞ്ഞ ഒരു സ്ത്രീക്ക് തന്റെ ഭർത്താവിന്റെ ഭവനത്തിൽ അവൾ ജീവിക്കുമായിരുന്ന അതേ രീതിയിലുള്ള ഒരു ജീവിതം നയിക്കുവാൻ നിയമത്തിൽ അവകാശമുണ്ടായിരിക്കുന്നതാണ്.**

**ക്രിമിനൽ നടപടി നിയമസംഹിത, 1973, 125-ാം വകുപ്പ്—ഭർത്താവ് ശാരീരികമായ അദ്ധ്വാനംകൊണ്ട് പണം സമ്പാദിയ്ക്കേണ്ടതാണെങ്കിൽപ്പോലും, അയാൾ ദൃഢഗാത്രനാണെങ്കിൽ, സാമ്പത്തിക സഹായം നൽകേണ്ടത് പവിത്രമായ കർത്തവ്യമാണ്.**

**കുടുംബ കോടതി ആക്റ്റ്, 1984, 7-ാം വകുപ്പ്—ക്രിമിനൽ നടപടി നിയമസംഹിത, 1973, 125-ാം വകുപ്പ്—കാര്യങ്ങൾ സത്വരമായി തീർപ്പാക്കാനുള്ള ആവശ്യകത—ഊന്നൽ നൽകപ്പെടുന്നു.**

## വിധിന്യായം

*ജസ്റ്റിസ്. ദീപക് മിശ്ര*

അനുമതി നൽകി.

2. 1984-ലെ കുടുംബ കോടതി ആക്റ്റിലെ (ചുരുക്കത്തിൽ ആക്റ്റ്) 7-ാം വകുപ്പ് പ്രകാരമുള്ള ഒരു അപേക്ഷ തീരുമാനിക്കുന്ന വേളയിൽ ആ വ്യവസ്ഥ പ്രകാരം അവകാശപ്പെട്ടയാളുകൾക്ക് സംരക്ഷണത്തുക നൽകുന്നതിന്റെ തീരുമാനവും ഉൾപ്പെടുന്നു. അങ്ങനെയുള്ള ഒരു അപേക്ഷ തീരുമാനിക്കുന്ന വേളയിൽ, ആക്റ്റിന്റെ ഉദ്ദേശ്യകാരണങ്ങൾ മറന്നുകൊണ്ടും, വിവേകത്തിന്റെ ജാലകങ്ങൾ അടച്ചിട്ടുകൊണ്ടും, വ്യവഹാരം തീർപ്പാക്കുവാൻ എടുത്ത അത്ര അധിക സമയമായ ഏകദേശം ഒൻപത് വർഷങ്ങളായി ഭാര്യയ്ക്ക് സംരക്ഷണത്തുക നൽകാതെ വൈവാഹിക കർത്തവ്യം നിർവ്വഹിക്കുവാൻ പരാജയപ്പെട്ടിട്ടുള്ള ഭർത്താവിന്റെ പിന്തുണ നഷ്ടപ്പെട്ടതിനു ശേഷമുള്ള സാഹചര്യങ്ങളിൽ ഒരു ഭാര്യ നേരിടുവാനിടയുള്ള അലഞ്ഞുനടക്കലും നിർക്ഷതിയും ദാരിദ്ര്യവും അതിജീവനത്തിനുള്ള പോരാട്ടവും വൈകാരികമായ തകർച്ചയും പ്രകടമായി കാണത്തക്കവണ്ണം നീതിന്യായ പ്രതികരണാത്മകതാബോധം ഇല്ലാതെയും

അവരുടെ അവസ്ഥയോട് പരിപൂർണ്ണ സംവേദനക്ഷമതയില്ലായ്മ വീണ്ടും വെളിപ്പെടുത്തിക്കൊണ്ടും അങ്ങേയറ്റം യഥേഷ്ടമായ ഒരു രീതിയിൽ നീട്ടിവയ്ക്കലുകൾ അനുവദിക്കേണ്ടതുണ്ടോ എന്നും അതിനുപുറമേ വ്യക്തിപരമായ ഏതോ ഒരു ചിന്തയിന്മേൽ സംരക്ഷണത്തുക നൽകുന്നത് ഉത്തരവ് തീയതിയിലേക്ക് പരിമിതപ്പെടുത്തേണ്ടതുണ്ടോ എന്നും ഉള്ളതാണ് പ്രത്യേക അനുമതി മുഖേനയുള്ള ഈ അപ്പീലിൽ സ്പഷ്ടമായി ഉദിക്കുന്ന രണ്ട് തർക്കവിഷയങ്ങൾ. രണ്ട് സമീപനങ്ങളും, ഞങ്ങൾ കാണുന്നപ്രകാരം നിയമനിർമ്മാണസഭയുടെ ഉത്തരവിനെ നിഷ്ഫലമാക്കുക മാത്രമല്ല പര്യാപ്തമായ ഉപജീവനമാർഗ്ഗം ഇല്ലാതാക്കുകയും, അഭിലാഷങ്ങൾ കുമിൾപോലെ നശിക്കുകയും ജീവസന്ധാരണത്തിന്റെ ചെറുദീപം ഒരുപക്ഷെ അസ്തമിക്കലിന്റെ മാരത്തോൺ ഓട്ടത്തിൽ ചേരുകയും ചെയ്യുന്ന ഭാര്യയുടെയും കുട്ടികളുടെയും പ്രതീക്ഷ വിഫലമാക്കുകയും ചെയ്യുന്നു. ന്യായനിർണ്ണയത്തിലുള്ള കുടുംബ കോടതിയുടെ ഈ കാലതാമസം മനുഷ്യാവകാശങ്ങൾക്കെതിരെ മാത്രമല്ല ഒരു വ്യക്തിയുടെ അന്തസ്സിന്റെ അടിസ്ഥാന സാക്ഷാത്കാരത്തിനും കൂടി എതിരാകുന്നു.

3. ക്രിമിനൽ നടപടി നിയമ സംഹിതയുടെ (ചുരുക്കത്തിൽ "സംഹിത") 125-ാം വകുപ്പിൽ, വ്യവസ്ഥചെയ്തിട്ടുള്ള കാരണങ്ങളാൽ തന്റെ ഭർതൃഭവനം വിട്ടൊഴിഞ്ഞ ഒരു സ്ത്രീക്ക് വേണ്ടി കോടതി മുഖേന അനുയോജ്യമായ ചില സംവിധാനങ്ങൾ ഏർപ്പെടുത്തുവാൻ കഴിയണമെന്നും അവർക്കും അവരുടെ കുട്ടികൾ അവരോടൊപ്പമാണെങ്കിൽ അവർക്കും, സ്വയം നിലനിൽക്കാൻ കഴിയണമെന്നും ഉള്ള ലക്ഷ്യത്തോടെ, യാതനയും ദു:ഖവും സാമ്പത്തിക ബുദ്ധിമുട്ടും മാറ്റിയെടുക്കുവാൻ ഉദ്ദേശിക്കപ്പെട്ടതാണ് പ്രസ്തുത വകുപ്പെന്ന് ആവർത്തിച്ചുപറയേണ്ടതാണ്. മൃഗത്തിന്റെ ജീവിതം നയിക്കുവാനും സൗഭാഗ്യത്തിൽ നിന്നും ദൂരെ എറിയപ്പെടേണ്ടതായ ഒരാളെപ്പോലെ തോന്നിപ്പിക്കുവാനും അവരുടെ അടിസ്ഥാന സംരക്ഷണത്തിനു വേണ്ടി എവിടെയെങ്കിലും അലയുവാനും ജീവസന്ധാരണം എന്ന ആശയം തീർച്ചയായും അർത്ഥമാക്കുന്നില്ല. അവർ അവരുടെ ഭർത്താവിന്റെ ഭവനത്തിൽ ജീവിക്കുമായിരുന്ന അതേ രീതിയിലുള്ള ഒരു ജീവിതം നയിക്കുവാൻ നിയമത്തിൽ അവർക്ക് അവകാശമുണ്ട്. അവിടെയാണ് അന്തസ്സും സമൂഹത്തിലെ നിലയും അരങ്ങത്ത് വരുന്നതും, അവിടെയാണ് ഒരു ഭാര്യയുടെ കാര്യത്തിൽ ഭർത്താവിന്റെ കടമകൾ ഉന്നതമായ ഒന്നായിത്തീരുകയും ചെയ്യുന്നത്. ഇത്തരത്തിലുള്ള ഒരു നടപടിയിൽ, ഭർത്താവിന്, അന്തസ്സോടുകൂടി ജീവിക്കുവാനുള്ള അർഹത അവർക്കില്ലാതാക്കുവാനുള്ള ഒഴികഴിവുകൾ സ്വീകരിക്കുവാൻ കഴിയുന്നതല്ല. വിവാഹ സമയത്തുള്ള സഗൗരവമേറിയ പ്രതിജ്ഞ പരിഗണിച്ചും കൂടാതെ ആ മേഖലയെ നിയന്ത്രിക്കുന്ന സ്ഥാപിത നിയമം അനുസരിച്ചും ഭാര്യ ഒരു അനാഥയായോ, ഒരു ഭിക്ഷാർത്ഥിയായോ തീരുന്നില്ല എന്ന് ഉറപ്പാക്കേണ്ടത് ഭർത്താവിന്റെ കടമയാണ്. അവർ തന്റെ വിധിക്ക് കീഴടങ്ങുവാനും ജീവിതത്തെ "പൊടി പൊടിയിലേക്കുതന്നെ" എന്ന് ചിന്തിക്കാനും നിർബന്ധിതമാക്കുന്ന മോശമായ ഒരു സ്ഥിതി സൃഷ്ടിക്കപ്പെടാൻ പാടില്ലാത്തതാണ്. അത് പൂർണ്ണമായും അനുവദനീയമല്ല. വാസ്തവത്തിൽ, ഭർത്താവ് ശാരീരികമായ അധ്വാനംകൊണ്ട് പണം സമ്പാദിക്കേണ്ടതാണെങ്കിൽപോലും, അയാൾ ദൃഢഗാത്രനാണെങ്കിൽ, സാമ്പത്തികസഹായം നല്കേണ്ടത് പവിത്രമായ കർത്തവ്യമാണ്. ഏതെങ്കിലും നിയമപരമായ കാരണങ്ങളാൽ ഭാര്യയ്ക്ക് ഭർത്താവിൽനിന്നും സംരക്ഷണത്തുക ലഭിക്കുവാൻ അവകാശമില്ലെന്ന് കോടതിയിൽ നിന്നുള്ള ഒരു ഉത്തരവ് ഇല്ലാത്ത പക്ഷം രക്ഷപ്പെടുവാനുള്ള യാതൊരു മാർഗ്ഗവുമില്ല.

4. വളരെ ചെറിയ ഒരു വൃത്തത്തിൽ സ്ഥിതി ചെയ്യുന്ന വസ്തുതകളിലേക്ക് ഇപ്പോൾ വരാം. അപ്പീൽവാദിയും ഭർത്താവും തമ്മിലുള്ള വിവാഹം 27-11-1997-ൽ ഹിന്ദു ചടങ്ങുകളും ആചാരക്രമങ്ങളും പ്രകാരം നടത്തപ്പെടുകയും ആ വിവാഹത്തിൽ 16-12-1998-ൽ ഒരു മകൻ ജനിക്കുകയും ചെയ്തു. ചില സാഹചര്യങ്ങളിൽ, എതിർകക്ഷി ഭർതൃ ഭവനം

വിട്ടൊഴിയേണ്ടി വരികയും അതിനുശേഷം സംരക്ഷണത്തുകയുടെ പേരിൽ പ്രതിമാസം 6000 രൂപ ആവശ്യപ്പെട്ടുകൊണ്ട് സംഹിതയിലെ 125-ാം വകുപ്പ് പ്രകാരം രാജസ്ഥാനിലെ ജയ്പൂർ കുടുംബ കോടതിയിൽ 28-08-2002-ൽ ഒരു അപേക്ഷ ഫയൽചെയ്യുകയുമുണ്ടായി. എതിർകക്ഷിയായ ഭാര്യയ്ക്ക് മാസന്തോറും 2500 രൂപ സംരക്ഷണത്തുകയും 2-ാം എതിർ കക്ഷിയായ മകന് 1500 രൂപയും നൽകുവാൻ ഉത്തരവായതുകൊണ്ട് 24-08-2011-ൽ വിഷയം അന്തിമമായി ആ കുടുംബ കോടതി തീരുമാനി ക്കുകയുണ്ടായി. കുടുംബ കോടതിയുടെ നടപടികളുടെ തുടർച്ചാവേളയിൽ ധാരാളം നീട്ടിവയ്ക്കലുകൾ നല്കപ്പെടുകയുണ്ടായി; ചിലത് ഭർത്താവ് ആവശ്യപ്പെട്ടപ്പോഴും ചിലത് ഭാര്യ ആവശ്യപ്പെട്ടപ്പോഴും എന്നത് പ്രസ്താവി ക്കേണ്ടതാണ്. ഔദ്യോഗികമായി രേഖപ്പെടു ത്തിയ വസ്തുതയിൽ തൃപ്തിപ്പെടാതെ, പാണ്ഡിത്യമുള്ള കുടുംബ കോടതി ന്യായാധിപൻ എതിർകക്ഷിയായ ഭാര്യയ്ക്ക് സംരക്ഷണത്തുകയ്ക്ക് അവകാശമുണ്ടെന്ന് വിധിക്കുകയും അതിന് അനുസൃതമായി തുക നിശ്ചയിക്കുകയും സംരക്ഷണത്തുക ഉത്തരവ് തീയതി മുതൽ നൽകേണ്ടതാണെന്ന് നിർദ്ദേശിക്കുകയും ചെയ്തു.

5. മുൻപറഞ്ഞ ഉത്തരവിൽ തൃപ്തി പ്പെടാതെ, എതിർ കക്ഷിയായ ഭാര്യ രാജസ്ഥാൻ ഹൈക്കോടതി മുമ്പാകെ 1526/ 2011-ാം നമ്പർ എസ്.ബി. ക്രിമിനൽ റിവിഷൻ പെറ്റീഷൻ സമർപ്പിക്കുകയും പാണ്ഡിത്യമുള്ള സിംഗിൾ ജഡ്ജി 28-5-2014-ലെ ഉത്തരവ് പ്രകാരം സംരക്ഷണത്തുക അപേക്ഷ തീയതി മുതൽ നൽകപ്പെടേണ്ടതായിരുന്നുവെന്നും നടപടികളുടെ വേളയിൽ അവർ യാതൊന്നും കൈപ്പറ്റിയിട്ടില്ലായിരുന്നുവെന്നും വളരെയധികം കഷ്ടപ്പെട്ടുവെന്നുമുള്ള വാദം പരിഗണി ക്കുകയും അപേക്ഷ ഫയൽചെയ്ത തീയതി മുതൽ സംരക്ഷണത്തുക നൽകണമെന്നും അന്തിമമായി നിർദ്ദേശിക്കുകയും ചെയ്തു.

6. അപ്പീൽ വാദിയ്ക്കുവേണ്ടിയുള്ള പാണ്ഡിത്യമുള്ള അഭിഭാഷകൻ ശ്രീ. ജയ് കിഷോർ സിംഗ്, മുൻപറഞ്ഞ ഉത്തരവിനെ വിമർശിച്ചുകൊണ്ട്, നിരവധി നീട്ടി വെയ്ക്കലുകൾ ഭാര്യ ആവശ്യപ്പെട്ടിരിക്കെ, അപേക്ഷ ഫയൽചെയ്ത തീയതി മുതൽ സംരക്ഷണത്തുക ഹൈക്കോടതി അനുവദിച്ചത് തികച്ചും നിയമവിരുദ്ധവും ന്യായീകരിക്കുവാനാ കാത്തതുമാണ് എന്ന് ബോധിപ്പിച്ചിരിക്കുന്നു. ഭാര്യയ്ക്ക് തന്റെതന്നെ തെറ്റിൽ നിന്നും ആനുകൂല്യം നേടുവാൻ കഴിയുകയില്ല എന്നതാണ് അദ്ദേഹത്തിന്റെ വാദം.

7. കുടുംബ കോടതി ചില സമയങ്ങളിൽ വിഷയം സ്വമേധയാ നീട്ടിവെയ്ക്കുകയും ഭർത്താവിന്റെ നിസ്സഹകരണം കൊണ്ട് നടപടികളിൽ വളരെ കാലതാമസം ഉണ്ടാകുകയും ചെയ്തുവെന്നും ആയതിനാൽ, ഭാര്യയും അവരുടെ മകനും വളരെ ബുദ്ധിമുട്ടോട്കൂടി നിലനിൽക്കുവാൻ നിർബന്ധിതരായിരിക്കെ, അവരെ കൂടുതൽ കഷ്ടപ്പെടുന്നതിന് അനുവദിക്കുവാൻ പാടില്ലാ യെന്നും എതിർകക്ഷികൾക്ക് വേണ്ടിയുള്ള പാണ്ഡിത്യമുള്ള അഭിഭാഷക മിസ്. രുചി കോഹ്‌ലി ബോധിപ്പി ക്കുകയുണ്ടായി. ആ ഉത്തരവ് രൂപഭേദ പ്പെടുത്തുകയുംഅപേക്ഷ ഫയൽചെയ്ത തീയതി മുതൽ സംരക്ഷണ ത്തുക നൽകണമെന്ന് നിർദ്ദേശിക്കുകയും ചെയ്തതുവഴി ഹൈക്കോടതി നിയമപരമായ ഏതൊരു പോരായ്മയും വരുത്തിയിട്ടില്ല എന്നും അതുകൊണ്ട് ആ ഉത്തരവ് ആക്ഷേപിക്കത്തക്കതല്ലെന്നും അവർ പ്രസ്താവിച്ചിരിക്കുന്നു.

8. സംഹിതയിലെ 125-ാം വകുപ്പ് പ്രകാരമുള്ള ഒരു നടപടി കോടതി എങ്ങനെയാണ് കൈകാര്യം ചെയ്യേണ്ടത് എന്ന നിയമ തത്വവും, 1984-ലെ കുടുംബ കോടതി ആക്റ്റ് പ്രകാരം കോടതികൾ സ്ഥാപിച്ച തിനുശേഷം ഒരു കുടുംബ കോടതിയുടെ

***arms in armatos sumere jura sinunt.***
*(The law permits the taking up of arms against armed persons.)*
***സായുധരായ ആളുകൾക്കെതിരെ ആയുധമെടുക്കുന്നത് നിയമം അനുവദിക്കുന്നു.***

കർത്തവ്യം എന്താണെന്നുള്ളതും ആവർത്തിച്ചു പറയുവാൻ പ്രാരംഭമായി ഞങ്ങൾ കടമപ്പെട്ടിരിക്കുന്നു. *ശ്രീമതി ദുഖ്താർ ജഹൻ* അഭി *മൊഹമ്മദ് ഫറൂഖ്* (1987 (1) കെ.എൽ.റ്റി എസ്.എൻ 40 (സി. നം. 50) എസ്. സി= (1987) 1 എസ്. സി. സി. 624) എന്ന കേസിൽ സംഹിതയിലെ 125-ാം വകുപ്പ് പ്രകാരമുള്ള നടപടികൾ സമ്മറി സ്വഭാവത്തിലുള്ളതാണെന്നും, അനാഥരായ ഭാര്യമാരേയും കുട്ടികളേയും, കുട്ടികൾ നിയമാനുസൃതമായതോ നിയമാനുസൃതമല്ലാത്തതോ ആയാലും, സത്വര രീതിയിൽ സംരക്ഷണത്തുക ലഭിക്കുന്നതിന് പ്രാപ്തരാക്കാൻ ഉദ്ദേശിച്ചു കൊണ്ടുള്ളതാണെന്നും കോടതി അഭിപ്രായപ്പെട്ടത് ഓർമ്മിക്കേണ്ടതാണ്.

9. *വിമല (കെ.)* അഭി *വീരസ്വാമി (കെ.)* ((1991) 2 എസ്. സി. സി. 375) എന്ന കേസിൽ സംഹിതയിലെ 125-ാം വകുപ്പുപ്രകാരമുള്ള അടിസ്ഥാന ഉദ്ദേശ്യം സംബന്ധിച്ച് ചർച്ച ചെയ്യുന്ന വേളയിൽ, സംഹിതയിലെ 125-ാം വകുപ്പ്, ഒരു സാമൂഹിക ആവശ്യം കൈവരിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളതാണെന്ന് മൂന്നംഗ ബെഞ്ച് അഭിപ്രായപ്പെടുകയുണ്ടായി. അലഞ്ഞുനടക്കലും നിർഗ്ഗതിയും തടയുക എന്നതാണ് ലക്ഷ്യം. ഉപേക്ഷിക്കപ്പെട്ട ഭാര്യയ്ക്ക് ആഹാരവും വസ്ത്രവും ആശ്രയവും നൽകുവാനുള്ള ഒരു സത്വര പരിഹാരത്തിന് അത് വ്യവസ്ഥചെയ്യുന്നു.

10. *കീർത്തികാന്ത് ഡി. വഡോദരിയ* അഭി *ഗുജറാത്ത് സർക്കാരും മറ്റൊരാളും* (1996 (2) കെ. എൽ. റ്റി. 415 (എസ്.സി)=(1996) 4 എസ്.സി. സി. 479) എന്ന കേസിൽ രണ്ടംഗ ബെഞ്ച് സംഹിതയിലെ 125-ാം വകുപ്പിന്റെ പിന്നിലുള്ള പ്രധാന ഉദ്ദേശ്യം നിരീക്ഷിക്കുന്ന വേളയിൽ താഴെപ്പറയുംപ്രകാരം വിധിക്കുകയുണ്ടായി:

"സംഹിതയിലെ 125-ാം വകുപ്പിൽ അടങ്ങിയിരിക്കുന്ന വ്യവസ്ഥയുടെ പരിധിയും വ്യാപ്തിയും പരിഗണിക്കുന്ന വേളയിൽ, സ്ത്രീയ്ക്കും കുട്ടിയ്ക്കും ദൗർബല്യമുള്ള മാതാപിതാക്കൾ മുതലായവർക്കും സാമൂഹിക നീതി നൽകുന്നതും, അവർക്ക് തന്നെത്താൻ ജീവിക്കുവാൻ കഴിയാതിരിക്കുകയും എന്നാൽ സഹായത്തിനുളള ഒരു സാന്മാർഗ്ഗിക അവകാശം ഉണ്ടായിരിക്കുകയും ചെയ്യുന്നവരെ സഹായിക്കുന്നതിന്, സഹായം നൽകുവാൻ പ്രാപ്തരായവരെ നിർബന്ധിക്കുന്നതുവഴി നിർക്ഷതിയും അലഞ്ഞു നടക്കലും തടയുന്നതും ആണ് മുന്തിനിൽക്കുന്നതും പ്രാഥമികവുമായ ലക്ഷ്യമെന്ന് ഓർമ്മിക്കേണ്ടതാണ്. ദുരിതത്തിലുള്ള സ്ത്രീകൾക്കും കുട്ടികൾക്കും അനാഥരായ മാതാപിതാക്കൾക്കും സത്വരമായ ഒരു പരിഹാരം 125-ാം വകുപ്പിലെ വ്യവസ്ഥകൾ നൽകുന്നു. ഈ പ്രത്യേക ആവശ്യം കൈവരിക്കുവാൻ ഉദ്ദേശിച്ചിട്ടുളളതാണ് 125-ാം വകുപ്പിലെ വ്യവസ്ഥകൾ. ഭാര്യയേയും കുട്ടിയേയും മാതാപിതാക്കളേയും ദുരിതവും നിർഗ്ഗതിയും പട്ടിണിയുമുള്ള ഒരു നിസ്സഹായ അവസ്ഥയിൽ വിടരുത് എന്നതാണ് 125-ാം വകുപ്പിൽ അടങ്ങിയിട്ടുള്ള ഉദാരമായ വ്യവസ്ഥകളുടെ പിന്നിലെ പ്രധാനപ്പെട്ട സ്പഷ്ടമായ ഉദ്ദേശ്യം".

11. *ചതുർഭുജ്* അഭി *സീതാ ഭായ്* എന്ന കേസിലെ (2008 (1) കെ.എൽ.റ്റി 41 (എസ്.സി.)=(2008) 2 എസ്.സി.സി. 316), നിയമവീക്ഷണം ആവർത്തിച്ചുപറഞ്ഞുകൊണ്ട് കോടതി ഇപ്രകാരം വിധിക്കുകയുണ്ടായി:-

"ക്രിമിനൽ നടപടി നിയമസംഹിതയിലെ 125-ാം വകുപ്പ് സാമൂഹിക നീതിയ്ക്കുള്ള ഒരു നടപടിയും സ്ത്രീകളേയും കുട്ടികളേയും സംരക്ഷിക്കുവാൻ പ്രത്യേകമായി അതിനിയമം ചെയ്തിട്ടുള്ളതും *ക്യാപ്റ്റൻ രമേശ് ചന്ദർ കൗശൽ* അഭി *വീണാ കൗശൽ* ((1978) 4 എസ്.സി.സി. 70) എന്ന കേസിൽ ഈ കോടതി നിരീക്ഷിച്ചിട്ടുള്ളതു പോലെ, ഭാരതത്തിന്റെ ഭരണഘടനയുടെ 39-ാം അനുച്ഛേദത്താൽ ഉറപ്പിച്ചുപറയപ്പെട്ട അനുച്ഛേദം 15(3)-ന്റെ ഭരണഘടനാപരമായ പരിധിയ്ക്കുള്ളിൽ പ്പെടുന്നതുമാണ്. അത് ഒരു സാമൂഹിക ആവശ്യം കൈവരിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളതാണ്. അലഞ്ഞുനടക്കലും നിർക്ഷതിയും തടയുക എന്നതാണ് ഉദ്ദേശ്യം. ഉപേക്ഷിക്കപ്പെട്ട ഭാര്യയ്ക്ക് ആഹാരവും വസ്ത്രവും അഭയവും നൽകുവാനുള്ള ഒരു സത്വര പരിഹാരത്തിന് അത് വ്യവസ്ഥചെയ്യുന്നു. തന്റെ ഭാര്യയേയും കുട്ടികളേയും മാതാപിതാക്കളേയും അവർക്ക്

സ്വയം സംരക്ഷിക്കുവാൻ കഴിയാതിരിക്കുമ്പോൾ, സംരക്ഷിക്കുവാനുള്ള ഒരാളിന്റെ സ്വാഭാവിക കർത്തവ്യങ്ങൾക്കും അത് പ്രഭാവം നൽകുന്നു. മുൻപറഞ്ഞ വീക്ഷണം *സവിതാബെൻ സോമാഭായ് ഭാട്യ അഭി ഗുജറാത്ത് സർക്കാർ* (2005 (2) കെ. എൽ.റ്റി. 65 (എസ്.സി.)=(2005)3 എസ്.സി.സി 636) എന്ന കേസിൽ അടിവരയിട്ട് പറഞ്ഞിട്ടുള്ളതുമാണ് ".

12. അടുത്തകാലത്ത് *നാഗേന്ദ്രപ്പ നാദികർ* അഭി *നീലമ്മ* (2013 (2) കെ. എൽ. റ്റി. എസ് .എൻ 21 (സി. നം.23) എസ്. സി = 2013 (3) എസ്. സി. എ. എൽ. ഇ 561) എന്ന കേസിൽ അവർക്ക് സ്വയവും അവരുടെ കുട്ടികളേയും സംരക്ഷിക്കുവാൻ കഴിയാത്ത ഒരു ഭാര്യയ്ക്ക് സംക്ഷിപ്തവും സത്വരവുമായ ഒരു നിവൃത്തിയ്ക്ക് വ്യവസ്ഥചെയ്യുന്ന ഒരു ചെറിയ സാമൂഹിക നിയമനിർമ്മാണമാണ് അതെന്ന് പ്രസ്താവിക്കുകയുണ്ടായി.

3. അനുരഞ്ജന നടപടിക്രമം സ്വീകരിക്കുന്നതിനും സുഗമമാക്കുന്നതിനും കുടുംബ തർക്കങ്ങൾ വേഗത്തിലും സത്വരവും ആയ ഒരു രീതിയിൽ കൈകാര്യം ചെയ്യുവാനുമാണ് കുടുംബ കോടതികൾ സ്ഥാപിക്കപ്പെട്ടിട്ടുള്ളത്. *കെ. എ അബ്ദുൾ ജലീൽ അഭി റ്റി എ. ഷാഹിദ* (2003 (2) കെ. എൽ. റ്റി. 403 (എസ്. സി)=(2003) 4 എസ്. സി. സി 16), എന്ന കേസിൽ ഒരു മൂന്നംഗ ബെഞ്ച്, നിയമനിർമ്മാണസഭ കുടുംബ കോടതി ആക്റ്റ് കൊണ്ടുവന്നതിന്റെ ഉദ്ദേശ്യത്തെക്കുറിച്ച് അടിവരയിട്ട് പറയുന്ന വേളയിൽ ഇപ്രകാരം നിരീക്ഷിക്കുകയുണ്ടായി:-

"വിവാഹത്തേയും കുടുംബകാര്യങ്ങളേയും സംബന്ധിക്കുന്ന തർക്കങ്ങളുടെ അനുരഞ്ജനം പ്രോൽസാഹിപ്പിക്കുവാനും സത്വരമായ തീർപ്പാക്കൽ സംപ്രാപ്തമാക്കുവാനുമുള്ള വീക്ഷണത്തോടുകൂടി കുടുംബ കോടതികളുടെ സ്ഥാപിക്കലിനും അതുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നതിനാണ് കുടുംബ കോടതി ആക്റ്റ് പാസ്സാക്ക പ്പെട്ടിട്ടുള്ളത് ".

14. ഈ കേസിൽ, കുടുംബ കോടതി മുമ്പാകെയുള്ള നടപടി, ആക്റ്റിന്റെ ഉദ്ദേശ്യ കാരണങ്ങളോടും സംഹിതയിലെ 125-ാം വകുപ്പിനുകീഴിലുള്ള വ്യവസ്ഥകളുടെ ഉദ്ദേശ്യത്തിനോടും ഉണർവില്ലാതെ നടത്തപ്പെട്ടുവെന്നതാണ് ഈ കാഴ്ചപ്പാട് അടിവരയിട്ട് പറയുന്നതിന്റെ ഉദ്ദേശ്യം. കേസ് കുടുംബ കോടതി മുമ്പാകെ ഒൻപത് വർഷത്തോളം തുടർന്നുവെന്നുള്ളത് നിർഭാഗ്യകരമാണ്. ചില അവസരങ്ങളിൽ കുടുംബ കോടതികൾ ഒരു സാധാരണ രീതിയിൽ നീട്ടിവയ്ക്കലുകൾ അനുവദിച്ചിരുന്നതും അതിന്റെ അനന്തരഫലമായി ഇരുകക്ഷികളും കഷ്ടം അനുഭവിക്കുകയോ ചില അവസരങ്ങളിൽ ഭാര്യ ഏറ്റവും മോശമായ ബലിയാട് ആയിത്തീരുകയോ ചെയ്യുന്നു എന്നത് കോടതിയുടെ ശ്രദ്ധയിൽ വന്നിട്ടുണ്ട്. അങ്ങനെ ഒരു സാഹചര്യം ഉണ്ടാകുമ്പോൾ നിയമത്തിന്റെ ഉദ്ദേശ്യം പൂർണ്ണമായും ഇല്ലാതാക്കപ്പെടുന്നു. കുടുംബ കോടതി ന്യായാധിപൻ വിവാദ്യങ്ങളോട് സംവേദനക്ഷമതയുള്ളയാളായിരിക്കുവാൻ പ്രതീക്ഷിക്കപ്പെടുന്നത് അദ്ദേഹം വിവാഹത്തേയും അതിന് അനുബന്ധമായ പ്രശ്നങ്ങളേയും സംബന്ധിക്കുന്ന അങ്ങേയറ്റത്തെ സൂക്ഷ്മഗ്രാഹിയായതും സംവേദനക്ഷമതയുള്ളതുമായ വിവാദ്യങ്ങളെ കൈകാര്യം ചെയ്യുന്നതിനാലാണ്. ഇത് നാം പറയുമ്പോൾ, കുടുംബ കോടതികൾ വേണ്ടാത്ത തിടുക്കമോ അക്ഷമയോ കാട്ടണമെന്ന് ഞങ്ങൾ അർത്ഥമാക്കുന്നില്ല, എങ്കിലും അക്ഷമയും ഒരു സാഹചര്യം കൈകാര്യം ചെയ്യുന്നതിനെക്കുറിച്ച് ബുദ്ധിപരമായി ചിന്താധീനമായിരിക്കുന്നതിനും ബോധമുള്ളതായിരിക്കുന്നതിനും തമ്മിൽ ഒരു വ്യത്യാസമുണ്ട്. ഒരു കുടുംബ കോടതി ന്യായാധിപന്റെ മുമ്പാകെയുള്ള വ്യവഹാരത്തിന്റെ ഏറ്റവും വലിയ ഘാതകൻ കാലതാമസമാണ് എന്നത് ഓർമ്മിച്ചിരിക്കേണ്ടതാണ്. അത് കൂടുതൽ കുടുംബ

> ***consuetudo est optimus interpres legum.***
> *(Custom is the best interpreter of the laws.)*
> ***ആചാരമാണ് നിയമങ്ങളുടെ ഏറ്റവും നല്ല വ്യാഖ്യാതാവ്***

പ്രശ്നങ്ങൾക്ക് കാരണമാകുന്നു എന്നും മാത്രമല്ല ചിന്തിക്കാനാവാത്തതും എന്നെന്നേക്കുമായുള്ള വിദ്വേഷം ക്രമേണ ഉണ്ടാക്കുകയും ചെയ്യുന്നു. അത് ഒളിപ്പിച്ചിരിക്കുന്ന വികാരങ്ങൾ, എന്തെങ്കിലും ഇപ്പോഴും അവശേഷിക്കുന്നുണ്ടെങ്കിൽ, അവയെ തണുപ്പിക്കുകയും ചെയ്യുന്നു. ബോധവും സന്തുലനവും വെളിപ്പെടുത്തുന്നതായിരിക്കണം കുടുംബ കോടതി ന്യായാധിപനാലുള്ള വ്യവഹാരത്തിന്റെ ചിത്രീകരണം. കക്ഷികളിൽ ആരാലെങ്കിലും മുഖേനയുള്ള കാലവിളംബം വരുത്താനുള്ള തന്ത്രം നിഷ്കർഷയോടെ കൈകാര്യം ചെയ്യേണ്ടതാണ്, എന്തെന്നാൽ, കുടുംബ കോടതി ന്യായാധിപന്, തന്റെ മുമ്പാകെയുള്ള വ്യവഹാരം വികാരപരമായ ശിഥിലീകരണത്തെ സംബന്ധിക്കുകയും, കാലതാമസത്തിന് അതിനെ വളർത്തുവാൻ കഴിയുകയും ചെയ്യുമെന്ന വസ്തുതയോട് ഉണർവ്വ് ഉണ്ടായിരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ കുടുംബ കോടതി ന്യായാധിപന്മാർ ജാഗരൂകരായിരിക്കുമെന്നും ആക്റ്റിന്റെ ഉദ്ദേശ്യകാരണങ്ങളും സംരക്ഷണത്തുക നൽകൽ, വിവാഹമോചനം, കുട്ടിയുടെ സംരക്ഷണം, വസ്തുതർക്കങ്ങൾ മുതലായവയെ സംബന്ധിക്കുന്ന വിവിധ വ്യവസ്ഥകളിലെ പദ്ധതിയും വീക്ഷണം ഉൾക്കൊണ്ട് കഴിയുന്നത്ര വേഗത്തിൽ വിഷയങ്ങൾ തീരുമാനിക്കുമെന്നും ഞങ്ങൾ പ്രതീക്ഷിക്കുകയും വിശ്വസിക്കുകയും ചെയ്യുന്നു.

15. *ഷൈൽ കുമാരി ദേവിയും മറ്റൊരാളും* അഭി *കിഷുൻ ബി.പഥക്* എന്ന *കൃഷൻ ഭഗ്‌വൽ പഥക്* (2008 (3) കെ. എൽ. റ്റി 576 (എസ്. സി)=2008) 9 എസ് സി സി 632) എന്ന കേസിൽ സംരക്ഷണത്തുക നൽകുന്നതിനുള്ള പ്രസക്ത തീയതി കൈകാര്യം ചെയ്യുന്ന വേളയിൽ, കോടതി ക്രിമിനൽ നടപടി നിയമസംഹിത (ഭേദഗതി) ആക്റ്റ്, 2001 (2001-ലെ 50-ാം ആക്റ്റ്)-നെ പരാമർശിക്കുകയും 2001-ലെ ഭേദഗതിക്ക് ശേഷവും പണം നൽകുന്നതിനുള്ള ഒരു ഉത്തരവിൽ സംരക്ഷണത്തുക ഒരു കോടതിയ്ക്ക് ഉത്തരവ് തീയതി മുതൽ നൽകാൻ കഴിയുമെന്നും അല്ലെങ്കിൽ സംരക്ഷണത്തുക അപേക്ഷാ തീയതി മുതൽ നൽകുവാൻ പ്രകടമായ ഉത്തരവ് ഉണ്ടാക്കപ്പെടുമ്പോൾ, സംരക്ഷണത്തുക അപേക്ഷാ തീയതി മുതൽ നൽകാവുന്നതാണെന്നും വിധിക്കുകയുണ്ടായി. സംരക്ഷണത്തുക, സാധാരണഗതിയിൽ ഉത്തരവ് തീയതി മുതലാണ് നൽകേണ്ടതായി വരുന്നതെന്നും, കാരണങ്ങൾ അങ്ങനെയുള്ള ഉത്തരവിനെ പിൻതാങ്ങാത്തപക്ഷം അപേക്ഷാ തീയതി മുതലുള്ളതല്ലായെന്നും ഉള്ളത് നിയമനിർമ്മാണ സഭ ഒരിക്കലും ഉദ്ദേശിച്ചിട്ടില്ലാത്ത ചിലത് ആ ഉപവകുപ്പിൽ കൂടുതലായി ചേർക്കുന്നതാകുന്നുവെന്ന് വിധിക്കുവാൻ ഇടയായി എന്ന് പ്രസ്താവിച്ചിട്ടുണ്ടായിരുന്നു. *കൃഷ്ണ ജയിൻ* അഭി *ധരം രാജ് ജയിൻ* (1992 ക്രി. നി. ജേ 1028 (എം.പി) എന്ന കേസിലെ വിധിന്യായം കോടതി പരാമർശിക്കുകയുണ്ടായി. ഉത്തരവ് തീയതി മുതൽ സംരക്ഷണത്തുക നൽണമെന്ന ചട്ടത്തെയോ അപേക്ഷാ തീയതി മുതൽ ഏതെങ്കിലും നൽകുന്നത് ഒരു അപവാദമാണെന്നോ (2)-ാം ഉപവകുപ്പിൽ നിന്നും വായിച്ചെടുക്കുവാൻ കഴിയുന്നില്ലായെന്ന് ഹൈക്കോടതി നിരീക്ഷിക്കു കയുണ്ടായി. സംരക്ഷണത്തുക ഉത്തരവ് തീയതി മുതലോ അപേക്ഷാ തീയതി മുതലോ നൽകിയാലും, സംഹിതയുടെ 354-ാം വകുപ്പിലെ (6)-ാം ഉപവകുപ്പിൽ നിഷ്കർഷിച്ചിട്ടുള്ള കാരണങ്ങൾ രേഖപ്പെടുത്തുവാൻ കോടതിയോട് ആവശ്യപ്പെടുന്നതായി ഹൈക്കോടതി അഭിപ്രായപ്പെടുകയും കൂടി ചെയ്തിരുന്നു. മേൽപ്പറഞ്ഞ*കൃഷ്ണ ജെയ്ൻ* എന്ന കേസിലെ വിധിന്യായം പരാമർശിച്ചതിനു ശേഷം കോടതി, സംരക്ഷണത്തുക ഉത്തരവ് തീയതി മുതൽ നൽകണമെന്നും അങ്ങനെയുള്ള സംരക്ഷണത്തുക വിശേഷാൽ കാരണങ്ങൾ രേഖപ്പെടുത്തുന്നതു വഴി മാത്രമേ അപേക്ഷാ തീയതി മുതൽ നൽകാൻ കഴിയുകയുള്ളുവെന്നും വിധിച്ചിട്ടുണ്ടായിരുന്ന *കെ. ശിവറാം* അഭി *കെ. മംഗളാമ്പ* (1990 ക്രിമിനൽ നിയമ ജേർണൽ 1880 (ആന്ധ്രാപ്രദേശ്) എന്ന കേസിലെ ആന്ധ്രാപ്രദേശ് ഹൈക്കോടതിയുടെ വിധിന്യായത്തിലേക്ക് ശ്രദ്ധ ക്ഷണിക്കുകയുണ്ടായി. അതിൽ മജിസ്ട്രേറ്റ് സംരക്ഷണ

ത്തുക, അനുവദിക്കേണ്ടത് ഉത്തരവ് തീയതി മുതൽ മാത്രമാണ് എന്നും സംരക്ഷണ ത്തുകയ്ക്കു വേണ്ടിയുള്ള അപേക്ഷാ തീയതി മുതലുള്ളതല്ലായെന്നുമുള്ളത് ഒരു പൊതു തത്വമാണെന്ന് പ്രസ്താവിക്കുന്ന ആന്ധ്രാപ്രദേശ് ഹൈക്കോടതിയിലെ പാണ്ഡിത്യമുളള സിംഗിൾ ജഡ്ജിയുടെ കാഴ്ചപ്പാട് ഈ ഹൈക്കോടതി സ്വീകരിച്ചിട്ടില്ല. ആനുഷംഗികമായി, കോടതി ഇപ്രകാരം നിരീക്ഷിക്കുകയുണ്ടായി:-

"43. ആയതിനാൽ, സംഹിതയിലെ 125-ാം വകുപ്പ് പ്രകാരമുളള ഒരപേക്ഷ തീരുമാനി ക്കുമ്പോൾ, ഭാര്യമാർക്കോ കുട്ടികൾക്കോ മാതാപിതാക്കൾക്കോ സംരക്ഷണത്തുക അനുവദിക്കുന്നതിനോ അനുവദിക്കുവാൻ വിസമ്മതിക്കുന്നതിനോ ഉളള കാരണങ്ങൾ രേഖപ്പെടുത്തുവാൻ മജിസ്ട്രേറ്റിനോട് ആവശ്യപ്പെടുന്നുവെന്ന് ഞങ്ങൾ വിധിക്കുന്നു. അങ്ങനെയുളള സംരക്ഷണത്തുക, അതത് സംഗതി പോലെ, ഉത്തരവ് തീയതി മുതൽ അല്ലെങ്കിൽ, അപ്രകാരം ഉത്തരവായിട്ടു ണ്ടെങ്കിൽ, സംരക്ഷണത്തുകയ്ക്കുവേണ്ടിയുള്ള അപേക്ഷാ തീയതി മുതലും നൽകുവാൻ കഴിയുന്നതാണ്. അപേക്ഷാ തീയതി മുതൽ സംരക്ഷണത്തുക നൽകുന്നതിന് പ്രകടമായ ഉത്തരവ് ആവശ്യമാണ്. എന്നിരുന്നാലും, വിശേഷാൽ കാരണങ്ങൾ യാതൊന്നും കോടതി രേഖപ്പെടുത്തേണ്ടതില്ല. പ്രകടമായ വ്യവസ്ഥയുടെ അഭാവത്തിൽ അപ്രകാരമുള്ള യാതൊരു ആവശ്യകതയും സംഹിതയുടെ 125-ാം വകുപ്പിലെ 1-ാം ഉപവകുപ്പിൽ നിഷ്കർഷിച്ചിട്ടുള്ളതായി വായിച്ചെടുക്കുവാൻ കഴിയുന്നതല്ല എന്നതാണ് ഞങ്ങളുടെ വിലയിരുത്തൽ."

16. ഈ കേസിൽ, സംഹിതയിലെ 125-ാം വകുപ്പു പ്രകാരമുളള നടപടി തീർപ്പാക്കുന്നതിൽ ഭീമമായ കാലതാമസം ഉണ്ടാകുകയും ഏറ്റവും കൂടുതൽ സമയം ഭർത്താവ് നീട്ടിവയ്ക്കലുകൾ നേടുകയും ചില സമയങ്ങളിൽ കോടതി തികഞ്ഞ അയവ് കാട്ടികൊണ്ട് വിഷയം കൈകാര്യം ചെയ്യുകയും ചെയ്തിരുന്നു എന്ന് ഞങ്ങൾ കാണുന്നു. ആ അവസ്ഥയിൽ ഭാര്യ അവർക്ക് കഴിയുമായിരുന്നിടത്തോളം ഒൻപതുവർഷ കാലയളവ് തന്നെത്താൻ സഹിച്ചു. സംരക്ഷണത്തുക അപേക്ഷാ തീയതി മുതൽ അനുവദിക്കുവാൻ സാഹചര്യങ്ങൾ ആവശ്യപ്പെട്ടിട്ടുള്ളതെന്നും അപ്രകാരം അനുവദിച്ചതുവഴി നിയമപരമായ ഏതൊരു പോരായ്മയും ഹൈക്കോടതി വരുത്തിയിട്ടില്ല എന്നതുമാണ് ഞങ്ങളുടെ സുചിന്തിതമായ അഭിപ്രായം. ആയതിനാൽ, ഹൈക്കോടതിയുടെ ഉത്തരവിനോട് ഞങ്ങൾ യോജിക്കുന്നു. എന്നിരുന്നാലും എതിർകക്ഷിക്ക് വേണ്ടിയുള്ള പാണ്ഡിത്യമുളള അഭിഭാഷകൻ അഭ്യർത്ഥി ച്ചിട്ടുള്ളതുപോലെ, ഇപ്പോൾ അനുവദിച്ചിട്ടുള്ള സംരക്ഷണത്തുകയോടൊപ്പം കുടിശ്ശികകൾ ഘട്ടം ഘട്ടമായി നൽകുവാൻ അയാളെ അനുവദിക്കാവുന്നതാണ്. അങ്ങനെയുള്ള ഒരു സംവിധാനം ഏർപ്പെടുത്തുന്നതിനെ അപ്പീൽ വാദിക്കുവേണ്ടിയുളള പാണ്ഡിത്യമുള്ള അഭിഭാഷകൻ എതിർക്കുകയുണ്ടായില്ല. മുൻപറഞ്ഞ കാരണത്താൽ, പാണ്ഡിത്യമുള്ള കുടുംബ കോടതി ന്യായാധിപൻ നിശ്ചയിച്ച പ്രകാരമുളള പ്രതിമാസ സംരക്ഷണത്തുക തുടർന്നുവരുന്ന ഓരോ മാസവും 5-ാം തീയതിയോടെ നൽകുമ്പോൾ, കുടിശ്ശികകൾ ഇന്നുമുതൽ മൂന്ന് വർഷ കാലാവധിക്കുള്ളിൽ ആനുപാതിക രീതിയിൽ കൊടുക്കേണ്ട താണെന്ന് ഞങ്ങൾ നിർദ്ദേശിക്കുന്നു.

17. തൽഫലമായി, അപ്പീൽ കഴമ്പില്ലാ തിരിക്കെ, തള്ളിക്കളയുന്നു.

❋

***benignae faciendae sunt interpretationes et verba intentioni debent inservire.*** *(Liberal interpretation should be the rule, and the words should be made to carry out the intention.)*
***വ്യാഖ്യാനം ലളിതമായിരിക്കേണ്ടതും, പദങ്ങൾ ഉദ്ദേശ്യത്തെ പ്രാവർത്തികമാക്കേണ്ടതുമാണ്.***

34/4257/2014.

# ഹൈക്കോടതി വിധിന്യായങ്ങൾ

# ബഹു. കേരള ഹൈക്കോടതി മുമ്പാകെ

*ബഹു. ജസ്റ്റിസ് ബി.പി.റേ*

**ഉണ്ണികൃഷ്ണൻ നായർ**

**അഭി**

**കേരള സർക്കാർ**

**ക്രിമിനൽ. എം.സി നമ്പർ 2015/2011**

2011 ജൂലൈ 4-ന് വിധി പ്രസ്താവിച്ചത്

**ക്രിമിനൽ നടപടി നിയമസംഹിത, 1973-ലെ 164-ാം വകുപ്പ്--1860-ലെ ഇൻഡ്യൻ ശിക്ഷാനിയമ സംഹിത, വകുപ്പുകൾ 366 ക-ഉം, 376 (2) (ഛ)-ഉം, 354-ഉം, 202-ഉം, 120 ഖ-ഉം 34-ാം വകുപ്പുമായി കൂട്ടി വായിച്ച പ്രകാരം--പ്രതി, ക്രിമിനൽ നടപടി നിയമസംഹിതയിലെ 164-ാം വകുപ്പ് പ്രകാരം എടുത്തിട്ടുള്ള മൊഴിയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പിനുവേണ്ടി അപേക്ഷിച്ചു--നിരസിച്ചു--164-ാം വകുപ്പ് പ്രകാരം എടുത്തിട്ടുള്ള മൊഴി, റെക്കോർഡിന്റെ ഭാഗമായതിനാൽ, നിഷേധിക്കുവാൻ പാടുള്ളതല്ല.**

## ഉത്തരവ്

ഹർജിക്കാരനുവേണ്ടിയുള്ള പാണ്ഡിത്യമുള്ള അഭിഭാഷകനെയും സർക്കാരിനുവേണ്ടിയുള്ള പാണ്ഡിത്യമുള്ള അഭിഭാഷകനെയും കേൾക്കുകയുണ്ടായി.

(2) ഹർജിക്കാരൻ, ഇൻഡ്യൻ ശിക്ഷാനിയമ സംഹിതയിലെ 366 ക-ഉം, 376 (2) (ഛ)-യും 354-ഉം 202-ഉം 120-ഖ-ഉം വകുപ്പുകൾ 34-ാം വകുപ്പുമായി കൂട്ടിവായിച്ച പ്രകാരം ശിക്ഷിക്കപ്പെടാവുന്ന കുറ്റങ്ങൾക്ക് എറണാകുളം സി. ബി. സി. ഐ. ഡി-യിലെ ക്രൈം നമ്പർ 111/2011 കേസിലെ 38-ാം പ്രതിയാണ്. നോർത്ത് പറവൂർ പോലീസ് സ്റ്റേഷനിലെ ക്രൈം 346/2011-ാം നമ്പർ കേസിൽ സി.ആർ.പി.സി 164-ാം വകുപ്പ് പ്രകാരം രേഖപ്പെടുത്തിയ മൊഴിയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് നൽകുന്നത് നിരസിച്ചുകൊണ്ടുള്ള നോർത്ത് പറവൂർ ജുഡീഷ്യൽ ഒന്നാം ക്ലാസ്സ് മജിസ്ട്രേറ്റിന്റെ 21-06-2011-ലെ ഉത്തരവിൽ സങ്കടപ്പെട്ടുകൊണ്ടാണ് ഹർജിക്കാരൻ ഈ അപേക്ഷ സമർപ്പിച്ചിരിക്കുന്നത്. ഹർജിക്കാരനു വേണ്ടിയുള്ള പാണ്ഡിത്യമുള്ള അഭിഭാഷകനെയും സർക്കാരിനു വേണ്ടിയുള്ള പാണ്ഡിത്യമുള്ള അഭിഭാഷകനെയും കേട്ടതിനു ശേഷമുള്ള, എന്റെ കാഴ്ചപ്പാടെന്തെന്നാൽ 164-ാം വകുപ്പ് പ്രകാരമുള്ള മൊഴി റെക്കോർഡിന്റെ ഭാഗമായതിനാൽ ആയത് ഹർജിക്കാരന് നിഷേധിക്കുവാൻ പാടുള്ളതല്ല. ആയതിനാൽ, നോർത്ത് പറവൂർ പോലീസ് സ്റ്റേഷനിലെ ക്രൈം 346/2011-ാം നമ്പർ കേസ്സിൽ സി.ആർ.പി.സി 164-ാം വകുപ്പ് പ്രകാരം രേഖപ്പെടുത്തിയ മൊഴിയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് പുതിയ അപേക്ഷ സമർപ്പിക്കുന്ന ദിവസം മുതൽ ഒരാഴ്ചക്കകം നൽകണമെന്ന് ഞാൻ പാണ്ഡിത്യമുള്ള മജിസ്ട്രേറ്റിനോട് നിർദ്ദേശിക്കുന്നു.

മേൽപറഞ്ഞ പ്രകാരം ഈ അപേക്ഷ തീർപ്പാക്കിയിരിക്കുന്നു.

## ബഹു. കേരള ഹൈക്കോടതി മുമ്പാകെ

*ബഹു. ജസ്റ്റിസ് പി.ആർ. രാമചന്ദ്ര മേനോൻ*

**രാജാമണി**

**അഭി**

**കേരള സർക്കാർ**

**റിട്ട് ഹർജി (സിവിൽ) നമ്പർ 5504/2010**

2013 ഒക്ടോബർ 30-ന് വിധി പ്രസ്താവിച്ചത്

**1996-ലെ പട്ടികജാതി പട്ടിക ഗോത്രവർഗ്ഗങ്ങൾ സമുദായ സർട്ടിഫിക്കറ്റ് നൽകുന്നത് ക്രമപ്പെടുത്തൽ ആക്റ്റ്-സമുദായ സർട്ടിഫിക്കറ്റ്—മിശ്രവിവാഹം—വിവാഹത്തിന്റെ കാരണത്താൽ പിന്നീടുണ്ടാകുന്ന സംഭവങ്ങൾക്ക്, ആ സമുദായത്തിന് കല്പിക്കപ്പെടാവുന്ന കഷ്ടതകളും ബുദ്ധിമുട്ടുകളും മുഖേന ഇതിനകം സിദ്ധിച്ചിട്ടുള്ള ആനുകൂല്യം നിഷേധിക്കുന്നവിധത്തിൽ സന്തുലിതാവസ്ഥയെ ഏതെങ്കിലും രീതിയിൽ തകിടം മറിക്കുവാൻ കഴിയുന്നതല്ല. 20-11-2008-ലെ 109/2008-ാം നമ്പർ സർക്കാർ ഉത്തരവ് (കൈയ്യെഴുത്ത്).**

## വിധിന്യായം

ഹർജിക്കാരിയുടെ ജാതി സംബന്ധിച്ച അവരുടെ സമുദായം പട്ടികജാതിയിൽപ്പെടുന്ന 'വേട്ടുവൻ' എന്ന് കാണിച്ചു കൊണ്ട് ഒരു സമുദായ സർട്ടിഫിക്കറ്റ് ലഭിക്കണമെന്നുള്ള അവകാശവാദവുമാണ് ഈ റിട്ട് ഹർജിയിലെ തർക്കവിഷയം.

2. തിയ്യ സമുദായത്തിൽപ്പെടുന്ന അച്ഛനും പട്ടിക ജാതിയായ 'വേട്ടുവൻ' സമുദായത്തിൽപ്പെടുന്ന അമ്മയും തമ്മിലുള്ള മിശ്ര വിവാഹത്തിലെ കുട്ടിയായിരുന്നു ഹർജിക്കാരി എന്നാണ് കാണുന്നത്. ഹർജിക്കാരിയുടെ ജനനത്തിനുശേഷം അധികം താമസിയാതെ അച്ഛൻ മരിച്ചുപോകുകയും ഹർജിക്കാരി തന്റെ അമ്മയാലും കുടുംബാംഗങ്ങളാലും 'വേട്ടുവൻ' സമുദായത്തിലെ ഒരംഗമായി, സമൂഹത്തിൽ പ്രസ്തുത സമുദായവുമായി ബന്ധപ്പെട്ട എല്ലാ കഷ്ടതകൾക്കും പോരായ്മകൾക്കും വിധേയമാക്കപ്പെട്ടുകൊണ്ട് വളർത്തപ്പെടുകയും ചെയ്തിരുന്നു. എസ്.എസ്.എൽ.സി ബുക്കിന്റെ ഒന്നാംപുറവും, ബന്ധപ്പെട്ട അധികാരസ്ഥാനം നൽകിയിട്ടുള്ള സമുദായ സർട്ടിഫിക്കറ്റും സദൃശ്യമായ സർട്ടിഫിക്കറ്റും പോലുള്ള എക്സിബിറ്റുകൾ പി-1 മുതൽ പി-3 വരെയുള്ള രേഖകളിൽ പരാമർശിക്കപ്പെടുന്നു; ഹർജിക്കാരി പട്ടികജാതിയിൽപെടുന്ന ഒരംഗമായി അംഗീകരിക്കപ്പെട്ടുകൊണ്ടിരുന്നു എന്ന് കാണിക്കുന്നു. ഹർജിക്കാരി യഥാർത്ഥത്തിൽ പ്രസ്തുത സമുദായത്തിൽപ്പെടുന്നുവെന്ന് കാണിയ്ക്കുവാൻ വേട്ടുവൻ മഹാസഭയുടെ കോഴിക്കോട് ജില്ല സമിതി നൽകിയിട്ടുള്ള എക്സിബിറ്റ് പി-4 സർട്ടിഫിക്കറ്റും ഹാജരാക്കിയിട്ടുണ്ട്.

3. 2008-ൽ, ഒരു പുതിയ ജാതി സർട്ടിഫിക്കറ്റ് ലഭിക്കുവാനായി ബന്ധപ്പെട്ട അധികാരസ്ഥാനത്തെ ഹർജിക്കാരി 2008-ൽ

സമീപിച്ചപ്പോൾ, ജാതി സംബന്ധിച്ച സ്ഥിതിയെ സംശയിച്ചുകൊണ്ട് ആയത് നൽകാതിരിക്കുകയുണ്ടായി. ആയത് ഹർജിക്കാരിയെ, പ്രധാനമായി 20-11-2008-ലെ എക്സിബിറ്റ് പി-6 സർക്കാർ ഉത്തരവിന്റെ ആനുകൂല്യവും അവർ 'വേട്ടുവൻ' സമുദായത്തിൽപ്പെടുന്ന ആളാണെന്ന് കാണിയ്ക്കുന്ന സമുദായ സർട്ടിഫിക്കറ്റും നൽകുവാൻ എതിർകക്ഷികൾക്കുള്ള ഒരു നിർദ്ദേശവും ആവശ്യപ്പെട്ടുകൊണ്ട് ഇപ്പോഴത്തെ റിട്ട് ഹർജി ഫയൽ ചെയ്യുന്നത് വഴി ഈ കോടതിയെ സമീപിക്കുവാൻ ഇടയാക്കുകയുണ്ടായി. ഈ സംഗതി 19/02/2010-ൽ ഈ കോടതി മുമ്പാകെ പരിഗണനയ്ക്ക് വന്നപ്പോൾ താഴെപ്പറയുന്ന ഇടക്കാല ഉത്തരവ് പാസ്സാക്കുന്ന തിനിടയായി:

"ഹർജിക്കാരി കേരള സംസ്ഥാനത്തെ ഒരു പട്ടികജാതിയായ വേട്ടുവൻ സമുദായത്തിൽപ്പെടുന്നു എന്നതിലേക്കുള്ള ഒരു താല്ക്കാലിക ജാതി സർട്ടിഫിക്കറ്റ് ഹർജിക്കാരിക്ക് നൽകുവാൻ രണ്ടാം എതിർകക്ഷിയായ തഹസീൽദാർക്ക് നിർദ്ദേശം നൽകുന്നു. ആയത്, ഈ ഉത്തരവിന്റെ ഒരു പകർപ്പ് കൈപ്പറ്റിയ തീയതി മുതൽ മൂന്നാഴ്ച കാലാവധിക്കുള്ളിൽ ഉചിതമായ അന്വേഷണങ്ങൾ നടത്തിയതിനുശേഷം ചെയ്യേണ്ടതാണ്. അത് താല്ക്കാലികമായിട്ടുള്ളതും റിട്ട് ഹർജിയിൽ പാസ്സാക്കപ്പെടുന്ന കൂടുതൽ ഉത്തരവുകൾക്ക് വിധേയമായിരിക്കുന്നതുമാണ്. തഹസീൽദാർ സർട്ടിഫിക്കറ്റ് നൽകുമ്പോൾ എക്സിബിറ്റ് പി-6. സർക്കാർ ഉത്തരവിൽ (സർക്കാർ ഉത്തരവ് (കൈയ്യെഴുത്ത്) നമ്പർ 109/2008/എസ്സ്.സി. എസ്.റ്റി.ഡി.ഡി തീയതി 20-11-2008) വ്യവസ്ഥ ചെയ്തിട്ടുള്ള ഉപാധികൾ പരിഗണിക്കേണ്ടതാണ്. ഹർജിക്കാരി ഈ ഇടക്കാല ഉത്തരവിന്റെ ഒരു പകർപ്പ് അനുസരിക്കലിനായി രണ്ടാം എതിർകക്ഷി മുമ്പാകെ ഹാജരാക്കേണ്ടതാണ് ".

4. പ്രസ്തുത ഉത്തരവിന് അനുസൃതമായി, 05/04/2010-ലെ എക്സിബിറ്റ് പി-10 താത്കാലിക സർട്ടിഫിക്കറ്റ് നൽകിയിരുന്നതും അത് ഐ.എ.നമ്പർ 7623/2011-നോടൊപ്പം ഹാജരാക്കിയിട്ടുള്ളതുമാണ്. ഹർജിക്കാരിക്കു വേണ്ടിയുള്ള പാണ്ഡിത്യമുള്ള അഭിഭാഷകൻ ചൂണ്ടിക്കാട്ടിയ പ്രകാരം ഹർജിക്കാരിയുടെ കേസ് എന്തെന്നാൽ, രണ്ടാം എതിർകക്ഷി/ കൊയിലാണ്ടി തഹസീൽദാർ, എക്സിബിറ്റ് പി-6 സർക്കാർ ഉത്തരവിന്റെ ആനുകൂല്യം ലഭിക്കുവാനുള്ള ഹർജിക്കാരിയുടെ അർഹത പരിഗണിച്ചുവെങ്കിലും, ഹർജിക്കാരിക്ക് എക്സിബിറ്റ് പി-6 സർക്കാർ ഉത്തരവിന്റെ ആനുകൂല്യം ലഭിയ്ക്കുവാൻ അവകാശമുണ്ടെങ്കിൽ പോലും പിന്നീടുണ്ടായ സംഭവങ്ങളുടെ, അതായത് തിയ്യ സമുദായത്തിൽപ്പെട്ട ഒരാളുമായുള്ള ഹർജിക്കാരിയുടെ വിവാഹത്തിന്റെ കാരണത്താൽ ആയത് ഹർജിക്കാരിക്ക് നൽകേണ്ടതില്ല എന്ന് പറഞ്ഞുകൊണ്ടുള്ള ഒരു നിരീക്ഷണം എക്സിബിറ്റ് പി 9 ഉത്തരവിൽ നടത്തുകയുണ്ടായി. ഹർജിക്കാരിക്ക് എക്സിബിറ്റ് പി 6 ന്റെ ആനുകൂല്യം നിഷേധിച്ചുകൊണ്ടുള്ള എക്സിബിറ്റ് പി 9 ഉത്തരവിൽ ബിരുദാനന്തരബിരുദ യോഗ്യത നേടിയിട്ടുള്ളതിനേയും ഒരു പോലീസ് കോൺസ്റ്റബിളിനെ വിവാഹം കഴിച്ചിട്ടുള്ളതിനേയും പരാമർശിച്ചുകൊണ്ട് കൊള്ളിച്ചുപറയുകയുണ്ടായി എന്ന് ഹർജിക്കാരിക്ക് വേണ്ടിയുള്ള പാണ്ഡിത്യമുള്ള അഭിഭാഷകൻ ബോധിപ്പിക്കുകയുണ്ടായി.

5. എക്സിബിറ്റ് പി-9-ലെ ഉള്ളടക്കത്തെ ഫലത്തിൽ ആവർത്തിച്ചും എക്സിബിറ്റ് പി-6 സർക്കാർ ഉത്തരവിൽ വ്യവസ്ഥചെയ്തിട്ടുള്ള പ്രകാരം പരിഗണിക്കപ്പെടേണ്ട ആവശ്യകതകൾ സമ്മതിച്ചുകൊണ്ടും രണ്ടാം എതിർകക്ഷിയുടെ ഭാഗത്തുനിന്നും ഒരു എതിർ സത്യവാങ്മൂലം ഫയൽ ചെയ്യുകയുണ്ടായി. ഹർജിക്കാരിയുടെ കാര്യത്തിൽ, 07-04-2003-ൽ നടന്ന അവരുടെ വിവാഹം വരെയുള്ള വസ്തുതാവസ്ഥയും സമ്മതിച്ചിട്ടുണ്ട്. ജാതി സർട്ടിഫിക്കറ്റിനുള്ള അപേക്ഷ നിരസിക്കുവാൻ രണ്ടാം എതിർകക്ഷിയുടെ ഭാഗത്തു നിന്നും നടത്തിയിരുന്ന പ്രസ്താവം തിയ്യ സമുദായത്തിൽപ്പെട്ട ഒരാളുമായുള്ള വിവാഹത്തെ പരാമർശിച്ചുകൊണ്ടാണ്.

6. ഹർജിക്കാരിക്ക് വേണ്ടിയുള്ള പാണ്ഡിത്യമുള്ള അഭിഭാഷകനെയും പാണ്ഡിത്യമുള്ള സ്പെഷ്യൽ ഗവൺമെന്റ് പ്ലീഡറെയും വിശദമായി കേൾക്കുകയുണ്ടായി.

7. വാദത്തിനിടയിൽ, പാണ്ഡിത്യമുള്ള സ്പെഷ്യൽ ഗവൺമെന്റ് പ്ലീഡർ, ഹർജിക്കാരിയെപ്പോലെ മിശ്ര വിവാഹത്തിൽ ജനിച്ച ആളുകൾക്ക് ലഭ്യമാകുന്ന ആനുകൂല്യം കേവലം വിദ്യാഭ്യാസ യോഗ്യതകൾ നേടുന്നതിന് അവരെ പ്രാപ്തരാക്കുന്നതിനു മാത്രമാണെന്ന് ബോധിപ്പിക്കുന്നു. ഇത് സംബന്ധിച്ച് 2005-ൽ പുറപ്പെടുവിച്ച പ്രസക്തമായ സർക്കാർ ഉത്തരവിനെ പാണ്ഡിത്യമുള്ള സ്പെഷ്യൽ ഗവൺമെന്റ് പ്ലീഡർ, ആയത് എതിർ സത്യവാങ്മൂലത്തോടൊപ്പം ഹാജരാക്കിയിട്ടില്ലെങ്കിലും, പരാമർശിക്കുന്നു. പ്രസ്തുത സർക്കാർ ഉത്തരവിന് പകരം, പിന്നീട് പിന്തുടരേണ്ട പ്രവർത്തന ക്രമവും പരിഗണിക്കേണ്ട പ്രസക്തമായ വസ്തുതകളും വ്യവസ്ഥചെയ്തുകൊണ്ട് എക്സിബിറ്റ് പി-6 സർക്കാർ ഉത്തരവ് വരികയുണ്ടായെന്ന് പാണ്ഡിത്യമുള്ള സ്പെഷ്യൽ ഗവൺമെന്റ് പ്ലീഡർ സമ്മതിക്കുന്നു. ഹർജിക്കാരിയുടെ സംഗതിയിൽ, സർക്കാർ ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരവും എതിർ സത്യവാങ്മൂലത്തിലെ 12-ാം ഖണ്ഡികയിൽ ഉദ്ധരിച്ചിട്ടുള്ളതുപോലെയും എല്ലാ പ്രസക്തമായ വശങ്ങളും പരിഗണിച്ചിട്ടുണ്ടെന്നും, അങ്ങനെയുള്ള രേഖകൾ പരാമർശിച്ചുകൊണ്ടാണ് എക്സിബിറ്റ് പി-9 ഉത്തരവിൽ സമൂഹത്തിലെ സ്ഥാനം നിശ്ചയിക്കുവാൻ ഹർജിക്കാരിയുടെ ബിരുദാനന്തര യോഗ്യതയെ കുറിച്ചും അവരുടെ വൈവാഹിക പദവിയെ കുറിച്ചുമുള്ള ഒരു നിരീക്ഷണം നടത്തപ്പെട്ടിട്ടുള്ളത് എന്ന് പ്രസ്താവിച്ചിരിക്കുന്നു. യഥാർത്ഥത്തിൽ അവശതകൾ അനുഭവിക്കാത്ത ഹർജിക്കാരിക്ക് ഏതെങ്കിലും ആനുകൂല്യം നൽകേണ്ടിവരികയാണെങ്കിൽ, യഥാർത്ഥത്തിൽ ഉദ്ദേശിച്ചിട്ടുള്ള ആനുകൂല്യം അർഹരായ നിരവധി പേർക്ക് ലഭിക്കാതാവുകയും ഹർജിക്കാരിയെപ്പോലുള്ള ആളുകൾക്ക് അനർഹമായ നേട്ടം ഉണ്ടാകുകയും ചെയ്യുമെന്ന് കൂടി ചൂണ്ടിക്കാട്ടിയിരിക്കുന്നു.

8. ഇരുഭാഗവും കേട്ടതിനുശേഷം, ഹർജിക്കാരിയെപ്പോലുള്ള ആളുകൾക്കുള്ള അവകാശങ്ങളും സ്വാതന്ത്ര്യങ്ങളും എക്സിബിറ്റ് പി-6 സർക്കാർ ഉത്തരവിനാൽ പ്രഖ്യാപിക്കപ്പെട്ടിട്ടുള്ളതായി ഈ കോടതി കാണുന്നു. പ്രസ്തുത സർക്കാർ ഉത്തരവ് പരമോന്നത കോടതിയും ഈ കോടതിയും വിവിധ കാലഘട്ടങ്ങളിൽ പ്രസ്താവിച്ചിട്ടുള്ള നിയമത്തിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ചിട്ടുള്ളതായി പറയപ്പെടുന്നു. ഈ വിഷയത്തെ ഏത് രീതിയിൽ സമീപിക്കേണ്ടതാണെന്നത് എക്സിബിറ്റ് പി-6 സർക്കാർ ഉത്തരവിന്റെ അവസാന ഖണ്ഡികയിൽ നിന്നും വ്യക്തമായി ഗ്രഹിക്കാവുന്നതാണ്; അത് താഴെപ്പറയും പ്രകാരമാണ്:

"കേരള ഹൈക്കോടതിയുടെ മുകളിൽ പ്പറഞ്ഞ നിരീക്ഷണങ്ങളുടെ വെളിച്ചത്തിൽ, സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും മാതാപിതാക്കളിൽ ഒരാൾ പട്ടികജാതി/പട്ടിക ഗോത്രവർഗ്ഗത്തിൽപ്പെട്ട മിശ്ര വിവാഹത്തിലെ ദമ്പതികൾക്ക് ജനിച്ച കുട്ടികൾക്ക് പട്ടികജാതി/ പട്ടികഗോത്രവർഗ്ഗ സമുദായ സർട്ടിഫിക്കറ്റ് നൽകേണ്ട ക്ഷമതയുള്ള അധികാരസ്ഥാനം, അവകാശവാദി അതേ സാമൂഹിക അവശതകൾക്ക് വിധേയമായിരിക്കുന്നുവെന്നും അതേ ആചാരങ്ങളും അനുഷ്ഠാനങ്ങളും പിന്തുടരുന്നുവെന്നും അപ്രകാരം സമുദായം ആ വ്യക്തിയെ അതിന്റെ ഭാഗമായി സ്വീകരിച്ചുവെന്നും ഉറപ്പ് വരുത്തേണ്ടതാണെന്ന് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്യുന്നു. ജാതിസർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള അധികാരസ്ഥാനം.-

(i) ഓരോ കേസും നിലവിലുള്ള വസ്തുതകളുടെയും സാഹചര്യങ്ങളുടെയും വെളിച്ചത്തിൽ വെവ്വേറെയായി പരിശോധിക്കേണ്ടതാണ്.

(ii) അവകാശവാദി സാമൂഹികമായും സാമ്പത്തികമായും വിദ്യാഭ്യാസപരമായും അവശതകൾ അനുഭവിച്ചിട്ടുണ്ട്.

(iii) അവകാശവാദിയെ സമൂഹം അവരിലൊരാളായി അവരുടെ സ്വാഭാവികമായ കൂട്ടത്തിലേയ്ക്ക് സ്വീകരിച്ചിട്ടുണ്ടെന്നും അവർ അതേ സാമൂഹിക വിശ്വാസത്തിൽ ജീവിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു,

എന്നു കൂടി ഉറപ്പുവരുത്തേണ്ടതാണ്."

9. ഹർജിക്കാരിയുടെ അമ്മ 'വേട്ടുവൻ' സമുദായത്തിലെ ഒരു അംഗമായിരുന്നുവെന്നും; ഹർജിക്കാരിക്ക് അവർ ജനിച്ചു ആറുമാസം കഴിഞ്ഞപ്പോൾ തന്നെ പിതാവിനെ നഷ്ടപ്പെട്ടുവെന്നും അവർ 'വേട്ടുവൻ' സമുദായത്തിൽപ്പെട്ട അവരുടെ അമ്മയാലും മറ്റ് കുടുംബാംഗങ്ങളാലും വളർത്തപ്പെട്ടു എന്നുമുള്ള വസ്തുതാവസ്ഥ എതിർ സത്യവാങ്മൂലത്തിൽ ഖണ്ഡിച്ചിട്ടില്ലാത്തതാണ്. ഹർജിക്കാരിയുടെ വിവാഹം വരെ അതായത്, 2003-ൽ അവർ തിയ്യ സമുദായത്തിൽപ്പെട്ട ഒരാളെ വിവാഹം ചെയ്യുന്നതുവരെ സ്ഥിതിയിൽ ഏതൊരു മാറ്റമുണ്ടായിരുന്നില്ല എന്ന് എതിർ കക്ഷികൾക്ക് യാതൊരു തർക്കവുമില്ലാത്തതാണ്. ഈ കാലമത്രയും, ഹർജിക്കാരി തന്റെ വിദ്യാഭ്യാസം തുടർന്നുകൊണ്ടിരിക്കുകയും 'വേട്ടുവൻ' സമുദായത്തിലെ ഒരംഗമായി, ആ സമുദായത്തിൽ, പ്രസ്തുത സമുദായവുമായി ബന്ധപ്പെട്ട കഷ്ടപ്പാടുകളും അവശതകളും അനുഭവിച്ചുകൊണ്ട് ജീവിച്ചുകൊണ്ടിരിക്കുകയും ചെയ്തിരുന്നതും ഇത് സംബന്ധിച്ച് യാതൊരു തർക്കമില്ലാത്തതുമാകുന്നു. വിവാഹത്തിന്റെ കാരണത്താൽ പിന്നീടുണ്ടായ സംഭവങ്ങൾക്ക്, ആ സമുദായത്തിന് കൽപിക്കപ്പെടുന്ന കഷ്ടതകളും ബുദ്ധിമുട്ടുകളും മുഖേന ഇതിനകം സിദ്ധിച്ചിട്ടുള്ള ആനുകൂല്യം നിഷേധിക്കുന്ന വിധത്തിൽ സന്തുലിതാവസ്ഥയെ ഏതൊരു രീതിയിലും തകിടം മറിക്കുവാൻ കഴിയുന്നതല്ല. ഇതാണ് എക്സിബിറ്റ് പി-6 സർക്കാർ ഉത്തരവിന്റെയും പരമോന്നത കോടതിയും ഈ കോടതിയും പ്രഖ്യാപിച്ചിട്ടുള്ള നിയമത്തിന്റെയും കാതലായ ഭാഗം. അതിൽ, കേസുകൾ ഓരോന്നും പ്രസക്തമായ വസ്തുതകളെ പരാമർശിച്ചുകൊണ്ട് അതിസൂക്ഷ്മമായി പരിശോധിക്കേണ്ടതാണെന്ന് ഉറപ്പിച്ചുപറഞ്ഞിട്ടുള്ളതാണ്.

10. മേൽപ്പറഞ്ഞ സാഹചര്യത്തിൽ, ഹർജിക്കാരിക്ക് എക്സിബിറ്റ് പി-6 സർക്കാർ ഉത്തരവിന്റെ ആനുകൂല്യത്തിനും 'വേട്ടുവൻ' സമുദായത്തിലെ ഒരംഗമായി അവരുടെ സ്ഥിതി സാക്ഷ്യപ്പെടുത്തുന്ന ജാതി സർട്ടിഫിക്കറ്റിനും അവകാശമുണ്ടെന്ന് ഈ കോടതി കാണുന്നു. രണ്ടാം എതിർകക്ഷി/കൊയിലാണ്ടി തഹസീൽദാർ പുറപ്പെടുവിച്ചിട്ടുള്ള എക്സിബിറ്റ് പി-9 ഉത്തരവ്, പ്രസ്തുത സർക്കാർ ഉത്തരവിന്റെ ആനുകൂല്യം ലഭിക്കുവാൻ ഹർജിക്കാരിക്ക് അവകാശമില്ലെന്ന് പ്രഖ്യാപിക്കുന്നിടത്തോളം റദ്ദാക്കപ്പെടുന്നു. 2-ാം എതിർ കക്ഷിയോട്/ബന്ധപ്പെട്ട എതിർകക്ഷിയോട് ഹർജിക്കാരിക്ക് 'വേട്ടുവൻ' സമുദായത്തിൽപ്പെടുന്ന ഒരംഗമായുള്ള അവരുടെ ജാതി സംബന്ധിച്ച സ്ഥിതി കാണിക്കുന്ന ആവശ്യമായ ജാതി സർട്ടിഫിക്കറ്റ് നൽകുവാൻ നിർദ്ദേശിക്കുന്നു. ഇത് എത്രയും പെട്ടെന്ന്, ഏത് പ്രകാരത്തിലും വിധിന്യായത്തിന്റെ ഒരു പകർപ്പ് ലഭിച്ച തീയതി മുതൽ ഒരു മാസത്തിനകം ചെയ്യേണ്ടതാണ്.

11. 19-02-2010-ൽ ഈ കോടതി പാസ്സാക്കിയ ഇടക്കാല ഉത്തരവിന് അനുസൃതമായി, ഇതിനകം നൽകിയ താൽക്കാലിക സർട്ടിഫിക്കറ്റ് (ആയതിന്റെ അടിസ്ഥാനത്തിലാണ് സെലക്ഷന് അന്തിമരൂപം നൽകപ്പെട്ടിട്ടുള്ളത്), ലഭിച്ചതോ/ലഭിക്കേണ്ടതോ ആയ തൊഴിലിനെ സംബന്ധിച്ച് ശരിയായതും സാധുവായതുമായ ഒരു സർട്ടിഫിക്കറ്റായി പരിഗണിക്കപ്പെടേണ്ടതാണെന്ന് വ്യക്തമാക്കുന്നു.

റിട്ട് ഹർജി അനുവദിച്ചിരിക്കുന്നു. ചെലവൊന്നുമില്ല.

***boni judicis est judicium sine dilatione mandare executioni.***
*(It is the duty of a good judge to cause judgement to be executed without delay.)*
***വിധിന്യായം കാലതാമസം കൂടാതെ നടപ്പിലാക്കിക്കേണ്ടത് ഒരു നല്ല ന്യായാധിപന്റെ കർത്തവ്യമാണ്.***

34/4257/2014.

**ബഹു.കേരള ഹൈക്കോടതി മുമ്പാകെ**

*ബഹു. ജസ്റ്റിസ് സി.കെ.അബ്ദുൾ റഹിം*

**ഭാർഗ്ഗവൻ പിള്ള**

**അഭി**

**കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡ്**

**റിട്ട് ഹർജി (സി) നമ്പർ 25108 & 26660/2013**

2013 നവംബർ 13-ന് വിധി പ്രസ്താവിച്ചത്

**ടെലഗ്രാഫ് ആക്റ്റ്, 1885, വകുപ്പുകൾ 10, 16 & 17--10-ാം വകുപ്പ് പ്രകാരമുള്ള അധികാരം വിനിയോഗിക്കുന്നതിന് ഏതെങ്കിലും വസ്തു ഉടമയിൽ നിന്നും മുൻകൂർ സമ്മതം നേടേണ്ട ആവശ്യമില്ല--10-ാം വകുപ്പ് പ്രകാരമുള്ള അധികാരം വിനിയോഗിക്കുവാൻ എതിർപ്പോ തടസ്സമോ ഉണ്ടെങ്കിൽ മാത്രമെ 16(1)-ാം വകുപ്പ് പ്രകാരമുള്ള അധികാരത്തിന്റെ സഹായം തേടൽ ആവശ്യമായി തീരുന്നുള്ളു.**

**2005-ലെ സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡ് (വിതരണത്തിനുള്ള വ്യവസ്ഥകളും ഉപാധികളും) (കേരള), റഗുലേഷൻ 14(9)(ക)-താമസത്തിനുള്ള കെട്ടിടത്തിന് നമ്പരിടാതെതന്നെ ഗാർഹിക കണക്ഷനുകൾ നൽകാവുന്നതാണ്.**

**2005-ലെ സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡ് (വിതരണത്തിനുള്ള വ്യവസ്ഥകളും ഉപാധികളും) (കേരള) റഗുലേഷൻ 14(9)(ക)-ഒരു ഉപഭോക്താവിന് ഓരോ നിലയ്ക്കും, അങ്ങനെയുള്ള ഓരോ നിലകൾക്കും പുറമെ നിന്നും ഒരു പ്രത്യേക പ്രവേശന കവാടവും പ്രത്യേക വയറിംഗും ഇല്ലാതിരിക്കെ, ഗാർഹിക കണക്ഷനുകൾക്ക് അവകാശമുണ്ടായിരിക്കുന്നതല്ല.**

# വിധിന്യായം

ഈ രണ്ട് കേസുകളിലും ഉൾപ്പെട്ടിട്ടുള്ള തർക്കവിഷയം ഏറെക്കുറെ ഒരുപോലെയുള്ള തായതിനാൽ, അവ ഒരുമിച്ച് പരിഗണിക്കപ്പെടുകയും ഈ പൊതു വിധിന്യായത്തിലൂടെ തീർപ്പാക്കപ്പെടുകയും ചെയ്യുന്നു.

(2) 25108/13-ാം നമ്പർ റിട്ട് ഹർജിയിലെ തർക്കം VIII-569/A ആയി പ്രത്യേക കെട്ടിട നമ്പർ നൽകിയിട്ടുള്ള ഹർജിക്കാരന്റെ താമസത്തിനുള്ള കെട്ടിടത്തിന്റെ ഒന്നാം നിലയ്ക്ക് നൽകിയിരുന്ന വൈദ്യുതി കണക്ഷന്റെ വിച്ഛേദനത്തിനെതിരെയുള്ളതാണ്. തർക്കത്തിലുള്ള കെട്ടിടത്തിൽ 1995 മുതൽ ഒരു വൈദ്യുതി കണക്ഷൻ ഉണ്ടായിരുന്നതും ആയത് 5-ാം എതിർകക്ഷിയുടെ വസ്തുവിന്റെ അതിർത്തിയിൽ സ്ഥിതിചെയ്തിരുന്ന ഒരു പോസ്റ്റിൽ നിന്നും സർവ്വീസ് വയർ വലിച്ചുകൊണ്ട് നൽകപ്പെട്ടതുമാണ്. ഹർജിക്കാരൻ പറഞ്ഞതനുസരിച്ച് ഒന്നാംനില 2013-ൽ നിർമ്മിക്കപ്പെട്ടതാണ്. എക്സിബിറ്റ് പി.2 ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റും, എക്സിബിറ്റ് പി.3 ഒന്നാം നിലയെ സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് നൽകിയിട്ടുള്ള കരം അടച്ചതിനുള്ള രസീതുമാണ്. 23-07-2013-ൽ ഒന്നാം നിലയ്ക്ക് ഒരു പ്രത്യേക വൈദ്യുതി കണക്ഷൻ നൽകിയിട്ടുള്ളതാണ്. എന്നാൽ

12-08-2013-ൽ 4-ാം എതിർകക്ഷി ഹർജിക്കാരന് ഏതൊരു നോട്ടീസും നൽകാതെ വൈദ്യുതി കണക്ഷൻ വിഛേദിച്ചിട്ടുള്ളതും മീറ്ററും മറ്റ് ഉപകരണങ്ങളും പൊളിച്ചുമാറ്റിയിട്ടുള്ളതുമാണ്. എക്സിബിറ്റ് പി.5 ഉം പി.6 ഉം അപേക്ഷകൾ നൽകിയെങ്കിലും, വൈദ്യുതി കണക്ഷൻ പുനസ്ഥാപിക്കപ്പെട്ടിട്ടില്ല. വിവരാവകാശ നിയമ പ്രകാരം സമീപിച്ചപ്പോൾ, വിച്ഛേദനം 5-ാം എതിർകക്ഷിയിൽ നിന്നും, അയാളുടെ വസ്തുവിൽ സ്ഥിതി ചെയ്യുന്ന പോസ്റ്റിൽ നിന്നും സർവ്വീസ് വയർ വലിയ്ക്കുന്നതിന് യാതൊരു സമ്മതവും നേടിയിട്ടില്ലാത്ത കാരണത്താലായിരുന്നു എന്ന് പ്രസ്താവിച്ചു കൊണ്ടുള്ള എക്സിബിറ്റ് പി.7 മറുപടി നൽകിയിട്ടുള്ളതാണ്. ലൈൻ വലിക്കുന്നതിന് അഡീഷണൽ ഡിസ്ട്രിക്റ്റ് മജിസ്ട്രേറ്റിൽ നിന്നും അനുമതി ലഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുവാനും ഹർജിക്കാരനെ അറിയിച്ചിട്ടുള്ളതാണ്.

***carcer ad homines custodiendos, non ad puniendos, dari debet.***
*(A prison should be used for keeping persons, not for punishing them.)*
***ഒരു ജയിൽ ആളുകളെ സൂക്ഷിക്കുന്നതിനു വേണ്ടിയാണ്, അവരെ ശിക്ഷിക്കുന്നതിനു വേണ്ടിയല്ല ഉപയോഗിക്കേണ്ടത്.***

3. 1995 മുതൽ ഇതേ പോസ്റ്റിൽ നിന്നും വലിച്ച സർവ്വീസ് വയർ വഴി പ്രസ്തുത കെട്ടിടത്തിന് നൽകിയിട്ടുള്ള ഒരു സർവ്വീസ് കണക്ഷൻ അയാൾ പ്രയോജനപ്പെടുത്തി ക്കൊണ്ടിരിക്കുകയായിരുന്നെന്നും ആയതിനാൽ, പ്രസ്തുത പോസ്റ്റിൽ നിന്നും ഒരു സർവ്വീസ് വയർ കൂടി വലിയ്ക്കുന്നതിന് യാതൊരു സമ്മതവും ആവശ്യമില്ലെന്നും അത് ഏതൊരു വിധത്തിലും 5-ാം എതിർകക്ഷിയുടെ വസ്തുവിനു കുറുകെ കടന്നു പോകുന്നില്ല എന്നതുമാണ് ഹർജിക്കാരന്റെ വാദം. സർവ്വീസ് വയർ വലിക്കുന്നതിൽ, 1 മുതൽ 4 വരെ എതിർകക്ഷികൾ ഇന്ത്യൻ ടെലഗ്രാഫ് ആക്റ്റിലെ 10-ാം വകുപ്പിൻ കീഴിൽ നിക്ഷിപ്തമായിട്ടുള്ള അധികാരങ്ങൾ വിനിയോഗിച്ചതിൽ തികച്ചും ന്യായീകരിക്ക പ്പെട്ടിരിക്കുന്നു. ലൈൻ വലിയ്ക്കുന്ന സമയത്ത് അവരെ 5-ാം എതിർകക്ഷി ഏതൊരു വിധത്തിലും എതിർക്കുകയോ തടസ്സപ്പെടു ത്തുകയോ ചെയ്തിട്ടില്ല. ഇങ്ങനെയുള്ള സാഹചര്യത്തിൽ, കണക്ഷന്റെ പുനഃസ്ഥാപന ത്തിനുവേണ്ടിയുള്ള ഉചിതമായ നിർദ്ദേശങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് ഹർജിക്കാരൻ ഈ കോടതിയെ സമീപിച്ചിരിക്കുന്നു.

4. 26660/13-ാം നമ്പർ റിട്ട് ഹർജി (സിവിൽ)-യിലെ ഹർജിക്കാരനാണ് 25108/ 13-ാം നമ്പർ റിട്ട് ഹർജി (സിവിൽ)-യിലെ 5-ാം എതിർകക്ഷി. 24/02/2010-ലെ ബി.ഒ (എഫ്ബി) (ജനറൽ) 510/2010-ൽ (ഇതിനു ശേഷം "ബോർഡ് ഓർഡർ" എന്നാണ് പരാമർശിക്ക പ്പെടുക) വ്യവസ്ഥചെയ്തിട്ടുള്ള ഉപാധികൾ പാലിക്കുവാൻ ആവശ്യപ്പെട്ടു കൊണ്ട്, അതിന് വീഴ്ച വരുത്തിയാൽ അയാളുടെ കെട്ടിടത്തിന്റെ ഒന്നാം നിലയ്ക്ക് നൽകിയിട്ടുള്ള പ്രത്യേക കണക്ഷൻ പൊളിച്ചുമാറ്റപ്പെടുന്നതാണെന്ന് അറിയിക്കുന്ന, 4-ാം എതിർകക്ഷി നൽകിയ എക്സിബിറ്റ് പി.5 നോട്ടീസിന് എതിരെയാണ് തർക്കം.

5. 25108/13-ാം നമ്പർ റിട്ട് ഹർജി (സിവിൽ)-യിൽ ബോർഡിനുവേണ്ടി ഫയൽ ചെയ്തിട്ടുള്ള പത്രികയിൽ, 5-ാം എതിർ കക്ഷിക്കുവേണ്ടി അയാളുടെ വസ്തുവിൽ സ്ഥിതിചെയ്യുന്ന ഒരു പോസ്റ്റിൽ നിന്നും അയാളുടെ സമ്മതം നേടാതെ സർവ്വീസ് വയർ വലിച്ചതിന് നിയമ നടപടിയെടുക്കുമെന്ന് ഭീഷണിപ്പെടുത്തുന്ന ഒരു വക്കീൽ നോട്ടീസ് 4-ാം എതിർകക്ഷി കൈപ്പറ്റിയിട്ടുള്ളതായി പരാമർശിക്കപ്പെടുന്നു. എസ്റ്റിമേറ്റ് തയ്യാറാക്കിയ സമയത്ത്, ഹർജിക്കാരൻ പോസ്റ്റ് തന്റെ വസ്തുവിൽ സ്ഥിതിചെയ്യുന്നുവെന്ന് ബോർഡിനെ തെറ്റിദ്ധരിപ്പിച്ചുകൊണ്ട് ബോർഡിനെ വഴിതെറ്റിച്ചിരുന്നു എന്നത് വെളിപ്പെടുത്തപ്പെട്ടപ്പോൾ, ഓവർസിയർ ബന്ധപ്പെട്ട കണക്ഷൻ വിച്ഛേദിച്ചിട്ടുള്ളതാണ്. ഹർജിക്കാരൻ അഡീഷണൽ ഡിസ്ട്രിക്റ്റ് മജിസ്ട്രേറ്റ് മുമ്പാകെ സമർപ്പിച്ച പരാതി, ആവശ്യമായ നടപടിയെടുക്കുന്നതിനുവേണ്ടി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനിയർക്ക്

അയച്ചപ്പോൾ, അക്കാര്യം ഇൻഡ്യൻ ടെലഗ്രാഫ് ആക്റ്റിലെ 16(1) വകുപ്പുപ്രകാരം ന്യായ നിർണ്ണയംചെയ്യലിനായി റഫർ ചെയ്യുന്നതിനുള്ള ആവശ്യമായ നടപടികൾ പൂർത്തിയാക്കാൻ ഹർജിക്കാരനോട് ആവശ്യപ്പെട്ടതായി സൂചിപ്പിക്കപ്പെടുന്നു. എന്നാൽ, പുറമെ നിന്നും പ്രത്യേകം പ്രവേശന കവാടവും പ്രത്യേകം വയറിംഗും ഇല്ലാതിരുന്നതുകൊണ്ട് മുകളിലത്തെ നിലയ്ക്ക് പ്രത്യേകം സർവീസ് കണക്ഷൻ നൽകാൻ കഴിയാതിരുന്നിടത്തോളം, ബോർഡ് ഉത്തരവിന് അനുസൃതമായിട്ടല്ല കണക്ഷൻ നൽകപ്പെട്ടതെന്ന് 4-ാം എതിർ കക്ഷിക്ക് പരിശോധനാ വേളയിൽ ബോധ്യപ്പെടുകയുണ്ടായി. അതുകൊണ്ട്, തർക്കത്തിലുള്ള കണക്ഷൻ നിയമപരമായി നൽകപ്പെട്ടിട്ടില്ലായെന്നും അത് പുനഃ സ്ഥാപിക്കുവാൻ കഴിയില്ല എന്നതുമാണ് വാദം. 25108/13-ാം നമ്പർ റിട്ട് ഹർജി (സിവിൽ)-യിൽ ചോദ്യം ചെയ്യപ്പെട്ടിട്ടുള്ള എക്സിബിറ്റ് പി5 നോട്ടീസും ഇതേ ആവശ്യത്തിനായിത്തന്നെ അതിലെ ഹർജിക്കാരന്റെ കെട്ടിടത്തിന്റെ ഒന്നാം നിലയ്ക്ക് നൽകപ്പെട്ടിട്ടുള്ള കണക്ഷനെ സംബന്ധിച്ച് നൽകിയിട്ടുള്ളതാണെന്ന് വ്യക്തമാണ്.

6. തീരുമാനത്തിനുവേണ്ടി വാദിക്കപ്പെട്ട തർക്കവിഷയങ്ങളിൽ ഒന്ന് 25108/13-ാം നമ്പർ റിട്ട് ഹർജി (സിവിൽ)-യിലെ ഹർജിക്കാരന് നൽകിയ കണക്ഷൻ, 5-ാം എതിർകക്ഷിയിൽ നിന്നും സമ്മതം നേടിയിട്ടില്ലാത്തത് ആരോപിച്ച് കൊണ്ട് വിച്ഛേദിച്ചതിന്റെ നിലനിൽപ്പ് സംബന്ധിച്ചുള്ളതാണ്. ഇക്കാര്യത്തിൽ 4-ാം എതിർകക്ഷി എടുത്തിട്ടുള്ള നിലപാട് പൂർണ്ണമായും തെറ്റിദ്ധരിക്കപ്പെടുന്നു. 5-ാം എതിർകക്ഷിയുടെ വസ്തുവിന്റെ മൂലയിൽ നിൽക്കുന്ന അതേ പോസ്റ്റിൽനിന്നും വലിച്ച ഒരു സർവ്വീസ് വയർ 1995 മുതൽ അവിടെ ഉണ്ടായിരുന്നു എന്നതിൽ തർക്കമില്ല. അത് അങ്ങനെയാണെങ്കിൽ, ഒന്നാം നിലയ്ക്ക് കണക്ഷൻ നൽകുന്നതിനായി അതേ കെട്ടിടത്തിലേയ്ക്ക് ഒരു സർവ്വീസ് വയർ കൂടി വലിയ്ക്കുന്നത് 5-ാം എതിർകക്ഷിക്ക് എന്തെങ്കിലും ഉപദ്രവമോ അസൗകര്യമോ ഉണ്ടാക്കുന്നു എന്ന് എതിർക്കുവാൻ കഴിയുന്നതല്ല. എന്നുമാത്രമല്ല, കണക്ഷൻ നൽകപ്പെട്ട സമയത്ത് സർവ്വീസ് വയർ വലിക്കുന്നതിന് 5-ാം എതിർകക്ഷിയുടെ ഭാഗത്തുനിന്നും യാതൊരു എതിർപ്പോ തടസ്സമോ ഉണ്ടായിട്ടില്ലാത്തതുമാണ്. ഇൻഡ്യൻ ടെലഗ്രാഫ് ആക്റ്റിലെ 10-ാം വകുപ്പിൻ കീഴിൽ നിക്ഷിപ്ത മായിട്ടുള്ള അധികാരം വിനിയോഗിക്കുന്നതിന് ഏതൊരു വസ്തു ഉടമയിൽ നിന്നും മുൻകൂർ സമ്മതം നേടേണ്ട ആവശ്യമില്ല. 10-ാം വകുപ്പിൻ കീഴിൽ നിക്ഷിപ്തമായിട്ടുള്ള അധികാരത്തിന്റെ വിനിയോഗം എതിർക്കപ്പെടുന്നെങ്കിലോ തടസ്സപ്പെടുത്തപ്പെടുന്നെങ്കിലോ മാത്രം, 16(1)-ാം വകുപ്പ് പ്രകാരം ജില്ലാ മജിസ്ട്രേറ്റിൽ നിക്ഷിപ്തമായിട്ടുള്ള അധികാരത്തിന്റെ സഹായംതേടൽ ആവശ്യ മായി വരുന്നുള്ളൂ. ഒരിക്കൽ ലൈൻ വലിക്കപ്പെട്ടാൽ, 16(1)-ാം വകുപ്പിന്റെ സഹായംതേടുന്നതിന് യാതൊരു സാധ്യത യുമില്ല. തന്റെ വസ്തുവിൽ ടെലഗ്രാഫ് ലൈൻ ഇടപ്പെട്ടിട്ടുള്ള ഏതെങ്കിലും ആൾക്ക്, പ്രസ്തുത വസ്തുവിന്റെ പ്രയോജനകരമായ ഉപഭോഗം സംബന്ധിച്ച് എന്തെങ്കിലും അസൗകര്യമോ ഉപദ്രവമോ ഉണ്ടായാൽ, അങ്ങനെയുള്ള ലൈനോ പോസ്റ്റോ മാറ്റിസ്ഥാപിക്കുന്നതിന് ആവശ്യപ്പെട്ടുകൊണ്ട്, ഇന്ത്യൻ ടെലഗ്രാഫ് ആക്റ്റിലെ 17-ാം വകുപ്പിന്റെ വ്യവസ്ഥകളുടെ സഹായം തേടുവാനുള്ള മാർഗ്ഗം മാത്രമേ കരണീയമായിട്ടുള്ളൂ. ആയതിനാൽ, 5-ാം എതിർ കക്ഷിയിൽ നിന്നും സമ്മതം നേടുവാൻ പരാജയപ്പെട്ടു എന്ന കാരണത്താൽ കണക്ഷൻ വിച്ഛേദിക്കുന്ന പ്രവർത്തി അനുവദിച്ചു കൊടുക്കാൻ കഴിയുന്നതല്ല.

***causa causae est causa causati.***
*(The cause of a cause is the cause of the thing caused.)*
***ഒരു കാരണത്തിന്റെ കാരണം സംഭവിച്ച കാര്യത്തിന്റെ കാരണമാണ്.***

7. രണ്ടു കേസിലും പൊതുവായതും നിയമപരമായി പ്രാധാന്യം ലഭിച്ചിട്ടുള്ളതുമാണ് വാദിക്കപ്പെട്ട അടുത്ത പ്രശ്നം. ഓരോ നിലകൾക്കും പ്രത്യേകം കെട്ടിട നമ്പറുകൾ നൽകുമ്പോൾ, ഗാർഹിക ഉപയോഗത്തിനുള്ള, ഏതെങ്കിലും താമസത്തിനുള്ള കെട്ടിടത്തിലെ വ്യത്യസ്ത നിലകൾക്ക് പ്രത്യേക കണക്ഷൻ ലഭിക്കുന്നതിനുള്ള അർഹത സംബന്ധിച്ചുള്ളതാണ് തർക്കം. ബോർഡിനുവേണ്ടി പാണ്ഡിത്യമുള്ള സ്റ്റാൻഡിംഗ് കൗൺസൽ 2005-ലെ കെ.എസ്.ഇ.ബി വിതരണത്തിനുള്ള വ്യവസ്ഥകളും ഉപാധികളും റഗുലേഷൻ 14(9)(ക)-യിലേയ്ക്ക് ഈ കോടതിയുടെ ശ്രദ്ധ ക്ഷണിച്ചിരുന്നു. ആയത് താഴെപ്പറയും പ്രകാരമാണ്:

"ഉത്തമവിശ്വാസപൂർവ്വം ഗാർഹിക ആവശ്യത്തിനായി നിർമ്മിക്കപ്പെട്ട കെട്ടിടത്തിലേയ്ക്കുള്ള സർവ്വീസ് കണക്ഷൻ തദ്ദേശ നികായം (അതത് സംഗതിപോലെ, കോർപ്പറേഷൻ/മുനിസിപ്പാലിറ്റി/പഞ്ചായത്ത്) നൽകിയിട്ടുള്ള അംഗീകൃത പ്ലാൻ/പെർമിറ്റിനെ ആസ്പദമാക്കി നൽകപ്പെടേണ്ടതാണ്. അംഗീകൃത പ്ലാൻ/പെർമിറ്റിനെ ആസ്പദമാക്കിയുള്ള നിർമ്മാണ ആവശ്യത്തിനും കണക്ഷൻ നൽകാൻ കഴിയുന്നതാണ്. മറ്റെല്ലാ സംഗതികൾക്കും, തദ്ദേശനികായം അനുവദിച്ചുകൊടുത്തിട്ടുള്ള കെട്ടിട നമ്പർ നിർബന്ധമാക്കപ്പെടേണ്ടതാണ്. ഓരോ നിലയ്ക്കും പുറമെ നിന്നും പ്രത്യേക പ്രവേശന കവാടവും പ്രത്യേക വയറിംഗും ഉണ്ടെങ്കിൽ മാത്രം, സ്വതന്ത്രമായ സർവീസ് കണക്ഷനുകളും ഗാർഹിക ആവശ്യത്തിനുള്ള കെട്ടിടത്തിന്റെ പ്രത്യേകമായ നിലകൾക്ക്, ഉപഭോക്താവ് അപ്രകാരം ആവശ്യപ്പെട്ടാൽ, നൽകേണ്ടതാണ്".

8. ബോർഡ് ഉത്തരവിന്റെ ഒരു പകർപ്പ് സൂക്ഷ്മവായനയ്ക്കായി സ്റ്റാന്റിംഗ് കൗൺസൽ വയ്ക്കുകയുണ്ടായിരുന്നു. വിതരണ ഉപദേശക സമിതിയുടെ ശിപാർശകളെ ആസ്പദമാക്കി ബോർഡ് ഉത്തരവിലൂടെ മാർഗ്ഗനിർദ്ദേശങ്ങളും നൽകപ്പെട്ടിരുന്നു എന്നത് വ്യക്തമാണ്. അതിലെ 1.1 ഖണ്ഡം താഴെ പറയും പ്രകാരമാണ്:

"തദ്ദേശ നികായം പ്രത്യേക കെട്ടിട നമ്പർ അനുവദിച്ചുകൊടുക്കുന്നില്ലെങ്കിലും കൂടി ഒരു കെട്ടിട പരിസരത്തിൽ അനേക സർവ്വീസ് കണക്ഷനുകൾ താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി അനുവദിക്കപ്പെടാവുന്നതാണ്:

(i) കെട്ടിടത്തിന് തദ്ദേശ നികായം അനുവദിച്ചുകൊടുത്തിട്ടുള്ള ഒരു കെട്ടിട നമ്പർ ഉണ്ടായിരിക്കേണ്ടതാണ്,

(ii) പ്രത്യേക കെട്ടിട നമ്പർ ഇല്ലാതെ നൽകപ്പെട്ട ഒരു സർവ്വീസ് കണക്ഷൻ, ആ കെട്ടിടം കെട്ടിടനിർമ്മാണ ചട്ടങ്ങൾ ലംഘിച്ചുകൊണ്ട് നിർമ്മിക്കപ്പെട്ടതാണ് എന്ന കാരണത്താൽ ആ സർവ്വീസ് കണക്ഷനെ വിച്ഛേദിക്കുവാൻ തദ്ദേശ നികായത്തിന്റെ സെക്രട്ടറി രേഖാമൂലം ആവശ്യപ്പെടുകയാണെങ്കിൽ, വിച്ഛേദിക്കേണ്ടതാണ്. ഉപഭോക്താവ് ഈ അർത്ഥത്തിലുള്ള വാഗ്ദാനം നൂറ് രൂപയുടെ ജുഡീഷ്യൽ അല്ലാത്ത സ്റ്റാമ്പ് പേപ്പറിൽ നൽകേണ്ടതാണ്,

(iii) ഒരേ കെട്ടിടപരിസരത്തിൽ ഒരേ ആവശ്യത്തിനുവേണ്ടി ഒരേ താരിഫിൽ അനുവദിച്ചുകൊടുക്കപ്പെട്ട ഒന്നിലേറെ സർവ്വീസ് കണക്ഷൻ ഉണ്ടായിരിക്കുവാൻ പാടില്ലാത്തതാണ്. എന്നിരുന്നാലും, ഗാർഹിക താരിഫിലുള്ള പ്രത്യേക സർവ്വീസ് കണക്ഷനുകൾ ഗാർഹിക ആവശ്യത്തിനുള്ള കെട്ടിടത്തിലെ താമസത്തിനുള്ള സ്വതന്ത്ര യൂണിറ്റുകൾക്ക്, ഓരോ താമസയൂണിറ്റിനും പുറമെ നിന്നും പ്രത്യേക പ്രവേശന കവാടവും പ്രത്യേക വയറിംഗും നൽകുകയാണെങ്കിൽ, ഉപഭോക്താവ് അപ്രകാരം ആവശ്യപ്പെട്ടാൽ, നൽകപ്പെടുന്നതാണ്."

9. റഗുലേഷൻ 14(9) (ക) യുടെയും ബോർഡ് ഉത്തരവിലെ ഖണ്ഡം 1.1 ന്റെയും വ്യാഖ്യാനത്തെ കുറിച്ച് എതിർവാദങ്ങൾ ഉന്നയിക്കുകയുണ്ടായി. പുറമേനിന്നും പ്രത്യേക പ്രവേശന കവാടം ഇല്ലാത്തതും പ്രത്യേകം വയറിംഗ് നൽകപ്പെട്ടിട്ടില്ലാത്തതുമായ താമസത്തിനുള്ള ഒരു കെട്ടിടത്തിന്റെ ഓരോ

നിയമധ്വനി
ഒക്ടോബർ 2014

നിലയിലും പ്രത്യേകം കണക്ഷനുകൾ നൽകുവാൻ കഴിയുമോ എന്നുള്ള ചോദ്യത്തെ കുറിച്ചാണ് തർക്കം. പുറമെ നിന്നും പ്രത്യേകം പ്രവേശന കവാടവും പ്രത്യേകം വയറിംഗും ഉണ്ടെങ്കിൽ, പ്രത്യേകം കെട്ടിട നമ്പരുകൾ നിർബന്ധമാക്കാതെ പ്രത്യേകം കണക്ഷനുകൾ നൽകുവാൻ ബോർഡിനെ പ്രാപ്തമാക്കുന്ന ഒന്നായി മാത്രമെ റഗുലേഷൻ 14(9)(ക) യെ വ്യാഖ്യാനിക്കാൻ കഴിയുകയുള്ളൂ എന്ന് പാണ്ഡിത്യമുള്ള സ്റ്റാൻഡിംഗ് കൗൺസൽ വാദിക്കുകയുണ്ടായി. നേരെമറിച്ച്, ഹർജിക്കാരന് വേണ്ടിയുള്ള അഭിഭാഷകൻ പ്രത്യേകം കെട്ടിട നമ്പരുകൾ ഇല്ലാത്ത സംഗതികളിൽ മാത്രമേ പ്രസ്തുത റഗുലേഷൻ ബാധകമാകുകയുള്ളൂ എന്നും പ്രത്യേകം നമ്പറുകൾ നൽകപ്പെടുന്ന സംഗതികളിൽ വ്യവസ്ഥകൾ നിഷ്കർഷിക്കേണ്ടതില്ലെന്നും വാദിക്കുകയുണ്ടായി.

(10) റഗുലേഷൻ 14(9)(ക) യുടെ സൂക്ഷ്മ വായനയിൽ, അത്, കെട്ടിടനമ്പർ നിർബന്ധമാക്കേണ്ടതായ മറ്റെല്ലാ കണക്ഷനുകളിൽ നിന്നും വ്യത്യസ്തമായി, അംഗീകൃത പ്ലാനുകളെയോ കെട്ടിട അനുമതികളെയോ ആസ്പദമാക്കി ഗാർഹിക കണക്ഷനുകൾ നൽകുവാൻ ബോർഡിനെ പ്രാപ്തമാക്കുക മാത്രം ചെയ്യുന്നു. ആയതിനാൽ, അംഗീകൃത പ്ലാനോ കെട്ടിട അനുമതിയോ ഹാജരാക്കിയാൽ, താമസത്തിനുള്ള കെട്ടിടത്തിന് നമ്പർ നല്കാതെ പോലും ഗാർഹിക കണക്ഷൻ നൽകാൻ കഴിയും എന്ന് വ്യക്തമാണ്. പുറമേ നിന്നും പ്രത്യേകം പ്രവേശന കവാടവും പ്രത്യേകം വയറിംഗും നൽകുകയാണെങ്കിൽ, ഓരോ നിലയ്ക്കും ഗാർഹിക ആവശ്യത്തിനായി പ്രത്യേക കണക്ഷനുകളും നൽകാൻ കഴിയുമെന്ന് റഗുലേഷൻ കൂടുതലായി വ്യവസ്ഥചെയ്യുന്നു. പ്രത്യേക കെട്ടിട നമ്പർ നൽകുന്നതോടെ, ഓരോ നിലകൾക്കും പുറമേ നിന്നും പ്രത്യേക കവാടം നൽകപ്പെടാതെയും പ്രത്യേക വയറിംഗ് നൽകപ്പെടാതെയും ഉപഭോക്താവിന് ഓരോ നിലയ്ക്കും പ്രത്യേക കണക്ഷനുള്ള അവകാശമുണ്ട് എന്ന് അതിനെ വ്യാഖ്യാനിക്കുവാൻ കഴിയുന്നതല്ല. ഈ സംഗതിയിൽ നിയമനിർമ്മാണത്തിന്റെ ഉദ്ദേശ്യം അവലോകനം ചെയ്യേണ്ടതുണ്ട്. ഗാർഹിക കണക്ഷനുകൾ, മറ്റ് ആവശ്യങ്ങൾക്കുള്ള കണക്ഷനുകളെ അപേക്ഷിച്ച് കുറഞ്ഞ താരിഫിലാണ് നൽകപ്പെടുന്നത്. ഗാർഹിക താരിഫിനുള്ളിൽ തന്നെ ബാധകമായ നിരക്കിൽ ഉപഭോഗത്തിന്റെ അളവിനെ ആശ്രയിച്ച് വ്യത്യാസവുമുണ്ട്. തദ്ദേശ അധികാര സ്ഥാനത്തിൽ നിന്നും നൽകപ്പെട്ട പ്രത്യേക കെട്ടിട നമ്പറിനെ ആസ്പദമാക്കി താമസത്തിനുള്ള ഒരു കെട്ടിടത്തിന്റെ ഓരോ നിലയ്ക്കും പ്രത്യേക കണക്ഷൻ ലഭിക്കാൻ ഒരു ഉപഭോക്താവിന് അവകാശമുണ്ടെന്ന് വിധിച്ചാൽ, വൈദ്യുതി ചാർജിൽ കുറവ് ലഭിക്കുന്നതിനു വേണ്ടി ഓരോ നിലയ്ക്കും പ്രത്യേക കെട്ടിട നമ്പർ നേടിക്കൊണ്ട് ഗാർഹിക കണക്ഷനുകൾ വേർതിരിക്കുവാനുള്ള പരിശ്രമമുണ്ടാകുന്നതാണ്. പുറമേ നിന്നും പ്രത്യേക പ്രവേശന കവാടത്തിനും പ്രത്യേക വയറിങ്ങിനും വേണ്ടിയുള്ള വ്യവസ്ഥകൾ, പ്രത്യേക കണക്ഷനുകൾ താമസത്തിനുള്ള പ്രത്യേക യൂണിറ്റുകൾക്ക് മാത്രം നൽകപ്പെടുന്നുവെന്നും, അത് താമസത്തിനുള്ള ഒരു യൂണിറ്റിനുള്ളിൽ തന്നെ ദുരുപയോഗം ചെയ്യപ്പെടുന്നില്ലെന്നും ഉറപ്പാക്കുവാൻ വേണ്ടി മാത്രം ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.

(11) പ്രത്യേക കെട്ടിട നമ്പരുകൾ ഇല്ലാത്ത സംഗതികളിൽ, ഒരു കെട്ടിടത്തിനുള്ളിൽ ഒന്നിൽ കൂടുതൽ കണക്ഷനുകൾ നൽകുന്നതിനു വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ബോർഡ് ഉത്തരവു മുഖേന പുറപ്പെടുവിച്ചിട്ടുണ്ട്. ഒരേ കെട്ടിടപരിസരത്തിൽ ഒരേ ആവശ്യത്തിനായി അനുവദിച്ചു കൊടുത്ത ഒന്നിൽ കൂടുതൽ സർവ്വീസ് കണക്ഷനുകൾ ഉണ്ടായിരിക്കുവാൻ പാടില്ല എന്ന് അത് ഊന്നിപ്പറയുന്നു. എന്നാൽ, ഖണ്ഡം1.1 (iii) ൻ കീഴിൽ, പുറമേ നിന്നും പ്രത്യേക പ്രവേശന കവാടവും പ്രത്യേക വയറിങ്ങും നൽകപ്പെടുന്നുവെങ്കിൽ, ഗാർഹിക ആവശ്യത്തിനുള്ള ഒരു കെട്ടിടത്തിനുള്ളിലുള്ള താമസത്തിനുള്ള സ്വതന്ത്ര യൂണിറ്റുകൾക്ക് പ്രത്യേക സർവ്വീസ് കണക്ഷൻ സാധ്യമാക്കുന്ന ഒരു ഒഴിവാക്കൽ വ്യവസ്ഥചെയ്യപ്പെടുന്നു. അവിടെയും ഊന്നൽ, പ്രത്യേക കണക്ഷനുകൾ

താമസത്തിനുള്ള സ്വതന്ത്ര യൂണിറ്റുകളാലുള്ള ഉപയോഗത്തിനുവേണ്ടി ആയിരിക്കണമെന്ന കാഴ്ചപ്പാടിനാണ്. അതുകൊണ്ട്, പുറമേ നിന്നും പ്രത്യേക പ്രവേശന കവാടം ഉണ്ടെങ്കിൽ മാത്രവും പ്രത്യേക വയറിംഗ് നൽകിയിട്ടുണ്ടെങ്കിൽ മാത്രവുമേ ഒരു കെട്ടിടത്തിനുള്ളിലെ താമസത്തിനുള്ള സ്വതന്ത്ര യൂണിറ്റുകൾക്ക് പ്രത്യേകം കണക്ഷനുകൾ നൽകപ്പെടുകയുള്ളൂ എന്ന ഉപാധി നിഷ്കർഷിക്കുന്നതിൽ അധികാരസ്ഥാനങ്ങൾ ന്യായീകരിക്കപ്പെടുന്നു.

12. ഹർജിക്കാരന് വേണ്ടിയുള്ള പാണ്ഡിത്യമുള്ള അഭിഭാഷകൻ 15-06-2010-ലെ ബി. ഒ 1538/2010-ാം നമ്പർ ബോർഡ് ഉത്തരവ് എന്റെ സൂക്ഷ്മവായനയ്ക്കായി ഹാജരാക്കിയിരുന്നു. അതിലുള്ള സ്പഷ്ടീകരണം, പ്രത്യേകം കെട്ടിട നമ്പരുകളില്ലാത്ത ഒരു കെട്ടിടത്തിൽ വിവിധ ഉദ്ദേശ്യങ്ങൾക്കായി ഒരേ താരിഫിൽ ഒന്നിൽക്കൂടുതൽ സർവ്വീസ് കണക്ഷനുകൾ അനുവദിക്കുവാൻ സാധിക്കുമോ എന്ന ഒരു സംശയത്തെ മാത്രം സംബന്ധിച്ചുള്ളതാണ്. ബി. ഒ നമ്പർ 510/2010-ൽ അടങ്ങിയിട്ടുള്ള എല്ലാ ഉപാധികളും നിറവേറ്റുന്നതിനു വിധേയമായി ആ ചോദ്യത്തിന് സ്വീകാര്യാത്മകമായി ഉത്തരം നൽകപ്പെടുന്നു. അതുകൊണ്ട്, പുറമേ നിന്നും പ്രത്യേക പ്രവേശന കവാടവും പ്രത്യേക വയറിംഗും വ്യവസ്ഥ ചെയ്യുന്ന ഉപാധിയുടെ കാഠിന്യം പിന്നീടുള്ള ബോർഡ് ഉത്തരവ് ലഘൂകരിച്ചിട്ടില്ല എന്ന് വ്യക്തമാകുന്നു.

13. മേൽപ്പറഞ്ഞ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ, 26660/2013 നമ്പർ റിട്ട് ഹർജി (സി)-യിലെ എക്സിബിറ്റ് പി5 നോട്ടീസിന് എതിരെ ഉള്ള വാദത്തിനു പുറമേ, കണക്ഷനുകൾ വിച്ഛേദിച്ചതിന് എതിരെയുള്ള 25108/2013-ാം നമ്പർ റിട്ട് ഹർജി (സി)-യിലെ വാദവും പരാജയപ്പെടുന്നു. അതുകൊണ്ട്, ഈ രണ്ട് റിട്ട് ഹർജികളും തള്ളിക്കളഞ്ഞുകൊണ്ട് വിധിക്കപ്പെടാൻ വിധേയമാണ്. എന്നിരുന്നാലും, ഹർജിക്കാർക്ക് ചുരുങ്ങിയ സമയത്തിനുള്ളിൽ ആവശ്യമായ ഉപാധികൾ അനുപാലിക്കുവാൻ ഒരു അവസരം നൽകാമെന്ന് ഈ കോടതി അഭിപ്രായപ്പെടുന്നു. ആയതിനാൽ, ഈ റിട്ട് ഹർജികൾ താഴെപറയുന്ന നിർദ്ദേശങ്ങളോടു കൂടി തീർപ്പാക്കപ്പെടുന്നു.

(i) റിട്ട് ഹർജി (സി) 25108/2013 ലെ ഹർജിക്കാരൻ ഈ വിധിന്യായം ലഭിക്കുന്ന തീയതി മുതൽ രണ്ട് മാസ കാലാവധിക്കുള്ളിൽ പുറമേ നിന്നും പ്രത്യേക പ്രവേശന കവാടവും ഓരോ നിലയ്ക്കും പ്രത്യേക വയറിംഗും നൽകുന്നതിനെ സംബന്ധിച്ചുള്ള ഉപാധികൾ നിറവേറ്റുകയും സപ്ലൈയ്ക്കുള്ള പുനർ കണക്ഷനുവേണ്ടി ഒരു അപേക്ഷ നൽകുകയും ചെയ്താൽ, 5-ാം എതിർകക്ഷിയിൽ നിന്നും, അയാളുടെ വസ്തുവിൽ സ്ഥിതിചെയ്യുന്ന പോസ്റ്റിൽ നിന്നും ഏതെങ്കിലും സർവീസ് വയർ വലിക്കുന്നതിന് അയാളുടെ സമ്മതം നേടണമെന്ന് നിഷ്കർഷിക്കാതെ വൈദ്യുതി കണക്ഷൻ പുനഃസ്ഥാപിക്കേണ്ടതാണ്. പുനർകണക്ഷനു വേണ്ടി അപ്രകാരമുള്ള ഏതെങ്കിലും ഒരു അപേക്ഷ നിശ്ചിത സമയത്തിനകം ലഭിക്കുകയാണെങ്കിൽ, ആയത് 4-ാം എതിർകക്ഷി അധികം താമസം കൂടാതെ തീർപ്പാക്കേണ്ടതാണ്.

(ii) 26660/2013-ാം നമ്പർ റിട്ട് ഹർജി (സി) യിലെ എതിർകക്ഷികൾ, അതിലെ ഹർജിക്കാരന് എക്സിബിറ്റ് പി5 നോട്ടീസിന്റെ അടിസ്ഥാനത്തിൽ നൽകിയിട്ടുള്ള സപ്ലൈ, ഹർജിക്കാരൻ പ്രസ്തുത നോട്ടീസിൽ അടങ്ങിയിട്ടുള്ള ഉപാധികൾ അനുപാലിക്കുന്നുവെങ്കിൽ വിച്ഛേദിക്കുന്നതിലോ പൊളിച്ചു മാറ്റുന്നതിലോ നിന്നും വിലക്കപ്പെടുന്നു. ഹർജിക്കാരൻ നിശ്ചിത സമയപരിധിയ്ക്കുള്ളിൽ ഉപാധികൾ പാലിക്കുവാൻ വീഴ്ച വരുത്തുകയാണെങ്കിൽ, അപ്പോൾ, എക്സിബിറ്റ് പി5 അനുസരിച്ചുള്ള മറ്റ് നടപടികൾ തുടരേണ്ടതാണെന്ന് നിരീക്ഷിക്കേണ്ട ആവശ്യമില്ല.

ഈ രണ്ട് കേസ്സുകളിലും പ്രത്യേക കണക്ഷനുകൾ താമസത്തിനുള്ള പ്രത്യേക യൂണിറ്റുകൾക്കുവേണ്ടി ആവശ്യപ്പെടുന്നു എന്ന് ഉറപ്പുവരുത്തുവാനുള്ള സ്വാതന്ത്ര്യം എതിർകക്ഷിക്കുണ്ട്.

# ബഹു. കേരള ഹൈക്കോടതി മുമ്പാകെ

ബഹു: ജസ്റ്റിസ് കെ. എം. ജോസഫ്

&

ബഹു: ജസ്റ്റിസ് എ. കെ ജയശങ്കരൻ നമ്പ്യാർ

**രാജൻ**

**അഭി**

**കേരള സർക്കാർ**

**ഒ.പി. (കെ എ റ്റി) നം: 4241/2013**

2014 ജൂലൈ 1 ന് വിധി പ്രസ്താവിച്ചത്

**സർവ്വീസ് ചട്ടങ്ങൾ (കേരള), ഭാഗം III, ചട്ടം 3 ക (ക)--നീതിന്യായ നടപടികൾ അപരാധിയായ ജീവനക്കാരന്റെ സർവ്വീസ് കാലയളവിലെ ഗുരുതരമായ നടപടിദൂഷ്യമോ ഉപേക്ഷയോ വെളിപ്പെടുത്തേണ്ടതാണ്--ചട്ടം 28 (ഖ) യുടെ ആവശ്യത്തിന് പ്രസക്തമായത് ചട്ടം 3 ക യെ സംബന്ധിച്ചിടത്തോളം പ്രസക്തി ഉണ്ടായിരിക്കണമെന്നില്ല.**

## വിധിന്യായം

*ബഹു: ജസ്റ്റിസ് കെ. എം. ജോസഫ്,*

ഭരണഘടനയുടെ 227-ാം അനുച്ഛേദ പ്രകാരം ഫയൽചെയ്ത ഈ ഹർജിയിൽ, ഹർജിക്കാരൻ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, തിരുവനന്തപുരം (ഇതിൽ ഇതിനുശേഷം 'ട്രൈബ്യൂണൽ' എന്നാണ് പരാമർശിക്കപ്പെടുക) പാസ്സാക്കിയ ഒരു ഉത്തരവിനെ ചോദ്യം ചെയ്യുന്നു. അയാൾ, തന്റെ ഡി. സി. ആർ. ജി.-യുടെയും വിരമിക്കൽ ആനുകൂല്യങ്ങളുടേയും സംവിതരണത്തിനു വേണ്ടിയുള്ള തന്റെ അപേക്ഷ നിരസിച്ചു കൊണ്ടുള്ള അനുബന്ധം എ-5 ഉത്തരവിനെ ചോദ്യം ചെയ്തുകൊണ്ട് ആദ്യ അപേക്ഷ ഫയൽചെയ്യുകയുണ്ടായി.

2. ഹർജിക്കാരൻ, അയാൾ സിവിൽ സപ്ലൈസ് വകുപ്പിൻ കീഴിൽ താലൂക്ക് സപ്ലൈ ആഫീസറായി ജോലി ചെയ്തുകൊണ്ടിരിക്കുന്ന വേളയിൽ സർവ്വീസിൽ നിന്നും വിരമിച്ചു. അയാൾ പത്തനംതിട്ട ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയുടെ ഫയലിലുള്ള സി.സി. 153/2008 നമ്പർ കേസിലെ ഒരു പ്രതിയായിരുന്നു. അയാൾ ഇൻഡ്യൻ ശിക്ഷാ നിയമ സംഹിതയിലെ 34-ാം വകുപ്പുമായി കൂട്ടിവായിക്കപ്പെട്ട വകുപ്പുകൾ 342, 332, 294 (ഖ) പ്രകാരം ശിക്ഷാർഹമായ കുറ്റങ്ങൾക്ക് കുറ്റസ്ഥാപനം ചെയ്യപ്പെടുക യുണ്ടായി. അപ്പീലിൽ, അയാൾ തന്റെ കുറ്റസ്ഥാപനവും ശിക്ഷാവിധിയും നിർത്തി വെയ്ക്കുന്ന 22/8/2012-ലെ ഒരു ഉത്തരവ് നേടിയിരുന്നു. അതിനുശേഷം, അയാൾ ഡെത്ത് കം റിട്ടയർമെന്റ് ഗ്രാറ്റുവിറ്റിയ്ക്കും മറ്റു ടെർമിനൽ ആനുകൂല്യങ്ങൾക്കും വേണ്ടിയുള്ള ഒരു അവകാശവാദം ഉന്നയിക്കുകയുണ്ടായി. പ്രസ്തുത അപേക്ഷ അനുബന്ധം എ-5 മുഖേന നിരസിക്കപ്പെടുകയുണ്ടായി.

3. ആ ക്രിമിനൽ കേസ്, പോലീസിലെ വിജിലൻസ് വിഭാഗത്തിൽ പ്രസ്തുത ആഫീസിന് എതിരായി അഴിമതി സംബന്ധിച്ച്

പരാതികൾ ലഭിച്ചതുകൊണ്ട്, നടപടികൾ നിരീക്ഷിക്കുവാൻ നിയോഗിക്കപ്പെട്ട ഒരു പോലീസ് കോൺസ്റ്റബിളിനെ ശാരീരികമായി ആക്രമിച്ചതിൽ നിന്നും ഉത്ഭവിച്ചതാണെന്ന് ട്രൈബ്യൂണൽ ശ്രദ്ധിച്ചിരുന്നു.

4. കെ. എസ്. ആർ-ഭാഗം III-ലെ ചട്ടം 3 ക (ക), മറ്റു പലതിന്റെയും കൂട്ടത്തിൽ, താഴെപ്പറയും പ്രകാരമാണ്.

"ചട്ടം 3 ക (ക) :- നിർബന്ധിത വിരാമ പ്രായം തികയുന്നതിന്മേലോ മറ്റു വിധത്തിലോ സർവ്വീസിൽ നിന്നും വിരമിച്ചിട്ടുള്ള ഒരു ജീവനക്കാരനെതിരായി ചട്ടം 3 പ്രകാരം വകുപ്പുതലത്തിലോ നീതിന്യായപരമായതോ ആയ നടപടികൾ ആരംഭിക്കുന്നിടത്തോ അതിന്റെ പരിമിതിവ്യവസ്ഥയിലെ (ക) ഖണ്ഡപ്രകാരം ഒരു വകുപ്പുതല നടപടി തുടരുന്നിടത്തോ വിരമിക്കൽ തീയതി മുതൽ തുടങ്ങി അങ്ങനെയുള്ള നടപടിയുടെ സമാപ്തിയിന്മേൽ അന്തിമ ഉത്തരവുകൾ പാസ്സാക്കുന്ന തീയതി വരെയോ വിരമിക്കൽ തീയതിയിൽ അയാൾ സസ്പെൻഷനിലായിരുന്നുവെങ്കിൽ, അയാൾ സസ്പെൻഷനിൽ വയ്ക്കപ്പെട്ട തീയതിയ്ക്കു തൊട്ടുമുമ്പുള്ള തീയതി വരെയോ ഉള്ള കാലയളവിൽ വിരമിക്കൽ തീയതി വരെയുള്ള യോഗ്യതാ സർവ്വീസിന്റെ അടിസ്ഥാനത്തിൽ അനുവദനീയമായിരിക്കുമായിരുന്ന ഏറ്റവും കൂടുതൽ പെൻഷനിൽ കവിയാത്ത ഒരു താത്കാലിക പെൻഷൻ അയാൾക്ക് കൊടുക്കേണ്ടതും, എന്നാൽ അങ്ങനെയുള്ള നടപടിയുടെ സമാപ്തിവരെയും അതിന്മേൽ അന്തിമ ഉത്തരവുകൾ പുറപ്പെടുവിക്കുന്നതുവരെയും അയാൾക്ക് യാതൊരു ഗ്രാറ്റുവിറ്റിയോ ഡെത്ത് കം റിട്ടയർമെന്റ് ഗ്രാറ്റുവിറ്റിയോ നല്കുവാൻ പാടില്ലാത്തതുമാണ്.

(ഖ) (ക) ഖണ്ഡ പ്രകാരം നൽകിയ താല്ക്കാലിക പെൻഷൻ, മുകളിൽപ്പറഞ്ഞ നടപടിയുടെ സമാപ്തിയിൻന്മേൽ അങ്ങനെയുള്ള ജീവനക്കാരന് അനുവദിച്ചിട്ടുള്ള അന്തിമ വിരമിക്കൽ ആനുകൂല്യങ്ങളിൽ വകവയ്ക്കേണ്ടതും, എന്നാൽ അന്തിമമായി അനുവദിക്കപ്പെട്ട പെൻഷൻ താല്ക്കാലിക പെൻഷനെക്കാൾ കുറവാണെങ്കിലോ സ്ഥിരമായോ ഒരു നിശ്ചിത കാലത്തേയ്ക്കോ പെൻഷൻ കുറയ്ക്കപ്പെടുകയോ നിർത്തിവയ്ക്കപ്പെടുകയോ ചെയ്യുന്നിടത്തോ, യാതൊരു വസൂലാക്കലും നടത്തുവാൻ പാടുള്ളതല്ല.

**കുറിപ്പ്**- നടപടിയുടെ സമാപ്തിയിൻന്മേൽ അന്തിമ പെൻഷൻ അനുവദിയ്ക്കുമ്പോൾ ഈ ചട്ട പ്രകാരമുള്ള പെൻഷൻ നല്കൽ, 59-ാം ചട്ടത്തിന്റെ പ്രവർത്തനത്തിന് ഭംഗം വരുത്തുവാൻ പാടില്ലാത്തതാണ്."

ഈ നിർണ്ണായക സമയത്ത് ചട്ടം 3 പരാമർശിക്കുന്നതും പ്രസക്തമാണ്:

"3. പെൻഷൻകാരൻ ഒരു വകുപ്പുതല അല്ലെങ്കിൽ നീതിന്യായ നടപടിയിൽ വിരമിക്കലിനുശേഷമുള്ള പുന:നിയമനത്തിൻ മേൽ നല്കിയ സർവ്വീസ് ഉൾപ്പെടെയുള്ള തന്റെ സർവ്വീസ് കാലാവധിയിൽ ഗുരുതരമായ നടപടിദൂഷ്യത്തിനോ ഉപേക്ഷയ്ക്കോ അപരാധിയായി കണ്ടെത്തപ്പെടുന്നുവെങ്കിൽ, പെൻഷനെയോ അതിന്റെ ഏതെങ്കിലും ഭാഗത്തേയോ, സ്ഥിരമായോ ഒരു വിനിർദ്ദിഷ്ട കാലത്തേക്കോ ആയാലും, നിർത്തിവയ്ക്കുന്നതിനോ പിൻവലിക്കുന്നതിനോ ഉള്ള അവകാശവും സർക്കാരിന് വരുത്തിയിട്ടുള്ള ഏതെങ്കിലും ധനപരമായ നഷ്ടം മുഴുവനോ അതിന്റെ ഭാഗമോ പെൻഷനിൽ നിന്നും വസൂലാക്കാൻ ഉത്തരവിടാനുള്ള അവകാശവും സർക്കാർ അവർക്കുതന്നെ മാറ്റിവയ്ക്കുന്നു".

5. ട്രൈബ്യൂണൽ കണ്ടെത്തിയതുപോലെ ഡി.സി.ആർ.ജി-ക്കും മുഴുവൻ പെൻഷനുമുള്ള അപേക്ഷയുടെ നിരസനം ന്യായീകരിക്കേണ്ടതാണെന്ന് ചട്ടം 3 ക (ക) സൂക്ഷ്മമായി വായിച്ചുനോക്കുമ്പോൾ വ്യക്തമാകുന്നു. എന്നിരുന്നാലും, ഹർജിക്കാരന് വേണ്ടിയുള്ള പാണ്ഡിത്യമുള്ള അഭിഭാഷകൻ *ജാർഖണ്ഡ് സംസ്ഥാനവും മറ്റുള്ളവരും* അഭി *ജിതേന്ദ്ര കുമാർ ശ്രീവാസ്തവയും മറ്റൊരാളും* (2013 (3) കെ. എൽ. റ്റി 782 (എസ്. സി) = 2013 കെ. എച്ച്. സി 4628) എന്ന കേസിൽ റിപ്പോർട്ട്ചെയ്ത ഒരു വിധിന്യായത്തെ നമ്മുടെ ശ്രദ്ധയിലേയ്ക്ക്

കൊണ്ടുവരുന്നു. ഭരണനിർവ്വഹണ വിഭാഗത്തിന്റെ നിർദ്ദേശങ്ങൾക്ക് നിയമ സ്വഭാവം ഇല്ലാത്തതും ആയതിനാൽ ഭരണഘടനയുടെ അനുച്ഛേദം 300 ക (ക) യുടെ അർത്ഥത്തിനുള്ളിലുള്ള 'നിയമം' എന്ന് പറയുവാൻ സാധിക്കുന്നില്ല എന്ന വീക്ഷണം കോടതി എടുത്ത ഒരു കേസ് ആയിരുന്നു അത്. ആ വിധിന്യായത്തിൽ ആശ്രയം അർപ്പിച്ചുകൊണ്ട് വകുപ്പുതല നടപടികൾ അല്ലെങ്കിൽ ക്രിമിനൽ നടപടികൾ നിലവിലിരിക്കുന്ന വേളയിൽ എതിർ കക്ഷികൾക്ക് പെൻഷന്റേയോ ഗ്രാറ്റുവിറ്റിയുടെയോ ഒരു ഭാഗം പോലും തടഞ്ഞു വയ്ക്കുവാൻ കഴിഞ്ഞിരുന്നില്ല എന്ന് വാദിക്കുന്നു. സുപ്രീം കോടതി മുമ്പാകെയുള്ള കേസിലെ വസ്തുതകൾ പോലെയല്ലാതെ, ഈ കേസിലെ വിഷയം ഒരു സ്റ്റാട്ട്യൂട്ടറി ചട്ടത്താൽ, അതായത് കെ. എസ്. ആർ-ലെ III-ാം ഭാഗത്തിലെ ചട്ടം 3 ക-യാൽ അനുശാസിക്കപ്പെടുന്നു. ആയതിനാൽ, ഹർജിക്കാരൻ ആശ്രയിച്ച വിധിന്യായത്തിന് യാതൊരു ബാധകതയും ഇല്ല.

***cessante causa, cessat effectus.*** *(When the cause ceases, the effect ceases.)* ***കാരണം ഇല്ലാതാകുമ്പോൾ ഫലവും ഇല്ലാതാകുന്നു.***

6. ഹർജിക്കാരന് വേണ്ടിയുള്ള പാണ്ഡിത്യമുള്ള അഭിഭാഷകൻ, ഹർജിക്കാരനെതിരായ കുറ്റത്തെ പെൻഷൻ ആനുകൂല്യം നിഷേധിക്കലും ഡി. സി. ആർ. ജി തടഞ്ഞുവയ്ക്കലും ന്യായീകരിക്കുവാനന്ത്ര ഗുരുതരമായി പരിഗണിക്കുവാൻ കഴിയില്ലായെന്ന് വാദിക്കുന്നു. പ്രസ്തുത വാദത്തിന് അനുകൂലമായി, പാണ്ഡിത്യമുള്ള അഭിഭാഷകൻ കെ. എസ് & എസ്. എസ്. ആർ-ലെ ചട്ടം 28 (ഖ) കുറിപ്പ്- (i)- നെ അവലംബിക്കുന്നു, അത്, മറ്റ് പലതിന്റെയും കൂട്ടത്തിൽ, താഴെപ്പറയും പ്രകാരമാണ്:

"**ചട്ടം 28(ഖ) കുറിപ്പ്**-(i) സസ്പെൻഷനിലുള്ള ഉദ്യോഗസ്ഥരും ഏത് ഉദ്യോഗസ്ഥർക്ക് എതിരെയാണോ ഒരു സെഷൻസ് കോടതിയിലോ മറ്റ് ഏതെങ്കിലും ഉയർന്ന കോടതിയിലോ കൊലപാതകം, കൂട്ടായ്മ കവർച്ച മുതലായ ഗുരുതരമായ കുറ്റങ്ങൾക്ക് ക്രിമിനൽ നടപടികൾ നിലവിലിരിക്കുന്നത് അവരും ഏത് ഉദ്യോഗസ്ഥർക്ക് എതിരായാണോ അവർക്ക് ബാധകമാകുന്ന അച്ചടക്ക ചട്ടങ്ങൾ പ്രകാരം ഒരു മേജർ ശിക്ഷ ചുമത്തലിനു വേണ്ടി വകുപ്പുതല നടപടികൾ എടുക്കപ്പെടുന്നത് അവരും സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്തപ്പെടാൻ പാടില്ലാത്തതാണ്. എന്നാൽ, അങ്ങനെയുള്ള ഒരു ഉദ്യോഗസ്ഥന്റെ ഉദ്യോഗകയറ്റത്തിനുള്ള അനുയോജ്യത ഉദ്യോഗകയറ്റത്തിനുള്ള വകുപ്പുതല സമിതി പ്രസക്തമായ സമയത്ത് വിലയിരുത്തേണ്ടതും ആ ഉദ്യോഗസ്ഥൻ സസ്പെന്റ് ചെയ്യപ്പെട്ടിരുന്നില്ലന്നോ അയാൾക്കെതിരെ ക്രിമിനൽ നടപടികൾ/വകുപ്പുതല നടപടികൾ നിലവിലിരുന്നില്ലെന്നോ ഉള്ള ഒരു കണ്ടെത്തലിൽ എത്തിച്ചേർന്നാൽ, അയാൾ ഉദ്യോഗകയറ്റത്തിന് ശിപാർശ ചെയ്യപ്പെടുകയോ തിരഞ്ഞെടുക്കപ്പെടുകയോ ചെയ്യപ്പെട്ടിരിക്കേണ്ടതാണ്. ഒരു സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നിടത്ത്, ഉദ്യോഗകയറ്റത്തിന് വേണ്ടിയുള്ള വകുപ്പുതല സമിതി ആ സെലക്ട് ലിസ്റ്റിൽ ഉള്ള ഉദ്യോഗസ്ഥരുടെ സ്ഥാനം അയാൾക്കെതിരെ സസ്പെൻഷനോ ക്രിമിനൽ നടപടികൾ/ വകുപ്പുതല നടപടികളോ ഇല്ലാതിരുന്നുവെങ്കിൽ എന്തായിരിക്കുമായിരുന്നുവെന്ന ഒരു കണ്ടെത്തലും രേഖപ്പെടുത്തേണ്ടതുമാണ്. ആ ഉദ്യോഗസ്ഥന്റെ അനുയോജ്യതയേയും സെലക്ട് ലിസ്റ്റിലെ സ്ഥാനത്തെയും കുറിച്ചുള്ള കണ്ടെത്തലുകൾ പ്രത്യേകമായി രേഖപ്പെടുത്തുകയും നടപടികളോട് കൂട്ടിചേർക്കുകയും ചെയ്യേണ്ടതാണ്. ഉദ്യോഗക്കയറ്റത്തിനുള്ള വകുപ്പുതല സമിതിയുടെ നടപടികളിൽ, "കൂട്ടിച്ചേർത്തിട്ടുള്ള പേപ്പറിൽ കണ്ടെത്തലുകൾ രേഖപ്പെടുത്തിയിട്ടുണ്ട്" എന്ന ഒരു കുറിപ്പ് അടങ്ങുക മാത്രമാണ് ചെയ്യേണ്ടത്. ഒഴിവ് നികത്തുവാൻ ക്ഷമതയുള്ള അധികാരസ്ഥാനം ഒഴിവ് താല്ക്കാലിക അടിസ്ഥാനത്തിൽ മാത്രം നികത്തുവാൻ പ്രത്യേകമായി ഉപദേശിക്ക

പ്പെടേണ്ടതാണ്. ഏത് ഉദ്യോഗസ്ഥർക്ക് എതിരെയാണോ ഒരു പ്രാഥമിക അന്വേഷണത്തിൽ കുറ്റാരോപണങ്ങൾ പ്രഥമ ദൃഷ്ട്യാ സ്ഥാപിക്കപ്പെട്ടതിനു ശേഷം വിജിലൻസ് അല്ലെങ്കിൽ വകുപ്പുതല നടപടികൾ എടുക്കപ്പെടുന്നുവോ അവർ സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്തപ്പെടുവാൻ പാടില്ലാത്തതാണ്. എന്നാൽ, അങ്ങനെയുള്ള ഉദ്യോഗസ്ഥരുടെ കേസുകൾ കൂടി വിലയിരുത്തപ്പെടേണ്ടതാണ്. അവരെ സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്തുന്ന പ്രശ്നം അന്വേഷണത്തിന്റെ ഫലം അറിയുമ്പോൾ പരിഗണിക്കേണ്ടതാണ്. എന്നിരുന്നാലും, ഏത് ഉദ്യോഗസ്ഥർക്ക് എതിരെയാണോ ഒരു ലഘു ശിക്ഷ ചുമത്തലിനു വേണ്ടി വകുപ്പുതല നടപടികൾ എടുക്കപ്പെടുന്നത് അവർ അവർക്കെതിരെ ആരംഭിക്കപ്പെട്ട അച്ചടക്ക നടപടികൾ നിലവിലില്ലായിരുന്നുവെങ്കിൽ അവർ അനുയോജ്യരായി കണ്ടെത്തപ്പെടുമെങ്കിൽ, സെലക്ട് ലിസ്റ്റിൽ താല്ക്കാലികമായി ഉൾപ്പെടുത്തപ്പെടാവുന്നതാണ്.''

7. കുറ്റങ്ങൾ ഗുരുതരമല്ല എന്ന് അദ്ദേഹം ബോധിപ്പിക്കുന്നു. താൻ സമർപ്പിച്ച ഒരു റിട്ട് ഹർജിയിൽ ഉദ്യോഗക്കയറ്റത്തിനുള്ള പരിഗണനയ്ക്ക് ഈ കോടതി നിർദ്ദേശിച്ചിരുന്നുവെന്നും കൂടി ബോധിപ്പിച്ചു. കുറ്റസ്ഥാപനവും ശിക്ഷാവിധിയും നിർത്തിവയ്ക്കപ്പെടുന്നു എന്ന വസ്തുതയ്ക്ക് പുറമേ, ഒരു വേതന വർദ്ധനവ് തടഞ്ഞുകൊണ്ട് വകുപ്പുതല നടപടികളും കൂടി അവസാനിക്കപ്പെടുകയും ആയതിനാൽ അനുബന്ധം എ-5 പുറപ്പെടുവിക്കപ്പെട്ടിരിക്കുവാൻ പാടില്ലാത്തതും വിരമിക്കൽ ആനുകൂല്യങ്ങൾ അയാൾക്ക് നല്കപ്പെട്ടിരിക്കേണ്ടതുമായ ഒരു ഉചിതമായ കേസാണ് ഇതെന്ന് അടുത്തതായി അദ്ദേഹം ബോധിപ്പിക്കുന്നു.

**_cogitationis poenam nemo patitur._**
*(The thoughts and intents of men are not punishable.)*
***മനുഷ്യരുടെ ചിന്തകളും ആശയങ്ങളും ശിക്ഷിക്കപ്പെടാവുന്നതല്ല.***

8. നേരെമറിച്ച്, പാണ്ഡിത്യമുള്ള ഗവ. പ്ലീഡർ, *രവീന്ദ്രൻ നായർ* അഭി *കേരള സർക്കാർ* (2007 (1) കെ. എൽ. റ്റി 605 എഫ്. ബി) എന്ന കേസിൽ റിപ്പോർട്ട്ചെയ്ത ഫുൾ ബെഞ്ചിന്റെ ഒരു വിധിന്യായത്തിലേയ്ക്ക് ഞങ്ങളുടെ ശ്രദ്ധ ക്ഷണിക്കുന്നു. അതിൽ സർക്കാരിന് ഏതെങ്കിലും ധനപരമായ നഷ്ടം ഉണ്ടാക്കിയിട്ടില്ലെങ്കിൽ കൂടിയും, ഒരു പെൻഷൻകാരനെതിരായി തെളിയിക്കപ്പെട്ട നടപടി ദൂഷ്യത്തിന്റെ കാരണത്താൽ പെൻഷനേയോ അതിന്റെ ഏതെങ്കിലും ഭാഗത്തേയോ, സ്ഥിരമായോ ഒരു വിനിർദ്ദിഷ്ട കാലത്തേക്കോ ആയാലും, തടഞ്ഞുവയ്ക്കുവാനോ പിൻവലിക്കുവാനോ ഉള്ള അവകാശം സർക്കാരിന് ഉണ്ടെന്ന ഒരു വീക്ഷണം കോടതി എടുത്തിരുന്നു. അതു കൂടാതെ ചട്ടം 3 ക-യിൽ വ്യവസ്ഥചെയ്തിട്ടുള്ളത് ഏതെങ്കിലും വകുപ്പുതല അല്ലെങ്കിൽ നീതിന്യായ നടപടികൾ ആരംഭിക്കുന്നിടത്ത്, ചട്ടം 3 പ്രകാരം യാതൊരു ഗ്രാറ്റുവിറ്റിയോ ഡി. സി. ആർ. ജി-യോ കൊടുക്കുവാൻ പാടില്ലായെന്നും നടപടികളുടെ സമാപ്തി വരെയും അതിൻമേൽ അന്തിമ ഉത്തരവുകൾ പുറപ്പെടുവിക്കുന്നത് വരെയും താല്ക്കാലിക പെൻഷന് മാത്രമേ ജീവനക്കാരന് അവകാശമുള്ളൂ എന്നുള്ളത് ഞങ്ങൾ ശ്രദ്ധിക്കുകയും ചെയ്യുന്നു. ആയതിനാൽ, ചട്ടം 3 പ്രകാരം ആരംഭിക്കപ്പെട്ട നീതിന്യായ നടപടികൾ ചട്ടം 3 ക (ക)-യെ ആകർഷിക്കുവാനുള്ള അർത്ഥം എന്താണെന്ന് ഞങ്ങൾ പരിഗണിക്കേണ്ടിയിരിക്കുന്നു. ചട്ടം 3-നെ സംബന്ധിച്ചിടത്തോളം വ്യവസ്ഥ ചെയ്യപ്പെടുന്നത് പെൻഷൻ തടഞ്ഞുവയ്ക്കാനും പിൻവലിക്കുവാനും സർക്കാരിനുള്ള ഒരു അവകാശവും ഏതെങ്കിലും ധനപരമായ മുഴുവൻ നഷ്ടത്തിന്റെയോ അതിന്റെ ഭാഗത്തിന്റെയോ വസൂലാക്കലിന് ഉത്തരവിടാനുള്ള ഒരു അവകാശവും കൂടിയാണ്. അതിനുശേഷം, പെൻഷൻകാരൻ തന്റെ സേവന കാലയളവിൽ ഒരു വകുപ്പുതല അല്ലെങ്കിൽ നീതിന്യായ നടപടികളിൽ ഗുരുതരമായ നടപടി ദൂഷ്യത്തിനോ ഉപേക്ഷയ്ക്കോ അപരാധിയായി കണ്ടെത്ത

പ്പെടുന്നുവെങ്കിൽ, അതിൽ (സേവന കാലയളവിൽ) വിരമിക്കലിനുശേഷം പുനർനിയമനത്തിൻമേൽ നൽകിയിട്ടുള്ള സേവനവും ഉൾപ്പെടുന്നതാണ് എന്ന ഉപാധികളും അതിൻകീഴിൽ വ്യവസ്ഥ ചെയ്യപ്പെടുന്നു. ആയതിനാൽ, നീതിന്യായ നടപടികൾ അയാളുടെ സേവന കാലയളവിൽ ഗുരുതരമായ നടപടിദൂഷ്യമോ ഉപേക്ഷയോ വെളിപ്പെടുത്തിയിരിക്കേണ്ടതാണ്. ചട്ടം 28 (ഖ)-യുടെ ആവശ്യത്തിന് പ്രസക്തമായത് ചട്ടം 3(ക)-യെ സംബന്ധിച്ചിടത്തോളം പ്രസക്തി ഉണ്ടായിരിക്കണമെന്നില്ല. അതിനുപുറമേ, അപ്പീൽവാദിക്കെതിരായി കണ്ടെത്തിയ കുറ്റാരോപണം പോലീസിന്റെ വിജിലൻസ് വിഭാഗത്തിലുള്ള ഒരു പോലീസ് കോൺസ്റ്റബിളിനെ ശാരീരികമായി ആക്രമിക്കൽ എന്നതാണ്. അങ്ങനെയുള്ള ഒരു കുറ്റാരോപണം, തെളിയിക്കപ്പെട്ടാൽ, ഗുരുതരമായ ഒരു നടപടിദൂഷ്യം ആകുന്നില്ല എന്ന വാദം അംഗീകരിക്കുവാൻ ഞങ്ങൾ തയ്യാറല്ല. അപ്പീൽ നിലവിലിരിക്കുന്നുവെങ്കിലും കുറ്റസ്ഥാപനവും ശിക്ഷാവിധിയും നിർത്തിവയ്ക്കപ്പെടുന്നുവെങ്കിൽ പോലും, ചട്ടം 3 ക യുടെ വെളിച്ചത്തിൽ അനുബന്ധം എ-5 അനുകൂലിക്കപ്പെടേണ്ടതാണെന്ന് ഞങ്ങൾക്ക് തോന്നുന്നു. ആയതിനാൽ, ചട്ടം 3 ക വ്യക്തമായി ആകർഷിക്കപ്പെടുകയും അനുബന്ധം എ-5 പൂർണ്ണമായും ന്യായീകരിക്കപ്പെടുകയും ആവശ്യപ്പെട്ട മുഴുവൻ പെൻഷനും കൊടുത്തുതീർക്കുവാനുള്ള നിർദേശം പൂർണ്ണമായും തെറ്റായിട്ടുള്ളതുമാകുന്നു. ആദ്യ ഹർജി തള്ളിക്കളയുക മാത്രം ചെയ്യേണ്ടതും ഞങ്ങൾ അപ്രകാരം ചെയ്യുകയും ചെയ്യുന്നു.

❋

***clausula quae abrogationem excludit ab initio non valet.***
*(A clause which precludes its abrogation is void from the beginning.)*
**അതിന്റെ റദ്ദാക്കൽ മുൻകൂട്ടി തടയുന്ന ഒരു ഖണ്ഡം തുടക്കം മുതൽ അസാധുവാണ്.**

## ബഹു. കേരള ഹൈക്കോടതി മുമ്പാകെ

ബഹു. ജസ്റ്റിസ് അശോക് ഭൂഷൺ

&

ബഹു ജസ്റ്റിസ് എ. എം. ഷഫീഖ്

**രാധാകൃഷ്ണൻ നായർ**

**അഭി**

**ഗവൺമെന്റ് സെക്രട്ടറി**

**റിട്ട് അപ്പീൽ നം. 1072/2012**

2014 ജൂലൈ 22-ന് വിധി പ്രസ്താവിച്ചത്

**സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് ചട്ടങ്ങൾ, 1958 (കേരള) ഭാഗം II ചട്ടങ്ങൾ 8, 24 & 26--ഒരു `ഫുൾ മെമ്പറുടെ' മറ്റൊരു സർവ്വീസിലേയ്ക്കുള്ള നിയമനത്തിൻമേൽ അയാൾക്ക് മുൻ സർവ്വീസിലുള്ള ഏതെങ്കിലും ലീൻ ഇല്ലാതാകുന്നു.**

## വിധിന്യായം

*ജസ്റ്റിസ് അശോക് ഭൂഷൺ:*

ഈ റിട്ട് അപ്പീലിലെ റിട്ട് അപ്പീൽ വാദി റിട്ട് ഹർജി (സിവിൽ) നം. 28771/2004-ലെ റിട്ട് ഹർജിക്കാരനായിരുന്നു. ആ റിട്ട് ഹർജിയെ പാണ്ഡിത്യമുള്ള സിംഗിൾ ജഡ്ജി 21-11-2011-ലെ വിധിന്യായം മുഖേന തള്ളിക്കളഞ്ഞിരുന്നു. ആ വിധിന്യായത്തെ ചോദ്യം ചെയ്തുകൊണ്ടാണ് ഈ റിട്ട് അപ്പീൽ ഫയൽ ചെയ്തിട്ടുള്ളത്.

2. അപ്പീലിന് വഴിവെയ്ക്കുന്ന കേസിന്റെ സംക്ഷിപ്തമായ വസ്തുതകൾ: അപ്പീൽവാദി (ഇതിനുശേഷം `റിട്ട് ഹർജിക്കാരൻ' എന്നാണ് പരാമർശിക്കപ്പെടുക) വിദ്യാഭ്യാസ വകുപ്പിൽ ലോവർ ഡിവിഷൻ ക്ലാർക്കായി നിയമിതനായി. പിന്നീട് അയാൾ സെക്രട്ടറിയേറ്റിലെ നിയമ വകുപ്പിൽ ലീഗൽ അസിസ്റ്റന്റ് ഗ്രേഡ്-II ആയി 7/11/1980-ൽ നിയമിതനായി. 28/1/1983-ൽ അയാൾ ലീഗൽ അസിസ്റ്റന്റ് ഗ്രേഡ്-I ആയി ഉദ്യോഗകയറ്റം ചെയ്യപ്പെട്ടു. ലീഗൽ അസിസ്റ്റന്റ് ഗ്രേഡ്-I ആയി ജോലിചെയ്ത് വരവെ അയാൾ തസ്തികമാറ്റം വഴിയുള്ള നിയമന രീതി പ്രകാരം ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസറുടെ തസ്തികയിലേയ്ക്കുള്ള തിരഞ്ഞെടുപ്പിനുവേണ്ടി പബ്ലിക് സർവ്വീസ് കമ്മീഷനിൽ (പി. എസ്. സി) അപേക്ഷിക്കുകയുണ്ടായി. പി. എസ്. സി. ഹർജിക്കാരനെ ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസറായി തിരഞ്ഞെടുക്കുകയും നിയമനത്തിനായി അഡൈ്വസ് ചെയ്യുകയും ചെയ്തു. ഹർജിക്കാരൻ 29/4/1988-ലെ ഉത്തരവു വഴി ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസറായി നിയമിതനായി. അയാൾ 2/5/1988-ൽ ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസറായി ജോലിയിൽ പ്രവേശിച്ചു. 23/12/89-ലെ ഉത്തരവ് മുഖേന അയാൾ നിയമവകുപ്പിൽ സെക്ഷൻ ആഫീസറായി ഉദ്യോഗക്കയറ്റം ചെയ്യപ്പെടുകയുണ്ടായി. എന്നിരുന്നാലും, ഹർജിക്കാരൻ ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസറായി

ജോലിയിൽ തുടരുകയുണ്ടായി. സെക്ഷൻ ഓഫീസർമാരെ അണ്ടർ സെക്രട്ടറിമാരായി ഉദ്യോഗക്കയറ്റം ചെയ്തുകൊണ്ട് 20/10/98-ലെ ഉദ്യോഗക്കയറ്റ ലിസ്റ്റ് നിയമ വകുപ്പിൽ പുറപ്പെടുവിക്കുകയുണ്ടായി. ആ ലിസ്റ്റിൽ ഹർജിക്കാരന്റെ പേര് ഉൾപ്പെടുത്തപ്പെട്ടിരുന്നില്ല. ഹർജിക്കാരൻ, അണ്ടർ സെക്രട്ടറിയായി ഉദ്യോഗ ക്കയറ്റത്തിനുള്ള തന്റെ കേസ് പരിഗണി ക്കുവാൻ ഒന്നാം എതിർകക്ഷിക്ക് ഒരു നിവേദനം നൽകുകയുണ്ടായി. ഹർജിക്കാരൻ, അനന്തരഫലമായുള്ള ആനുകൂല്യങ്ങളോട് കൂടി നിയമ വകുപ്പിലേയ്ക്ക് തിരിച്ചെടുക്കലിനു വേണ്ടി 5/10/98-ലെ ഒരു നിവേദനം സർക്കാരിന്റെ നിയമ സെക്രട്ടറിയ്ക്ക് സമർപ്പിക്കുകയും കൂടി ചെയ്യുകയുണ്ടായി. തിരിച്ചെടുക്കലിനുള്ള ഹർജിക്കാരന്റെ കേസ് പരിഗണിക്കപ്പെട്ടു, എന്നാൽ അയാൾക്ക് അനുകൂലമായി യാതൊരു അന്തിമ തീരുമാനവും എടുക്കുവാൻ കഴിഞ്ഞിരുന്നില്ല. ഈ സമയത്ത് ഹർജിക്കാരൻ ഗ്രാമ വികസന വകുപ്പിൽ 1998-ൽ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണറായി ഉദ്യോഗക്കയറ്റം ചെയ്യപ്പെടുകയുണ്ടായി. ഹർജിക്കാരൻ, നിയമ വകുപ്പിലേയ്ക്ക് തിരിച്ചെടുക്കലിനു വേണ്ടി റവന്യൂവും നിയമവും വകുപ്പ് മന്ത്രിക്ക് 19/10/2002-ലെ നിവേദനം വീണ്ടും സമർപ്പിക്കുകയുണ്ടായി. എസ്. എൽ. പി. നം. 14996/98-ൽ സുപ്രീം കോടതി പാസ്സാക്കിയ തൽസ്ഥിതി ഉത്തരവ് കാരണം അദ്ദേഹത്തിന്റെ അപേക്ഷ പരിഗണിക്കുവാൻ കഴിയില്ലായെന്ന് അറിയിച്ചു കൊണ്ടുള്ള 15/1/2003-ലെ ഒരു കത്ത് ഹർജിക്കാരന് ലഭിക്കുകയുണ്ടായി. ഹർജിക്കാരൻ, 2/2/2003-ൽ മറ്റൊരു നിവേദനം സമർപ്പിക്കുകയും അതിനുശേഷം തൽഫല മായുള്ള ആനുകൂല്യങ്ങളോടുകൂടി നിയമ വകുപ്പിലേയ്ക്ക് ഹർജിക്കാരനെ തിരിച്ചെടുക്കൽ വിഷയത്തിൽ ഉത്തരവ് പാസ്സാക്കുവാനുള്ള ഒരു നിർദ്ദേശം ആവശ്യപ്പെട്ടുകൊണ്ട് ഈ കോടതി മുമ്പാകെ റിട്ട് ഹർജി (സിവിൽ) നം. 14893/2004 ഫയൽ ചെയ്യുകയുമുണ്ടായി. ഹർജിക്കാരന്റെ കേസ് പരിഗണിക്കുവാൻ അതിലെ രണ്ടാം എതിർകക്ഷിയായ സർക്കാരിന്റെ സെക്രട്ടറിയെ നിർദ്ദേശിച്ചുകൊണ്ട് 7/6/2004-ൽ ആ റിട്ട് ഹർജി തീർപ്പാക്കുകയുണ്ടായി. ഹർജിക്കാരൻ ഉൾപ്പെടെയുള്ള നിരവധി ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർമാരെ സ്ഥിരപ്പെടുത്തി കൊണ്ട് 8/7/2004-ലെ ഒരുത്തരവ് പുറപ്പെടു വിക്കുകയും ആ ലിസ്റ്റിൽ ഹർജിക്കാരന്റെ പേരു കൂടി ഉൾപ്പെടുത്തുകയും ചെയ്തു. 14893/2004 എന്ന നമ്പർ റിട്ട് ഹർജി (സിവിൽ) യിൽ 7/6/2004-ലെ ഈ കോടതിയുടെ വിധിന്യായം അനുസരിച്ച്, നിയമ വകുപ്പിലേയ്ക്ക് തിരിച്ചെടുക്കലിനുള്ള ഹർജിക്കാരന്റെ അവകാശം നിരസിച്ചുകൊണ്ട് സംസ്ഥാന സർക്കാർ അന്തിമമായി 3/9/2004-ൽ ഒരു ഉത്തരവ് പാസ്സാക്കുകയുണ്ടായി. ഹർജിക്കാരൻ ഗ്രാമ വികസന വകുപ്പിൽ സ്ഥിരീകരി ക്കപ്പെട്ടതുകൊണ്ട് അയാളെ നിയമ വകുപ്പി ലേയ്ക്ക് തിരിച്ചെടുക്കുവാൻ കഴിയുകയി ല്ലായെന്ന് സർക്കാർ തീരുമാനിക്കുകയുണ്ടായി. 3/9/2004-ലെ ഉത്തരവിനെ ഹർജിക്കാരൻ റിട്ട് പെറ്റീഷൻ (സിവിൽ) നം. 28771/2004-ൽ ചോദ്യം ചെയ്യുകയും, അതിനെ പാണ്ഡിത്യമുള്ള സിംഗിൾ ജഡ്ജി ഈ റിട്ട് അപ്പീലിന് വഴിയൊരുക്കിക്കൊണ്ട് 21/11/2011-ൽ തള്ളി ക്കളയുകയും ചെയ്തു.

> ***confessio facta in judicio omni probatione major est.***
> *(A confession made in court is of greater effect than any proof.)*
> ***കോടതിയിൽ നടത്തുന്ന കുറ്റസമ്മതത്തിന് ഏതൊരു തെളിവിനെക്കാളും കൂടുതൽ പ്രഭാവമുണ്ട്.***

3. അപ്പീൽ വാദിക്കുവേണ്ടിയുള്ള പാണ്ഡിത്യമുള്ള അഭിഭാഷകൻ 1958-ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് ചട്ടങ്ങളിലെ (കെ. എസ്. & എസ്. എസ്. ആർ) ഭാഗം II-ലെ ചട്ടം 8 പ്രകാരം ഹർജിക്കാരന് തന്റെ മാതൃ വകുപ്പിലേയ്ക്ക് മടങ്ങി വരുവാനുള്ള ഒരവകാശം ഉണ്ടായിരുന്നു, എന്നാൽ, സംസ്ഥാന സർക്കാർ അദ്ദേഹത്തിന്റെ അവകാശവാദത്തെ തെറ്റായി നിരസിച്ചുവെന്ന് അപ്പീലിന് അനുകൂലമായി ബോധിപ്പിക്കുക യുണ്ടായി. കെ. എസ്. ആന്റ് എസ്. എസ്. ആർ. ഭാഗം II-ലെ ചട്ടം 8 പ്രകാരമുള്ള ആനുകൂല്യം സർക്കാർ ക്ഷണിച്ച അപേക്ഷയുടെ

അടിസ്ഥാനത്തിൽ മറ്റൊരു സർവ്വീസിൽ നിയമനം ലഭിക്കുന്ന ഒരു സർവ്വീസിലെ ഒരംഗത്തിന് ലഭ്യമാണെന്ന് *ബാലകൃഷ്ണൻ നായർ* അഭി *രാം മോഹൻ നായർ* (1998(1) കെ എൽ റ്റി 766 (എഫ്.ബി.) എന്ന കേസിൽ ഈ കോടതിയുടെ ഫുൾ ബെഞ്ച് പ്രതിപാദിച്ചിരുന്നുവെന്ന് അദ്ദേഹം ബോധിപ്പിക്കുകയുണ്ടായി. ഹർജിക്കാരൻ 1998-ൽ നിവേദനം സമർപ്പിച്ചിരുന്ന സമയത്ത് അയാൾ ഗ്രാമ വികസന വകുപ്പിൽ സ്ഥിരപ്പെടുത്തപ്പെടാതിരിക്കുകയും അയാളുടെ അവകാശവാദം 3/9/2004-ൽ മാത്രം നിരസിക്കപ്പെടുകയും ചെയ്തുവെന്ന് ബോധിപ്പിച്ചു. അതുകൊണ്ട് അയാളെ തന്റെ മാതൃവകുപ്പിലേയ്ക്ക്, അതായത്; നിയമ വകുപ്പിലേയ്ക്ക് തിരിച്ചെടുക്കുന്നതിൽ യാതൊരു തടസ്സവുമുണ്ടായിരുന്നില്ല. മുകളിൽ പരാമർശിച്ച ഫുൾ ബെഞ്ച് കേസിലെ വിധിന്യായം, പരമോന്നത കോടതി *അലി.എം.കെ.* അഭി *കേരള സർക്കാർ* (2003 (2) കെ എൽ റ്റി 922 (എസ് സി) = (2003) 11 എസ് സി സി 632) എന്ന കേസിൽ റിപ്പോർട്ടുചെയ്ത അതിന്റെ വിധിന്യായം മുഖേന സ്ഥിരീകരിക്കുകയും കൂടി ചെയ്തിരുന്നുവെന്ന് ബോധിപ്പിച്ചു. മാതൃ വകുപ്പിലേയ്ക്ക് തിരിച്ചെടുക്കലിനുള്ള അവകാശം നൽകപ്പെട്ട സമാന സ്ഥിതിയിലുള്ള ഉദ്യോഗസ്ഥരുടെ കേസ് സർക്കാർ അംഗീകരിച്ചിട്ടുണ്ടെന്ന് ബോധിപ്പിക്കുകയുണ്ടായി. പി. എൻ. രമേശ് രാജുവിന്റെ കേസിൽ സർക്കാർ പുറപ്പെടുവിച്ച 23/3/2010-ലെ ഉത്തരവ് പരാമർശിക്കപ്പെടുകയുണ്ടായി.

4. മാതൃവകുപ്പിലേയ്ക്ക് തിരിച്ചെടുക്കപ്പെടാനുള്ള പരാതിക്കാരന്റെ അവകാശം പരിഗണിക്കാതെ, ഹർജിക്കാരൻ 2005-ൽ സർവ്വീസിൽ നിന്നും വിരമിച്ചു എന്ന കാരണത്തിന്മേൽ മാത്രം റിട്ട് ഹർജിയെ പാണ്ഡിത്യമുള്ള സിംഗിൾ ജഡ്ജി തള്ളിക്കളഞ്ഞിട്ടുള്ളതാണെണ് ബോധിപ്പിക്കുകയുണ്ടായി.

5. ഹർജിക്കാരനു വേണ്ടിയുള്ള പാണ്ഡിത്യമുള്ള അഭിഭാഷകന്റെ വാദം പാണ്ഡിത്യമുള്ള ഗവൺമെന്റ് പ്ലീഡർ ഖണ്ഡിക്കുകയും തിരിച്ചെടുക്കലിനുള്ള ഹർജിക്കാരന്റെ അവകാശവാദം സർക്കാർ ന്യായമായി നിരസിച്ചുവെന്ന് വാദിക്കുകയും ചെയ്തു. ഗ്രാമ വികസന വകുപ്പിൽ ഇതിനകം തന്നെ സ്ഥിരപ്പെടുത്തപ്പെട്ടിരിക്കെ, നിയമ വകുപ്പിലേയ്ക്ക് തിരിച്ചെടുക്കപ്പെടാൻ യാതൊരു അവകാശവും ഇല്ലായിരുന്നു. അയാൾ ആദ്യമായി വിദ്യാഭ്യാസ വകുപ്പിൽ നിയമിത നായതുകൊണ്ടു, നിയമ വകുപ്പ് ഹർജിക്കാരന്റെ മാതൃവകുപ്പായിരുന്നില്ല എന്ന് ബോധിപ്പിച്ചു. മാതൃവകുപ്പിലേയ്ക്ക് തിരിച്ചെടുക്കുന്നതിനുള്ള അവകാശവാദം ഉന്നയിച്ച ഉദ്യോഗസ്ഥരുടെ കേസുകൾ ഹർജിക്കാരന് ബാധകമല്ലായിരുന്നതും യാതൊരു രീതിയിലും ഹർജിക്കാരനെ സഹായിക്കുന്നതല്ലാത്തതുമാണെന്ന് ബോധിപ്പിച്ചു.

6. പാണ്ഡിത്യമുള്ള അഭിഭാഷകന്റെ ഹർജിക്കാരനുവേണ്ടിയുള്ള വാദവും പാണ്ഡിത്യമുള്ള ഗവൺമെന്റ് പ്ലീഡറുടെ വാദവും ഞങ്ങൾ പരിഗണിച്ചിട്ടുണ്ട്. രേഖകൾ ഞങ്ങൾ സൂക്ഷ്മമായി പരിശോധിക്കുകയും ചെയ്യുകയുണ്ടായി.

7. ഹർജിക്കാരൻ റിട്ട് ഹർജിയിൽ ചോദ്യംചെയ്തത്, നിയമ വകുപ്പിൽ തിരിച്ചയക്കലിനുവേണ്ടിയുള്ള ഹർജിക്കാരന്റെ അപേക്ഷ നിരസിച്ച സംസ്ഥാന സർക്കാരിന്റെ 03-09-2004-ലെ എക്സിബിറ്റ് പി16 ഉത്തരവിനെതിരായിരുന്നു. പ്രസ്തുത ഉത്തരവ് തെറ്റായിരുന്നോവെന്നും നിയമ വകുപ്പിലേയ്ക്ക് തൽഫലമായുള്ള ആനുകൂല്യങ്ങളോടുകൂടി തിരിച്ചയക്കപ്പെടാൻ ഹർജിക്കാരന് അവകാശമുണ്ടായിരുന്നോ എന്നതുമാണ് തർക്കവിഷയം. ഹർജിക്കാരന്റെ അവകാശവാദം നിരസിച്ചുകൊണ്ടുള്ള സംസ്ഥാന സർക്കാരിന്റെ ഉത്തരവിൽ, നിയമ വകുപ്പിൽ തന്റെ ജൂനിയർമാർ സ്ഥിരീകരിക്കപ്പെട്ടിരുന്നപ്പോൾ ഹർജിക്കാരൻ സ്ഥിരീകരിക്കപ്പെട്ടിരുന്നില്ല എന്ന് പ്രസ്താവിച്ചിട്ടുണ്ട്. ഹർജിക്കാരൻ 8-7-2004-ലെ ഉത്തരവ് മുഖേന ഗ്രാമ വികസന വകുപ്പിൽ സ്ഥിരീകരിക്കപ്പെട്ടിട്ടുണ്ട്, അതിനാൽ അയാൾക്ക് നിയമ വകുപ്പിൽ ഒരു ലീൻ ഉണ്ടായിരിക്കുന്നതല്ലായെന്ന് വീണ്ടും നിരീക്ഷിച്ചിട്ടുണ്ട്.

ഹർജിക്കാരൻ ആശ്രയിക്കുന്ന കെ. എസ്. ആന്റ് എസ്. എസ്. ആർ ഭാഗം II -ലെ ചട്ടം 8 താഴെപ്പറയും പ്രകാരമാകുന്നു.

"8. **കർത്തവ്യ നിർവ്വഹണത്തിൽ ഹാജരാകാതിരിക്കുന്ന അംഗങ്ങൾ**:- ഒരു സർവ്വീസിലെ ഒരംഗം, അങ്ങനെയുള്ള സർവ്വീസിലെ കർത്തവ്യനിർവ്വഹണത്തിൽ ഹാജരാകാതിരിക്കൽ, മറ്റു തൊഴിൽ ഏറ്റെടുക്കുന്നതിനു വേണ്ടി ശൂന്യവേതന അവധിയല്ലാത്ത അവധി മൂലമോ, അന്യ സർവ്വീസ് മൂലമോ, അന്യത്ര സേവനം മൂലമോ, മറ്റേതെങ്കിലും കാരണത്താലോ ആയാലും, അങ്ങനെയുള്ള സർവ്വീസിലെ കേഡറിൽ വഹിച്ചിരുന്ന ഒരു തസ്തികയിലുള്ള അയാളുടെ ലീൻ നിർത്തിവയ്ക്കപ്പെടുകയോ അല്ലെങ്കിലോ ആയാലും, അയാൾ മറ്റു വിധത്തിൽ യോഗ്യനാണെങ്കിൽ, അയാളുടെ ഊഴത്തിൽ,-

അയാൾ ഹാജരാകാതിരുന്നിട്ടില്ല എന്ന അതേ രീതിയിൽ, അതത് സംഗതി പോലെ,

(എ) അയാൾ ഒരു പ്രെബേഷണറോ ഒരു അപ്രൂവ്ഡ് പ്രൊബേഷണറോ ആയിരിക്കാവുന്ന വിഭാഗത്തിലോ കാറ്റഗറിയിലോ ഗ്രേഡിലോ തസ്തികയിലോ ഉള്ള യഥാർത്ഥമോ പകരംനോക്കുന്നതോ ആയ ഒരു ഒഴിവിലേക്ക് പുനർനിയമനത്തിനും;

(ബി) അങ്ങനെയുള്ള സർവ്വീസിലെ താഴ്ന്ന ഒരു കാറ്റഗറിയിൽ നിന്നും ഉയർന്നതിലേയ്ക്കുള്ള ഉദ്യോഗക്കയറ്റത്തിനും;

(സി) അയാൾ അതിന് ഒരു അപ്രൂവ്ഡ് അപേക്ഷകനായിരിക്കാവുന്ന മറ്റൊരു സർവ്വീസിലെ യഥാർത്ഥമോ പകരം നോക്കുന്നതോ ആയ ഏതെങ്കിലും ഒരു ഒഴിവിലേയ്ക്കുള്ള നിയമനത്തിനോ;

അയാളെ അനർഹനാക്കുന്നില്ല. അയാളുടെ അസാന്നിധ്യം ഇല്ലായിരുന്നുവെങ്കിൽ അയാൾ അനുഭവിച്ചിരിക്കുമായിരുന്ന, നിയമനത്തേയും സീനിയോറിറ്റിയേയും പ്രൊബേഷനേയും മുഴുവൻ അംഗമായിട്ടുള്ള നിയമനത്തേയും സംബന്ധിച്ച എല്ലാ വിശേഷാവകാശങ്ങൾക്കും അയാൾക്ക് അവകാശമുണ്ടായിരിക്കുന്നതാണ്:

എന്നാൽ, ചട്ടം 18-ലെ വ്യവസ്ഥകൾക്ക് വിധേയമായി അയാൾ അയാളുടെ തിരിച്ചുവരവിന്മേൽ പ്രൊബേഷൻ കാലാവധി തൃപ്തികരമായി പൂർത്തികരിക്കേണ്ടതാണ്:

> ***clausulae inconsuetae semper inducunt suspicionem.*** *(unusual clauses always excite suspicion.)*
> ***അസാധാരണമായ വകുപ്പുകൾ എപ്പോഴും സംശയം ഉത്തേജിപ്പിക്കുന്നു.***

എന്നുമാത്രമല്ല, മറ്റൊരു സർവ്വീസിലേക്ക് നിയമിക്കപ്പെടുന്നതും രണ്ടാമതുപറഞ്ഞ സർവ്വീസിൽ ഒരു പ്രൊബേഷണറോ ഒരു അപ്രൂവ്ഡ് പ്രൊബേഷണറോ ആയിരിക്കുന്ന ഒരു സർവ്വീസിലെ അംഗം, അയാൾ അതിന് ഒരു അപ്രൂവ്ഡ് ഉദ്യോഗാർത്ഥി ആയിരിക്കാവുന്നമറ്റേതെങ്കിലും സർവ്വീസിലേക്ക്, അയാൾ പ്രൊബേഷണറോ അപ്രൂവ്ഡ് പ്രൊബേഷണറോ ആയിരിക്കുന്ന രണ്ടാമത് പറഞ്ഞ സർവ്വീസിലുള്ള തന്റെ അംഗത്വം അയാൾ വിട്ടൊഴിയാത്ത പക്ഷം, ഖണ്ഡം(സി) പ്രകാരം നിയമിക്കപ്പെടാൻ പാടില്ലാത്തതാണ്:

എന്നുമാത്രമല്ല, ഈ ചട്ടത്തിന് തിരുവിതാംകൂർ-കൊച്ചി ഉദ്യോഗസ്ഥ വൃന്ദത്തെ സംബന്ധിച്ച് തിരുവിതാംകൂർ-കൊച്ചി സർക്കാർ എടുത്തിട്ടുള്ള തീരുമാനങ്ങളെ തടസ്സപ്പെടുത്തുന്ന വിധം മുൻകാല പ്രാബല്യം ഉണ്ടായിരിക്കുന്നതല്ലാത്തതാണ്:

എന്നുമാത്രവുമല്ല, ഈ ചട്ടം, ഒരു സർവ്വീസിലെ ഒരംഗത്തിന്റെ സംഗതിയിൽ, അങ്ങനെയുള്ള സർവ്വീസിലെ കർത്തവ്യ നിർവ്വഹണത്തിൽ അയാൾ ഹാജരാകാതിരിക്കൽ തന്റെ സ്വന്തം അപേക്ഷയിന്മേൽ മാത്രം മിലിട്ടറി സർവ്വീസല്ലാത്ത മറ്റൊരു സർവ്വീസിലേയ്ക്കുള്ള അയാളുടെ നിയമനത്തിന്റെ കാരണത്താലായിരിക്കെ,

അങ്ങനെയുള്ള നിയമനം പൊതു സേവനത്തിന്റെ അത്യാവശ്യങ്ങളിൽ നടത്തപ്പെടാത്ത പക്ഷം, ബാധകമാകുന്നതല്ല.

**കുറിപ്പ്** 1.- സർക്കാരിനാലോ മറ്റു ക്ഷമതയുള്ള അധികാരസ്ഥാനത്താലോ ക്ഷണിക്കപ്പെട്ടതോ പരസ്യം ഏർപ്പെടുത്തപ്പെട്ടതോ ശിപാർശ ചെയ്യപ്പെട്ടതോ ആയ അപേക്ഷകൾക്ക് അനുസൃതമായി നടത്തപ്പെട്ട ഒരു നിയമനം ഈ ചട്ടത്തിന്റെ ആവശ്യത്തിനായി പൊതുസേവനത്തിന്റെ അത്യാവശ്യങ്ങൾക്കായി നടത്തപ്പെട്ട ഒരു നിയമനമായി കരുതപ്പെടേണ്ടതാണ്.

**കുറിപ്പ് 2.**- ഈ ചട്ടത്തിന്റെ ആനുകൂല്യം, ഒരു സർവ്വീസിലെ ഏതെങ്കിലും വിഭാഗത്തിലോ കാറ്റഗറിയിലോ ഉള്ള ഒരു തസ്തിക വഹിക്കുന്ന ഒരാൾക്ക്, ആ തസ്തികയിലേയ്ക്കുള്ള അയാളുടെ നിയമനം അതേ സർവ്വീസിലെ മറ്റൊരു വിഭാഗത്തിലോ കാറ്റഗറിയിലോ ഉള്ള ഒരു തസ്തികയിൽ നിന്നുമായിരുന്നുവെങ്കിൽ, ലഭ്യമല്ലാത്തതാണ്.''

8. മുകളിൽ പറഞ്ഞ പ്രകാരമുള്ള വസ്തുതകളിൽ നിന്നും, ഹർജിക്കാരന്റെ ആദ്യത്തെ നിയമനം വിദ്യാഭ്യാസ വകുപ്പിലായിരുന്നുവെന്ന് വ്യക്തമാണ്. അതിനുശേഷം അയാൾ നിയമ വകുപ്പിൽ നിയമിതനായി. അയാൾ തസ്തികമാറ്റം വഴി പി. എസ്. സി. മുഖാന്തിരം ഗ്രാമ വികസന വകുപ്പിൽ തെരഞ്ഞെടുക്കപ്പെടുകയും റിക്രൂട്ട്ചെയ്യപ്പെടുകയും ഉണ്ടായി. ഹർജിക്കാരന്റെ നിയമന ഉത്തരവ് 29/4/1988-ലെ എക്സിബിറ്റ് പി1 ഉത്തരവു പ്രകാരം രേഖയിൽ കൊണ്ടുവന്നിട്ടുണ്ട്. പ്രസ്തുത നിയമന ഉത്തരവിൽ ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസറായുള്ള നിയമനത്തിനായി പി. എസ്. സി. അഡ്വൈസ് ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികളുടെ പേര് പറയുന്നു. എല്ലാ ഉദ്യോഗാർത്ഥികളും രണ്ടു വർഷ കാലാവധിയിലേയ്ക്ക് പ്രൊബേഷനിലായിരിക്കുമെന്ന് പ്രസ്തുത ഉത്തരവ് വീണ്ടും പറയുന്നു. മുകളിൽ പരാമർശിച്ച ബാലകൃഷ്ണൻ നായരുടെ കേസിൽ (മുകളിൽ പറഞ്ഞ) റിപ്പോർട്ട് ചെയ്യപ്പെട്ട ഫുൾ ബെഞ്ച് വിധിന്യായത്തെ ഹർജിക്കാരനുവേണ്ടിയുള്ള പാണ്ഡിത്യമുള്ള അഭിഭാഷകൻ കൂടുതൽ ആശ്രയിക്കുകയുണ്ടായി. കെ. എസ്. ആന്റ് എസ്. എസ് ആർ. ഭാഗം II ലെ ചട്ടം 8 പരിഗണനയ്ക്കായി ഫുൾ ബെഞ്ച് മുമ്പാകെ വന്നിരുന്നു. ഭാഗം II ലെ ചട്ടം 8 ശ്രദ്ധിച്ചതിനുശേഷം ഫുൾ ബെഞ്ച് വിധിന്യായത്തിന്റെ 8-ഉം 10-ഉം ഖണ്ഡികകളിൽ താഴെപ്പറയുന്നത് നിരീക്ഷിക്കുകയുണ്ടായി.

"ഒരു സർവ്വീസിലെ ഒരംഗത്തെ, അയാൾ അങ്ങനെയുള്ള സർവ്വീസിലെ കർത്തവ്യ നിർവ്വഹണത്തിൽ ഹാജരാകാതിരിക്കെ, ആ സർവ്വീസിലേയ്ക്ക് തിരികെവരുവാൻ, അയാൾ മറ്റു വിധത്തിൽ അനർഹനല്ലെങ്കിൽ, മുകളിലെ ചട്ടം പ്രാപ്തമാക്കുന്നു. തിരിച്ചുവരവിന്മേൽ, അയാൾ, പ്രൊബേഷണറായോ ഒരു അപ്രൂവ്ഡ് പ്രൊബേഷണറായോ അയാൾ ഉൾപ്പെടാവുന്ന വിഭാഗത്തിലോ, കാറ്റഗറിയിലോ, ഗ്രേഡിലോ, പോസ്റ്റിലോ ഉള്ള യഥാർത്ഥമോ പകരം നോക്കുന്നതോ ആയ ഒരു ഒഴിവിലേയ്ക്കുള്ള നിയമനത്തിനും; (2) ഒരു താഴ്ന്ന കാറ്റഗറിയിൽ നിന്നും ഉയർന്നതിലേയ്ക്കുള്ള സ്ഥാനക്കയറ്റത്തിനും; (3) യഥാർത്ഥമോ പകരം നോക്കുന്നതോ ആയ ഏതെങ്കിലും ഒഴിവിലേയ്ക്കുള്ള നിയമനത്തിനും അർഹനായിരിക്കുന്നു. അവധി മൂലമോ, അന്യ സേവനം മൂലമോ മറ്റേതെങ്കിലും കാരണത്താലോ ഒരംഗം കർത്തവ്യനിർവ്വഹണത്തിൽ ഹാജരാകാതിരിക്കുന്ന ഒരു സാഹചര്യത്തെയാണ് ആ ചട്ടം ഉദ്ദേശിക്കുന്നത്. ചട്ടം 8-നുള്ള നാലാം പരിമിതി വ്യവസ്ഥ താഴെപ്പറയും പ്രകാരമാണ്.

"എന്നുമാത്രമല്ല, ഈ ചട്ടം, ഒരു സർവ്വീസിലെ ഒരംഗംത്തിന്റെ സംഗതിയിൽ അങ്ങനെയുള്ള സർവ്വീസിലെ കർത്തവ്യനിർവ്വഹണത്തിൽ അയാൾ ഹാജരാകാതിരിക്കുന്നത് അയാളുടെ സ്വന്തം അപേക്ഷയിന്മേൽ മാത്രം മിലിട്ടറി സർവ്വീസല്ലാത്ത മറ്റൊരു സർവ്വീസിലേയ്ക്കുള്ള അയാളുടെ നിയമനത്തിന്റെ കാരണത്താലായിരിക്കെ, അങ്ങനെയുള്ള നിയമനം പൊതുസേവനത്തിന്റെ അത്യാവശ്യങ്ങളിൽ നടത്തപ്പെടാത്ത പക്ഷം, ബാധകമാകുന്നതല്ല''.

മുകളിലെ പരിമിതിവ്യവസ്ഥയുടെ അർത്ഥം ഒരു സർവ്വീസിലെ ഒരംഗം പൊതു സേവനത്തിന്റെ അത്യാവശ്യങ്ങൾക്ക് നിയമിക്കപ്പെടുന്നുവെങ്കിൽ, അപ്പോൾ അയാൾക്ക് പ്രധാന വകുപ്പിന്റെ ആനുകൂല്യം ലഭിക്കാൻ അവകാശം ഉണ്ടായിരിക്കുമെന്നതാണ്. പൊതുസേവനത്തിന്റെ ആവശ്യത്തെ ചട്ടം 8-നുള്ള കുറിപ്പ് 1 സ്പഷ്ടീകരിക്കുന്നു. സർക്കാരിനാലോ മറ്റു ക്ഷമതയുള്ള അധികാരസ്ഥാനത്താലോ ക്ഷണിക്കപ്പെട്ടതോ പരസ്യം ഏർപ്പെടുത്തപ്പെട്ടതോ ശിപാർശചെയ്യപ്പെട്ടതോ ആയ അപേക്ഷകൾക്ക് അനുസൃതമായി നടത്തപ്പെട്ട ഒരു നിയമനം ഈ ചട്ടത്തിന്റെ ആവശ്യത്തിനായി പൊതുസേവനത്തിന്റെ അത്യാവശ്യങ്ങൾക്കായി നടത്തപ്പെട്ട ഒരു നിയമനമായി കരുതപ്പെടേണ്ടതാണ്. ഇപ്രകാരം ഒരു സർവ്വീസിലെ ഒരംഗം സർക്കാരിനാൽ ക്ഷണിക്കപ്പെട്ട അപേക്ഷകളുടെ അടിസ്ഥാനത്തിൽ മറ്റൊരു സർവ്വീസിൽ നിയമനം നേടുന്നെങ്കിലോ സർക്കാരിനാലോ ക്ഷമതയുള്ള അധികാരസ്ഥാനത്താലോ അയാൾ സ്പോൺസർചെയ്യപ്പെടുകയോ ശിപാർശചെയ്യപ്പെടുകയോ ചെയ്യുമ്പോൾ, അയാൾക്ക് പ്രധാനവകുപ്പിന്റെ ആനുകൂല്യം ലഭിക്കുവാൻ അവകാശം ഉണ്ടായിരിക്കുന്നതാണ്. ഒരു സർവ്വീസിലെ ഒരംഗത്തിനുള്ള ആനുകൂല്യം അയാൾ അതേ സർവ്വീസിലുള്ള

> ***commodum ex injuria sua nemo habera debet.***
> *(No person ought to have advantage from his own wrong.)*
> ***യാതൊരാൾക്കും തന്റെ സ്വന്തം തെറ്റിൽ നിന്നും ആനുകൂല്യം ഉണ്ടാകാൻ പാടില്ലാത്തതാണ്.***

മറ്റൊരു തസ്തികയിലേക്ക് നിയമിക്കപ്പെടുമ്പോൾ കുറിപ്പ് 2 പ്രകാരം നിഷേധിക്കുന്നു. ഈ കേസിൽ, കുറിപ്പ് 2-നെ കുറിച്ച് ഞങ്ങൾക്ക് താല്പര്യമില്ല. ചട്ടം 8 ലെ ഉപാധികൾ നിറവേറ്റപ്പെടുന്നുവെങ്കിൽ, കുറിപ്പ് 1 പ്രകാരം അപ്പീൽ വാദികൾക്കും സദൃശ്യമായി സ്ഥിതിചെയ്യുന്ന ആളുകൾക്കും ചട്ടം 8-ന്റെ ആനുകൂല്യത്തിനും അവകാശം ഉണ്ടായിരിക്കുന്നതാണെന്ന് അപ്പീലിൽ വാദികൾക്ക് വേണ്ടിയുള്ള പാണ്ഡിത്യമുള്ള അഭിഭാഷകൻ ബോധിപ്പിക്കുകയുണ്ടായി.

* * * * * * * * * * *

10. അപ്പീൽ വാദികൾ സഹകരണ വകുപ്പിൽ നിയമനങ്ങൾക്കായി തിരഞ്ഞെടുക്കപ്പെട്ടതിനുശേഷവും അവർ സഹകരണ വകുപ്പിൽ ചേർന്നതിനു ശേഷവും അവർക്ക് ഗ്രാമ വികസന വകുപ്പിൽ തിരിച്ചുവരാൻ അവകാശമുണ്ടോ എന്നതാണ് പരിഗണിക്കേണ്ട അടുത്ത ചോദ്യം. ഈ ചോദ്യത്തിനുള്ള ഉത്തരം, അപ്പീൽ വാദികൾ അവർ സഹകരണ വകുപ്പിൽ ആ വകുപ്പിലെ അവരുടെ തിരഞ്ഞെടുപ്പിനും നിയമനത്തിനും അനുസൃതമായി ചേർന്ന ഉടനെ ഗ്രാമ വികസന വകുപ്പിലുള്ള അവരുടെ അവകാശങ്ങൾ അല്ലെങ്കിൽ സർവ്വീസ് ഭാഷയിൽ പറഞ്ഞാൽ "അവരുടെ ലീൻ" വിട്ടൊഴിഞ്ഞിട്ടുണ്ടോ എന്നതിനെ ആശ്രയിച്ചിരിക്കുന്നു. മാതൃ വകുപ്പിലുള്ള ലീൻ നഷ്ടപ്പെടുന്നില്ലെങ്കിൽ, അപ്പീൽ വാദികൾക്ക് ചട്ടം 8-ന്റെ അടിസ്ഥാനത്തിൽ തിരിച്ചുവരുവാൻ അവകാശമുണ്ട്. ആയതിനാൽ, പരിഗണനയ്ക്കുള്ള ചോദ്യം അപ്പീൽ വാദികൾക്ക് അവർ സഹകരണ വകുപ്പിൽ ചേർന്നപ്പോൾ ഗ്രാമ വികസന വകുപ്പിലുള്ള അവരുടെ ലീൻ നഷ്ടപ്പെട്ടുവോ എന്നതാണ്. ആ സന്ദർഭത്തിൽ അപ്പീൽ വാദികൾ സഹകരണ വകുപ്പിൽ അവർ നിയമിക്കപ്പെട്ട തസ്തികയിൽ ഒരു ലീൻ ലഭ്യമാക്കിയിരുന്നോ എന്ന് പരിഗണിക്കേണ്ടതും കൂടി ആവശ്യമാണ്. ഈ സന്ദർഭത്തിലെ പ്രസക്തമായ വ്യവസ്ഥകൾ ഞങ്ങൾ പരാമർശിക്കുകയാണ് ".

9. മുകളിലെ കേസിൽ ഫുൾ ബെഞ്ച് പ്രതിപാദിച്ച ദൃഢപ്രസ്താവം മാതൃ വകുപ്പിൽ ലീൻ നഷ്ടപ്പെടുന്നില്ലെങ്കിൽ, അപ്പീൽ വാദികൾക്ക് ചട്ടം 8-ന്റെ അടിസ്ഥാനത്തിൽ തിരിച്ചുവരുവാൻ അവകാശമുണ്ട് എന്നതായിരുന്നു. ഫുൾ ബെഞ്ചിന് മുമ്പാകെ പരിഗണനയ്ക്കു വന്നിരുന്ന ചോദ്യം അപ്പീൽ വാദിക്ക് അയാൾ സഹകരണ വകുപ്പിൽ ചേർന്നപ്പോൾ ഗ്രാമ വികസന വകുപ്പിലുള്ള

അയാളുടെ ലീൻ നഷ്ടപ്പെട്ടുവോ എന്നതായിരുന്നു. അപ്പീൽവാദി സഹകരണ വകുപ്പിൽ സ്ഥിരീകരിക്കപ്പെട്ടിട്ടില്ലെന്നും മാതൃവകുപ്പിലുള്ള ലീൻ അവസാനിക്കപ്പെട്ടിട്ടില്ലെന്നും മുകളിലുള്ള കേസിലെ വസ്തുതകൾ പരിശോധിച്ചുകൊണ്ട്, ഫുൾ ബെഞ്ച് നിരീക്ഷിക്കുകയുണ്ടായി. വിധിന്യായത്തിന്റെ 12-ാം ഖണ്ഡികയിൽ ഫുൾ ബെഞ്ച് അത് താഴെപ്പറയും പ്രകാരം നിരീക്ഷിച്ചിട്ടുള്ളതാണ്:

"12 ഇപ്രകാരം, വസ്തുതകളിന്മേൽ, അപ്പീൽവാദികൾ സഹകരണ വകുപ്പിൽ സ്ഥിരീകരിക്കപ്പെട്ടിട്ടില്ലെന്നും മാതൃവകുപ്പിലുള്ള അവരുടെ ലീൻ അവസാനിക്കപ്പെട്ടിട്ടില്ലെന്നും കാണുന്നു."

10. 'ലീൻ' എന്ന ആശയം തർക്കമില്ലാതെ വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. പി. രാമനാഥ അയ്യരുടെ 'നിയമ നിഘണ്ടു'-വിന്റെ മൂന്നാം പതിപ്പിൽ 'ലീൻ' എന്ന പദം താഴെപ്പറയും പ്രകാരം നിർവ്വചിക്കപ്പെട്ടിട്ടുണ്ട്.

" 'ലീൻ' ഒരു സിവിൽ സെർവന്റിന്റെ, അയാൾ നിയമിക്കപ്പെടുന്ന തസ്തിക യഥാർത്ഥമായി വഹിക്കുവാനുള്ള അവകാശത്തെ സൂചിപ്പിക്കുന്നു. ഒരു തസ്തികയ്ക്ക് എതിരെയുള്ള ഒരു ലീനോട് കൂടിയുള്ള ഒരു ആൾ മറ്റൊരു തസ്തികയിലേയ്ക്ക് യഥാർത്ഥമായി നിയമിക്കപ്പെടുമ്പോൾ, അയാൾ രണ്ടാമത് പറഞ്ഞ തസ്തികയ്ക്ക് എതിരെ ഒരു ലീൻ ആർജ്ജിക്കുന്നു. അപ്പോൾ തന്റെ മുൻ തസ്തികയ്ക്ക് എതിരെയുള്ള ലീൻ സ്വയമേവ ഇല്ലാതാകുന്നു."

11. കൂടുതൽ പേരും അവരുടെ പ്രൊബേഷൻ പൂർത്തീകരിച്ചിട്ടുണ്ടെന്നും അതുകൊണ്ട് അവർ സ്ഥിരമായ ഒരു തസ്തികയിലേയ്ക്ക് യഥാർത്ഥമായി നിയമിക്കപ്പെട്ടതായി കരുതപ്പെടേണ്ടതാണെന്ന് ഒരു വാദം കൂടി അപ്പീൽവാദികൾ ഫുൾ ബെഞ്ച് മുമ്പാകെ ഉന്നയിച്ചു. ചട്ടം 24-നെ പരാമർശിച്ചുകൊണ്ട്, സ്ഥിരീകരണത്തിനുവേണ്ടി ഒരു ഉത്തരവ് പാസ്സാക്കേണ്ടതുണ്ട് എന്ന് ഫുൾ ബെഞ്ച് വിധിക്കുകയുണ്ടായി. 13-ഉം 14-ഉം ഖണ്ഡികകളിൽ താഴെപ്പറയുംപ്രകാരം ഫുൾ ബെഞ്ച് നിരീക്ഷിക്കുകയുണ്ടായി:

"13. അപ്പീൽ വാദികളിൽ കൂടുതൽപേരും അവരുടെ പ്രൊബേഷൻ പൂർത്തീകരിച്ചിട്ടുണ്ടെന്നും അതുകൊണ്ട് അവർ ഒരു സ്ഥിരമായ തസ്തികയിലേയ്ക്ക് യഥാർത്ഥമായി നിയമിക്കപ്പെട്ടതായി കരുതപ്പെടേണ്ടതാണെന്ന് വാദിക്കുകയും അതുകൊണ്ട് അഭിഭാഷകന്റെ അഭിപ്രായത്തിൽ മാതൃവകുപ്പിലുള്ള അവരുടെ ലീൻ കെ. എസ്. ആർ-ന്റെ ചട്ടം 15 പ്രകാരം അവസാനിക്കപ്പെടുന്നു എന്ന് വാദിക്കുകയുണ്ടായി. അഭിഭാഷകന്റെ ആ വാദം ശരിയല്ല. അപ്പീൽവാദികളെ അവരുടെ തസ്തികകളിൽ സ്ഥിരീകരിച്ചുകൊണ്ട് സഹകരണ വകുപ്പ് പാസ്സാക്കിയ ഏതൊരു ഉത്തരവും ഹാജരാക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. അപ്പീൽവാദികൾ അവരുടെ പ്രൊബേഷൻ പൂർത്തികരിച്ചിട്ടുണ്ടെന്ന് വാദത്തിനുവേണ്ടി ശരിവച്ചാൽ പോലും അത് അവരെ കെ.എസ്.എസ്.ആർ-ന്റെ ഭാഗം II-ലെ ചട്ടം 24 പ്രകാരം ആ തസ്തികയിൽ അവർ സ്ഥിരീകരിക്കപ്പെടാത്ത പക്ഷം സ്വമേധായായുള്ള സ്ഥിരീകരണം ലഭിക്കുവാൻ പ്രാപ്തരാക്കുന്നില്ല. കെ. എസ്. എസ്. ആർ-ലെ ചട്ടം 24 ഇനിപ്പറയും പ്രകാരമാണ്.

**"24. ഫുൾ മെമ്പർമാരുടെ നിയമനം:**—(എ) ചട്ടം 8-ലെ വ്യവസ്ഥകൾക്ക് വിധേയമായി ഒരു അപ്രൂവ്ഡ് പ്രൊബേഷണർ, അയാൾ തിരഞ്ഞെടുക്കപ്പെട്ട വിഭാഗത്തിലോ, കാറ്റഗറിയിലോ ഉള്ള സർവ്വീസിലെ ഒരു ഫുൾ മെമ്പറായി അങ്ങനെയുള്ള വിഭാഗത്തിലെയോ കാറ്റഗറിയിലെയോ സ്ഥിരമായ കേഡറിൽ നിലനില്ക്കാവുന്നതോ ഉണ്ടാകാവുന്നതോ ആയ ഏതെങ്കിലും യഥാർത്ഥ ഒഴിവിൽ സാധ്യമായ ഏറ്റവും അടുത്ത അവസരത്തിൽ നിയമിക്കപ്പെടേണ്ടതും അങ്ങനെയുള്ള ഒഴിവ് നിയമന ഉത്തരവ് പുറപ്പെടുവിക്കുന്നതിന് മുമ്പുള്ള ഒരു തീയതി മുതൽ നിലനിന്നിരുന്നുവെങ്കിൽ, അയാൾ, ആ തീയതി മുതലോ, അതതു സംഗതി പോലെ, അങ്ങനെയുള്ള വിഭാഗത്തിലോ കാറ്റഗറിയിലോ ഒരു ഉയർന്ന വിഭാഗത്തിലോ കാറ്റഗറിയിലോ ഉള്ള സർവ്വീസിലെ ഒരംഗമായി

അയാൾ തുടർച്ചയായി കർത്തവ്യത്തിലായിരുന്ന പിന്നീടുള്ള ഏതെങ്കിലും തീയതി മുതലോ മുൻകാല പ്രാബല്യത്തോട് കൂടി അപ്രകാരം നിയമിക്കപ്പെടാവുന്നതാണ്."

അപ്രൂവ്ഡ് പ്രൊബേഷണറെ ഒരു സർവ്വീസിലെ ഒരു ഫുൾ മെമ്പറായി ഒരു യഥാർത്ഥ ഒഴിവിൽ നിയമിച്ചുകൊണ്ടുള്ള ഒരു ഉത്തരവ് പാസ്സാക്കേണ്ടതുണ്ട് എന്ന് ഇത് വെളിപ്പെടുത്തുന്നു. അങ്ങനെയുള്ള ഒരു പദത്തിന് കെ. എസ്. എസ്. ആർ-ൽ സ്ഥാനം ഇല്ലെങ്കിൽപോലും ആ ഉത്തരവ് ഒരു സ്ഥിരീകരണ ഉത്തരവ് ആണ്. ഒരാൾ തിരഞ്ഞെടുക്കപ്പെടുന്ന വിഭാഗത്തിലോ കാറ്റഗറിയിലോ ഉള്ള സർവ്വീസിലെ ഫുൾ മെമ്പർഷിപ്പും നല്കലിന് സ്ഥിരീകരണ ഉത്തരവ് ആവശ്യമാണ്. *രാജ്മോഹനൻ* അഭി *അസി. ജനറൽ മാനേജർ* ( 1984 കെ. എൽ. റ്റി എസ്. എൻ 69 (സി. നം. 116) = ഐ. എൽ. ആർ 1985 (1) കേരള. 488) എന്ന കേസിൽ വിധിച്ചിട്ടുള്ളതുപോലെ, ഒരു ജീവനക്കാരൻ, വിനിർദ്ദിഷ്ട പ്രൊബേഷൻ കാലാവധി അവസാനിച്ച ശേഷം ആ തസ്തികയിൽ തുടരുവാൻ അനുവദിക്കപ്പെടുന്നുവെന്ന വസ്തുതയിൽ നിന്നു മാത്രം അയാൾ സ്ഥിരീകരിക്കപ്പെട്ടിട്ടുള്ളതായി കരുതപ്പെടേണ്ടതാണെന്ന് വിധിയ്ക്കുവാൻ കഴിയുകയില്ല. ഇപ്രകാരം ഈ കേസിനെ സംബന്ധിച്ചിടത്തോളം, അപ്പീൽവാദികൾ സഹകരണ വകുപ്പിലുള്ള തസ്തികയിൽ സ്ഥിരീകരിക്കപ്പെട്ടിട്ടില്ല. കെ. എസ്. ആർ-ലെ ഭാഗം I ചട്ടം 16 പ്രകാരം ഒരു സർവ്വീസിലെ ഒരംഗത്തിന് മറ്റൊരു തസ്തികയിൽ മുമ്പ് ആർജ്ജിച്ച അയാളുടെ ലീൻ അയാൾ സ്ഥിരമായ ഒരു തസ്തികയിൽ യഥാർത്ഥമായി നിയമിക്കപ്പെടുമ്പോൾ മാത്രമേ നഷ്ടപ്പെടുന്നുള്ളു. തിരിച്ചെടുക്കൽ ഉത്തരവ് പാസ്സാക്കിയ സമയത്ത് അപ്പീൽവാദികൾ ചട്ടം 24 പ്രകാരം സ്ഥിരീകരിക്കപ്പെട്ടിട്ടില്ലാത്തതിനാൽ, അവർക്ക് മാതൃവകുപ്പിലുള്ള അവരുടെ ലീൻ നഷ്ടപ്പെട്ടുവെന്നു പറയുവാൻ കഴിയുന്നതല്ല

14. ഇപ്രകാരം, കെ. എസ്. എസ്. ആർ-ലെയും കെ. എസ്. ആർ-ലെയും വ്യവസ്ഥകൾ പരിശോധിക്കുമ്പോൾ, മറ്റൊരു സർവ്വീസിൽ നിയമനം ലഭിച്ച ഒരു സർവ്വീസിലെ ഒരംഗത്തിന് മാതൃവകുപ്പിൽ തിരിച്ചുവരുവാൻ യാതൊരു വിലക്കും ഇല്ല എന്ന് ഞങ്ങൾ കാണുന്നു. അയാൾ തിരിച്ചുവരുന്നതിന് മുമ്പ് അയാൾക്ക് മാതൃവകുപ്പിലുള്ള അയാളുടെ ലീൻ നഷ്ടപ്പെട്ടിരിക്കരുത് എന്നതാണ് ഏക ഉപാധി. പ്രസക്തമായ ചട്ടങ്ങൾ പ്രകാരമുള്ള വ്യവസ്ഥകൾ മേൽപ്പറഞ്ഞ രീതിയിലായിരിക്കെ, ഞങ്ങൾ ഇപ്പോൾ റിട്ട് അപ്പീലുകളിലെ വിധിന്യായങ്ങൾ ശരിയായതാണോ എന്നുള്ളത് പരിഗണിക്കേണ്ടതാണ്."

12. *റ്റി. ആർ. ശർമ്മ* അഭി *പ്രഥ്വി സിങ്* ( എ. ഐ. ആർ 1976 എസ്. സി 367) എന്ന കേസിൽ റിപ്പോർട്ട് ചെയ്തിരുന്ന പരമോന്നത കോടതിയുടെ വിധിന്യായത്തെയും *ത്രിവേണി ശങ്കർ സക്സേന* അഭി *യു.പി. സർക്കാർ* (എ. ഐ. ആർ 1992 എസ്. സി 496) എന്ന കേസിൽ റിപ്പോർട്ട് ചെയ്തിരുന്ന പരമോന്നത കോടതിയുടെ വിധിന്യായത്തേയും പരാമർശിക്കുവാനുള്ള ഒരവസരം കൂടി ഫുൾ ബെഞ്ചിന് ഉണ്ടായിരുന്നു. ഫുൾ ബെഞ്ച് വിധിന്യായത്തിലെ ഖണ്ഡികകൾ 21, 25, 26 എന്നിവ എടുത്തുപറയുന്നത് ഉപയോഗപ്രദമാണ്, അവ ഇനിപ്പറയും പ്രകാരമാണ്:

> ***constitutiones tempore posteri-oures potiores sunt his quae ipsas praecesserunt.***
> *(Later laws prevail over those which preceded them.)*
> ***അവസാനത്തെ നിയമങ്ങൾക്ക് അവയ്ക്ക് മുമ്പുണ്ടായിരുന്ന നിയമങ്ങളിൻമേൽ അധിപ്രഭാവം ഉണ്ടായിരിക്കുന്നതാണ്.***

21. ഇപ്പോൾ നമുക്ക് വിവിധ വിധിന്യായങ്ങളിൽ സുപ്രീം കോടതി എടുത്തിട്ടുള്ള വീക്ഷണം പരിഗണിക്കാം. *റ്റി. ആർ. ശർമ്മ* അഭി *പ്രഥ്വി സിങ്* (എ. ഐ. ആർ 1976 എസ്. സി 367) എന്ന കേസിൽ സുപ്രീം കോടതി പഞ്ചാബ് സിവിൽ സർവ്വീസസ് ചട്ടങ്ങളെ സംബന്ധിച്ച് ഈ പ്രത്യേക ചോദ്യം പരിഗണിക്കുകയായിരുന്നു. ചട്ടം 3.12 പ്രകാരം മറ്റു വിധത്തിൽ വ്യവസ്ഥ ചെയ്തിട്ടില്ലാത്തപക്ഷം, ഏതെങ്കിലും

സ്ഥിരതസ്തികയിൽ സ്ഥിര നിയമനത്തിനുള്ള ഒരു സർക്കാർ ജീവനക്കാരൻ ആ തസ്തികയിൽ ഒരു ലീൻ ആർജ്ജിക്കുകയും മറ്റേതെങ്കിലും തസ്തികയിൽ മുമ്പ് ആർജ്ജിച്ചിട്ടുള്ള ഏതെങ്കിലും ലീൻ വഹിക്കുന്നത് അവസാനിപ്പിക്കുകയും ചെയ്യുന്നു. ചട്ടം 3.14 (എ) പ്രകാരം സ്ഥിരമായ ഒരു തസ്തിക യഥാർത്ഥമായി വഹിക്കുന്ന ആൾ അയാൾ വഹിക്കുന്ന കേഡറിന് പുറത്തുള്ള ഒരു സ്ഥിരമായ തസ്തിക ഏറ്റെടുക്കുമ്പോൾ, ക്ഷമതയുള്ള അധികാരസ്ഥാനം ഒരു സർക്കാർ ജീവനക്കാരന്റെ, അയാൾക്ക് ലഭിച്ച സ്ഥിരമായ തസ്തികയിലുള്ള ലീൻ നിർത്തിവയ്ക്കേണ്ടതാണ്. ചട്ടം 3.15(എ), ചില സാഹചര്യങ്ങളിൽ ഒഴികെ, ഒരു തസ്തികയിലുള്ള ഒരു സർക്കാർ ജീവനക്കാരന്റെ ലീൻ, യാതൊരു സാഹചര്യങ്ങളിലും, അയാളുടെ സമ്മതത്തോടുകൂടി പോലും, ഒരു ലീനോ സ്ഥിരമായ ഒരു തസ്തികയിൻമേലുള്ള നിർത്തിവയ്ക്കപ്പെട്ട ഒരു ലീനോ ഇല്ലാതെ അയാളെ വിടുന്നതാണ് ഫലമെങ്കിൽ, അവസാനിപ്പിക്കാവുന്നതല്ലാത്തതാണ് എന്ന് പറയുന്നു. ആ കേസിൽ സുപ്രീംകോടതി ഇപ്രകാരം വിധിച്ചു:

"അപ്പീൽവാദി ഒരു യഥാർത്ഥ സ്ഥിരമായ നിലയിൽ ബ്ലോക്ക് ഡെവലപ്മെന്റ് & പഞ്ചായത്ത് ആഫീസറായി നിയമിതനായപ്പോൾ, അയാളുടെ കേസ്, ബ്ലോക്ക് ഡെവലപ്മെന്റ് & പഞ്ചായത്ത് ആഫീസറുടെ തസ്തിക അപ്പീൽവാദി ഉൾപ്പെട്ടിരുന്ന അഗ്രികൾച്ചറൽ ഇൻസ്പെക്റ്റർമാരുടെ കേഡറിന് പുറത്തായിരുന്നതിനാൽ ചട്ടം 3.14 (എ) (2)-ന്റെ പരിധിക്കുള്ളിൽ വന്നിരുന്നു. ആ സാഹചര്യങ്ങളിൽ, അപ്പീൽവാദിയുടെ, അയാൾ യഥാർത്ഥമായി വഹിച്ചിട്ടുണ്ടായിരുന്ന അഗ്രികൾച്ചറൽ ഇൻസ്പെക്റ്ററുടെ സ്ഥിരമായ തസ്തികയിലുള്ള ലീൻ, നിർത്തിവയ്ക്കേണ്ടത് ക്ഷമതയുള്ള അധികാരസ്ഥാനത്തിന് അനുപേക്ഷ്യമായിരുന്നു. എന്നിരുന്നാലും, അഗ്രികൾച്ചറൽ ഇൻസ്പെക്റ്റർ തസ്തികയിലുള്ള അപ്പീൽ വാദികളുടെ ലീൻ നിർത്തിവയ്ക്കുവാൻ ക്ഷമതയുള്ള അധികാരസ്ഥാനത്തിന് കഴിഞ്ഞില്ല. ക്ഷമതയുള്ള അധികാരസ്ഥാനത്തിന്റെ ഭാഗത്തുള്ള അങ്ങനെയുള്ള നിഷ്ക്രിയത്വമോ കൃത്യവിലോപമോ കൊണ്ട് അപ്പീൽവാദി കഷ്ടപ്പെടുവാൻ പാടില്ല. ചട്ടം വായിക്കുമ്പോൾ ഒരു സർക്കാർ ജീവനക്കാരന്റെ, അയാൾ യഥാർത്ഥമായി വഹിക്കുന്ന ഒരു സ്ഥിരമായ തസ്തികയിലുള്ള ലീൻ, അയാൾ വഹിക്കുന്ന കേഡറിന് പുറത്തുള്ള ഒരു സ്ഥിരമായ തസ്തികയിലേക്ക് ഒരു യഥാർത്ഥ നിലയിൽ അയാൾ നിയമിക്കപ്പെടുന്നുവെങ്കിൽ, നിർത്തിവയ്ക്കുവാനുള്ള ഒരു കർത്തവ്യം ക്ഷമതയുള്ള അധികാരസ്ഥാനത്തിൽ നിക്ഷിപ്തമാക്കുന്നു എന്നതിൽ യാതൊരു സംശയത്തിനും ചട്ടം ഇടനൽകുന്നില്ല. ആ ചട്ടത്തിന്റെ അനുപേക്ഷ്യ സ്വഭാവം, ആ ചട്ടത്തിലെ (ബി) ഖണ്ഡത്തിൽ "ആകാം" എന്ന പദത്തിന്റെ ഉപയോഗത്തിനെതിരായി (എ) ഖണ്ഡത്തിൽ "വേണം" എന്ന പദത്തിന്റെ ഉപയോഗത്തിൽ നിന്നും കൂടി വ്യക്തമാണ്. ഞങ്ങളുടെ അഭിപ്രായത്തിൽ, ചട്ടം 3.14 (എ) (2)-ലെ ആജ്ഞാപക വ്യവസ്ഥകൾ അനുസരിച്ച് പ്രവർത്തിക്കുവാനുള്ള ക്ഷമതയുള്ള അധികാരസ്ഥാനത്തിന്റെ കൃത്യവിലോപം കൊണ്ട് അപ്പീൽ വാദി ശിക്ഷിക്കപ്പെടുവാൻ കഴിയുകയില്ല."

25. *ത്രിവേണി ശങ്കർ സക്സേന* അഭി *യു. പി. സർക്കാർ* (എ. ഐ. ആർ 1992 എസ്. സി. 496) എന്ന കേസിൽ സുപ്രീം കോടതി *പി. എൽ. ദിൻഗ്ര* അഭി *യൂണിയൻ ഓഫ് ഇന്ത്യ* (എ.ഐ. ആർ 1958 എസ്. സി. 36) എന്ന കേസിലെ വിധിന്യായം ഇനിപ്പറയും പ്രകാരം പരാമർശിക്കുകയുണ്ടായി.

"ഒരാൾ ഒരു തസ്തികയിൽ സ്ഥിരീകരിയ്ക്കപ്പെടുകയും സ്ഥിരമാക്കപ്പെടുകയും ചെയ്യപ്പെടുമ്പോൾ മാത്രമേ അയാൾ ആ തസ്തികയിൽ ഒരു ലീൻ ആർജ്ജിക്കുന്നതായി പറയുവാൻ കഴിയുകയുള്ളൂ; അതിനു മുമ്പല്ല".

ഉദ്ധരിക്കപ്പെട്ട മറ്റൊരു വിധിന്യായം *സരള അഭി കേരള സർക്കാർ* (1989 (1) കെ. എൽ. റ്റി 518) എന്ന കേസാണ്. ഒരു സർവ്വീസിലെ, ആ സർവ്വീസിൽ കർത്തവ്യനിർവ്വഹണത്തിൽ ഹാജരാകാതിരിക്കുന്ന അങ്ങനെയുള്ള ഒരംഗത്തിനു മാത്രം, ആ സർവ്വീസിലെ ആ കാറ്റഗറിയിൽ നിന്നും അതെ സർവ്വീസിലുള്ള അതെ കാറ്റഗറിയിൽ ഹാജരാകാതിരിക്കുന്നവർക്കല്ല, കെ. എസ്. എസ്. ആർ-ലെ ചട്ടം 8 നുളള നാലാം പരിമിതിവ്യവസ്ഥ ബാധകമാവുന്നത് എന്ന് കോടതി വിധിച്ചിരുന്നു. ഹർജിക്കാരൻ സർവ്വീസിൽ ഹാജരാകാതിരുന്നിട്ടില്ല എന്ന് വിധിച്ചിരുന്നു. അതുകൊണ്ട് കെ. എസ്. എസ്. ആർ-ലെ ചട്ടം 8 പ്രകാരമുള്ള ആനുകൂല്യം അതിലെ ഹർജിക്കാരന് നൽകിയിരുന്നില്ല. ആ കേസിലെ വസ്തുതകൾ ഈ കേസിലെ വസ്തുതകളിൽ നിന്നും വ്യത്യസ്തമാണ്.

26. മുകളിലെ വിധിന്യായങ്ങളുടെയും കെ. എസ്. ആർ-ലെയും കെ. എസ്. എസ്. ആർ-ലെയും പ്രസക്തമായ ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ മാതൃവകുപ്പിലുള്ള ഒരു തസ്തികയിലേയ്ക്കുള്ള ഒരു സർവ്വീസിലെ ഒരംഗത്തിന്റെ ലീൻ അയാൾ മറ്റൊരു വകുപ്പിൽ ചേരുമ്പോൾ സ്വമേധയാ നഷ്ടപ്പെടുന്നില്ല എന്ന് ഞങ്ങൾ നിരീക്ഷിക്കുന്നു. ബന്ധപ്പെട്ട ആൾ പറയുന്നത് കേട്ടതിനു ശേഷം മാത്രമേ ആ ലീൻ അവസാനിപ്പിക്കുവാൻ കഴിയുകയുള്ളു. പ്രൊബേഷന്റെ പൂർത്തീകരണം കൊണ്ട് മാത്രം ഒരാൾ ഒരു സ്ഥിരമായ തസ്തികയിലേക്ക് യഥാർത്ഥമായി നിയമിക്കപ്പെട്ടിട്ടുണ്ട് എന്ന് പറയുവാൻ കഴിയുകയില്ല. ഒരാൾ കെ. എസ്. എസ് ആർ-ലെ ചട്ടം 24 പ്രകാരം സ്ഥിരീകരിക്കപ്പെടാത്ത പക്ഷം, ആ ആൾ ഒരു സ്ഥിരമായ തസ്തികയിലേയ്ക്ക് യഥാർത്ഥമായി നിയമിക്കപ്പെട്ടിട്ടുണ്ട് എന്ന് പറയുവാൻ കഴിയുകയില്ല. ഈ കേസിൽ അപ്പീൽ വാദികൾ സഹകരണ വകുപ്പിൽ സ്ഥിരീകരിക്കപ്പെട്ടിട്ടില്ല എന്ന് ഞങ്ങൾ കാണുന്നു. അതുകൊണ്ട് അവർക്ക് സഹകരണ വകുപ്പിൽ യാതൊരു ലീനും ഇല്ലാത്തതാണ്. ഗ്രാമവികസന വകുപ്പിലുള്ള അവരുടെ ലീൻ അവസാനിക്കപ്പെട്ടിട്ടില്ല. വിഷയത്തിന്റെ ആ വീക്ഷണപ്രകാരം, അവരെ മാതൃവകുപ്പിലേക്ക് തിരിച്ചയയ്ക്കുന്നത് നിയമപരമാണ്."

13. ഒരാൾ ഒരു തസ്തികയിൽ, സ്ഥിരീകരിക്കപ്പെടുകയും സ്ഥിരമാക്കപ്പെടുകയും ചെയ്യപ്പെടുമ്പോൾ മാത്രമേ, അയാൾ ആ തസ്തികയിൽ ഒരു ലീൻ ആർജ്ജിക്കുകയുള്ളൂ, അതിനു മുമ്പല്ല എന്ന് പറയുവാൻ മുകളിൽ പരാമർശിച്ച *ബാലകൃഷ്ണൻ നായർ* കേസിലെ ഫുൾ ബെഞ്ച് വിധിന്യായത്തെ സ്ഥിരീകരിച്ചു കൊണ്ട്, മേൽസൂചിപ്പിച്ച *അലി. എം.കെ* യുടെ കേസിലും പരമോന്നത കോടതി നിരീക്ഷിക്കുകയുണ്ടായി. പ്രസ്തുത വിധിന്യായത്തിലെ 18-ാം ഖണ്ഡിക താഴെപ്പറയും പ്രകാരമാണ്:

"18. ഉദ്യോഗസ്ഥരല്ലാത്ത എതിർകക്ഷികൾ സ്ഥിരസ്വഭാവമുള്ള തസ്തികയിലേയ്ക്ക് നിയമിക്കപ്പെട്ടതുകൊണ്ട് അവർക്ക് അവരുടെ ലീൻ നഷ്ടപ്പെടുന്നു എന്ന് വാദിക്കുവാനുള്ള ബലഹീനമായ ഒരു ശ്രമം നടത്തിയിരുന്നു. പ്രൊബേഷന്റെ പൂർത്തീകരണത്തിന്മേലും ഉദ്യോഗകയറ്റത്തിന്റെ സംഗതിയിലും യഥാർത്ഥമായ നിയമനം ഉണ്ടായിരുന്നുവെന്ന് അനുമാനിക്കേണ്ടതാണെന്ന് വാദിക്കുവാൻ 28-ാം ചട്ടം ആശ്രയിക്കപ്പെടുകയുണ്ടായി. ഉദ്യോഗസ്ഥരല്ലാത്ത എതിർകക്ഷികൾ സഹകരണ വകുപ്പിലെ തസ്തികകളിൽ സ്ഥിരീകരിക്കപ്പെട്ടില്ല എന്ന വസ്തുതാപരമായ ഒരു കണ്ടെത്തൽ ഫുൾ ബെഞ്ച് രേഖപ്പെടുത്തിയിട്ടുണ്ട്. ബന്ധപ്പെട്ട ജീവനക്കാരെ അവരുടെ തസ്തികകളിൽ സ്ഥിരീകരിക്കുന്ന ഏതെങ്കിലും ഉത്തരവ് സഹകരണ വകുപ്പ് പാസ്സാക്കിയിട്ടുണ്ടെന്ന് കാണിക്കുവാൻ യാതൊന്നും ഹാജരാക്കിയിട്ടില്ലെന്നും പ്രത്യേകമായി രേഖപ്പെടുത്തിയിട്ടുണ്ട്. പ്രൊബേഷന്റെ പൂർത്തീകരണം മാത്രം സ്വമേധയായുള്ള സ്ഥിരീകരണത്തിൽ പരിണമിക്കുന്നില്ല എന്ന് 24-ാം ചട്ടം പരാമർശിച്ചു കൊണ്ട് പറയുകയുണ്ടായി. ഒരാൾ ഒരു തസ്തികയിൽ, സ്ഥിരീകരിക്കപ്പെടുകയും സ്ഥിരമാക്കപ്പെടുകയും ചെയ്യുമ്പോൾ മാത്രമേ, അയാൾ ആ തസ്തികയിൽ ഒരു ലീൻ ആർജ്ജിക്കുന്നതായി പറയുവാൻ കഴിയുകയുള്ളു, അതിനു മുമ്പല്ല എന്നത് നിയമത്തിൽ അധിഷ്ഠിതമാണ്. (*ത്രിവേണി ശങ്കർ സക്സേന*

അഭി *യു. പി സർക്കാർ* (എ.ഐ. ആർ 1992 എസ്. സി. 496) എന്ന കേസും *പർഷോത്തം ലാൽ ദിൻഗ്ര അഭി യൂണിയൻ ഓഫ് ഇന്ത്യ* (എ.ഐ. ആർ 1958 എസ്. സി. 36) എന്ന കേസും കാണുക).''

14. റിട്ട് ഹർജിക്കാരൻ ഗ്രാമവികസന വകുപ്പിൽ ഒരു ലീൻ ആർജ്ജിച്ചിട്ടില്ല എന്നു പറയുമ്പോൾ, കെ. എസ് & എസ്. എസ്. ആർ ഭാഗം II- ലെ ചട്ടം 8-ന്റെ ആനുകൂല്യം ലഭിക്കുവാൻ അയാൾക്ക് അവകാശം ഉണ്ടായിരുന്നു എന്നത് വ്യക്തമാണ്. ഹർജിക്കാരനെ ഗ്രാമവികസന വകുപ്പിൽ സ്ഥിരീകരിച്ച 08-07-2004-ലെ ഉത്തരവിന്റെ ഒരു പകർപ്പ് ഹർജിക്കാരൻ തന്നെ എക്സിബിറ്റ് പി. 15 ആയി രേഖയിൽ കൊണ്ടുവന്നിട്ടുണ്ട്. പ്രസ്തുത ഉത്തരവ് റിട്ട് ഹർജിയിൽ ചോദ്യം ചെയ്യപ്പെട്ടിട്ടില്ല. സർക്കാരും ഒരു എതിർ സത്യവാങ്മൂലം ഫയൽചെയ്യുകയുണ്ടായി, അതിൽ, ഹർജിക്കാരൻ, ഗ്രാമ വികസന വകുപ്പിൽ സ്ഥിരീകരിക്കപ്പെട്ടിട്ടുണ്ടെന്നും നിയമ വകുപ്പിൽ അയാൾക്ക് യാതൊരു ലീനും ഇല്ലായിരുന്നുവെന്നും അതുകൊണ്ട് അയാളുടെ അപേക്ഷ പരിഗണിക്കുവാൻ കഴിഞ്ഞിട്ടില്ല എന്നുമുള്ള ഒരു നിലപാട് അവർ എടുക്കുകയുണ്ടായി. സർക്കാർ ഫയൽ ചെയ്ത എതിർ സത്യവാങ്മൂലത്തിലെ 10-ാം ഖണ്ഡികയിലെ വാദങ്ങൾ എടുത്തുപറയുന്നത് ഉപയോഗപ്രദമായിരിക്കും, അവ താഴെപ്പറയും പ്രകാരമാണ്:

"10. എന്നാൽ, പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി ഗ്രാമവികസന വകുപ്പിൽ ബി.ഡി.ഒ ആയി ചാർജ്ജെടുക്കുവാനുള്ള ആവശ്യം മൂലം ഹർജിക്കാരൻ നിയമ വകുപ്പ് വിട്ടൊഴിഞ്ഞില്ലായിരുന്നുവെങ്കിൽ യഥാർത്ഥ റാങ്കോടും സീനിയോറിറ്റിയോടുംകൂടി നിയമ വകുപ്പിലേയ്ക്ക് തിരിച്ചെടുക്കുന്നതിനുള്ള അയാളുടെ അപേക്ഷ പരിഗണിക്കപ്പെടുമായിരുന്നു. നിയമ വകുപ്പ് ഹർജിക്കാരന്റെ മാതൃവകുപ്പല്ല, എന്നാൽ അയാളുടെ രണ്ടാമത്തെ സ്ഥാപനമാണ്. ഡെപ്യൂട്ടി സെക്രട്ടറിയായ ശ്രീ. പി. കെ. ഗോപിനാഥൻ നായർ, അന്യത്ര സേവന വ്യവസ്ഥയിൽ റ്റി.ജി. മെഡിക്കൽ കൗൺസിലിൽ രജിസ്ട്രാറായിരുന്നു എന്ന ഹർജിക്കാരന്റെ വാദത്തിനെതിരായ ഒരു വ്യക്തമായ തെളിവ് എക്സിബിറ്റ് പി 11 ആണെന്ന് അത് തന്നെ സ്വയം വിശദീകരിക്കുന്നു. ഹർജിക്കാരൻ, ആദ്യ ഹർജി നമ്പർ 6005/2002-ലെ ഹർജിക്കാരന്റെ കേസിന് സമാനമായതാണ് തന്റെ കേസെന്ന് തെളിയിക്കുവാൻ എക്സിബിറ്റ് പി 12 മുഖേന ശ്രമിക്കുകയുണ്ടായി. അതിൽ ഹർജിക്കാരന്റെ അഭ്യർത്ഥന അയാളെ മാതൃവകുപ്പിലേക്ക് തിരിച്ചെടുക്കണം എന്നതായിരുന്നു. റിട്ട് ഹർജി (സിവിൽ) 28771/2004-ലെ ഹർജിക്കാരന്റെ അഭ്യർത്ഥന തന്റെ മാതൃവകുപ്പായ വിദ്യാഭ്യാസ വകുപ്പിലേയ്ക്ക് തിരിച്ചെടുക്കുന്നതിന് വേണ്ടിയല്ല തന്റെ രണ്ടാമത്തെ സ്ഥാപനത്തിലേയ്ക്ക് തിരിച്ചെടുക്കുന്നതിന് വേണ്ടിയാണ്. ഹർജിക്കാരൻ ഇപ്പോൾ ഗ്രാമ വികസന വകുപ്പിലെ ഒരു ഫുൾ മെമ്പറും സ്ഥിര അംഗവുമായി തീരുകയും അതുകൊണ്ട് മറ്റേതെങ്കിലും വകുപ്പിലേക്ക് തിരിച്ചെടുക്കുന്നതിനുള്ള അയാളുടെ അപേക്ഷ യാതൊരു പരിഗണനയും അർഹിക്കുന്നില്ല.''

15. കെ. എസ് & എസ്. എസ്. ആർ ഭാഗം II-ലെ 26-ാം ചട്ടം ഈ കേസിന് പ്രസക്തമായ ഒരു ചട്ടം കൂടിയാണ്. അത് താഴെപ്പറയുന്ന പ്രകാരമണ്:

" **26. ഒന്നിലധികം സർവ്വീസുകളിലെ അംഗത്വം:-** യാതൊരാളും ഒരേ സമയത്ത് ഒന്നിൽ കൂടുതൽ സർവ്വീസിലെ ഒരു ഫുൾ മെമ്പറായിരിക്കുവാൻ പാടില്ലാത്തതാണ്.

മറ്റൊരു സർവ്വീസിലെ ഒരു ഫുൾ മെമ്പറായി നിയമിക്കപ്പെടുന്ന ഒരു സർവ്വീസിലെ ഒരു പ്രൊബേഷണർ അല്ലെങ്കിൽ അപ്രൂവ്ഡ് പ്രൊബേഷണർ അല്ലെങ്കിൽ ഫുൾ മെമ്പർ മുൻ സർവ്വീസിലെ അംഗം അല്ലാതായിത്തീരുന്നതാണ്.''

16. കെ. എസ് & എസ്. എസ്. ആർ ഭാഗം II-ലെ 24-ാം ചട്ടം ഫുൾ മെമ്പർമാരുടെ നിയമനത്തിന് വ്യവസ്ഥചെയ്യുന്നു. അത് താഴെ പറയും പ്രകാരമാണ്:

" **24. ഫുൾ മെമ്പർമാരുടെ നിയമനം.-** (എ) 8-ാം ചട്ടത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി, ഒരു അപ്രൂവ്ഡ് പ്രൊബേഷണർ,

അയാൾ തിരഞ്ഞെടുക്കപ്പെട്ട വിഭാഗത്തിലോ കാറ്റഗറിയിലോ ഉള്ള സർവ്വീസിലെ ഒരു ഫുൾ മെമ്പറായി അങ്ങനെയുള്ള വിഭാഗത്തിലേയോ കാറ്റഗറിയിലേയോ സ്ഥിരമായ കേഡറിൽ നിലനില്ക്കാവുന്നതോ ഉണ്ടാകാവുന്നതോ ആയ ഏതെങ്കിലും യഥാർത്ഥ ഒഴിവിൽ സാധ്യമായ ഏറ്റവും അടുത്ത അവസരത്തിൽ നിയമിക്കപ്പെടേണ്ടതും, അങ്ങനെയുള്ള ഒഴിവ് നിയമന ഉത്തരവ് പുറപ്പെടുവിക്കുന്നതിന് മുമ്പുള്ള ഒരു തീയതി മുതൽ നിലനിന്നിരുന്നുവെങ്കിൽ, ആ തീയതി മുതലോ, അതതു സംഗതി പോലെ, അങ്ങനെയുള്ള വിഭാഗത്തിലോ കാറ്റഗറിയിലോ ഉള്ള സർവ്വീസിലെ ഒരംഗമായി അയാൾ തുടർച്ചയായി കർത്തവ്യനിർവ്വഹണത്തിലായിരുന്ന പിന്നീടുള്ള ഏതെങ്കിലും തീയതി മുതലോ മുൻകാല പ്രാബല്യത്തോടുകൂടി അപ്രകാരം നിയമിക്കപ്പെടാവുന്നതാണ്: .............''

17. ചട്ടം 24 (എ)-യ്ക്ക് അനുസൃതമായി ഹർജിക്കാരനെ ഒരു ഫുൾ മെമ്പറായി നിയമിച്ചുകൊണ്ടുള്ള ഒരു ഉത്തരവാണ് 08-07-2004-ലെ ഉത്തരവ്. യാതൊരാളും ഒരേ സമയം ഒന്നിൽകൂടുതൽ സർവ്വീസിലെ അംഗമായിരിക്കുവാൻ പാടില്ലാത്തതാണെന്ന് ചട്ടം 26 വ്യവസ്ഥചെയ്യുന്നു. ഹർജിക്കാരൻ ഗ്രാമ വികസന വകുപ്പിൻ കീഴിലുള്ള സർവ്വീസിലെ ഫുൾ മെമ്പറായി തീർന്നിരുന്നു, അതുകൊണ്ട് അയാൾക്ക് മറ്റേതെങ്കിലും മുൻ സർവ്വീസിലെ അംഗമായിരിക്കുവാൻ കഴിഞ്ഞിരുന്നില്ല. മറ്റൊരു സർവ്വീസിലെ ഒരു ഫുൾ മെമ്പറായി നിയമിക്കപ്പെടുന്ന ഒരു സർവ്വീസിലെ ഒരു മെമ്പർ പ്രൊബേഷണറോ ഫുൾ മെമ്പറോ മുൻ സർവ്വീസിലെ അംഗം അല്ലാതായിത്തീരുന്നതാണ് എന്ന് ചട്ടം 26 വീണ്ടും പ്രസ്താവിക്കുന്നു. ഒരു മുഴുവൻ അംഗത്തിന്റെ മറ്റൊരു സർവ്വീസിലേയ്ക്കുള്ള നിയമനത്തിന്മേൽ അയാൾക്ക് മുൻ സർവ്വീസിലുള്ള ഏതെങ്കിലും ലീൻ അവസാനിക്കുന്നതാണ് എന്ന് അത് വ്യക്തമായി അർത്ഥമാക്കുന്നു. ഇപ്രകാരം, ഒരു ഫുൾ മെമ്പർക്ക് മറ്റൊരു സർവ്വീസിലേയ്ക്കുള്ള നിയമനം വഴി മുൻ സർവ്വീസിലുള്ള ലീൻ നഷ്ടപ്പെടുന്നു. ഹർജിക്കാരൻ ഗ്രാമ വികസന വകുപ്പിൽ ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസറായി സ്ഥിരീകരിക്കപ്പെട്ടിരിക്കെ, മുൻ സർവ്വീസിലെ അയാളുടെ ലീൻ, ഏതെങ്കിലും ഉണ്ടെങ്കിൽ, അയാൾക്ക് അത് നഷ്ടപ്പെടുകയും ഗ്രാമ വികസന വകുപ്പിൽ ഒരു ലീൻ ആർജ്ജിക്കുകയും ചെയ്തിരിക്കുന്നു. ഇപ്രകാരം, സംസ്ഥാന സർക്കാർ, നിയമ വകുപ്പിലേയ്ക്ക് തിരിച്ചെടുക്കലിനുള്ള ഹർജിക്കാരന്റെ അവകാശവാദം നിരസിച്ചുകൊണ്ടുള്ള എക്സിബിറ്റ് പി. 16 ഉത്തരവ് പാസ്സാക്കുന്നതിൽ ഏതൊരു തെറ്റും വരുത്തിയിട്ടില്ല.

18. മുൻ പ്രസ്താവിച്ച ചർച്ചയുടെ വെളിച്ചത്തിൽ, റിട്ട് ഹർജി തള്ളിക്കളഞ്ഞതിൽ പാണ്ഡിത്യമുള്ള സിംഗിൾ ജഡ്ജി യാതൊരു തെറ്റും ചെയ്തിട്ടില്ല എന്ന് ഞങ്ങൾ വീക്ഷിക്കുന്നു. ഹർജിക്കാരന് ഏതൊരു നിവൃത്തിക്കും അവകാശമില്ലാത്തതാണ്. അതിനനുസൃതമായി റിട്ട് അപ്പീൽ തള്ളിക്കളയുന്നു.

---

***accusare nemo se debet***
*(No one is bound to accuse himself )*
***യാതൊരാളും സ്വയം കുറ്റം ചുമത്താൻ ബാദ്ധ്യസ്ഥനല്ല.***

# ലേഖനങ്ങൾ

34/4257/2014.

# 1999-ലെ കേരള ലോകായുക്ത ആക്റ്റ്: ഒരു ലഘു വിവരണം

സംസ്ഥാന സർക്കാരിന്റെ പ്രഖ്യാപിത നയമനുസരിച്ച്, പൊതുസേവനത്തിലെ അഴിമതി തുടച്ചുനീക്കുന്നതിന്, പൊതുജനസേവകർക്കെതിരായ പരാതികൾ കാര്യക്ഷമമായി അന്വേഷിക്കുന്നതിനുള്ള ചില അധികാര സ്ഥാനങ്ങളുടെ നിയമനവും ചുമതലകളും അതുമായി ബന്ധപ്പെട്ട സംഗതികളും വ്യവസ്ഥചെയ്യുന്നതിനായി 1999-ലെ കേരള ലോകായുക്ത ആക്റ്റ് കേരള നിയമസഭ പാസ്സാക്കുകയുണ്ടായി.

സംസ്ഥാന നിയമനിർമ്മാണസഭയുടെ സ്പീക്കറും പ്രതിപക്ഷ നേതാവുമായി കൂടിയാലോചിച്ചശേഷം മുഖ്യമന്ത്രി നൽകുന്ന ഉപദേശത്തിന്മേൽ ഗവർണ്ണറാണ് ലോകായുക്തയെയും ഉപ ലോകായുക്തയെയും നിയമിക്കുന്നത്. ഇവരുടെ ഉദ്യോഗകാലാവധി നിയമന തീയതി മുതൽ അഞ്ചു വർഷമാണ്. ലോകായുക്തയ്ക്ക് സുപ്രീം കോടതി ജഡ്ജി അല്ലെങ്കിൽ ഹൈക്കോടതി ചീഫ് ജസ്റ്റിസിന്റെയും ഉപ ലോകായുക്തമാർക്ക് ഹൈക്കോടതി ജഡ്ജിയുടെയും പദവിയാണുള്ളത്. ആക്റ്റ് പ്രകാരം ഒരു ലോകായുക്തയും രണ്ട് ഉപ ലോകായുക്തകളുമാണ് ഉള്ളത്. 1999-ലെ കേരള ലോകായുക്ത ആക്റ്റ് പ്രകാരം തിരുവനന്തപുരം ആസ്ഥാനമായും കൊച്ചി, കോഴിക്കോട്, കണ്ണൂർ, തലശ്ശേരി, തൃശ്ശൂർ, കോട്ടയം എന്നിവിടങ്ങളിൽ രണ്ട് മാസത്തിലൊരിക്കൽ ക്യാമ്പ് സിറ്റിംങ്ങുകളിലുമായി വളരെ ഫലപ്രദമായി പ്രവർത്തിച്ചു വരുന്ന സ്ഥാപനമാണ് കേരള ലോകായുക്ത. ലോകായുക്തയ്ക്ക് രണ്ട് ഡിവിഷൻ ബഞ്ചും രണ്ട് സിംഗിൾ ബഞ്ചുമാണ് ഇപ്പോൾ നിലവിലുള്ളത്.

മുഖ്യമന്ത്രി, മന്ത്രിമാർ, നിയമസഭാംഗങ്ങൾ തുടങ്ങി സർക്കാർ, സർക്കാരിതര സ്ഥാപനങ്ങൾ, അർദ്ധസർക്കാർ സ്ഥാപനങ്ങൾ തുടങ്ങി സർക്കാർ കമ്പനികളിലെയും സർക്കാർ സ്ഥാപിതമായതും 1955-ലെ ട്രാവൻകൂർ-കൊച്ചിൻ ലിട്ററി സയന്റിഫിക് ആന്റ് ചാരിറ്റബിൾ സൊസൈറ്റീസ് ആക്റ്റ് പ്രകാരം സ്ഥാപിതമായതുമായ 120-ഓളം സർക്കാർ നിയന്ത്രിത സ്ഥാപനങ്ങളിലെ ജീവനക്കാരും, ട്രേഡ് യൂണിയനുകൾ, രാഷ്ട്രീയ പാർട്ടികൾ, എയ്ഡഡ് സ്കൂളുകൾ, കോളേജുകൾ, സഹകരണ സംഘങ്ങൾ എന്നിവയിലെ അധികാര സ്ഥാനത്തുള്ളവരും പൊതുസേവകർ എന്ന നിലയിൽ ലോകായുക്തയുടെ അധികാരപരിധിയിൽ വരുന്നു.

പൊതുസേവകരുടെ ഭരണപരമായ നടപടികളിലെ അഴിമതി ആരോപണങ്ങളും ആവലാതികളും ലോകായുക്തയുടെ അന്വേഷണപരിധിയിൽ ഉൾപ്പെടുന്നു. പൊതുസേവകരുടെ അധികാര ദുർവിനിയോഗം, കെടുകാര്യസ്ഥത, അഴിമതി, സ്വജനപക്ഷപാതം എന്നിവ സംബന്ധിച്ച് ഏതൊരു വ്യക്തിക്കും, സംഘടനയ്ക്കും ലോകായുക്തയ്ക്ക് മുമ്പാകെ പരാതി നൽകാവുന്നതാണ്. കൂടാതെ, ഉദ്യോഗസ്ഥരുടെ അകാരണവും നീതിരഹിതവും വിവേചനപരവുമായ നടപടികളിലും പരാതിയുള്ള ഏതൊരാൾക്കും ലോകായുക്തയെ സമീപിക്കാവുന്നതാണ്.

സർവ്വീസിൽ നിന്ന് വിരമിച്ചശേഷം ജീവനക്കാർക്ക് ലഭിക്കേണ്ട അർഹമായ ആനുകൂല്യത്തിന് കാലതാമസം നേരിടുകയോ അർഹമായ ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുകയോ ചെയ്യുന്നപക്ഷം തക്കതായ

പരിഹാരം നേടുന്നതിന് ലോകായുക്തയിൽ പരാതി നൽകാവുന്നതാണ്. സാധാരണ ഗതിയിൽ അഞ്ച് വർഷത്തിനുള്ളിൽ നടന്ന സംഗതികൾ സംബന്ധിച്ച അന്വേഷണത്തിനാണ് വ്യവസ്ഥയുള്ളതെങ്കിലും, അതിനു മുൻപ് നടന്ന സംഗതികളുടെ കാര്യത്തിൽപോലും, തക്കതായ കാരണമുണ്ടെങ്കിൽ, ലോകായുക്തയുടെ പ്രത്യേക അനുവാദം നേടി, അന്വേഷണം ആവശ്യപ്പെടാവുന്നതും പരിഹാരം തേടാവുന്നതുമാണ്. പരാതി ഫയലിൽ സ്വീകരിച്ച് അന്വേഷണം നടത്തുന്ന വേളയിൽ, താൽക്കാലിക നിരോധന ഉത്തരവ്, സ്റ്റേ എന്നിവ നൽകുവാൻ ലോകായുക്തയ്ക്ക് അധികാരമുണ്ട്.

മറ്റ് ഏത് നിയമപ്രകാരവും പരിഹാരത്തിന് വ്യവസ്ഥയുണ്ടെങ്കിലും അതേ സംഗതിയിൽ തന്നെ ഒരാൾക്ക് പരാതിയുമായി ലോകായുക്ത ആക്റ്റിലെ വകുപ്പ് 26(2) പ്രകാരം ലോകായുക്തയെ സമീപിക്കാമെന്നതാണ് ഈ ആക്റ്റിന്റെ ഒരു സവിശേഷത. അതായത്, മറ്റ് നിയമപ്രകാരം അപ്പീലോ റിവിഷനോ ഉണ്ട് എന്നത്, ലോകായുക്തയിൽ പരാതി നൽകുന്നതിന് തടസ്സമാകുന്നില്ല എന്ന് എടുത്തുപറയേണ്ടിയിരിക്കുന്നു.

ലോകായുക്ത ആക്റ്റിന്റെ രണ്ടാം പട്ടികയിൽ പറയുന്ന സംഗതികൾ സംബന്ധിച്ച് സങ്കടപരിഹാരത്തിനായി പരാതി സമർപ്പിക്കുവാൻ 8(1)-ാം വകുപ്പ് പ്രകാരം തടസ്സമുണ്ടെങ്കിലും, അതേ സംഗതികളിലെ അഴിമതിയോ ഭരണദുർവ്വിനിയോഗമോ സ്വജനപക്ഷപാതമോ സംബന്ധിച്ച് പരാതി നൽകാവുന്നതും അന്വേഷണം ആവശ്യപ്പെടാവുന്നതുമാണ്.

ലോകായുക്ത ആക്റ്റിൽ വിവക്ഷിച്ചിട്ടുള്ള ഫാറത്തിൽ ഒരു പരാതി, അതിലെ ഉള്ളടക്കം ശരിയാണെന്ന് സാക്ഷ്യപ്പെടുത്തിക്കൊണ്ടുള്ള സത്യവാങ്മൂലം സഹിതമാണ് ലോകായുക്തയിൽ ഫയൽചെയ്യേണ്ടത്. നടപടി ക്രമങ്ങൾ വളരെ ലളിതവും സുതാര്യവുമാണ്. പരാതി പരിഗണിച്ച് അതിന്റെ ഉള്ളടക്കത്തിൽ പ്രഥമദൃഷ്ട്യാ ഒരു കേസ് ഉണ്ടെങ്കിൽ, എതൃകക്ഷിക്ക് നോട്ടീസ് അയയ്ക്കുവാനും താൽക്കാലിക ഉത്തരവുകൾ നൽകുവാനും ലോകായുക്തയ്ക്ക് അധികാരമുണ്ട്.

മുഖ്യമന്ത്രി, മന്ത്രിമാർ, എം.എൽ.എ മാർ, ഗവൺമെന്റ് സെക്രട്ടറിമാർ, രാഷ്ട്രീയ പാർട്ടികളുടെ സംസ്ഥാനതല ഭാരവാഹികൾ, സംസ്ഥാന സർവ്വീസിലെ ഐ.എ.എസ് ഉദ്യോഗസ്ഥർ എന്നിവർ എതൃകക്ഷികളായ പരാതികളിൽ ഡിവിഷൻ ബഞ്ചിനും, മറ്റു പൊതുസേവകർ എതൃകക്ഷികളായ പരാതികളിൽ ഉപലോകായുക്തയ്ക്കും അന്വേഷണം നടത്തി തീരുമാനമെടുക്കാൻ അധികാരമുണ്ട്.

രേഖകൾ പരിശോധിച്ചും ആവശ്യമെങ്കിൽ, തെളിവെടുത്തും അന്വേഷണം നടത്തുവാനാണ് ആക്റ്റ് അനുശാസിക്കുന്നത്. അതിനായി ലോകായുക്തയ്ക്ക് ഒരു സിവിൽ കോടതിയുടെ അധികാരമുണ്ട്. കൂടാതെ, അന്വേഷണത്തിന്റെ ഭാഗമായി പരിശോധന നടത്തുന്നതിനും രേഖകളോ മറ്റ് മുതലുകളോ പിടിച്ചെടുക്കുന്നതിനും ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ് റാങ്കിൽ കുറയാത്ത ഒരു പോലീസ് ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്താൻ ആക്റ്റ് ലോകായുക്തയ്ക്ക് അധികാരം നൽകിയിട്ടുണ്ട്.

അപ്രകാരം അന്വേഷണം നടത്തി, ലോകായുക്ത കണ്ടെത്തുന്ന വസ്തുതകളും അന്തിമതീരുമാനവും അവ നടപ്പിലാക്കുന്നതിനായി ബന്ധപ്പെട്ട ക്ഷമതയുള്ള അധികാരസ്ഥാനത്തേയ്ക്ക് അയയ്ക്കേണ്ടതും നിശ്ചിതസമയത്തിനകം ആയതിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് "നടപടി സ്വീകരിച്ച റിപ്പോർട്ട്" മുഖാന്തിരം ലോകായുക്തയെ അറിയിക്കുവാൻ ബന്ധപ്പെട്ട ക്ഷമതയുള്ള അധികാരസ്ഥാനത്തിന് ബാദ്ധ്യതയുള്ളതുമാണ്. നടപടികൾ, മതിയായതോ തൃപ്തികരമോ അല്ലെങ്കിൽ, തുടർനടപടി സ്വീകരിക്കുവാനും ആവശ്യമെങ്കിൽ ഗവർണ്ണർക്ക് റിപ്പോർട്ട് നൽകി നിയമസഭയിൽ അത് വയ്ക്കുവാനും അധികാരമുണ്ട്.

അന്വേഷണം നടത്തപ്പെടുന്ന ആരോപണത്തിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ ഒരു പൊതുസേവകന് തൽസ്ഥാനത്ത് തുടരാൻ അർഹതയില്ല എന്ന് പ്രഖ്യാപിക്കാനുള്ള പ്രത്യേക അധികാരം ആക്റ്റിലെ 14-ാം വകുപ്പ് ലോകായുക്തയ്ക്ക് നൽകുന്നു എന്നതാണ് സുപ്രധാനമായ ഒരു കാര്യം. ഈ പ്രഖ്യാപനത്തിന്റെ ഫലമായി ബന്ധപ്പെട്ട ക്ഷമതയുള്ള അധികാരസ്ഥാനം അത് സ്വീകരിക്കുന്ന സമയം മുതൽ, മുൻകാല പ്രാബല്യത്തോടെ കുറ്റാരോപിതനായ പൊതുസേവകന്, താൻ വഹിക്കുന്ന പദവി നഷ്ടമാകുന്നതാണ്. ലോകായുക്ത ആക്റ്റിലെ ഏറ്റവും ശക്തവും പ്രബലവുമായ വ്യവസ്ഥയാണിത്.

ദുരുദ്ദേശത്തോടെ പരാതി നൽകുന്നവർക്കെതിരെ ശിക്ഷാനടപടിക്ക് വ്യവസ്ഥയുള്ളതുപോലെ, ആരോപണം തെളിയിക്കപ്പെടുന്ന കേസുകളിൽ പരാതിക്കാരന് തക്കതായ നഷ്ടപരിഹാരം നൽകുവാനും ലോകായുക്തയ്ക്ക് അധികാരം ഈ ആക്റ്റിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ലോകായുക്തയുടെ അന്വേഷണങ്ങളിൽ സഹായിക്കാനായി പോലീസ് ഇൻസ്പെക്ടർ ജനറലിനു കീഴിൽ പോലീസുദ്യോഗസ്ഥരുടെ ഒരു പ്രത്യേക വിഭാഗം തന്നെ നിലവിലുണ്ട്.

ആക്റ്റിലെ 22-ാം വകുപ്പുപ്രകാരം സർക്കാർ ജീവനക്കാരൊഴികെയുള്ള എല്ലാ പൊതുസേവകരും അവരുടെ കുടുംബാംഗങ്ങളും രണ്ട് വർഷത്തിലൊരിക്കൽ, അതായത് രണ്ടാമത് വർഷത്തിലെ ജൂൺ 30-നകം, ആസ്തി-ബാദ്ധ്യതാ വിവരം ബന്ധപ്പെട്ട അധികാരസ്ഥാനങ്ങളെ അറിയിക്കേണ്ടതാണ്. അതിൽ വീഴ്ച വരുത്തിയാൽ, വിവരം ലോകായുക്തയെ അറിയിക്കേണ്ടതും ആയതിനുശേഷം, വീണ്ടും രണ്ട് മാസത്തിനകം, പ്രസ്തുത സ്റ്റേറ്റ്മെന്റ് ഫയൽ ചെയ്യുന്നില്ലായെങ്കിൽ വീഴ്ച വരുത്തിയ പൊതുസേവകന്റെ പേരുവിവരങ്ങൾ 3 പത്രങ്ങളിൽ ലോകായുക്തയ്ക്ക് പരസ്യം ചെയ്യാവുന്നതാണ്.

അടുത്തകാലത്ത് പാർലമെന്റ് പാസാക്കിയ ലോക്പാൽ-ലോകായുക്ത ആക്റ്റിന്റെ വ്യവസ്ഥകൾക്ക് അനുസൃതമായി കേരള ലോകായുക്ത ആക്റ്റ് ഭേദഗതി ചെയ്യുമ്പോൾ ലോകായുക്ത സംവിധാനം വളരെയധികം ശക്തമാകും. വളരെ വിപുലവും ജനോപകാരപ്രദവുമായ മേൽവിവരിച്ച അധികാരങ്ങൾ ലോകായുക്ത ആക്റ്റിൽ ഇപ്പോൾ തന്നെ ഉണ്ടായിട്ടും, പൊതുജനങ്ങൾക്ക് അത് സംബന്ധിച്ച തക്കതായ അറിവ് ഇനിയും ലഭിച്ചിട്ടില്ലാത്തതിനാൽ, അവ വേണ്ട രീതിയിൽ പ്രയോജനപ്പെടുന്നില്ല. ആയതിനാൽ, ഇക്കാര്യത്തിൽ പൊതുജനങ്ങളെ ബോധവത്ക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നത് അത്യന്താപേക്ഷിതമാണ്. ലോകായുക്തയെപ്പറ്റി കൂടുതൽ വിവരങ്ങളും പരാതിയുടെ നിശ്ചിത ഫാറവും www.lokayuktakerala.gov.in, www.facebook.com/keralalokayukta എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാണ്.

കേരളത്തിലെ ലോകായുക്ത സംവിധാനത്തിന്റെ ഒരു പരിമിതിയായി പലപ്പോഴും പറയുന്നത് ആക്റ്റിന്റെ 12-ാം വകുപ്പ് പ്രകാരം ലോകായുക്ത തയ്യാറാക്കുന്ന അന്തിമറിപ്പോർട്ടുകൾ കോടതി ഉത്തരവുകളുടെ സ്വഭാവത്തിലുള്ളതല്ലെന്നും മറിച്ച് കൂടുതലുള്ള അധികാര സ്ഥാനത്തിനുള്ള ശിപാർശകൾ ആണെന്നുമാണ്. പക്ഷെ ഇങ്ങനെ പറയുന്നവർ ഒരു കാര്യം വിസ്മരിക്കുന്നു. ലോകായുക്തയ്ക്കും ഉപലോകായുക്തയ്ക്കും ന്യായമെന്ന് തോന്നുന്ന ഏത് ഇടക്കാല ഉത്തരവും പാസ്സാക്കാൻ അധികാരമുണ്ട്. ഒരു അഴിമതി വിരുദ്ധ സ്ഥാപനം മാത്രമാണ് ലോകായുക്ത എന്ന ധാരണയാണ് സാധാരണക്കാർക്കുള്ളത്. അഴിമതിയേക്കാൾ കൂടുതലായി ദുർഭരണം ചോദ്യം ചെയ്തുകൊണ്ടുള്ള പരാതികളാണ് ലോകായുക്ത മുമ്പാകെ കൂടുതലും ഫയൽ ചെയ്യപ്പെടുന്നത്. അടുത്തയിടെ പാർലമെന്റ് പാസ്സാക്കിയ ലോക്പാൽ-ലോകായുക്ത ആക്റ്റ് പ്രകാരം നിലവിൽ വരുന്ന ലോക്പാലിന് അഴിമതിക്കെതിരായ കേസുകൾ മാത്രം പരിശോധിക്കാനുള്ള അധികാരമേയുള്ളൂ.

ലോക്പാലിന്റെ പരിധിയിൽ ദുർഭരണം വരുന്നില്ല. കേരള ലോകായുക്ത ആക്റ്റിൽ ദുർഭരണത്തിന് നൽകിയിട്ടുള്ള നിർവ്വചന പ്രകാരം യുക്തഹീനമായ, അന്യായമായ, ദുർവ്വഹമായ ശരിയല്ലാത്തവണ്ണം വിവേചനപരമായ മന:പൂർവ്വമായ അശ്രദ്ധ മൂലം സംഭവിക്കുന്ന അതുപോലെ തന്നെ സാധാരണയിൽ കവിഞ്ഞ കാലതാമസം ഉണ്ടാക്കുന്ന ഭരണനടപടികൾ എന്നിവ എല്ലാം ഉൾപ്പെടും.

***നിയമ (ഔദ്യോഗിക ഭാഷ-പ്രസിദ്ധീകരണ സെൽ) വകുപ്പ് തയ്യാറാക്കിയത്.***

> ***consuetudo debet esse certa; nam incerta pronulla habetur.***
> *(A custom should be certain; for an uncertain custom is considered null.)*
> ***ഒരു ആചാരം നിശ്ചിതമായിരിക്കണം; എന്തെന്നാൽ നിശ്ചിതമല്ലാത്ത ഒരു ആചാരം അസാധുവായി കരുതപ്പെടുന്നു.***



**സി. രമണി**
*സ്പെഷ്യൽ സെക്രട്ടറി,*
*നിയമ വകുപ്പ്*

# ഹെൻട്രി VIII ക്ലോസ് :
# വൈഷമ്യങ്ങൾ നീക്കംചെയ്യുന്നതിനുള്ള അധികാരം

പതിനാറാം നൂറ്റാണ്ടിൽ ഇംഗ്ലണ്ട് ഭരിച്ചിരുന്ന രാജാവായിരുന്നു ഹെൻട്രി എട്ടാമൻ (1509-1547). ഹെൻട്രി എട്ടാമന്റെ കാലത്താണ് മാർട്ടിൻ ലൂഥർ, പോപ്പിന്റെ അധികാരങ്ങളെ വെല്ലുവിളിച്ചുകൊണ്ട് ജർമ്മനിയിൽ മതനവീകരണത്തിന് തുടക്കം കുറിച്ചത്. മാർട്ടിൻ ലൂഥർ പോപ്പിന്റെ അധികാരങ്ങളെ വെല്ലുവിളിച്ചപ്പോൾ ഇംഗ്ലണ്ട് പോപ്പിനെ അനുകൂലിക്കുകയും ഹെൻട്രി എട്ടാമൻ മാർട്ടിൻ ലൂഥറിനെതിരായി "അസ്സേർഷിയോ സെപ്റ്റം സാക്രമെന്റോറം അഡ്വേഴ്സസ് മാർട്ടിനം ലൂഥേറം" അഥവാ "മാർട്ടിൻ ലൂഥർക്കെതിരായി ഏഴു കൂദാശകളുടെ ന്യായീകരണം" എന്ന പുസ്തകം എഴുതുകയും ചെയ്തു. ഇതിൽ സന്തുഷ്ടനായ പോപ്പ്, ഹെൻട്രി എട്ടാമന് ആദരസൂചകമായി "ഫിഡൈ ഡിഫൻസർ" അഥവാ "വിശ്വാസ സംരക്ഷകൻ"എന്ന ബഹുമതി നൽകി. എന്നാൽ ഈ "വിശ്വാസ സംരക്ഷകൻ" തന്നെ താമസിയാതെ പോപ്പിന് എതിരാകുകയും ഇംഗ്ലണ്ടിലെ മതനവീകരണത്തിന് കാരണമാകുകയും ചെയ്തു.

കൊട്ടാരം സേവകയായ ആനി ബോളിനുമായി പ്രേമത്തിലായ ഹെൻട്രി എട്ടാമൻ അവരെ വിവാഹം ചെയ്യുവാൻ തീരുമാനിക്കുകയും അതിനായി തന്റെ പത്നിയായ കാതറിനുമായുള്ള വിവാഹബന്ധം വേർപെടുത്തി തരുവാൻ പോപ്പിനോട് അപേക്ഷിക്കുകയും ചെയ്തു. അന്നത്തെ വിശുദ്ധ റോമൻ ചക്രവർത്തിയും പോപ്പിന്റെ ശക്തനായ അനുയായിയുമായിരുന്ന ചാൾസ് അഞ്ചാമൻ കാതറിന്റെ സഹോദരീ പുത്രനായിരുന്നു. ഇക്കാരണത്താൽ പ്രസ്തുത വിവാഹമോചന വിഷയത്തിൽ തീരുമാനമെടുക്കുക എന്നത് പോപ്പിനെ സംബന്ധിച്ചിടത്തോളം അത്യന്തം ദുഷ്കരമായിത്തീർന്നു. ആയതിനാൽ പലവിധ ന്യായങ്ങളിലൂടെ പോപ്പ് ഹെൻട്രിയുടെ വിവാഹമോചനാവശ്യം അനന്തമായി നീട്ടിക്കൊണ്ടുപോയി. ഇതിൽ പ്രകോപിതനായ ഹെൻട്രി 1529-ൽ ചരിത്രപ്രസിദ്ധമായ "മതനവീകരണ പാർലമെന്റ്" വിളിച്ചുചേർക്കുകയും പോപ്പിനെതിരായി നിരവധി ആക്റ്റുകൾ പാസ്സാക്കുകയും ചെയ്തു.

1529-ൽ ചേർന്ന ചരിത്രപ്രസിദ്ധമായ മതനവീകരണ പാർലമെന്റ് ഏഴു വർഷത്തോളം നീണ്ടുനിൽക്കുകയും ഏഴ് സമ്മേളനങ്ങളിലായി ഏകദേശം 137 സ്റ്റാറ്റ്യൂട്ടുകൾ പാസ്സാക്കുകയും അതുവഴി റോമുമായുള്ള ബന്ധം പൂർണ്ണമായി വിച്ഛേദിക്കുകയും ചെയ്തു.

ഹെൻട്രി തന്റെ മാർഗ്ഗമധ്യേ ഉണ്ടായ വൈഷമ്യങ്ങൾ നീക്കം ചെയ്യുന്നതിനായി പാർലമെന്ററി സംവിധാനത്തെ ഒരു ഉപകരണമാക്കുകയും, അതിലൂടെ തന്റെ ഹിതം നടപ്പിലാക്കുകയും ചെയ്തു. നിയമങ്ങൾ ഉണ്ടാക്കുവാനുള്ള അധികാരം പാർലമെന്റു വഴി കൈക്കലാക്കുവാൻ ഹെൻട്രി തീരുമാനിക്കുകയും അത് കൈക്കലാക്കുകയും ചെയ്തു. മറ്റൊരു തരത്തിൽ പറഞ്ഞാൽ എക്സിക്യൂട്ടീവിന് നിയമമുണ്ടാക്കുവാനുള്ള അധികാരം നിയമനിർമ്മാണസഭ വഴി തന്നെ ഹെൻട്രി നേടിയെടുത്തു. 1539-ലെ സ്റ്റാറ്റ്യൂട്ട് ഓഫ് പ്രൊക്ളമേഷൻസ് നിയമ പ്രാബല്യമുള്ള

വിളംബരങ്ങൾ പുറപ്പെടുവിക്കാനുള്ള അധികാരം രാജാവിന് നൽകുകയുണ്ടായി. നിയമനിർമ്മാണസഭ എക്സിക്യൂട്ടീവിന് ഏൽപ്പിച്ചുകൊടുത്ത നിയമങ്ങൾ ഉണ്ടാക്കുവാനുള്ള അധികാരത്തിന്റെ ഏറ്റവും വിപുലമായ രൂപമാണ് ഹെൻട്രി VIII ക്ലോസ്.

പാർലമെന്റ് പാസ്സാക്കുന്ന ഒരു നിയമത്തെ സബോർഡിനേറ്റ് ലെജിസ്ലേഷൻ എക്സിക്യൂട്ടീവ് നടപടി വഴി റദ്ദാക്കുവാനോ പ്രകടമായോ വ്യംഗ്യമായോ ഭേദഗതി ചെയ്യുവാനോ പ്രസ്തുത ആക്റ്റിൽ തന്നെയുള്ള ഒരു വകുപ്പാണ് ഹെൻട്രി VIII ക്ലോസ്. പ്രസ്തുത ക്ലോസ് നിയമനിർമ്മാണ സഭയുടെ നിയമനിർമ്മാണാധികാരത്തിന്റെ മതിപ്പ് കുറയ്ക്കുകയും "എക്സിക്യൂട്ടീവിന്റെ സ്വേച്ഛാധിപത്യത്തിന്" വഴിയൊരുക്കുകയും ചെയ്തിട്ടുണ്ട്. ആ നിലയിൽ ഹെൻട്രി VIII ക്ലോസ് വളരെയധികം വിമർശനങ്ങൾക്ക് വിധേയമായിട്ടുണ്ട്.

എന്നാൽ, ചില സമയങ്ങളിൽ വൈഷമ്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള ആവശ്യത്തിലേക്കായി നിലവിലുള്ള സ്റ്റാറ്റ്യൂട്ടിലെ വ്യവസ്ഥകളെ രൂപഭേദപ്പെടുത്തുവാൻ സർക്കാരിന് അധികാരം നൽകുന്നുണ്ട്. നിയമ നിർമ്മാണസഭ, ഒരു ആക്റ്റ് പാസ്സാക്കുമ്പോൾ, അത് നടപ്പിലാക്കുമ്പോൾ ഉണ്ടായേക്കാവുന്ന എല്ലാ വൈഷമ്യങ്ങളേയും മുൻകൂട്ടി കാണുവാൻ അതിന് കഴിയുകയില്ല. ആയതിനാൽ, അങ്ങനെയുള്ള വൈഷമ്യങ്ങൾ നീക്കം ചെയ്യുവാൻ വേണ്ടി ആക്റ്റിൽ ആവശ്യമായ മാറ്റങ്ങൾ ഉണ്ടാക്കുവാൻ എക്സിക്യൂട്ടീവിന് അധികാരം നൽകേണ്ടതായുണ്ട്. സാമൂഹിക സാമ്പത്തിക സ്ഥിതികൾ വ്യത്യസ്തമായ ഒരു പ്രദേശത്തേക്കോ ഒരു പുതിയ പ്രദേശത്തേക്കോ നിയമനിർമ്മാണസഭ ഒരു നിയമം വ്യാപിപ്പിക്കുമ്പോഴും അങ്ങനെയുള്ള വ്യവസ്ഥ ആവശ്യമായി വരുന്നു.

പൊതുവായി രണ്ട് തരത്തിലുള്ള "വൈഷമ്യങ്ങൾ നീക്കംചെയ്യൽ" ക്ലോസുകൾ സ്റ്റാറ്റ്യൂട്ടുകളിൽ കാണുന്നുണ്ട്. ഒന്ന്, പ്രധാന ആക്റ്റിലെ വ്യവസ്ഥകളുമായി പൊരുത്തപ്പെടാത്ത വൈഷമ്യങ്ങളെ നീക്കംചെയ്യുവാൻ എക്സിക്യൂട്ടീവിനെ അധികാരപ്പെടുത്തുക. മറ്റൊന്ന്, വളരെ വിശാലമായി വൈഷമ്യങ്ങൾ നീക്കംചെയ്യുക എന്ന പേരിൽ പ്രധാന ആക്റ്റിനെ തന്നെ അല്ലെങ്കിൽ മറ്റേതെങ്കിലും ആക്റ്റിനെ രൂപഭേദപ്പെടുത്തുവാൻ എക്സിക്യൂട്ടീവിനെ അധികാരപ്പെടുത്തുന്നത്.

ഭാരതത്തിന്റെ ഭരണഘടനയിൽ തന്നെ ഹെൻട്രി VIII ക്ലോസിനുള്ള ദൃഷ്ടാന്തം കാണാവുന്നതാണ്. അനുച്ഛേദം 372(2) പ്രകാരം രാഷ്ട്രപതിക്ക്, പ്രാബല്യത്തിലുള്ള ഏതൊരു നിയമത്തേയും, അതിനെ ഭരണഘടനയിലെ വ്യവസ്ഥകളോട് പൊരുത്തപ്പെടുത്തുന്നതിനുവേണ്ടി, റദ്ദാക്കലോ ഭേദഗതിയോ വഴി, അനുയോജ്യപ്പെടുത്തുവാനും രൂപഭേദപ്പെടുത്തുവാനുമുള്ള അധികാരം നൽകപ്പെട്ടിട്ടുള്ളതും അങ്ങനെയുള്ള അധികാരത്തിന്റെ വിനിയോഗം കോടതികളുടെ സൂക്ഷ്മ പരിശോധനയിൽ നിന്നും വിമുക്തമാക്കപ്പെട്ടിട്ടുള്ളതുമാണ്.

എന്നാൽ, ബഹു. സുപ്രീംകോടതി, എക്സിക്യൂട്ടീവിന് അമിതമായ നിയമനിർമ്മാണാധികാരം ഏൽപ്പിച്ചു കൊടുക്കുന്നതിനെ, അധികാരത്തിനപ്പുറത്തുള്ളതായി (ultra vires) വ്യാഖ്യാനിച്ച് റദ്ദാക്കിയിട്ടുണ്ട്. 1965 ലെ ബോണസ് കൊടുക്കൽ ആക്റ്റിലെ 37(1) വകുപ്പ് ഏതെങ്കിലും സംശയങ്ങളോ വൈഷമ്യങ്ങളോ നീക്കം ചെയ്യലിന് ആവശ്യമോ ഉചിതമോ ആയ, ആക്റ്റിന്റെ ആവശ്യങ്ങൾക്ക് സംഗതമായ, അങ്ങനെയുള്ള ഉത്തരവുകൾ ഉണ്ടാക്കുവാൻ കേന്ദ്ര സർക്കാരിനെ അധികാരപ്പെടുത്തുകയുണ്ടായി. പ്രസ്തുത ആക്റ്റിന്റെ 37(2) വകുപ്പ്, 37-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പ് പ്രകാരം കേന്ദ്ര സർക്കാർ പാസ്സാക്കിയ ഉത്തരവിനെ അന്തിമമാക്കുകയുണ്ടായി. എന്നാൽ ബഹു. സുപ്രീം കോടതി 37-ാം വകുപ്പിനെ അധികാരത്തിനപ്പുറത്തുള്ള (ultra vires) തായിക്കണ്ട് റദ്ദാക്കുകയും ചെയ്തു.

ഇപ്രകാരം നിയമനിർമ്മാണ പ്രക്രിയയിൽ ഹെൻട്രി VIII ക്ലോസ് ഒരു സുപ്രധാന പങ്ക് വഹിക്കുന്നുണ്ട്. ❋



**എസ്. ഗിരിജാദേവി**
*അഡീഷണൽ നിയമ സെക്രട്ടറി*
*നിയമ വകുപ്പ്*

# ഭേദഗതി ആക്റ്റ് റദ്ദാക്കപ്പെടുമ്പോൾ

നിയമങ്ങൾ കാലാനുസൃതമായി പരിഷ്ക്കരിക്കേണ്ടത് അനിവാര്യമാണ്. പാർലമെന്റോ സംസ്ഥാന നിയമസഭയോ പാസ്സാക്കിയ ഒരു ആക്റ്റിന് അതതു സഭ പാസ്സാക്കുന്ന ഭേദഗതി ആക്റ്റ് മുഖേനയാണ് ഭേദഗതി വരുത്തുന്നത്. ഏത് ആക്റ്റിനാണോ അപ്രകാരം ഭേദഗതി വരുത്തുന്നത്, ആ ആക്റ്റിനെ പ്രധാന ആക്റ്റ് എന്നും ഏത് ആക്റ്റ് മുഖേനയാണോ പ്രധാന ആക്റ്റിന് ഭേദഗതി വരുത്തുന്നത്, അതിനെ ഭേദഗതി ആക്റ്റ് എന്നും പേര് പറയുന്നു.

ഒരു ഭേദഗതി ആക്റ്റ് മുഖേന പ്രധാന ആക്റ്റിന് വരുത്തുന്ന ഭേദഗതികൾ ഭേദഗതി ആക്റ്റ് പാസ്സാകുന്ന മുറയ്ക്ക് പ്രധാന ആക്റ്റിന്റെ ഭാഗമായി തീരുന്നു. ഭേദഗതി ആക്റ്റിന് അതിനുശേഷം പ്രസക്തിയില്ലാതാകുന്നതിനാൽ അത് പിന്നീട് റദ്ദാക്കപ്പെടാറുണ്ട്. ഉദാഹരണമായി, 2014-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ആക്റ്റ് (2014-ലെ 8-ാം ആക്റ്റ്) മുഖേന 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിന്റെ 233-ാം വകുപ്പിന്റെ (4)-ാം ഉപവകുപ്പ് ഭേദഗതി ചെയ്യപ്പെടുകയുണ്ടായി. ഭേദഗതി ചെയ്ത പ്രകാരമുള്ള (4)-ാം ഉപവകുപ്പ് 233-ാം വകുപ്പിന്റെ ഭാഗമായിത്തീർന്നു. പ്രസ്തുത (4)-ാം ഉപവകുപ്പിൽ വീണ്ടും ഒരു ഭേദഗതി വരുത്തേണ്ട ആവശ്യം വന്നാൽ പ്രധാന ആക്റ്റായ കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ 233-ാം വകുപ്പിന്റെ (4)-ാം ഉപവകുപ്പ് ഭേദഗതി ചെയ്യേണ്ടതാണ്. മറിച്ച് 2014-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ആക്റ്റിൽ ഭേദഗതി വരുത്തി പ്രസ്തുത ലക്ഷ്യം നിറവേറ്റുവാൻ സാധിക്കുകയില്ല. 2014-ലെ 8-ാം ആക്റ്റ് റദ്ദാക്കിയാൽ തന്നെയും അങ്ങനെയുള്ള റദ്ദാക്കൽ കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ 233 (4)-ാം വകുപ്പിന്റെ തുടർച്ചയെ ബാധിക്കുകയില്ല.

കേന്ദ്ര നിയമങ്ങളുടെ വ്യാഖ്യാനം സംബന്ധിച്ച നിലവിലുള്ള നിയമമാണ് 1897-ലെ സാമാന്യ ഖണ്ഡങ്ങൾ ആക്റ്റ്. കേരള സംസ്ഥാനത്തിന് മാത്രം ബാധകമാകുന്നതും സംസ്ഥാന നിയമങ്ങളുടെ വ്യാഖ്യാനം സംബന്ധിച്ച് നിലവിലുള്ളതുമായ നിയമം 1125-ലെ കേരള വ്യാഖ്യാനവും സാമാന്യഖണ്ഡങ്ങളും ആക്റ്റാണ്. ഭേദഗതി ആക്റ്റുകളുടെ റദ്ദാക്കൽ സംബന്ധിച്ച് മേൽപ്പറഞ്ഞ രണ്ട് ആക്റ്റുകളിലെയും വ്യവസ്ഥകൾ സമാനമായതാണ്. 1897-ലെ സാമാന്യഖണ്ഡങ്ങളും ആക്റ്റിന്റെ 6എ വകുപ്പിലും 1125-ലെ കേരള വ്യാഖ്യാനവും സാമാന്യഖണ്ഡങ്ങളും ആക്റ്റിന്റെ 5-ാം വകുപ്പിലും ഭേദഗതി ആക്റ്റുകൾ റദ്ദാക്കുന്നതിന്റെ അനന്തരഫലം സംബന്ധിച്ച് പ്രതിപാദിക്കുന്നു. അതായത്, ഏതെങ്കിലും സംഗതിയുടെ പ്രത്യക്ഷമായ വിട്ടുകളയലോ കൂട്ടിച്ചേർക്കലോ പകരം ചേർക്കലോ വഴി ഏതെങ്കിലും ആക്റ്റിന് ഭേദഗതി വരുത്തികൊണ്ടുള്ള ഒരു നിയമം, ഏതെങ്കിലും ആക്റ്റ് മുഖേന റദ്ദാക്കപ്പെടുന്നിടത്ത്, വ്യത്യസ്തമായ ഒരു ഉദ്ദേശ്യം കാണപ്പെടാത്ത പക്ഷം, അങ്ങനെയുള്ള റദ്ദാക്കലിന്റെ സമയത്ത്, അപ്രകാരം റദ്ദാക്കപ്പെട്ട നിയമത്താൽ വരുത്തിയതും പ്രവർത്തനത്തിലുള്ളതുമായ, അങ്ങനെയുള്ള ഭേദഗതിയുടെ തുടർച്ചയെ ആ റദ്ദാക്കൽ ബാധിക്കുന്നതല്ല.

1950-ലെ ഭരണഘടന (പട്ടികജാതികൾ) ഉത്തരവ്, 1950-ലെ ഭരണഘടന (പട്ടികഗോത്ര വർഗ്ഗങ്ങൾ) ഉത്തരവ് എന്നിവയിൽ 1976-ലെ പട്ടികജാതികളും പട്ടികഗോത്രങ്ങളും ഉത്തരവുകൾ (ഭേദഗതി) ആക്റ്റ് മുഖേന വരുത്തിയ ഭേദഗതികളും പ്രസ്തുത ഭേദഗതി ആക്റ്റ് റദ്ദാക്കപ്പെട്ടതിന്റെ അനന്തരഫലവും സംബന്ധിച്ച സംശയത്തിൽ നിന്നും ഉത്ഭവിച്ചതാണ് നിയമ (ലെജിസ്ലേഷൻ ബി) വകുപ്പിൽ നിന്നും മറുപടി നൽകിയ 2005-ലെ വിവരാവകാശ ആക്റ്റിൻകീഴിൽ ലഭിച്ച ഒരു അപേക്ഷ.

ഭരണഘടനയുടെ 341-ാം അനുച്ഛേദം (1)-ാം ഖണ്ഡപ്രകാരം നൽകിയിട്ടുള്ള അധികാരം വിനിയോഗിച്ച് സംസ്ഥാന ഗവർണ്ണർമാരുമായി കൂടിയാലോചിച്ചശേഷം രാഷ്ട്രപതി പുറപ്പെടുവിച്ചിട്ടുള്ള 1950-ലെ ഭരണഘടന (പട്ടികജാതികൾ) ഉത്തരവിന്റെ പട്ടികയിലെ വിവിധ ഭാഗങ്ങളിൽ സംസ്ഥാനങ്ങളിലെ പട്ടികജാതികളുടെ ലിസ്റ്റ് ഉൾപ്പെടുത്തിയിട്ടുണ്ട്. ഭരണഘടനയുടെ 342-ാം അനുച്ഛേദം (1)-ാം ഖണ്ഡപ്രകാരം നൽകിയിട്ടുള്ള അധികാരം വിനിയോഗിച്ച് സംസ്ഥാന ഗവർണ്ണർമാരുമായി കൂടിയാലോചിച്ചശേഷം രാഷ്ട്രപതി പുറപ്പെടുവിച്ചിട്ടുള്ള 1950-ലെ ഭരണഘടന (പട്ടികഗോത്ര വർഗ്ഗങ്ങൾ) ഉത്തരവിന്റെ പട്ടികയിലെ വിവിധഭാഗങ്ങളിൽ സംസ്ഥാനങ്ങളിലെ പട്ടിക ഗോത്രവർഗ്ഗങ്ങളുടെ ലിസ്റ്റ് ഉൾപ്പെടുത്തിയിരിക്കുന്നു.

1976-ലെ പട്ടികജാതികളും പട്ടിക ഗോത്രങ്ങളും ഉത്തരവുകൾ (ഭേദഗതി) ആക്റ്റിന്റെ (1976-ലെ 108-ാം കേന്ദ്ര ആക്റ്റ്) 3-ഉം 4-ഉം വകുപ്പുകളും ഒന്നും രണ്ടും പട്ടികകളും പ്രകാരം മേൽപ്പറഞ്ഞ 1950-ലെ ഉത്തരവുകളിൽ പാർലമെന്റ് ചില ഭേദഗതികൾ വരുത്തിയിട്ടുണ്ട്.

1976-ലെ 108-ാം നമ്പർ ആക്റ്റ്, 1988-ലെ റദ്ദാക്കലും ഭേദഗതി ചെയ്യലും ആക്റ്റ് (1988-ലെ 19-ാം നമ്പർ കേന്ദ്ര ആക്റ്റ്) മുഖേന റദ്ദാക്കപ്പെട്ടു. 1976-ലെ 108-ാം നമ്പർ കേന്ദ്ര ആക്റ്റിന്റെ റദ്ദാക്കൽ പ്രസ്തുത ആക്റ്റ് മുഖേന ഭേദഗതിവരുത്തിയിട്ടുള്ള 1950-ലെ ഉത്തരവുകളെ ഏതുവിധത്തിൽ ബാധിച്ചു എന്നതാണ് വിവരാവകാശ ആക്റ്റിൻകീഴിൽ നൽകിയിട്ടുള്ള അപേക്ഷയിലെ സംശയത്തിനാധാരം. 1976-ലെ ആക്റ്റ് റദ്ദാക്കപ്പെട്ടപ്പോൾ പ്രസ്തുത ആക്റ്റ് മുഖേന 1950-ലെ പട്ടികജാതി ഉത്തരവിലും പട്ടികഗോത്രവർഗ്ഗ ഉത്തരവിലും വരുത്തിയ ഭേദഗതികൾ നിലവിൽ ഇല്ലാതായിയെന്നും പ്രസ്തുത ഭേദഗതികളുടെ അടിസ്ഥാനത്തിൽ തഹസീൽദാർമാർ ജാതി സർട്ടിഫിക്കറ്റുകൾ നിയമവിരുദ്ധമായാണ് നൽകിവരുന്നതെന്നുമാണ് അപേക്ഷകന്റെ അഭിപ്രായം. പ്രസ്തുത ഉത്തരവുകളുടെ ഇപ്പോഴത്തെ സ്ഥിതി വ്യക്തമാക്കാനാണ് അപേക്ഷയിൽ ആവശ്യപ്പെട്ടിട്ടുള്ളത്.

ഒരു ഭേദഗതി ആക്റ്റ് മുഖേന ഒരു ആക്റ്റിൽ/ഉത്തരവിൽ വരുത്തിയ ഭേദഗതി, പ്രസ്തുത ഭേദഗതി ആക്റ്റ് റദ്ദാക്കപ്പെടുന്നതോടെ ഇല്ലാതാകുമെന്ന മിഥ്യാധാരണയാണ് അപേക്ഷകന്റെ ആശങ്കയ്ക്ക് കാരണം. നിയമപരമായി അപേക്ഷകന്റെ ആശങ്കയ്ക്ക് അടിസ്ഥാനമില്ല. 1976-ലെ ഭേദഗതി ആക്റ്റ് മുഖേന 1950-ലെ പട്ടികജാതി, പട്ടിക ഗോത്രവർഗ്ഗ ഉത്തരവുകളിൽ വരുത്തിയിട്ടുള്ള ഭേദഗതികൾ പ്രസ്തുത ഉത്തരവുകളുടെ ഭാഗമായിത്തീർന്നിട്ടുള്ളതും ആ ഉത്തരവുകളിൽ നിന്നും വേറിട്ട് അവയ്ക്ക് നിലനിൽപ്പില്ലാത്തതുമാണ്. അതിനാൽ പട്ടികജാതി, പട്ടിക ഗോത്രവർഗ്ഗ ഉത്തരവുകളിൽ വീണ്ടും മാറ്റം വരുത്തണമെങ്കിൽ ആ ഉത്തരവുകൾ ഭേദഗതി ചെയ്യേണ്ടതുണ്ട്. 1988-ലെ 19-ാം നമ്പർ ആക്റ്റ് മുഖേന 1976-ലെ പട്ടികജാതികളും പട്ടിക ഗോത്രവർഗ്ഗങ്ങളും ഉത്തരവുകൾ (ഭേദഗതി) ആക്റ്റിന്റെ 3-ഉം 4-ഉം വകുപ്പുകളും ഒന്നും രണ്ടും പട്ടികകളും റദ്ദാക്കപ്പെട്ടുവെങ്കിലും അവ പ്രസ്തുത ഭേദഗതി ആക്റ്റിൽ നിന്നു മാത്രമേ ഒഴിവാക്കപ്പെടുകയുള്ളൂ. 1976-ലെ 108-ാം നമ്പർ ആക്റ്റ് പ്രകാരം 1950-ലെ ഉത്തരവുകളിൽ വന്നിട്ടുള്ള ഭേദഗതികളെ മേൽപ്പറഞ്ഞ റദ്ദാക്കൽ ബാധിക്കുന്നതല്ല. ആയതിനാൽ 1976-ലെ 108-ാം നമ്പർ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട് നിലവിൽ വന്ന 1950-ലെ ഭരണഘടന (പട്ടികജാതി) ഉത്തരവിലെ പട്ടികയും 1950-ലെ ഭരണഘടന (പട്ടിക ഗോത്രവർഗ്ഗങ്ങൾ) ഉത്തരവിലെ പട്ടികയും അതിനുശേഷം

വരുത്തിയ ഭേദഗതികളോടും കൂട്ടിച്ചേർക്കലുകളോടുംകൂടി ഇപ്പോഴും നിലവിലുണ്ട്. പ്രസ്തുത ഉത്തരവുകൾ വീണ്ടും ഭേദഗതിചെയ്താൽ മാത്രമേ അവയ്ക്ക് മാറ്റം വരുത്തുവാൻ കഴിയുകയുള്ളു. മേൽപ്പറഞ്ഞ കാരണത്താൽ 108/76-ാം നമ്പർ ആക്റ്റിന്റെ അടിസ്ഥാനത്തിലുള്ള പട്ടികജാതി/പട്ടിക ഗോത്രവർഗ്ഗ ലിസ്റ്റ് പ്രകാരം ജാതി സർട്ടിഫിക്കറ്റ് നൽകുന്നതിൽ ക്രമക്കേടില്ലെന്ന് അപേക്ഷകനെ വിവരാവകാശ ആക്റ്റിൻ കീഴിലുള്ള അപേക്ഷയ്ക്കുള്ള മറുപടിയായി അറിയിച്ചു.

ഇൻഡ്യൻ പാർലമെന്റ് 1988-ലും 2001-ലും റദ്ദാക്കലും ഭേദഗതിചെയ്യലും ആക്റ്റുകൾ പാസ്സാക്കിയിട്ടുണ്ട്. നിരവധി ഭേദഗതി ആക്റ്റുകൾ മേൽപ്പറഞ്ഞ 1988-ലെ യും 2001-ലെയും റദ്ദാക്കലും ഭേദഗതിചെയ്യലും ആക്റ്റുകൾ വഴി റദ്ദാക്കപ്പെട്ടിട്ടുണ്ട്. കേരള സർക്കാർ കാലാകാലങ്ങളിൽ നിയമിച്ചിട്ടുള്ള നിയമ പരിഷ്ക്കരണ കമ്മീഷനുകളും റദ്ദാക്കലും ഭേദഗതി ചെയ്യലും ആക്റ്റുകൾ പാസ്സാക്കുവാൻ സർക്കാരിനോട് ശുപാർശ ചെയ്തിട്ടുണ്ട്. മേൽപ്പറഞ്ഞ റദ്ദാക്കൽ ആക്റ്റുകൾ കൊണ്ട് കാലഹരണപ്പെട്ടതും അപ്രസക്തവുമായ ആക്റ്റുകൾ റദ്ദാക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഭേദഗതി ആക്റ്റുകളുടെ റദ്ദാക്കൽ, അവ മുഖേന പ്രധാന ആക്റ്റിൽ വന്നിട്ടുള്ള ഭേദഗതികളെ യാതൊരു വിധത്തിലും ബാധിക്കുകയില്ല.

***affectus punitur licet non sequatur effectus.*** *(The intention is punished though the consequence do not follow.)*

***ഉദ്ദേശ്യം, അനന്തരഫലം ഉളവാക്കുന്നില്ലെങ്കിലും, ശിക്ഷിക്കപ്പെടുന്നു.***



**പി. വി. ചന്ദ്രബോസ്**
*ജോയിന്റ് സെക്രട്ടറി*
*നിയമ വകുപ്പ്.*

# ഔദ്യോഗിക ഭാഷ ജനങ്ങളിലേക്ക്

1. ഭരണഭാഷ ഭരിക്കുന്നവരുടെ ഭാഷയല്ല, മറിച്ച് ഭരിക്കപ്പെടുന്നവരുടെ ഭാഷ യായിരിക്കണം. പൊതുഭരണത്തെ സംബന്ധിച്ചാകുമ്പോൾ ഭരണഭാഷ ജനങ്ങളുടേതായിരിക്കണം. അങ്ങനെയെങ്കിൽ കേരളത്തിലെ ഭരണഭാഷ മലയാളമായിരിക്കണമെന്ന കാര്യത്തിൽ തർക്കമില്ല.

2. ആശയവിനിമയം ഭാഷാ മാധ്യമത്തിൽ കൂടി മാത്രമേ സാധിക്കുകയുള്ളൂ. ആശയ വിനിമയം സംസാരത്തിലൂടെയായാലും എഴുത്തിലൂടെയായാലും ഭാഷയാണ് മാധ്യമമായി വർത്തിക്കുന്നത്. ആശയ വിനിമയത്തിന്റെ ആണിക്കല്ല് മാധ്യമമാണ്. അതായത് ആശയം സ്വീകർത്താവിന് മനസ്സിലാകുന്ന ഭാഷയിൽ അഥവാ മാധ്യമത്തിൽ വിനിമയം ചെയ്യപ്പെടേണ്ടത് അത്യാവശ്യമാണ്. മലയാളം മാത്രമറിയാവുന്നയാളോട് ഇംഗ്ലീഷിലോ മറ്റേതെങ്കിലും ഭാഷയിലോ സംസാരി ച്ചാലുണ്ടാകുന്ന ബുദ്ധിമുട്ട് ഊഹിക്കാ വുന്നതേയുള്ളൂ. സ്വീകർത്താവിന് മനസ്സിലാകുന്ന ഭാഷയിൽ അയാളെ സംബന്ധിച്ച കാര്യങ്ങൾ എഴുതുകയും അയാളോട് ആശയം വിനിമയം ചെയ്യുമ്പോഴും മാത്രമാണ് ആശയ വിനിമയം പൂർണ്ണമാണെന്ന് പറയാൻ കഴിയുകയുള്ളൂ.

3. സർക്കാരാഫീസുകളിലെ ഫയലുക ളിലെയും രജിസ്റ്ററുകളിലെയും കാര്യങ്ങൾ ജനങ്ങളെ സംബന്ധിച്ചുള്ളതാണ്. അതായത് മലയാളം മാത്രമറിയുന്ന ബഹുഭൂരിപക്ഷം ജനങ്ങളുള്ള കേരള സംസ്ഥാനത്ത് ഔദ്യോഗികമായ കത്തിട പാടുകളിലും മറ്റും മലയാളം ഉപയോഗി ക്കേണ്ടത് ആവശ്യമാണ്. ഫയലുകളെഴു തുന്നതും രജിസ്റ്ററുകളെഴുതുന്നതും മലയാളത്തിലാണെങ്കിൽ ബഹുഭൂരിപക്ഷം ജനങ്ങൾക്കും അത് സഹായകര മായിരിക്കും. അത് ജനങ്ങളുടെ അവകാശമാണെന്ന തിരിച്ചറിവാണ് ഏവർക്കും ഉണ്ടാകേണ്ടത്.

4. കേരള സംസ്ഥാനം നിലവിൽ വന്നതു മുതൽതന്നെ മലയാളം ഔദ്യോഗിക ഭാഷയാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടായിരുന്നു. കുറേ കാര്യങ്ങൾ ആ വഴിക്ക് നടന്നിട്ടുണ്ട്. ഇനിയും ധാരാളം കാര്യങ്ങൾ ചെയ്യേണ്ടതുമുണ്ട്. ശ്രീ.കോമാട്ടിൽ അച്യുതമേനോൻ അധ്യക്ഷനായുള്ള സമിതിയെ ഭരണഭാഷാ മാറ്റത്തെക്കുറിച്ചും മറ്റും പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് 1957-ൽ നിയോഗിച്ചിരുന്നു. ജനങ്ങൾക്കു വേണ്ടി ജനങ്ങൾ നടത്തുന്ന ജനങ്ങളുടെ ഭരണം ഏതു വിഷയം അധികരിച്ചുള്ള തായാലും ജനങ്ങളുടെ ഭാഷയിൽതന്നെ വേണമെന്നുള്ളത് നിർവിവാദമായ സംഗതിയാണ് എന്ന് പ്രസ്തുത സമിതി അഭിപ്രായപ്പെടുകയുണ്ടായി.

5. ഇന്ത്യൻ ഭരണഘടനയിൽ ഔദ്യോഗിക ഭാഷയ്ക്കായി ഒരു ഭാഗം മാറ്റി വച്ചിട്ടുണ്ട്. ഭാഗം XVII ൽ 343 മുതൽ 351 വരെയുള്ള അനുച്ഛേദങ്ങൾ കേന്ദ്ര, സംസ്ഥാന

ഭരണഭാഷകളെക്കുറിച്ച് പ്രതിപാദിക്കുന്നു. അനുച്ഛേദം 343 പ്രകാരം കേന്ദ്ര ഭരണഭാഷ ഹിന്ദിയാണ്. ഭരണഭാഷ നിർണ്ണയിച്ചു കൊണ്ട് സംസ്ഥാനങ്ങൾക്ക് നിയമം നിർമ്മിക്കാമെന്നുമുള്ള ഭരണഘടനാ 345-ാം അനുഛേദത്തിന്റെ അടിസ്ഥാനത്തിൽ 1969-ലെ കേരള ഔദ്യോഗികഭാഷകൾ ആക്റ്റ് നിലവിൽ വന്നിട്ടുണ്ട്. 1973-ലെ സമഗ്രമായ ഭേദഗതിയെ തുടർന്ന് ഈ നിയമത്തിന്റെ നിർദ്ദേശങ്ങൾ ഘട്ടം ഘട്ടമായി കേരളത്തിലെ മിക്കവാറും എല്ലാ സർക്കാർ വകുപ്പുകളിലും സ്ഥാപനങ്ങളിലും നടപ്പിലാക്കിവരുന്നു. പ്രസ്തുത ആക്റ്റ്പ്രകാരം, സംസ്ഥാന നിയമ നിർമ്മാണ സഭയിൽ അവതരിപ്പിക്കുന്ന ബില്ലുകളും തുടർന്ന സഭ പാസ്സാക്കുന്ന ആക്റ്റുകളും അവയ്ക്കുകീഴിൽ പുറപ്പെടുവിക്കുന്ന ചട്ടങ്ങളും മലയാളത്തിൽ നിർമ്മിക്കാവുന്നതാണ്. എന്നാൽ അവയുടെ ഇംഗ്ലീഷ് പരിഭാഷ കൂടി ഗസറ്റിൽ പ്രസിദ്ധീകരി ക്കേണ്ടത് അനുച്ഛേദം 348 (3) പ്രകാരം സംസ്ഥാന സർക്കാരിന്റെയും ബന്ധപ്പെട്ട വരുടെയും ചുമതലയാണ്.

6. പ്രസ്തുത ആക്റ്റ്പ്രകാരം കേരള സംസ്ഥാനത്ത് ഔദ്യോഗികാവശ്യങ്ങൾക്ക് മലയാളമോ ഇംഗ്ലീഷോ ഉപയോഗിക്കുന്നതിന് വ്യവസ്ഥ ചെയ്തിരിക്കുന്നു. സാങ്കേതികമായി ഇംഗ്ലീഷ് മാത്രം ഉപയോഗിക്കേണ്ട സാഹചര്യങ്ങളിലൊഴികെ മലയാളം ഔദ്യോഗിക ഭാഷയായി ഉപയോഗിക്കുന്നത് നിർണ്ണയിച്ച് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് സർക്കാരിന് പ്രസ്തുത നിയമം അധികാരം നൽകുന്നു. അതുപ്രകാരം മിക്കവാറും എല്ലാ സർക്കാർ വകുപ്പുകളിലും സ്ഥാപനങ്ങളിലും ഔദ്യോഗികഭാഷ മലയാളമായി നിശ്ചയിച്ചിട്ടുണ്ട്.

7. മാതൃഭാഷ എന്ന നിലയിൽക്കൂടി മലയാളത്തിന്റെ പ്രാധാന്യം മനസ്സിലാക്കിക്കൊടുക്കുവാനും മലയാളത്തിൽ ഫയലുകളും മറ്റുമെഴുതുന്നതിനുള്ള പരിശീലനം നടത്തുന്നതിനുള്ള സംവിധാനങ്ങളും സർക്കാർ നടപ്പിൽ വരുത്തിയിട്ടുണ്ട്. ഇതുസംബന്ധിച്ച് സർക്കാർ പല നിർദ്ദേശങ്ങളും നല്കിയിട്ടുണ്ട്:-

(1) മുഖ്യമന്ത്രി അദ്ധ്യക്ഷനായുള്ള ഔദ്യോഗികഭാഷാ സംസ്ഥാന സമിതി സ്ഥാപിക്കപ്പെട്ടു - സ.ഉ.(എം.എസ്) നം.63 തീയതി 26.02.1970.

(2) സംസ്ഥാന ഭരണ റിപ്പോർട്ട് മലയാളത്തിൽക്കൂടി തയ്യാറാക്കേണ്ടതാണ്- സ.ഉ.(എം.എസ്) നം.310, തീയതി 29.08.1970.

(3) റൂളുകൾ, മാന്വലുകൾ, റഗുലേഷനുകൾ, കോഡുകൾ എന്നിവ മലയാളത്തിലേക്ക് തർജ്ജമയ്ക്കുള്ള നിർദ്ദേശം - ഗവ. കത്ത് നം.70728/ ഒ.എൽ./72/പി.ഡി., തീയതി 01.08.1972.

(4) ശിലാലിഖിതങ്ങൾ (കെട്ടിടങ്ങൾ, സ്മാരകങ്ങൾ, പാലങ്ങൾ, ഡാമുകൾ മുതലായവയിൻമേൽ) മലയാളത്തിലും എഴുതുക - സ.ഉ.(പി) നം.2098/73/പി.ഡി., തീയതി 17.04.1973.

(5) ഫോമുകൾ മലയാളത്തിലേക്ക് തർജ്ജമ ചെയ്യാൻ സ്ഥാപന മേധാവികൾ അയച്ചുകൊടുക്കുന്നതിനുള്ള നിർദ്ദേശം - ഗവ. കത്ത് നം.82059/ഒ.എൽ/71/പി.ഡി., തീയതി 25.06.1973.

(6) മന്ത്രിമാരും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും ഔദ്യോഗിക എഴുത്തുകളിൽ മലയാളം ഉപയോഗിക്കണം. - ഗവ. സർക്കുലർ നം.56025/ഒ.എൽ/75/പി.ഡി., തീയതി 20.06.1975.

(7) സർക്കാരുത്തരവുകൾ മലയാളത്തിലുമിറക്കണം- സ.ഉ.(പി) നം.150/75/ പി.ഡി., തീയതി 29.07.1975

(8) കളക്ടർ അദ്ധ്യക്ഷനായുള്ള ഔദ്യോഗിക ഭാഷാ ജില്ലാ സമിതി മൂന്നു മാസത്തിലൊരിക്കൽ യോഗം ചേരുന്നതിന് നിർദ്ദേശം- സ.ഉ.(കയ്യെഴുത്ത്) നം.2/83/ ഉ.ഭ.പ.വ, തീയതി 02/03/1983.

(9) മന്ത്രിസഭായോഗക്കുറിപ്പുകളും തീരുമാനങ്ങളും കഴിയുന്നിടത്തോളം മലയാളത്തിലായിരിക്കണം -ഗവ.സർക്കുലർ നം.145232/ഔ.ഭ3/82/ ഉ.ഭ.പ.വ., തീയതി 05.07.1983.

(10) മലയാളപത്രങ്ങൾക്ക് നൽകുന്ന സർക്കാർ പരസ്യങ്ങൾ മലയാളത്തിലായിരിക്കണം - സ.ഉ.(എം.എസ്)നം.8/ 83/ഉ.ഭ.പ.വ., തീയതി 05.07.1983.

(11) മലയാളത്തിൽ എഴുതിത്തുടങ്ങിയ ഫയലുകൾ ഇംഗ്ലീഷിലേക്ക് മാറ്റാൻ പാടില്ല -ഗവ.സർക്കുലർ നം. 7175/ഔ.ഭ3/ 83/ഉ.ഭ.പ.വ., തീയതി 05.07.1983.

(12) സർക്കാരാഫീസുകളുടെയും സർക്കാരാഫീസർമാരുടെയും പേരുകൾ മലയാളത്തിൽകൂടി എഴുതണം -ഗവ.സർക്കുലർ നം.11640/ ഔ.ഭ.2/83/ ഉ.ഭ.പ.വ., തീയതി 27.10.1983.

(13) സർക്കാരാഫീസുകളിൽ നിത്യോപയോഗത്തിനുള്ള എല്ലാ ഫാറങ്ങളും 01.04.1984 മുതൽ മലയാളത്തിൽ മാത്രമായിരിക്കണം.- ഗവ.വിജ്ഞാപനം നം.7226/ഔ.ഭ3/ഉ.ഭ.പ.വ., തീയതി 11.01.1984.

(14) തഹസീൽദാർ അദ്ധ്യക്ഷനായുള്ള ഔദ്യോഗികഭാഷാ താലൂക്ക് സമിതികൾ സ്ഥാപിക്കാൻ നിർദ്ദേശം സ.ഉ.(കയ്യെഴുത്ത്) നം.52/88/ഉ.ഭ.പ.വ തീയതി 09.12.1988.

(15) മലയാളം ഔദ്യോഗികഭാഷയായി ഉപയോഗിക്കുന്നതിന്റെ പ്രാധാന്യം പൊതുജനങ്ങളെ പറഞ്ഞു മനസ്സിലാക്കണം/ സഹകരണം തേടണം.- ഗവ.കത്ത് നം. 20320/ഔ.ഭാ.3/87/ ഉ.ഭ.പ.വ., തീയതി 13.12.1987.

(16) മലയാളം - ഔദ്യോഗിക ഭാഷാ പരിശീലന പദ്ധതി ഐ.എം.ജി. മുഖേന നടപ്പിലാക്കാൻ അനുമതി - സ.ഉ. (പി)നം.11/99/ഉ.ഭ.പവ., തീയതി 17.05.1999.

(17) ഔദ്യോഗികഭാഷ മലയാളമാക്കിയ 67 സർക്കാർ വകുപ്പുകളുടെ പേരും വിജ്ഞാപന വിവരങ്ങളുമടങ്ങിയ പട്ടിക പ്രസിദ്ധപ്പെടുത്തി -സ.ഉ.(പി.)നം.22/99/ ഉ.ഭ.പ.വ., തീയതി 12.11.1999.

(18) ഔദ്യോഗികഭാഷാ പരിശീലനത്തിന് പാഠ്യപദ്ധതി പരിഷ്കരിച്ചു - സ.ഉ. (അച്ചടിച്ചത്)നം.53/02/ഉ.ഭ.പ.വ. തീയതി 11.12.2002.

(19) സംസ്ഥാനതല ഭരണഭാഷാ പുരസ്കാരങ്ങൾ ഏർപ്പെടുത്തി - സ.ഉ. (അച്ചടിച്ചത്)നം.29/03/ഉ.ഭ.പ.വ. തീയതി 23.09.2003.

(20) വിവിധ സർക്കാർ വകുപ്പുകളുടെ വെബ് സൈറ്റുകൾ മലയാളത്തിലാക്കുന്നതിനുള്ള നിർദ്ദേശം -സർക്കുലർ നം.10296/ഔ.ഭാ.3/2009/ഉ.ഭ.പ.വ. തീയതി 11.01.2010.

(21) കോടതികളിൽ ഔദ്യോഗിക ഭാഷ മലയാളമാക്കുന്നത് - നിയമ ജേർണൽ പ്രസിദ്ധീകരിക്കുന്നതിനും മറ്റുമായി നിയമ (ഔദ്യോഗികഭാഷാ-പ്രസിദ്ധീകരണ സെൽ) വകുപ്പ് രൂപീകരിച്ചത് -സ.ഉ. (കൈയ്യെഴുത്ത്) നം.78/2012/നിയമം. തീയതി 02.03.2012.

(22) ടൈപ്പിസ്റ്റുമാർക്കും, സ്റ്റെനോഗ്രാഫർമാർക്കും ഭരണഭാഷാ സേവന പുരസ്കാരം ഏർപ്പെടുത്തിയത് - സ.ഉ. (കൈയ്യെഴുത്ത്) നം.57/2012/ഉ.ഭ.പ.വ., തീയതി 27.11.2012.

(23) ഇംഗ്ലീഷിൽ നിന്നും മലയാളത്തിലേക്ക് വിവർത്തനം ചെയ്യുന്നതിനുള്ള പ്രതിഫലം പുതുക്കി നിശ്ചയിച്ചത് -സ.ഉ. (അച്ചടിച്ചത്)നം.15/2013/ഉ.ഭ.പ.വ., തീയതി 27.05.2013.

(24) കോടതിയിലെ ഔദ്യോഗിക ഭാഷ മലയാളമാക്കുന്നത് - നിലവിലുള്ള ഔദ്യോഗികഭാഷാ ഉന്നതതലസമിതി വിപുലീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചത് -സ.ഉ. (കൈയ്യെഴുത്ത്) നം.223/2013/ നിയമം, തീയതി 19.12.2013.

(25) നിയമസഭയുടെ ഔദ്യോഗികഭാഷാ സമിതി നടത്തുന്ന തെളിവെടുപ്പു യോഗങ്ങളിൽ ജില്ലാതല/വകുപ്പ്/ സ്ഥാപന മേധാവികൾ പങ്കെടുക്കണ മെന്ന നിർദ്ദേശം - ഗവ: സർക്കുലർ. നം.578/ഔ.ഭാ.4/14/ഉ.ഭ.പ.വ., തീയതി 17.01.2014.

(26) വകുപ്പു സെക്രട്ടറി അദ്ധ്യക്ഷനും വകുപ്പു തലവൻ, മറ്റു ബന്ധപ്പെട്ട നിശ്ചിത ഉദ്യോഗസ്ഥർ എന്നിവർ അംഗങ്ങളുമായുള്ള വകുപ്പുതല ഔദ്യോഗികഭാഷാ സമിതി മൂന്നു മാസത്തിലൊരിക്കൽ യോഗം ചേർന്ന് ഭരണഭാഷാ മാറ്റ പ്രവർത്തനങ്ങൾ അവലോകനം ചെയ്യാൻ നിർദ്ദേശം- സ.ഉ. (കയ്യെഴുത്ത്) നം. 09/2014/ഉ.ഭ.പ.വ. തീയതി 25.03.2014.

(27) സർക്കാർ കത്തുകളിൽ 'From', 'To' എന്നീ ഇംഗ്ലീഷ് വാക്കുകൾക്ക് പകരം ഉപയോഗിക്കേണ്ട മലയാളം വാക്കുകൾ സംബന്ധിച്ച നിർദ്ദേശം പുറപ്പെടുവിച്ചത് - സർക്കുലർ നം.5848/ഔ.ഭാ.3/2014/ ഉ.ഭ.പ.വ., തീയതി 18/09/2014

8. ഔദ്യോഗികഭാഷാ സംബന്ധമായി കേരള സർക്കാർ പുറപ്പെടുവിച്ച പ്രധാന ഉത്തരവുകളും സർക്കുലറുകളും, 2013-ൽ ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് (ഗവ.സെക്രട്ടറിയേറ്റ്) പുസ്തക രൂപത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രസ്തുത പുസ്തകവും ഇൻഫോർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ് പ്രസിദ്ധീകരിച്ച ഭരണഭാഷ, ഭരണഭാഷാ പഠന പദ്ധതി എന്നീ പ്രസിദ്ധീകരണങ്ങളും ഇക്കാര്യങ്ങൾ കൂടുതൽ മനസ്സിലാക്കുന്നതിന് ഉപകരിക്കും. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച ഭരണശബ്ദാവലി സർക്കാർ അംഗീകരിച്ചിട്ടുണ്ട്. അതും പ്രയോജനപ്പെടുത്താവുന്നതാണ്.

9. ഔദ്യോഗികഭാഷ മലയാളമാക്കുന്നതു സംബന്ധിച്ച് ഡോ. എൻ. വി. കൃഷ്ണ വാരിയർ അഭിപ്രായപ്പെട്ടിട്ടുള്ളത് ശ്രദ്ധേയമാണ്.

"ഭരണത്തിന്റെ എല്ലാ തലങ്ങളിലും മലയാളം ഉപയോഗപ്പെടുത്തുവാൻ കേരള സർക്കാർ തീരുമാനിച്ചിരിക്കുകയാണല്ലോ. കേരളത്തിലെ ബഹുഭൂരിപക്ഷം ജനങ്ങളുടെയും മാതൃഭാഷയാണ് മലയാളം. മലയാളം മാതൃഭാഷയല്ലാത്ത ഏതാനും ജനവിഭാഗങ്ങൾ കേരളത്തിലുണ്ടെങ്കിലും അവർക്കും ബാല്യകാലം മുതൽക്കേ പരിചിതമായ പ്രാദേശികഭാഷയെന്ന നിലയിൽ മലയാളം നല്ലതുപോലെ മനസ്സിലാവും. അതിനാൽ ഭരണത്തിൽ മലയാളത്തിന്റെ ഉപയോഗം ഭരണീയരായ ജനങ്ങളെ സംബന്ധിച്ചിടത്തോളം പറയത്തക്ക പ്രയാസങ്ങളൊന്നും സൃഷ്ടിക്കുന്നില്ല.

എന്നാൽ മലയാളം ഭരണകാര്യങ്ങൾക്ക് ഉപയോഗിക്കുമ്പോൾ ഭരണകർത്താക്കൾ പല കാര്യങ്ങളും ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്. ഭാഷ ഉപയോഗിക്കുന്നത് അർത്ഥബോധത്തിനു വേണ്ടിയാണ്. ഉദ്ദിഷ്ടമായ അർത്ഥം ഉപയോഗിക്കുന്ന വാക്കുകളിൽ നിന്ന് മുഴുവനായും വ്യക്തമാവണം. അതേസമയം ഉദ്ദേശിക്കാത്ത അർത്ഥം ധരിക്കാൻ ഇടവരുകയും അരുത്. അർത്ഥബോധത്തിനുപുറമേ, ഭരണീയരായ ജനങ്ങളോട് ഭരണകർത്താക്കൾക്കുള്ള ആദരം കൂടി ഉപയോഗിക്കുന്ന പദങ്ങളിൽ നിന്ന് വ്യക്തമാകണം. ഒരു തരത്തിലും അനാദരത്തിന്റെ ധ്വനി അവയിൽ ഉണ്ടായിക്കൂടതന്നെ; ഇതെല്ലാം നിർവ്വഹിക്കപ്പെടണമെങ്കിൽ, ഭാഷാപ്രയോഗത്തിൽ നല്ലപോലെ നിഷ്കർഷിക്കേണ്ടിയിരിക്കുന്നു; പ്രത്യേകിച്ചും, ആരംഭത്തിലെ ഏതാനും വർഷങ്ങളിൽ നോട്ടുകൾ എഴുതുന്നവരും ഡ്രാഫ്റ്റുകൾ തയ്യാറാക്കുന്നവരും ഉത്തരവുകൾ പുറപ്പെടുവിക്കുന്നവരുമെല്ലാം പദപ്രയോഗ വിഷയത്തിൽ വളരെയധികം മനസ്സിരുത്തി അബദ്ധങ്ങൾ ഒഴിവാക്കുക തന്നെ വേണം".

"കേട്ടുകൂടാത്ത വാക്കാമായുധം
പ്രയോഗിച്ചാൽ

കർണങ്ങൾക്കകം പൂക്കു

പുണ്ണായാലതു പിന്നെ

പൂർണ്ണമായ് ശമിക്കയില്ലൊട്ടുനാൾ

ചെന്നാൽ പോലും"

10. മേൽപ്പറഞ്ഞതു പോലെയുള്ള നല്ല അഭിപ്രായങ്ങൾ ഉൾക്കൊണ്ടും സർക്കാരിന്റെ നിർദ്ദേശങ്ങൾ പാലിച്ചു കൊണ്ടും ഔദ്യോഗികഭാഷ മലയാളമാക്കി പൊതുഭരണം കൂടുതൽ സുതാര്യവും കാര്യക്ഷമവും ജനപക്ഷവും ആക്കേണ്ടത് ഓരോ പൊതുപ്രവർത്തകന്റെയും ചുമതലയാണ്.

❋

***cohaeredes una persona censentur, propter unitatem juris quod habent.***
*(Co-heirs are deemed as one person on account of the unity of right which they possess.)*
***കൂട്ടവകാശികൾ അവർ സ്വന്തമാക്കുന്ന അവകാശത്തിന്റെ ഐക്യം കാരണം ഒരാളായി കരുതപ്പെടുന്നു.***

**പി. പി. മേരി**
*ജോയിന്റ് സെക്രട്ടറി*
*നിയമ വകുപ്പ്*



# സ്ത്രീ തന്നെ ധനം

ഇൻഡ്യൻ ഭരണഘടന സ്ത്രീ പുരുഷ സമത്വം വിഭാവനം ചെയ്തുകൊണ്ട് സാമൂഹ്യനീതി ഉറപ്പുവരുത്തുന്നു. സ്ത്രീയെ പുരുഷനോടൊപ്പം എല്ലാ അവകാശങ്ങളും ഉള്ളവൾ എന്ന നിലയിലാണ് ഇൻഡ്യൻ ഭരണഘടന വിവക്ഷിച്ചിരിക്കുന്നത്. ഒരു കാലത്ത് ഭാരതത്തിന്റെ നിയമസംഹിതയായിരുന്ന മനുസ്മൃതിയിൽ ഇങ്ങനെ പറയുന്നു;

യത്ര നാര്യസ്തു പൂജ്യന്തേ
രമന്തേ തത്രദേവത:
യത്രൈതാസ്തു ന പൂജ്യന്തേ
സർവ്വാസ്തത്രാഫലാ ക്രിയാ:

അതായത്,

എവിടെയാണോ സ്ത്രീകൾ പൂജിക്കപ്പെടുന്നത് അവിടെ എല്ലാ ദേവതകളും സന്തോഷത്തോടെ വസിക്കുന്നു. സ്ത്രീകളെ എവിടെ പൂജിക്കാതിരിക്കുന്നുവോ അവിടെ ചെയ്യുന്ന എതു കാര്യങ്ങളും നിഷ്ഫലമായിത്തീരുകയും ചെയ്യുന്നു. മേലുദ്ധരിച്ച ശ്ലോകത്തിൽ നിന്നും സമൂഹത്തിൽ സ്ത്രീത്വത്തിന്റെ ഔന്നത്യം പ്രാചീനകാലം മുതൽ അംഗീകരിച്ചിരുന്നതാണ് ഭാരത സംസ്ക്കാരമെന്ന് വ്യക്തമാകുന്നു. അപ്രകാരമുള്ള സ്ത്രീത്വം ഇന്ന് സ്ത്രീധനമെന്ന സാമൂഹ്യ വിപത്തിന്റെ പേരിൽ ചവിട്ടി മെതിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. വർത്തമാന കാല സാമൂഹ്യതിന്മകളുടെ പട്ടികയിൽ പ്രഥമസ്ഥാനത്ത് നിൽക്കുന്നത് സ്ത്രീധനമെന്ന ദുരാചാരമാണ്. സ്ത്രീധനസമ്പ്രദായം മൂലമുള്ള ദൂഷ്യങ്ങൾ എത്രമാത്രമാണെന്നുള്ള ഒരു എത്തിനോട്ടമാണ് ഇവിടെ ശ്രമിയ്ക്കുന്നത്.

ആർഷഭാരത സംസ്ക്കാരത്തിൽ വധുവിന്റെ മാതാപിതാക്കൾ സ്വമേധയാ '**വരദക്ഷിണ**' എന്ന പേരിൽ വരന് പണമോ സമ്മാനങ്ങളോ നൽകി വിവാഹം '**കന്യാദാനമായി**' നടത്തിക്കൊണ്ടിരുന്നു. ഇപ്രകാരമുള്ള വരദക്ഷിണ സ്നേഹത്തോടെയും സ്വമേധയായും നല്കിവന്നിരുന്നതും അക്കാലത്ത് അവയെല്ലാം വധുവിന്റെ സ്വത്തായി കണക്കാക്കിയിരുന്നതുമാണ്. പൗരാണിക ഭാരതത്തിൽ വിവാഹം അപ്രകാരം '**കന്യാദാനം**' എന്ന മതപരമായ ചടങ്ങായിരുന്നു. കാലക്രമേണ ആ ചടങ്ങിൽ നിന്നും രൂപപ്പെട്ടതാണ് സ്ത്രീധന സമ്പ്രദായം.

എന്നാൽ ആധുനികകാലത്ത് '**വരന്റെ വില**' എന്നുള്ള രീതിയിൽ സ്ത്രീധന സമ്പ്രദായം മാറിയതോടെ '**സ്ത്രീധനമില്ലെങ്കിൽ വിവാഹവുമില്ല**' (no dowry, no marriage) എന്ന രീതി വളരെ ശക്തമായും വിപുലമായും നിലവിൽ വന്നു. സ്ത്രീധന സമ്പ്രദായത്തിലൂടെ ഇന്ന് വരനും ആളുകളും വളരെ പെട്ടെന്ന് സമ്പന്നരാകാനുള്ള എളുപ്പമാർഗ്ഗമായി വിവാഹത്തെ കാണുന്നു. അതുകൊണ്ട് വിവാഹകർമ്മങ്ങൾക്കപ്പുറം, സ്ത്രീയുടെ ഗർഭ-പ്രസവാനന്തര ചടങ്ങുകളും മറ്റും സ്ത്രീധനം ആവശ്യപ്പെടാനുള്ള അവസരങ്ങളായി മാറിക്കൊണ്ടിരിക്കുന്നു. സ്ത്രീധന സമ്പ്രദായം ഇന്ന് ജാതി മത സാമ്പത്തികദേശ ഭേദമെന്യേ അഭ്യസ്തവിദ്യരുടെ ഇടയിൽപ്പോലും ഒരു ശാപമായി നിലനിൽക്കുന്നു. എല്ലാ സഹോദരിമാരും ഈ രംഗത്ത് നിസ്സഹായരാണ്. വിവാഹ ബന്ധത്തിലേർപ്പെടുന്ന ഇരു കുടുംബങ്ങളുടേയും മാന്യതയും കുലീനത്വവും പ്രൗഢിയും സ്ത്രീധന തുകയ്ക്ക് ആനുപാതികമായി നിർണ്ണയിക്കപ്പെടുന്നു.

സ്ത്രീ എന്ന പദവി ഹനിക്കപ്പെടുന്നതിൽ സ്ത്രീധന സമ്പ്രദായത്തിന് നിർണ്ണായക പങ്കാണുള്ളത്. ഉയർന്ന തോതിൽ സ്ത്രീധനം നൽകി സുദൃഢമായ വിവാഹബന്ധങ്ങൾ സൃഷ്ടിച്ചെടുക്കുന്നതിൽ സമൂഹം, പ്രത്യേകിച്ച് സമ്പന്നവർഗ്ഗം, ഊറ്റം കൊള്ളുമ്പോൾ ജീവിതമെന്ന യാഥാർത്ഥ്യത്തിലേയ്ക്ക് കടക്കുമ്പോൾ പലപ്പോഴും കുടുംബബന്ധങ്ങളിൽ വിള്ളലുകൾ വീഴുന്നു. ഇപ്രകാരമുള്ള തകർച്ചകൾക്ക് ഇരകളാകുന്നത് സ്ത്രീകളാണ്. സ്ത്രീധനലോഭമില്ലാതെതന്നെ സമ്പന്നവർഗ്ഗത്തിലെ സ്ത്രീകൾ ബലിയാടുകളാകുമ്പോൾ ആവശ്യാനുസരണം അത് നൽകാൻ സാധിക്കാതെ വരുന്നതുകൊണ്ടു മാത്രം ദരിദ്രവിഭാഗത്തിലെ സ്ത്രീകൾ പീഢിപ്പിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. സമ്പന്നവർഗ്ഗം എന്ന ന്യൂനപക്ഷത്തെ ഒഴിവാക്കിയാൽ സ്ത്രീധനമെന്ന മഹാവിപത്ത് ദരിദ്രസമൂഹത്തെ വേട്ടയാടിക്കൊണ്ടിരിക്കുകയുമാണ്. ഇന്ന് നടക്കുന്ന വിവാഹമോചനങ്ങളും ആത്മഹത്യകളും എൺപതു ശതമാനവും സ്ത്രീധന സംബന്ധിയായിട്ടുള്ളതാണ്.

സ്ത്രീധനം എന്ന ശാപത്തിന് ഇരയായിത്തീരുന്ന ഹതഭാഗ്യകളുടെ മോചനം ലക്ഷ്യമാക്കി വിവിധ നിയമങ്ങൾ നിലവിൽ വന്നു. അവയെക്കുറിച്ച് ചുവടെ പ്രതിപാദിക്കുന്നു.

സ്ത്രീധന നിരോധന ആക്റ്റ്, 1961 (Dowry Prohibition Act, 1961) കേന്ദ്രസർക്കാർ പാസ്സാക്കി 1961 ജൂലൈ 1-ന് പ്രാബല്യത്തിൽ വന്ന ഈ ആക്റ്റ് സ്ത്രീധനം ആവശ്യപ്പെടുന്നതോ സ്വീകരിക്കുന്നതോ തടയുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്. ഈ നിയമപ്രകാരം വിവാഹത്തോടനുബന്ധിച്ച് വിവാഹ സമയത്തോ അതിനു മുമ്പോ പിൻപോ കൊടുക്കുന്ന എല്ലാ സ്വത്തുക്കളും **`സ്ത്രീധനം'** (Dowry) എന്ന നിർവ്വചനത്തിൽപ്പെടും. എന്നാൽ മുസ്ലീം വ്യക്തിനിയമ (ശരിഅത്ത്) നിയമം ബാധകമായിട്ടുള്ള വ്യക്തികൾക്കുള്ള **`മഹർ'** ഈ നിർവ്വചനത്തിൽപ്പെടുന്നില്ല. സ്ത്രീധനം കൊടുക്കുന്നതും വാങ്ങുന്നതും അതിനായി പ്രേരിപ്പിക്കുന്നതും അഞ്ച് വർഷത്തിൽ കുറയാത്ത തടവും പതിനയ്യായിരം രൂപയിൽ കുറയാത്തതോ സ്ത്രീധനത്തുകയോ ഏതാണ് കൂടുതൽ അത്രയും തുക പിഴയും നൽകി ശിക്ഷിക്കപ്പെടാവുന്ന കുറ്റമാണ്. എന്നാൽ വിവാഹസമയത്ത് വധുവിനോ വരനോ നല്കപ്പെടുന്ന സമ്മാനങ്ങളും വരനോ ബന്ധുക്കളോ ആവശ്യപ്പെടാതെ നൽകുന്ന പാരമ്പര്യസ്വഭാവമുള്ള സമ്മാനങ്ങളും സ്ത്രീധനത്തിന്റെ പരിധിയിൽ വരുന്നില്ല. ഇത്തരം സമ്മാനങ്ങളുടെ മൂല്യം കൊടുക്കുന്ന ആളുടേയോ ലഭിക്കുന്നവരുടേയോ സാമ്പത്തിക പദവിയിൽ കവിഞ്ഞുള്ളതാകരുത്. സ്ത്രീധനം ആവശ്യപ്പെടുന്നത് ആറ് മാസത്തിൽ കുറയാത്തതും രണ്ടു വർഷം വരെയാകാവുന്ന തടവും പതിനായിരം രൂപ വരെ പിഴയും നല്കി ശിക്ഷിക്കപ്പെടാവുന്ന കുറ്റമാണ്. ഈ നിയമപ്രകാരം ചുമത്ത പ്പെടുന്ന കുറ്റങ്ങൾ ജാമ്യമില്ലാത്തതും (non-bailable) ഒത്തുതീർപ്പാക്കാൻ സാധിക്കാത്തവയുമാണെന്ന് (non-compoundable) നിയമം വ്യവസ്ഥ ചെയ്യുന്നു.

സ്ത്രീധനം നല്കാമെന്നോ വാങ്ങാൻ അവകാശമുണ്ടെന്നോ പ്രസ്താവിച്ചുകൊണ്ടുള്ള കരാറുകൾക്ക് നിയമസാധുതയില്ല. ഒരാൾ തന്റെ മകൾക്കോ മകനോ മറ്റേതെങ്കിലും ബന്ധുവിനോ പണമോ സ്വത്തോ ബിസിനസ്സ് പങ്കാളിത്തമോ മറ്റോ വിവാഹ പാരിതോഷികമെന്ന നിലയ്ക്ക് നല്കാം എന്ന് പത്രങ്ങളിലോ മറ്റേതെങ്കിലും മാധ്യമങ്ങളിലോ പരസ്യം ചെയ്യിക്കുന്നതും സ്വന്തമായി പരസ്യം ചെയ്യുന്നതും ആയത് വിതരണം ചെയ്യുന്നതും ആറുമാസം മുതൽ അഞ്ച് വർഷം വരെ തടവോ പതിനയ്യായിരം രൂപ വരെ പിഴയോ ശിക്ഷ വിധിക്കാവുന്ന കുറ്റകൃത്യമാണ്.

സ്ത്രീധന സമ്മാനങ്ങളായി ലഭിക്കുന്ന വസ്തുവകകൾ മറ്റാരെങ്കിലുമാണ് കൈപ്പറ്റുന്നതെങ്കിൽ പോലും ആയത് ഭാര്യയ്ക്ക് നിശ്ചിത സമയത്തിനുള്ളിൽ കൈമാറ്റം ചെയ്യപ്പെടേണ്ടതാണ്. ഈ നിയമം ലംഘിക്കുന്നത് ആറുമാസം മുതൽ രണ്ടു വർഷം വരെ തടവോ അയ്യായിരം രൂപയിൽ കുറയാത്തതും പതിനായിരം രൂപ വരെയാകാവുന്ന പിഴയോ രണ്ടും കൂടിയോ നൽകാവുന്ന കുറ്റകൃത്യമാണ്.

അപ്രകാരം നിയമം അനുശാസിക്കുന്ന വിധത്തിൽ ഭാര്യയ്ക്ക് കിട്ടേണ്ടതായ സ്വത്ത് കൈവശം ലഭിക്കുന്നതിനുമുൻപ് മരണപ്പെടുകയാണെങ്കിൽ, അവരുടെ നിയമപ്രകാരമുള്ള പിൻതുടർച്ചാവകാശികൾക്ക് ഈ സ്വത്തിൻമേൽ അവകാശം ഉണ്ടായിരിക്കുന്നതാണ്.

വിവാഹശേഷം ഏഴു വർഷത്തിനുള്ളിൽ ഭാര്യ അസ്വഭാവികമായ കാരണങ്ങളാൽ മരണപ്പെട്ടാൽ, സ്ത്രീസ്വത്ത് എങ്ങനെ വിനിയോഗിക്കപ്പെടണമെന്ന് നിയമം വ്യവസ്ഥ ചെയ്യുന്നുണ്ട്. അതായത്, അപ്രകാരമുള്ള സ്വത്ത്-

(i) കുട്ടികളില്ലെങ്കിൽ ഭാര്യയുടെ മാതാപിതാക്കൾക്ക് കൈമാറേണ്ടതും;

(ii) കുട്ടികളുണ്ടെങ്കിൽ അവർക്ക് കൈമാറ്റം ചെയ്യപ്പെടുന്നതുവരെ അവർക്കുവേണ്ടിയുള്ള ട്രസ്റ്റിൽ സൂക്ഷിക്കേണ്ടതുമാണ്.

ഭാര്യയ്ക്കോ അവകാശികൾക്കോ അവർക്കർഹതപ്പെട്ട സ്വത്തുക്കൾ തിരികെ നൽകാതിരുന്നതുമൂലം ശിക്ഷ അനുഭവിക്കുന്നതുകൊണ്ടുമാത്രം സ്ത്രീധനം മടക്കിക്കൊടുക്കുവാനുള്ള ബാധ്യതയിൽ നിന്ന് ഒഴിവാകുന്നില്ല. ചുരുക്കിപ്പറഞ്ഞാൽ സ്ത്രീയുടെ ആവശ്യത്തിലേയ്ക്ക് വിശ്വസിച്ച് ഏല്പിച്ചിരിക്കുന്ന ഒരു സ്വത്ത് എന്ന നിലയ്ക്കാണ് സ്ത്രീധനത്തെ നിയമം കാണുന്നത്.

സ്ത്രീധന നിരോധന നിയമത്തിലെ വകുപ്പുകൾക്ക് പ്രായോഗികരൂപം നൽകാൻ കേന്ദ്രസർക്കാർ **1985-ൽ വരനും വധുവിനും നല്കപ്പെടുന്ന സമ്മാനങ്ങളുടെ പട്ടിക സൂക്ഷിക്കുന്നതിനുള്ള ചട്ടങ്ങൾക്ക്** (The Dowry Prohibition (Maintenance of Lists of Presents to the Bride and Bridegroom) Rules, 1985) രൂപം നൽകുകയുണ്ടായി. ഈ ചട്ടങ്ങൾ പ്രകാരം വിവാഹസമയത്ത് നല്കപ്പെടുന്ന സമ്മാനങ്ങളുടെ ചുരുക്ക വിവരണവും അവയുടെ ഏകദേശമൂല്യവും അവ നൽകിയ ആളിന്റെ പേരും വരനോ വധുവോ ആയിട്ടുള്ള അയാളുടെ ബന്ധവും മറ്റും ഉൾപ്പെടുന്ന ഒരു പട്ടിക എഴുതി സൂക്ഷിക്കണമെന്നും അതിൽ വരനും വധുവും ഒപ്പും വയ്ക്കണമെന്നും വ്യവസ്ഥ ചെയ്യുന്നു.

സ്ത്രീധന നിരോധന നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി കേരള സർക്കാർ **2004-ൽ കേരള സ്ത്രീധന നിരോധന ചട്ടങ്ങളും** (Kerala Dowry Prohibition Rules, 2004) പുറപ്പെടുവിച്ചു. അതിൻപ്രകാരം **പ്രാദേശിക സ്ത്രീധന നിരോധന ഉദ്യോഗസ്ഥരെയും** (Regional Dowry Prohibition Officers) **മുഖ്യ സ്ത്രീധന നിരോധന ഉദ്യോഗസ്ഥനെയും** (Chief Dowry Prohibition Officer) നിയമിക്കുകയും അവർക്ക് ഉപദേശവും സഹായവും നല്കുന്നതിനായി **ഉപദേശക ബോർഡുകൾക്ക്** (Advisory Boards) രൂപം നല്കുകയും ചെയ്തു. പ്രാദേശികാടിസ്ഥാനത്തിൽ അതായത് വടക്കൻ മേഖല (കോഴിക്കോട്)യിലും, മധ്യമേഖല (എറണാകുളം) യിലും തെക്കൻ മേഖല (തിരുവനന്തപുരം) യിലും സ്വതന്ത്ര ചുമതലയുള്ള ഓരോ പ്രാദേശിക സ്ത്രീധന നിരോധന ഉദ്യോഗസ്ഥരെ നിയമിച്ചിരിക്കുന്നു. മുഖ്യ സ്ത്രീധന നിരോധന ഉദ്യോഗസ്ഥനായി നിയമിക്കപ്പെട്ടിരിക്കുന്നത് സാമൂഹ്യക്ഷേമ ഡയറക്ടറെയാണ്. അദ്ദേഹം സംസ്ഥാനം മുഴുവനും സ്ത്രീധന നിരോധനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുകയും പ്രാദേശിക സ്ത്രീധന നിരോധന ഉദ്യോഗസ്ഥരുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുകയും പൊതുജനങ്ങളിൽ സ്ത്രീധന സമ്പ്രദായം നിരോധിക്കുന്നതിന് ബോധവൽക്കരണം നടത്തുകയും ചെയ്യുന്നു.

വിവാഹശേഷം ഓരോ സർക്കാർ ഉദ്യോഗസ്ഥനും താൻ സ്ത്രീധനം വാങ്ങിയിട്ടില്ല എന്നു പ്രസ്താവിച്ചുകൊണ്ടുള്ള ഒരു 'declaration' വകുപ്പുമേധാവിക്ക് നല്കണമെന്ന് ഈ ചട്ടങ്ങൾ അനുശാസിക്കുന്നു. ഇതിനുള്ള നിർദ്ദേശങ്ങൾ നല്കേണ്ടത് മുഖ്യ സ്ത്രീധന നിരോധന ഉദ്യോഗസ്ഥനാണ്. അതോടൊപ്പംതന്നെ വർഷത്തിൽ ഒരു പ്രത്യേക ദിവസം '**സ്ത്രീധന നിരോധനദിന**'മായി ആചരിക്കുന്നതിനും, സ്കൂളുകളിലും കോളേജുകളിലും മറ്റും കുട്ടികളെക്കൊണ്ട് സ്ത്രീധനം വാങ്ങുകയോ

നല്കുകയോ ചെയ്യില്ലെന്ന് പ്രതിജ്ഞ യെടുപ്പിക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ നൽകുന്നത് മുഖ്യ സ്ത്രീധന നിരോധന ഉദ്യോഗസ്ഥനാണ്.

സ്ത്രീധനവുമായി ബന്ധപ്പെട്ട പരാതികൾ വിവാഹത്തിലെ കക്ഷികളോ അവരുടെ രക്ഷിതാക്കളോ ബന്ധുക്കളോ ഏതെങ്കിലും അംഗീകൃത സാമൂഹ്യക്ഷേമ സംഘടനകളോ സ്ത്രീധന നിരോധന ഉദ്യോഗസ്ഥന് നല്കാവുന്നതാണ്. ഇപ്രകാരം ലഭിച്ച പരാതിയിന്മേൽ സ്ത്രീധന നിരോധന ഉദ്യോഗസ്ഥൻ അന്വേഷണം നടത്തി കുറ്റം ചെയ്തതായി കണ്ടെത്തിയാൽ നിയമലംഘ കർക്കെതിരെ കേസെടുക്കുന്നതിന് അതിൻ പ്രകാരമുള്ള റിപ്പോർട്ട് അധികാരപ്പെട്ട ജില്ലാ മജിസ്ട്രേറ്റിന് നൽകുകയും ചെയ്യുന്നു. പോലീസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും കോടതിയ്ക്ക് കേസെടുക്കാവുന്നതാണ്. സ്ത്രീധന നിരോധന ഉദ്യോഗസ്ഥൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടെയും മറ്റും സ്ത്രീധന നിരോധനത്തെക്കുറിച്ച് പൊത ുജനങ്ങൾക്ക് ബോധവൽക്കരണം നടത്തുന്നു.

ഇൻഡ്യൻ ശിക്ഷാ നിയമസംഹിതയിൽ 1986-ലെ ഭേദഗതിയിലൂടെ കൂട്ടിചേർത്തതാണ് 304 ബി വകുപ്പ് (സ്ത്രീധന മരണം). ഈ വകുപ്പനുസരിച്ച് പൊള്ളലേറ്റോ ശാരീരിക ക്ഷതം മൂലമോ, സ്വാഭാവികമല്ലാത്ത സാഹചര്യ ങ്ങളിലോ വിവാഹത്തിനുശേഷം ഏഴ് വർഷങ്ങൾക്കുള്ളിൽ ഒരു സ്ത്രീ മരണ പ്പെടുകയോ അപ്രകാരം മരണപ്പെടു ന്നതിനുമുൻപ് ഭർത്താവിൽ നിന്നോ ഭർതൃ ബന്ധുക്കളിൽ നിന്നോ സ്ത്രീധനം ആവശ്യ പ്പെട്ടുകൊണ്ടുള്ള പീഢനത്തിനിരയാകുകയോ ചെയ്താൽ അത്തരം മരണം **`സ്ത്രീധന മരണ'**മായി കണക്കാക്കുന്നതും അപ്രകാരമുള്ള മരണത്തിനുത്തരവാദികളായവർ ഏഴ് വർഷത്തിൽ കുറയാത്തതും ജീവപര്യന്തം വരെയാകാവുന്നതുമായ തടവുശിക്ഷയ്ക്ക് വിധേയരാകുന്നതുമാണ്.

1983-ലെ ഭേദഗതി പ്രകാരം ഇൻഡ്യൻ ശിക്ഷാ നിയമസംഹിതയിലെ 498 എ വകുപ്പ് ചേർക്കുകയുണ്ടായി. പ്രസ്തുത വകുപ്പു പ്രകാരം സ്ത്രീയെ ഭർത്താവോ ബന്ധുക്കളോ പീഢിപ്പിക്കുന്നത് ശിക്ഷാർഹമാണ്. ഇത്തരം പീഢനങ്ങൾ മൂലം സ്ത്രീയെ ആത്മഹത്യ ചെയ്യാൻ നിർബന്ധിക്കുന്ന സാഹചര്യം സൃഷ്ടിക്കുന്നതും കൂടുതൽ സ്വത്ത് സ്ത്രീയുടെ കുടുംബത്തിൽ നിന്ന് കിട്ടണമെന്ന ഉദ്ദേശത്തോടെ ആവശ്യപ്പെടുന്നതും കിട്ടാതെ വരുമ്പോൾ പീഢിപ്പിക്കുന്നതും മൂന്നു വർഷം വരെയാകാവുന്ന തടവു ശിക്ഷയും അതിനുപുറമേ പിഴ ശിക്ഷയും വിധിക്കാവുന്ന കുറ്റമാണ്.

നമ്മുടെ രാജ്യത്ത് വർഷം തോറും അയ്യായിരത്തിലേറെ സ്ത്രീകൾ സ്ത്രീധന ഗാർഹിക പീഢനങ്ങളാൽ കൊല്ലപ്പെടുന്നുവെന്ന് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. ദിനംപ്രതി 19-ൽ കൂടുതൽ സ്ത്രീകൾ സ്ത്രീധനത്തിന്റെ പേരിൽ കൊല്ലപ്പെടുന്നതായി നാഷണൽ ക്രൈം റിക്കോർഡ്സ് ബ്യൂറോ (Crime Records Bureau) റിപ്പോർട്ടു ചെയ്യുന്നു. ഏറ്റവും കൂടുതൽ സ്ത്രീധനമരണം നടക്കുന്നത് മധ്യപ്രദേശിലാണ്. എന്നാൽ നമ്മുടെ കൊച്ചു കേരളവും ഇക്കാര്യത്തിൽ ഒട്ടും പിന്നിലല്ല. കുടുംബത്തിന്റേയും സമൂഹത്തിലേയും അന്തസ്സിന് കോട്ടം വരാതിരിക്കുന്നതിനായി സ്ത്രീധന പീഢനങ്ങളും മറ്റും മിക്ക കുടുംബങ്ങളും റിപ്പോർട്ടു ചെയ്യാതിരിക്കുന്നതും സർവ്വസാധാരണമാണ്.

സ്ത്രീധന വിരുദ്ധ നിയമങ്ങൾ ഉണ്ടാക്കുന്നതിൽ നമ്മുടെ ഭരണകൂടം വിജയിച്ചുവെങ്കിലും സമൂഹത്തിൽ ആഴത്തിൽ വേരൂന്നിയ ഈ സാമൂഹ്യവിപത്ത് പിഴുതു മാറ്റുന്നതിൽ നാം ഇനിയും വിജയം കൈവരി ച്ചിട്ടില്ലായെന്ന് വിവിധ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. സമൂഹത്തിൽ സ്ത്രീധന വിവാഹങ്ങൾ വർദ്ധിച്ചുവരികയും കടക്കെണി മൂലവും മറ്റും ദരിദ്രകുടുംബങ്ങൾ തകർ ന്നടിഞ്ഞുകൊണ്ടിരിക്കുകയുമാണ്. സ്ത്രീധന സമ്പ്രദായത്തെ പരസ്യമായി എതിർക്കുന്നവർ പോലും സ്വന്തം കാര്യം വരുമ്പോൾ ആദർശവും നിയമവും വിസ്മരിച്ചുകൊണ്ട് നിയമവ്യവസ്ഥകളെ രഹസ്യമായി മറികടക്കു വാനുള്ള വഴികൾ ആലോചിക്കുന്നു. സമൂഹത്തിന്റെ മനോഭാവത്തിന് അടിസ്ഥാന

പരമായി മാറ്റങ്ങൾ ഉണ്ടായാൽ മാത്രമേ ഈ ശാപത്തിൽ നിന്ന് മോചനം നേടാൻ സാധിക്കുകയുള്ളൂ. ഈ സാഹചര്യത്തിൽ സ്ത്രീധനത്തിനെതിരായ നിയമങ്ങൾ വളരെ കർശനമായി നടപ്പിലാക്കേണ്ടതിന്റെ ആവശ്യകത ഉയർന്നുവരുന്നു. നിയമങ്ങൾക്കപ്പുറം ശക്തമായ സാമൂഹ്യ അവബോധം ജനങ്ങളിൽ ഉണ്ടാക്കുവാൻ കഴിഞ്ഞാലേ ഈ ദുരാചാരത്തിന് അറുതി വരുത്തുവാൻ സാധിക്കുകയുള്ളൂ. അഭ്യസ്തവിദ്യരായ പെൺകുട്ടികൾ ഇതിനെതിരെ പ്രതികരിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. അതിനായി സ്ത്രീ സംരക്ഷണത്തിനും സ്ത്രീധന നിരോധനത്തിനും വേണ്ടിയുള്ള വിവിധ നിയമങ്ങളെക്കുറിച്ച് സ്ത്രീകൾക്ക് പരിജ്ഞാനം ഉണ്ടായിരിക്കേണ്ടതാണ്. അപ്രകാരമുള്ള സാമാന്യബോധത്തിലൂടെ മാത്രമേ ഉത്തരവാദിത്വവും ആത്മാഭിമാനവും പ്രതികരണ ശേഷിയുമുള്ള ഒരു തലമുറയെ വാർത്തെടുക്കാനാവൂ. എങ്കിൽ മാത്രമേ '**സ്ത്രീധനം ആവശ്യപ്പെടുന്ന പുരുഷനെ സ്വീകരിക്കുകയില്ല**' എന്ന ധീരമായ തീരുമാനം എടുക്കാൻ നമ്മുടെ പെൺകുട്ടികൾക്ക് പ്രാപ്തി കൈവരികയുള്ളൂ.

സ്തീകൾ ഒന്നടങ്കം സ്ത്രീധന സമ്പ്രദായത്തിനെതിരെ നില കൊണ്ടാൽ അത് വിവാഹക്കമ്പോളത്തിൽ വളരെയധികം മാറ്റങ്ങൾ സൃഷ്ടിക്കും. തന്മൂലം അശരണരായ അടിസ്ഥാന ജനവിഭാഗങ്ങളിലേയ്ക്കും തുടർന്ന് സാധാരണ ജനവിഭാഗങ്ങളിലേയ്ക്കും ഈ തിന്മക്കെതിരായി പോരാടുവാനുള്ള പ്രചോദനമുണ്ടാക്കുവാൻ സാധിക്കും. സ്ത്രീധനം ആവശ്യപ്പെട്ടാൽ വിവാഹം കഴിക്കാൻ സ്ത്രീകൾ തയ്യാറാകാത്ത ഒരു അവസ്ഥ സംജാതമാകുമ്പോൾ ഏത് പുരുഷനും സ്ത്രീധനമില്ലാതെ വിവാഹം കഴിക്കാൻ നിർബന്ധിതനാകുകയും അപ്പോൾ സ്ത്രീയുടെ പദവി ഉയരുകയും അവൾ ആദരിക്കപ്പെടുകയും ചെയ്യും.

ഇപ്രകാരം തുടർച്ചയായുള്ള ബോധവൽക്കരണത്തിലൂടെ മാത്രമേ ഈ ദു:സ്ഥിതിയ്ക്ക് ഒരു പരിധിവരെ പരിഹാരം കാണാൻ സാധിക്കുകയുള്ളൂ സ്ത്രീധന-ആർഭാടപൂർണ്ണ വിവാഹങ്ങൾ നിരുത്സാഹപ്പെടുത്തുന്നതിനുള്ള കാൽവയ്പായി സർക്കാർ തലത്തിൽ വനിതാ കമ്മിഷനും മറ്റും '**സ്ത്രീധന വിമുക്തകേരളം ആർഭാടരഹിത വിവാഹം**' തുടങ്ങിയ വിവിധ പരിപാടികളും മറ്റും ആവിഷ്ക്കരിച്ച് ബോധവൽക്കരണം നടത്തിവരുന്നു. സർക്കാരിനൊപ്പം സാമൂഹ്യ പ്രസ്ഥാനങ്ങളും സാമുദായിക സംഘടനകളും കൈകോർത്തു നില്ക്കുമ്പോൾ ഈ ലക്ഷ്യം കൈവരിക്കാനുള്ള കാലം വളരെ വിദൂരമല്ല എന്ന് നമുക്ക് പ്രത്യാശിയ്ക്കാം. ഓരോരുത്തരും ചിന്തിക്കുക--

**'വിവാഹക്കമ്പോളത്തിൽ സ്ത്രീധനമല്ല, സ്ത്രീ തന്നെയാണ് ധനം.'**

***contrariorum contraria est ratio.***
*(The reason of contrary things is contrary.)*
***വിരുദ്ധമായ കാര്യങ്ങളുടെ കാരണവും വിരുദ്ധമാണ്.***

34/4257/2014.



**പി. ഇന്ദുകല**
*അണ്ടർ സെക്രട്ടറി,*
*നിയമവകുപ്പ്.*

# അവയവദാനം എന്ന ധർമ്മം

ആധുനിക വൈദ്യശാസ്ത്രത്തിന്റെ വളർച്ചയുടെ സുപ്രധാന വഴിത്തിരിവാണ് അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയ. സൗത്ത് ആഫ്രിക്കയിലെ ഗ്രൂട്ട്ഷർ ആശുപത്രിയിൽ 1967 ഡിസംബർ മാസം 3-ാം തീയതി ഡോക്ടർ ക്രിസ്റ്റ്യൻ ബർണാഡിന്റെ നേതൃത്വത്തിൽ മനുഷ്യഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയ ആദ്യമായി നടന്നു. ശരീരത്തിന് യാതൊരു തകരാറുമില്ലാത്ത ഒരാളിന്റെ നിശ്ചലമാകാൻ പോകുന്ന ഹൃദയം മാറ്റിവയ്ക്കുക എന്ന ദൗത്യം വിജയകരമായി പൂർത്തീകരിച്ചപ്പോൾ ശാസ്ത്രലോകം പോലും ആദ്യം അമ്പരന്നു. ആ ശസ്ത്രക്രിയയിലൂടെ പുതിയ ഹൃദയവുമായി ഒരാൾ പതിനെട്ടുനാൾ കൂടി ജീവിച്ചു. ന്യുമോണിയ ബാധിച്ച് മരിക്കുന്ന സമയത്തും അദ്ദേഹത്തിന്റെ കടം വാങ്ങിയ ആ ഹൃദയത്തിന് യാതൊരു കേടുപാടു മില്ലായിരുന്നു.

പരീക്ഷണങ്ങളുടെയും ഗവേഷണ ങ്ങളുടെയും കാലമായിരുന്നു തുടർന്നുള്ളത്. ഇന്നിപ്പോൾ ഹൃദയം, കണ്ണ്, തലച്ചോറ്, ഹൃദയവാൽവ്, വൃക്ക, കരൾ, മജ്ജ, ആഗ്നേയഗ്രന്ഥി, ചർമ്മം തുടങ്ങിയ പ്രധാന അവയവങ്ങൾ മാറ്റിവയ്ക്കുന്നത് ഇപ്പോൾ സാധാരണയായിത്തീർന്നിട്ടുണ്ട്. അവയവം മാറ്റിവയ്ക്കുന്നതിന് എത്രയോ മുൻപ് ഒരാളിന്റെ രക്തം മറ്റൊരാളിന് നൽകി തുടങ്ങി എന്നതും ശ്രദ്ധേയമാണ്.

ഒരേ സമയം രണ്ടുപേർ മരണത്തോട് അടുക്കുന്നു. അവരിലൊരാൾ മരണത്തിന് കീഴ്പ്പെടുന്നു. മരണപ്പെട്ട ആളിന്റെ അവയവം രണ്ടാമത്തെ ആളിന് നൽകുന്നു. അതോടെ ഒരാൾക്ക് ഈ ഭൂമിയിൽ തുടർന്നും ജീവിക്കാൻ അവസരമുണ്ടാകുന്നു. ഒരു വലിയ സാമൂഹിക സേവനം നിറവേറ്റി സന്തോഷത്തോടെ മരണപ്പെടുന്ന ആളിന്റെ മുന്നിൽ ഒരു കുടുംബവും സമൂഹവും തൊഴുകൈയ്യോടെ നിൽക്കും. ഇവിടെ ജീവിതം തിരിച്ചു കിട്ടിയ ആളല്ല പകരം മരണപ്പെട്ട ആളാണ് യഥാർത്ഥ വിജയി.

മരണം ഉറപ്പായ ആളിന്റെ മാത്രമല്ല പൂർണ്ണ ആരോഗ്യവാനായ ഒരാളിനും അവയവം ദാനം ചെയ്യാം. ചിലർ മരണാനന്തരം അവയവങ്ങൾ മാത്രമല്ല സ്വന്തം ശരീരം പോലും വൈദ്യ ശാസ്ത്ര പഠനത്തിന് നൽകുന്നു. ഇത്തര ക്കാരുടെ എണ്ണം വർദ്ധിച്ചുവരുന്നത് ആരോഗ്യ കരമായ ഒരു സാമൂഹിക അവബോധത്തിന്റ ഫലമായിട്ടാണ്. സമൂഹത്തിലെ വിവേകശാലികളും പുരോഗമന ചിന്താഗതി ക്കാരുമായ ആളുകൾ ആണ് മിക്കപ്പോഴും അങ്ങനെയുള്ളവർ എന്നതും ശ്രദ്ധേയമാണ്.

എന്നാൽ, മനുഷ്യാവയവദാനവുമായി ബന്ധപ്പെട്ട് സമൂഹത്തിൽ വൻ വാണിജ്യ ഇടപാടുകൾ നടക്കാൻ തുടങ്ങി. അതുമായി ബന്ധപ്പെട്ട് ചില തട്ടിപ്പ് സംഘങ്ങൾ പ്രവർത്തനം തുടങ്ങി. ആശുപത്രികളും അധികാരികളും ഈ വിപത്തിന് ഒത്താശ ചെയ്തു കൊടുക്കാൻ തുടങ്ങിയതോടെ അവയവ വ്യാപാരം വിശിഷ്യാ വൃക്ക വ്യാപാരം സമൂഹത്തിനു മുന്നിൽ വലിയ വിവാദമായി. മുൻപ് ഇന്ത്യയിൽ അവയവങ്ങൾ മാറ്റി വയ്ക്കുന്നതുമായി ബന്ധപ്പെട്ട് വ്യക്തമായ നിയമങ്ങൾ ഇല്ലായിരുന്നു. ചതിക്കുഴിയിൽപ്പെട്ട് വൃക്ക തട്ടിപ്പിന് വിധേയരായവരുടെ എണ്ണം കൂടുകയും പലപ്പോഴും അതൊരു ചർച്ചാ വിഷയമാവുകയും ചെയ്തു തുടങ്ങി.

ഈ സാഹചര്യത്തിൽ കേന്ദ്രസർക്കാർ ഒരു സമിതിയെ നിയമിച്ചു. വൃക്ക തട്ടിപ്പിനെ കേന്ദ്രീകരിച്ചുകൊണ്ട് സമിതി നടത്തിയ പഠനത്തിന്റെ പ്രതിഫലനമായി 1994-ലെ മനുഷ്യാവയവങ്ങളുടെ മാറ്റിവയ്ക്കൽ ആക്റ്റ് (ദി ട്രാൻസ്പ്ലാന്റേഷൻ ഓഫ് ഹ്യൂമൻ ഓർഗൻസ് ആക്റ്റ്, 1994) നിലവിൽ വന്നു. ഈ ആക്റ്റിന് ബ്രിട്ടനിൽ നിലവിലുണ്ടായിരുന്ന മനുഷ്യാവയവദാന നിയമവുമായി ഏറെക്കുറെ സാമ്യമുണ്ടായിരുന്നു. 1994-ലെ ആക്റ്റിനെ തുടർന്ന് കേന്ദ്രസർക്കാർ 1995-ലെ മനുഷ്യാവയവങ്ങളുടെ മാറ്റിവയ്ക്കൽ ചട്ടങ്ങൾ (ദി ട്രാൻസ്പ്ലാന്റേഷൻ ഓഫ് ഹ്യൂമൻ ഓർഗൻസ് റൂൾസ്, 1995) പുറപ്പെടുവിച്ചു. പിന്നീട് 1994-ലെ ആക്റ്റിന് കാലോചിതമായ മാറ്റങ്ങൾ വരുത്തി ഭേദഗതി ചെയ്യുകയുണ്ടായി. അങ്ങനെ പുതിയ ആക്റ്റിന് 1994-ലെ മനുഷ്യാവയവങ്ങളും കോശജാലങ്ങളും മാറ്റിവയ്ക്കൽ ആക്റ്റ് ( ദി ട്രാൻസ്പ്ലാന്റേഷൻ ഓഫ് ഹ്യൂമൻ ഓർഗൻസ് ആന്റ് ടിഷ്യൂസ് ആക്റ്റ്, 1994) എന്ന് പുനർ നാമകരണവും ചെയ്തു. 1995-ലെ ചട്ടങ്ങൾക്കും ഭേദഗതി വരുത്തി 2014-ലെ മനുഷ്യാവയവങ്ങളും കോശജാലങ്ങളും മാറ്റിവയ്ക്കൽ ചട്ടങ്ങൾ (ദി ട്രാൻസ്പ്ലാന്റേഷൻ ഓഫ് ഹ്യൂമൻ ഓർഗൻസ് ആന്റ് ടിഷ്യൂസ് റൂൾസ്, 2014) എന്ന് പുനർനാമകരണം ചെയ്തു. മനുഷ്യാവയവങ്ങളും കോശജാലങ്ങളും മാറ്റിവയ്ക്കുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങൾ പ്രസ്തുത ആക്റ്റിലും ചട്ടങ്ങളിലും വിശദമായി പ്രതിപാദിക്കുന്നുണ്ട്.

ആക്റ്റ് പ്രകാരം അവയവം ദാനം ചെയ്യാൻ ആഗ്രഹിക്കുന്ന ആൾ മരണത്തിന് മുൻപ് രേഖാമൂലം സമ്മതപത്രം തയ്യാറാക്കേണ്ടതാണ്. രണ്ടോ അതിലധികമോ സാക്ഷികളും ഉണ്ടായിരിക്കണം. സമ്മതപത്രത്തിൽ അവയവദാനം നടത്തുന്നത് ചികിത്സാപരമായ ആവശ്യത്തിനാണെന്ന് പ്രത്യേകം രേഖപ്പെടുത്തണം. എന്നാൽ രേഖാമൂലമുള്ള സമ്മതപത്രം ഇല്ലാത്തപക്ഷവും മരിച്ച ആളിന്റെ അവയവം ദാനം ചെയ്യാൻ വ്യവസ്ഥയുണ്ട്. ഇത്തരം സന്ദർഭങ്ങളിൽ ഡോക്ടർ ട്രാൻസ്പ്ലാന്റ് കോ-ഓർഡിനേറ്ററുമായി കൂടിയാലോചിച്ച് മരണപ്പെട്ട ആളിന്റെ ബന്ധുക്കളെ അവയവദാനത്തിന്റെ ആവശ്യകതയെപ്പറ്റി ബോധവൽക്കരണം നടത്തേണ്ടതാണ്. ബന്ധുക്കൾക്ക് അവയവദാനം നടത്തുന്നതിന് ആക്ഷേപം ഒന്നുമില്ലെങ്കിൽ അവയവം ചികിത്സാപരമായ ആവശ്യങ്ങൾക്ക് കൊടുക്കാവുന്നതാണ്. എന്നാൽ അപ്രകാരം സമ്മതം നൽകുമ്പോൾ മരണപ്പെട്ട ആളുമായി ബന്ധപ്പെട്ട ഒരാളും എതിർപ്പ് പ്രകടിപ്പിക്കില്ല എന്നും മരണത്തിന് മുൻപ് ആ ആൾ അവയവദാനത്തിന് വിസമ്മതം പ്രകടിപ്പിച്ചിട്ടില്ലായെന്നുമുള്ള വസ്തുതകൾ പ്രത്യേകം ഉറപ്പുവരുത്തേണ്ടതാണ്.

പതിനെട്ടു വയസ്സിനു താഴെ പ്രായമുള്ള ഏതെങ്കിലും ഒരാൾക്ക് ബ്രെയിൻ-സ്റ്റെം ഡെത്ത് സംഭവിക്കുകയാണെങ്കിൽ മാതാപിതാക്കളിൽ ആർക്കെങ്കിലും ഒരാൾക്ക് അവയവം നീക്കം ചെയ്യലിന് അനുമതി നൽകാവുന്നതാണ്. മാനസികവൈകല്യമുള്ള ഒരാളുടെ ശരീരത്തിൽ നിന്നും അയാളുടെ മരണത്തിന് മുൻപ് യാതൊരു അവയവങ്ങളോ കോശജാലങ്ങളോ മാറ്റിവയ്ക്കുവാൻ പാടുള്ളതല്ല.

മേൽപ്പറഞ്ഞ സമ്മതപത്രം നൽകിയിട്ടുള്ള സാഹചര്യങ്ങളിൽപോലും ഇൻക്വസ്റ്റ് തയ്യാറാക്കേണ്ട മൃതദേഹത്തിന്റെ അവയവങ്ങൾ ദാനം ചെയ്യാൻ പാടില്ല. കൂടാതെ ഒരു ശവശരീരം ദഹിപ്പിക്കാനോ, കുഴിച്ചിടാനോ മറ്റു വിധത്തിൽ മറവു ചെയ്യുവാനോ ഏൽപ്പിക്കപ്പെട്ടിട്ടുള്ള ഒരാൾ ആ ശരീരത്തിൽ നിന്നും അവയവങ്ങൾ നീക്കം ചെയ്യാൻ പാടുള്ളതല്ല.

ജയിൽ, ആശുപത്രി എന്നിവിടങ്ങളിൽ വച്ച് ഒരാൾ മരണപ്പെടുകയും നാൽപ്പത്തിയെട്ട് മണിക്കൂറിനുള്ളിൽ ബന്ധുജനങ്ങൾ അന്വേഷിച്ച് വരാതിരിക്കുകയും മൃതശരീരത്തിന് അവകാശം ഉന്നയിക്കാതിരിക്കുകയും ചെയ്യുന്ന സാഹചര്യങ്ങളിലും അവയവദാനം നടത്താവുന്നതാണ്. ആശുപത്രിയുടെയോ, ജയിലിന്റെയോ ചുമതലയുള്ള ഉദ്യോഗസ്ഥർ ആക്റ്റിലെയും ചട്ടത്തിലെയും വ്യവസ്ഥകൾക്ക് വിധേയമായി അവയവം മാറ്റിവയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

അവയവദാനത്തിന് സമ്മതപത്രം നൽകിയിട്ടുള്ളവർ അപകടം മൂലമോ മറ്റേതെങ്കിലും കാരണത്താലോ മരണം സംഭവിക്കുമ്പോൾ പാലിക്കേണ്ട നടപടി ക്രമത്തെപ്പറ്റി ആക്റ്റിൽ വ്യക്തമായി പ്രതിപാദിക്കുന്നുണ്ട്. അതായത് മെഡിക്കോ ലീഗൽ/പാതോളജിക്കൽ ആവശ്യങ്ങൾക്കായി ശരീരം പോസ്റ്റ്മോർട്ടം പരിശോധന നടത്തുമ്പോൾ സമ്മതം നൽകിയിട്ടുള്ള അവയവങ്ങൾ ദാനം ചെയ്യുവാൻ പാടുള്ളതല്ല. മേൽവിവരിച്ചിട്ടുള്ള എല്ലാ സന്ദർഭങ്ങളിലും ബന്ധപ്പെട്ട ഡോക്ടർമാർ അടങ്ങുന്ന മെഡിക്കൽ ബോർഡ് മരണം സംഭവിച്ചിട്ടുണ്ടെന്ന് ബോധ്യപ്പെടുകയും ബ്രെയിൻ സ്റ്റെം ഡെത്ത് സംഭവിച്ചിട്ടുള്ള സംഗതികളിൽ മരണകാരണം ബ്രെയിൻ സ്റ്റെം ഡെത്ത് ആണെന്ന് സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. ചികിത്സാപരമായ ആവശ്യങ്ങൾക്കല്ലാതെ മറ്റൊന്നിനും മനുഷ്യാവയവം നീക്കം ചെയ്യുന്നതിനുള്ള അനുമതി നൽകുവാൻ പാടുള്ളതല്ല. അവയവം നീക്കം ചെയ്യലിനെയും മാറ്റിവയ്ക്കലിനെയും സംബന്ധിച്ച് ഉണ്ടാകാനിടയുള്ള എല്ലാ അനന്തര ഫലങ്ങളും അവയവം നൽകുന്ന ആളിനോടും അത് സ്വീകരിക്കുന്ന ആളിനോടും ബന്ധപ്പെട്ട ഡോക്ടർ വിശദീകരിക്കേണ്ടതാണ്.

ജീവിച്ചിരിക്കുമ്പോൾ തന്നെ ഒരാൾ തന്റെ അവയവം ദാനം ചെയ്യുന്നത് അയാളുടെ ഏറ്റവും അടുത്ത ബന്ധുവിനായിരിക്കണം. ഏറ്റവും അടുത്ത ബന്ധു എന്നതിൽ ഭർത്താവ്, ഭാര്യ, മകൻ, മകൾ, അച്ഛൻ, അമ്മ, സഹോദരൻ, സഹോദരി, അപ്പൂപ്പൻ, അമ്മൂമ്മ, ചെറുമകൻ, ചെറുമകൾ എന്നിവർ ഉൾപ്പെടുന്നു.

ബന്ധുവല്ലാത്തവർക്കും അവയവദാനം ചെയ്യുവാൻ നിയമം അനുവദിക്കുന്നുണ്ട്. അവയവം സ്വീകരിക്കുന്ന ആളിനോടുള്ള സ്നേഹത്തിന്റെയോ വാത്സല്യത്തിന്റെയോ മറ്റേതെങ്കിലുമോ കാരണത്താൽ ഒരാൾക്ക് തന്റെ ഏതെങ്കിലും അവയവം ദാനം ചെയ്യാവുന്നതാണ്. എന്നാൽ അവയവം നീക്കം ചെയ്യലും മാറ്റിവയ്ക്കലും അധികാരപ്പെടുത്തൽ കമ്മറ്റിയുടെ മുൻകൂർ അനുമതിയോടുകൂടി മാത്രമായിരിക്കണം.

അവയവദാനം ചെയ്യുന്ന ആളും അത് സ്വീകരിക്കുന്ന ആളും ഇൻഡ്യൻ പൗരത്വമില്ലാത്തവരോ അടുത്ത ബന്ധുക്കളോ അല്ലാത്തവരാണെങ്കിൽ അവർക്കിടയിൽ പണമിടപാട് യാതൊന്നും നടന്നിട്ടില്ലെന്നും മദ്ധ്യവർത്തികൾ ഇല്ലെന്നും അവയവം ദാനം ചെയ്യുന്ന ആൾ ഒരു മദ്യപാനി അല്ലെന്നും എന്തു കാരണത്താലാണ് ഒരാൾ തന്റെ അവയവം ദാനം നടത്തുവാൻ തയ്യാറാകുന്നതുമെന്നുമുള്ള വിവിധ കാര്യങ്ങൾ അധികാരപ്പെടുത്തൽ കമ്മിറ്റി പരിശോധിക്കേണ്ടതാണ്.

വിജ്ഞാപനം വഴി സംസ്ഥാന സർക്കാരുകൾ ആശുപത്രി, ജില്ല, സംസ്ഥാനം എന്നീ തലങ്ങളിൽ അധികാരപ്പെടുത്തൽ കമ്മിറ്റികൾ രൂപീകരിക്കേണ്ടതാണ്. സംസ്ഥാന കമ്മിറ്റി, ജില്ല കമ്മിറ്റി എന്നിവയിൽ പ്രധാന ജില്ലാ ആശുപത്രിയിലെ ചീഫ് മെഡിക്കൽ ഓഫീസർ ചെയർപേഴ്സണായും, അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയിൽ ഉൾപ്പെടാത്ത രണ്ട് സീനിയർ മെഡിക്കൽ പ്രാക്ടീഷണർമാർ അംഗങ്ങളായും, സർക്കാർ തലത്തിൽ വിവിധ മേഖലകളിൽ ഉയർന്ന പദവിയിലുണ്ടായിരുന്ന രണ്ട് അംഗങ്ങൾ, അവരിലൊരാൾ വനിത ആയിരിക്കേണ്ടതും കൂടാതെ സംസ്ഥാന ആരോഗ്യവകുപ്പ് സെക്രട്ടറി അഥവാ നോമിനിയും ഹെൽത്ത് സർവ്വീസസ് ഡയറക്ടർ അഥവാ നോമിനി എന്നിവരും അംഗങ്ങളായിരിക്കേണ്ടതുമാണ്. ആശുപത്രിതല കമ്മിറ്റിയുടെ ചെയർപേഴ്സൺ സ്ഥാനം വഹിക്കുന്നത് പ്രസ്തുത സ്ഥാപനത്തിലെയോ ആശുപത്രിയിലെയോ മെഡിക്കൽ ഡയറക്ടറോ മെഡിക്കൽ സൂപ്രണ്ടോ മേധാവിയോ ആയിരിക്കുന്നതാണ്.

കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും സമുചിത അധികാരസ്ഥാനങ്ങളെ വിജ്ഞാപനം വഴി നിയമിക്കേണ്ടതാണ്. പ്രസ്തുത അധികാരസ്ഥാനങ്ങൾക്ക് (അതോറിറ്റികൾക്ക്) ആശുപത്രികൾക്ക് ആവശ്യമായ രജിസ്ട്രേഷൻ നൽകൽ ഈ ആക്റ്റിലെയും ചട്ടത്തിലെയും വ്യവസ്ഥകൾ ലംഘിക്കുന്ന സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ റദ്ദാക്കൽ, സസ്പെൻഡ് ചെയ്യൽ, കോശജാലബാങ്കുകളിൽ (ടിഷ്യു ബാങ്ക്) കാലാകാലങ്ങളിൽ പരിശോധന നടത്തുക തുടങ്ങിയവയാണ് അതോറിറ്റിയുടെ പ്രധാന ചുമതലകൾ. ഈ സമുചിത അധികാര സ്ഥാനങ്ങൾക്ക് ഇതിന്റെ ചുമതലകൾ നിർവ്വഹിക്കുന്നതിനുവേണ്ടി ആവശ്യമായ ഉപദേശം നൽകുന്നതിനായി കേന്ദ്ര സർക്കാരും

സംസ്ഥാന സർക്കാരുകളും വിജ്ഞാപനം വഴി ഉപദേശക സമിതികൾ രൂപീകരിക്കേണ്ടതാണ്.

ഈ ആക്റ്റ് പ്രകാരം അവയവം നീക്കം ചെയ്യുന്നതിനും, സൂക്ഷിക്കുന്നതിനും മാറ്റി വയ്ക്കുന്നതിനും നിയമാനുസൃതമായി ആശുപത്രികൾ രജിസ്റ്റർ ചെയ്യേണ്ട ആവശ്യമുണ്ട്. രജിസ്റ്റർ ചെയ്തിട്ടില്ലാത്ത ആശുപത്രികൾ, ക്ലിനിക്കുകൾ എന്നിവ ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്താൻ പാടില്ല. എന്നാൽ ചികിൽസാ ആവശ്യങ്ങൾക്കായി ഒരു ഡോക്ടറിന് ഏത് സ്ഥലത്തുവെച്ചും ഏതെങ്കിലും മൃതശരീരത്തിൽ നിന്ന് കണ്ണ്, ചെവി എന്നിവ നീക്കം ചെയ്യാവുന്നതാണ്.

യാതൊരു അധികാരവും കൂടാതെ അവയവങ്ങൾ നീക്കം ചെയ്യുന്നതിന് കൂട്ടുനിൽക്കുകയോ സഹായിക്കുകയോ ചെയ്യുന്ന ഒരാൾ പത്ത് വർഷം വരെ തടവും ഇരുപത്തിയഞ്ച് ലക്ഷം രൂപ പിഴയ്ക്കും ബാദ്ധ്യസ്ഥനാണ്. മനുഷ്യാവയവം പണത്തിനു വേണ്ടി നൽകുവാൻ തയ്യാറുള്ള ഒരാൾക്കു വേണ്ടി അന്വേഷണം നടത്തുക, പണം സ്വീകരിച്ചുകൊണ്ട് അവയവം നൽകാമെന്ന് വാഗ്ദാനം നടത്തുക, അവയവം പണം സ്വീകരിച്ചുകൊണ്ട് നൽകുന്നതിന് ആളുകളെ ക്ഷണിച്ചുകൊണ്ടോ, പണത്തിനുവേണ്ടി നൽകാമെന്ന് വാഗ്ദാനം ചെയ്തുകൊണ്ടോ ഏതെങ്കിലും പരസ്യം പ്രസിദ്ധപ്പെടുത്തുകയോ വിതരണം ചെയ്യുകയോ പരസ്യപ്പെടുത്തുന്നതിനോ വിതരണം ചെയ്യുന്നതിനോ ഇടയാക്കുന്ന ഒരാൾ അഞ്ചു വർഷത്തിൽ കുറയാതെയും എന്നാൽ പത്തുവർഷംവരെ ആകാവുന്ന തടവു ശിക്ഷയ്ക്കും ഇരുപത് ലക്ഷം രൂപയിൽ കുറയാതെയും എന്നാൽ ഒരു കോടി രൂപവരെ ആകാവുന്നതുമായ പിഴ ശിക്ഷയ്ക്കും ബാദ്ധ്യസ്ഥനാണ്. പണം സ്വീകരിച്ചുകൊണ്ട് കോശജാലം നൽകുവാൻ തയ്യാറാകുന്ന ഒരാളെ കണ്ടുപിടിക്കുന്നതിന് അന്വേഷണം നടത്തുക, പണം സ്വീകരിച്ചു കൊണ്ട് നൽകാമെന്ന് വാഗ്ദാനം നടത്തുക തുടങ്ങിയവ ചെയ്യുന്ന ഒരാൾ മൂന്ന് വർഷം വരെ തടവിനും അഞ്ചുലക്ഷം രൂപയിൽ കുറയാത്തതും എന്നാൽ ഇരുപത്തിയഞ്ചു ലക്ഷം രൂപയിൽ കവിയാത്തതുമായ ഒരു പിഴയ്ക്കും ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്.

മാറിയ ജീവിത സാഹചര്യത്തിൽ മനുഷ്യൻ ആശുപത്രികളെ കൂടുതലായി ആശ്രയിക്കേണ്ടി വരുന്നു. അവരിൽ പലർക്കും അവയവങ്ങളുടെ തകരാറാണ് പ്രധാന രോഗം. മാറ്റിവയ്ക്കാൻ പകരം അവയവങ്ങൾ യഥാസമയങ്ങളിൽ ലഭിക്കാതെ അനവധിപേർ മരണമടയുന്നു. എന്തുകൊണ്ട് ഇങ്ങനെ സംഭവിക്കുന്നു?

അവയവദാനത്തിന്റെ പ്രസക്തിയെക്കുറിച്ച് പൊതുജനങ്ങൾക്കിടയിൽ ബോധവൽക്കരണം നടത്തണം. അവയവദാനം എന്നത് ഒരാളിന്റെ ഔദാര്യമായി കാണാതെ പകരം അത് ഓരോ പൗരന്റേയും സാമൂഹ്യ പ്രതിബദ്ധത എന്ന രീതിയിലുള്ള ബോധവൽക്കരണമാണ് ഇന്ന് അനിവാര്യമായിട്ടുള്ളത്.

ആശുപത്രികളിൽ നിന്നും ബ്രെയിൻ-സ്റ്റെം-ഡെത്ത് യഥാസമയം റിപ്പോർട്ട് ചെയ്യുന്നുണ്ടെന്നുള്ള വസ്തുത ഉറപ്പാക്കേണ്ടതാണ്. അത്തരം മരണം നടക്കുമ്പോൾ ബന്ധപ്പെട്ട കുടുംബാംഗങ്ങളെ വേണ്ട രീതിയിൽ കൗൺസിലിംഗ് നടത്തി അവയവദാനത്തിന്റെ മാഹാത്മ്യത്തെപ്പറ്റിയുള്ള ബോധം അവരിൽ ഉളവാക്കണം. മാത്രവുമല്ല, അധികാരപ്പെടുത്തൽ കമ്മിറ്റികൾ കൃത്യ സമയത്ത് തീരുമാനമെടുക്കുകയുംവേണം. അവയദാനത്തെപറ്റി ക്ലാസ്സുകളും സെമിനാറുകളും സംഘടിപ്പിക്കുവാൻ സർക്കാരിതര സംഘടനകളെ ചുമതലപ്പെടുത്തുകയും അവർക്ക് ആവശ്യമായ ധന സഹായം നൽകേണ്ടതുമാണ്. ആക്റ്റിലെയും ചട്ടത്തിലെയും വ്യവസ്ഥകൾ കർശനമായി ആശുപത്രികളും ക്ലിനിക്കുകളും പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. അവയവദാനത്തിന്റെ പേരിൽ പണമിടപാട് നടക്കുന്നില്ലെന്നും ഇടനിലക്കാർ കടന്നുകൂടി അതൊരു കച്ചവടമായി മാറുന്നില്ലെന്നുംകൂടി ഉറപ്പ് വരുത്തേണ്ടതാണ്.

ദേഹത്തിൽ നിന്ന് ദേഹിവിട്ടുപോയാൽ പിന്നെ ശരീരം വെറും ഒരു ജഡം മാത്രമാണ്. ഈ സാഹചര്യത്തിൽ അവയവങ്ങൾ ദാനംചെയ്യുന്നതുവഴി മറ്റൊരാൾക്ക് അത് പ്രയോജനപ്പെടുമെങ്കിൽ അതിൽപരം സാമൂഹ്യ സേവനം മറ്റൊന്നുമില്ല !

34/4257/2014.



**വി. എം. രഹ്ന**
*സെക്ഷൻ ഓഫീസർ*
*നിയമ വകുപ്പ്*

# 2014-ലെ കേരള വിക്റ്റിം കോംപൻസേഷൻ പദ്ധതി

കുറ്റവാളി ശിക്ഷിക്കപ്പെടണമെന്നത് ക്രിമിനൽ നീതിന്യായ വ്യവസ്ഥയുടെ അടിസ്ഥാന പ്രമാണമാണ്. സർക്കാർ സംവിധാനം ഉപയോഗിച്ച് കുറ്റവാളിയെ നിയമത്തിനു മുന്നിൽ കൊണ്ട് വരുന്നതിനോടൊപ്പം, സമൂഹ മനസാക്ഷിക്കു നേരെ വെല്ലുവിളി ഉയർത്തുന്ന ഹീനകൃത്യങ്ങളിലെ ഇരകൾക്ക് മതിയായ നിയമ പരിരക്ഷ ഉറപ്പാക്കേണ്ട ബാദ്ധ്യത ഏറ്റെടുക്കുന്നതിലും ക്ഷേമസർക്കാരുകൾ മുന്നോട്ട് വന്നിട്ടുണ്ട്. ഇതിന്റെ ഫലമായി കുറ്റകൃത്യങ്ങളിലെ ഇരകൾക്ക് നഷ്ടപരിഹാരം അനുവദിക്കുന്നതടക്കം പിൽക്കാലത്ത് ശക്തിപ്പെട്ട ആശയങ്ങൾക്ക് ജീവൻ നൽകുന്ന നിയമ വ്യവസ്ഥകൾ നമ്മുടെ നിയമ സംഹിതകളിൽ ഉൾപ്പെടുത്തി. 1973-ലെ ക്രിമിനൽ നടപടി നിയമസംഹിതയിലെ 357-ാം വകുപ്പ്, 2008-ലെ ക്രിമിനൽ നിയമ (ഭേദഗതി) ആക്റ്റ് പ്രകാരം കൂട്ടിച്ചേർത്ത 357എ വകുപ്പ് എന്നിവ ഇതിനുദാഹരണങ്ങളാണ്. പ്രസ്തുത 357-ാം വകുപ്പ്പ്രകാരം, വിചാരണ കോടതിക്കോ, അപ്പീൽ കോടതിക്കോ ഹൈക്കോടതിക്കോ അന്തിമവിധി പുറപ്പെടുവിക്കുന്നതിനോടൊപ്പം ഇരകൾക്ക് മതിയായ നഷ്ടപരിഹാരം അനുവദിക്കുന്നതിനുള്ള വിവേചനാധികാരമുണ്ട്. ഇതനുസരിച്ച്, കുറ്റവാളി ശിക്ഷിക്കപ്പെടുന്ന കേസ്സുകളിൽ മാത്രമാണ് ഇരയ്ക്ക് നഷ്ടപരിഹാരം അനുവദിക്കൽ സാധ്യമാകുന്നത്. എന്നുമാത്രമല്ല, കോടതിയുടെ വിധിക്കെതിരെ അപ്പീൽ ഫയൽ ചെയ്യുന്നതിനുള്ള കാലാവധി അവസാനിച്ച ശേഷമോ, അപ്പീൽ ഫയൽ ചെയ്യപ്പെട്ട കേസ്സുകളിൽ അപ്പീലിന്റെ തീർപ്പിന് വിധേയമായോ ആണ് നഷ്ടപരിഹാരത്തുക ലഭിക്കുന്നത്. നീതിന്യായ കോടതികളിൽ കക്ഷികൾ കെട്ടിവയ്ക്കുന്ന പിഴത്തുകയുടെ ഒരു ഭാഗം ഇതിലേയ്ക്കായി ഉപയോഗിക്കുന്നു. എന്നാൽ വിചാരണകോടതിയുടെ അന്തിമ വിധിയ്ക്ക് കാത്തുനില്ക്കാതെ തന്നെ ഇരകൾക്ക് നഷ്ടപരിഹാരം ലഭ്യമാക്കാൻ ഒരു സർക്കാർ ഫണ്ട് രൂപീകരി ക്കുന്നതിന് 357എ വകുപ്പ് വ്യവസ്ഥ ചെയ്യുന്നു. പ്രതിയെ കുറ്റവിമുക്തനാ ക്കുമ്പോഴും വെറുതെ വിട്ടയയ്ക്കുമ്പോഴും സർക്കാർ ഫണ്ടിൽ നിന്നും ഇരകൾക്ക് നഷ്ടപരിഹാരം നൽകാൻ കോടതികൾക്ക് ശിപാർശ നല്കാം. ഈ ലക്ഷ്യപ്രാപ്തിക്കായി, കേന്ദ്ര സർക്കാർ സഹകരണത്തോടെ 2014-ൽ കേരള ആഭ്യന്തര വകുപ്പ് 'വിക്റ്റിം കോംപൻസേഷൻ ഫണ്ട്' എന്ന ഒരു പദ്ധതിയ്ക്ക് രൂപം നൽകി.

കുറ്റകൃത്യങ്ങളിൽ ഇരയാകുന്നവർക്കോ അവരുടെ ആശ്രിതർക്കോ ഉണ്ടാകുന്ന പരിക്കുകൾക്കും, നാശനഷ്ടങ്ങൾക്കും നഷ്ടപരിഹാരം നൽകുകയെന്നതാണ് പദ്ധതിയുടെ പ്രധാന ഉദ്ദേശ്യലക്ഷ്യം. 'നഷ്ടം' എന്നതിൽ ശാരീരികവും മാനസികവുമായ നഷ്ടങ്ങൾക്ക് പുറമേ, സാമ്പത്തിക നഷ്ടവും ഉൾപ്പെടും. ബന്ധപ്പെട്ട തഹസീൽദാർ അല്ലെങ്കിൽ സർക്കാർ ഇതിലേയ്ക്കായി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ നല്കുന്ന ആശ്രിത സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് അവകാശികൾക്ക് തുക അനുവദിക്കുന്നത്. 'അവകാശികൾ' എന്നതിൽ ഭാര്യ, ഭർത്താവ്, അച്ഛൻ, അമ്മ, അവിവാഹിതരായ പെൺമക്കൾ, പ്രായപൂർത്തിയാകാത്ത കുട്ടികൾ എന്നിവർ ഉൾപ്പെടും.

ഫണ്ട് രൂപീകരണത്തിനുള്ള വ്യവസ്ഥയും പദ്ധതിയിൽ ഉൾപ്പെടു ത്തിയിട്ടുണ്ട്. സർക്കാർ വാർഷികമായി അനുവദിക്കുന്ന ബഡ്ജറ്റ്

വിഹിതം, ക്രിമിനൽ നടപടി നിയമ സംഹിതയുടെ 357-ാം വകുപ്പ് അനുസരിച്ച് കക്ഷികൾ കോടതികളിൽ ഒടുക്കുന്ന പിഴത്തുക, ദേശീയ/അന്തർദേശീയ തലങ്ങളിൽ പ്രവർത്തിക്കുന്ന ധർമ്മ സ്ഥാപനങ്ങൾ, സംഘടനകൾ, വ്യക്തികൾ എന്നിവരിൽ നിന്നും ലഭിക്കുന്ന സംഭാവനകൾ, സഹായ ധനങ്ങൾ എന്നിവ ഉൾപ്പെട്ടതാണ് ഫണ്ട്. പദ്ധതിയുടെ നടത്തിപ്പ്, നിയന്ത്രണം, നിരീക്ഷണം മുതലായ സുപ്രധാന നയ തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനുള്ള ചുമതല ആഭ്യന്തര വകുപ്പിനാണ്. കേരള സംസ്ഥാന ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ മെമ്പർ സെക്രട്ടറിയ്ക്കാണ് പദ്ധതിയുടെ നടത്തിപ്പ് ചുമതല. ഫണ്ടിലെ തുകകൾ ആഭ്യന്തരവകുപ്പ് ഒരു പൊതു അക്കൗണ്ടിൽ വരവ്ചെയ്ത് സൂക്ഷിക്കേണ്ട താണെന്നും, അനുവദിക്കുന്ന തുകയുടെ വിതരണം സംബന്ധിച്ച് വ്യക്തമായ കണക്കുകൾ സംസ്ഥാന ലീഗൽ സർവ്വീസ് അതോറിറ്റി യഥാസമയം സർക്കാരിന് സമർപ്പിക്കേണ്ടതാണെന്നും നിഷ്കർഷിക്കുന്നു. നഷ്ടപരിഹാരത്തുക ഒറ്റ തവണയായോ രണ്ടു തുല്യ ഗഡുക്കളായോ അനുവദിക്കാം. ഒരു ദേശസാൽകൃത ബാങ്ക് അക്കൗണ്ട് മുഖേനയാണ് തുക ഗുണഭോക്താവിൽ എത്തുന്നത്.

തുക അനുവദിക്കുന്നതിനുള്ള അധികാരം സംസ്ഥാന/ജില്ലാ ലീഗൽ സർവ്വീസ് അതോറിറ്റികൾക്കാണ്. അപേക്ഷ ലഭിച്ച ഉടൻ അതിന്റെ നിജസ്ഥിതി പരിശോധി ക്കുന്നതിനായി ലീഗൽ സർവ്വീസ് അതോറിറ്റിയ്ക്ക് അന്വേഷണ വിചാരണ നടത്താം. രണ്ട് മാസത്തിനകം ഉചിതമായ നഷ്ടപരിഹാരം അനുവദിക്കാവുന്നതുമാണ്. കോടതി ശിപാർശ ചെയ്യുന്ന കേസുകളിലും 60 ദിവസത്തിനകം നഷ്ടപരിഹാരം അനുവദിക്കേണ്ടതാണെന്ന് വ്യക്തമാക്കി യിട്ടുണ്ട്. ആനുകൂല്യം ലഭിക്കുന്നതിന് അപേക്ഷ നൽകാനുള്ള സമയപരിധിയും നിശ്ചയിച്ചിട്ടുണ്ട്. സംഭവം നടന്ന് ആറു മാസത്തിനുള്ളിൽ അപേക്ഷ സമർപ്പി ക്കേണ്ടതാണ്. എന്നാൽ ഉചിതമായ കേസ്സു കളിൽ ജില്ലാ അതോറിറ്റിക്ക് കാലതാമസം മാപ്പാക്കാം.

നഷ്ടപരിഹാരം അനുവദിക്കാവുന്ന സാഹചര്യങ്ങൾ പദ്ധതിയിൽ വ്യക്തമാക്കി യിട്ടുണ്ട്. വിചാരണകോടതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിലും, 357-ാം വകുപ്പനുസരിച്ച് അനുവദിച്ച നഷ്ടപരിഹാര ത്തുക ഇരയെ പുനരധിവസിപ്പിക്കുന്നതിന് പര്യാപ്തമല്ലെന്ന് കോടതിക്ക് ഉത്തമ ബോധ്യമുള്ളപ്പോഴും അർഹമായ നഷ്ടപരിഹാരം അനുവദിക്കാൻ ശുപാർശ ചെയ്യാം. കുറ്റവാളികൾക്ക്വേണ്ടി തെരച്ചിൽ നടത്താതിരിക്കുകയും കണ്ടെത്താനാകാ തിരിക്കുകയും ചെയ്യുക, വിചാരണ നടപടികൾ ആരംഭിക്കാതിരിക്കുക എന്നീ സാഹചര്യങ്ങളിലും നഷ്ടപരിഹാരത്തിനായി ഇരകൾക്ക് നേരിട്ട് ലീഗൽ സർവ്വീസ് അതോറിറ്റിയെ സമീപിക്കാം. സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിച്ചിരിക്കുന്ന ക്രീമിലയർ പരിധിക്ക് പുറത്ത് കുടുംബ വരുമാനമുള്ള കേന്ദ്ര/സംസ്ഥാന സർക്കാർ, ബോർഡ്, കോർപ്പറേഷൻ, മറ്റു പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് പദ്ധതിയുടെ ആനുകൂല്യം ലഭിക്കാൻ അർഹതയില്ല. സംസ്ഥാനത്തിനകത്ത് നടക്കുന്ന കുറ്റകൃത്യ ങ്ങൾക്കാണ് ആനുകൂല്യം അനുവദിക്കുന്നത്. എന്നാൽ പരാതിക്ക് ആസ്പദമായ സംഭവം സംസ്ഥാനത്തിന് പുറത്ത് നടക്കുകയും ഇരയായ ആൾ സംസ്ഥാനത്തിനകത്ത് ഉണ്ടായിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ അയാൾക്ക് പ്രാഥമിക ശുശ്രൂഷ, മെഡിക്കൽ ആനുകൂല്യം മുതലായ അടിയന്തിര ഇടക്കാല ആശ്വാസത്തിനായി ജില്ലാ അതോറിറ്റിയെ സമീപിക്കാം. ഒരു പോലീസ് സ്റ്റേഷന്റെ ചുമതലയുള്ള ആഫീസറോ, ഒരു ജുഡീഷ്യൽ മജിസ്ട്രേറ്റോ, എക്സിക്യൂട്ടീവ് മജിസ്ട്രേറ്റോ, മെഡിക്കൽ ആഫീസറോ നൽകുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് ഇടക്കാലാശ്വാസം അനുവദിക്കുന്നത്.

ചില പൊതുമാനദണ്ഡങ്ങൾക്ക് വിധേയ മായാണ് നഷ്ടപരിഹാരം അനുവദിക്കുന്നത്. ഇരയായ ആൾക്കുണ്ടായ പരിക്ക്, മെഡിക്കൽ ചെലവുകൾ, പുനരധിവാസത്തിന് വേണ്ടി വരുന്ന ഏറ്റവും കുറഞ്ഞ സംരക്ഷണചെലവ് എന്നിവയാണ് ആധാരമാക്കുന്നത്. ഇതേ

കുറ്റകൃത്യവുമായി ബന്ധപ്പെട്ട് ഇരയായ ആൾക്ക് സർക്കാരിൽനിന്നും ലഭിച്ച ഏതെങ്കിലും ഇൻഷ്വറൻസ് തുക അല്ലെങ്കിൽ മറ്റേതെങ്കിലും നിയമപ്രകാരമോ സർക്കാർ പദ്ധതി പ്രകാരമോ അനുവദിച്ച എക്സ്ഗ്രേഷ്യ പേയ്മെന്റ് അല്ലെങ്കിൽ ആനുകൂല്യം എന്നിവയും ഫണ്ടിലെ നഷ്ടപരിഹാര തുകയുടെ ഭാഗമായി കണക്കാക്കും. ഇപ്രകാരം ഇതര മാർഗ്ഗേണ ലഭിച്ച തുകയെക്കാൾ പദ്ധതിപ്രകാരം അർഹമായ നഷ്ടപരിഹാരത്തുക കൂടുതലാണെങ്കിൽ, ബാക്കിത്തുക ഫണ്ടിൽ നിന്നും അനുവദി ക്കാവുന്നതാണ്. എന്നാൽ വാഹനാപകടം സംബന്ധിച്ച കേസുകളിൽ ട്രിബ്യൂണൽ അനുവദിക്കുന്ന തുക ഫണ്ടിലെ നഷ്ടപരി ഹാരത്തുകയുടെ ഭാഗമായി കണക്കാക്കു ന്നതല്ല. തുക ലഭിച്ച ആൾ അതിനർഹനല്ലെന്ന് പിന്നീട് ബോധ്യപ്പെടുന്ന പക്ഷം, അനുവദിച്ച തുക തിരിച്ച് പിടിക്കാൻ നടപടി കൈക്കൊള്ളുന്നതാണ്. ജില്ലാ ലീഗൽ സർവ്വീസ് അതോറിറ്റിയ്ക്ക് ഇതിലേയ്ക്കായി കോടതിയെ സമീപിക്കാം.

ഫണ്ടിന്റെ ആനുകൂല്യം ലഭിക്കേണ്ട ആൾ പ്രായപൂർത്തിയാകാത്ത സംഗതിയിൽ അയാളുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ സ്ഥിര നിക്ഷേപം നടത്തുന്നതാണ്. ചില പ്രത്യേക സാഹചര്യങ്ങളിൽ അതായത് ഗുണഭോക്താവിന്റെ വിദ്യാഭ്യാസം, ചികിൽസ എന്നിവയ്ക്കായി മൈനർക്ക് വേണ്ടി ജില്ലാ ലീഗൽ സർവ്വീസ് അതോറിറ്റി നിർദ്ദേശിക്കുന്ന മറ്റൊരാൾക്കും തുക പിൻവലിക്കാം. നഷ്ട പരിഹാരത്തുക നിരസിക്കാനും, തടഞ്ഞു വയ്ക്കാനും, വെട്ടിച്ചുരുക്കുവാനുമുള്ള അധികാരം ലീഗൽ സർവ്വീസ് അതോറിറ്റി ക്കുണ്ട്. കുറ്റകൃത്യം യഥാസമയം റിപ്പോർട്ട് ചെയ്യുന്നതിൽ വീഴ്ച വരുത്തുക, പ്രതിയെ നിയമത്തിന് മുന്നിൽ കൊണ്ട് വരുന്നതിൽ പോലീസിനോടോ മറ്റ് അധികാര സ്ഥാന ത്തോടേ സഹകരിക്കാതിരിക്കുക, അപേക്ഷകന് ആനുകൂല്യത്തിന് അർഹതയില്ലെന്ന് ബോധ്യപ്പെടുക എന്നീ സാഹചര്യങ്ങളിൽ പ്രസ്തുത നടപടികൾ സ്വീകരിക്കാവുന്നതാണ്.

അപേക്ഷ നിരസിച്ചുകൊണ്ടുള്ള ജില്ലാ ലീഗൽ സർവ്വീസ് അതോറിറ്റിയുടെ തീരുമാനത്തി നുമേൽ 90 ദിവസത്തിനകം സംസ്ഥാന ലീഗൽ സർവ്വീസ് അതോറിറ്റിക്ക് ഒന്നാം അപ്പീലും, അതിൻമേൽ 30 ദിവസത്തിനകം ആഭ്യന്തര വകുപ്പിന് രണ്ടാം അപ്പീലും സമർപ്പിക്കാം. ഉചിതമായ കേസ്സുകളിൽ കാലതാമസം മാപ്പാക്കാവുന്നതാണ്. അവകാശ കക്ഷി ആവശ്യപ്പെട്ടതും ജില്ലാ ലീഗൽ സർവ്വീസ് അതോറിറ്റി അനുവദിച്ചതുമായ തുക സംബന്ധിച്ച തീർപ്പ് അന്തിമമാണ്. എന്നിരുന്നാലും ഇത് സംബന്ധിച്ച തീരുമാനം പുന:പരിശോധിക്കുന്നതിന് മതിയായ കാരണമുണ്ടെങ്കിൽ സംസ്ഥാന ലീഗൽ സർവ്വീസ് അതോറിറ്റിക്കോ, സർക്കാരിനോ ആയത് പുന:പരിശോധിക്കാവുന്നതാണ്. വ്യക്തമായ മെഡിക്കൽ റെക്കോർഡുകളുടെ അടിസ്ഥാനത്തിൽ പ്രസ്തുത തീരുമാനം പുനപരിശോധിക്കേണ്ടത് അനിവാര്യമാണെന്ന് ബോധ്യപ്പെടുമ്പോഴും, ഇരയായ ആൾ പിന്നീട് മരണപ്പെടുന്ന സാഹചര്യത്തിലും ഇത്തരം പുന:പരിശോധന സാധ്യമാകും.

പദ്ധതി അനുസരിച്ച് വിവിധ കേസ്സുകളിൽ ലഭിക്കാവുന്ന പരമാവധി നഷ്ടപരിഹാരത്തു കയുടെ വിശദാംശങ്ങൾ ഇനിപറയും പ്രകാരമാണ്.

| | | | |
|---|---|---|---|
| 1. | മരണം | - | 5 ലക്ഷം |
| 2. | കൊലപാതകമല്ലാത്ത കുറ്റകരമായ നരഹത്യ | - | 3 ലക്ഷം |
| 3. | അശ്രദ്ധ മൂലമുള്ള മരണം | - | 2 ലക്ഷം |
| 4. | സ്ത്രീധന പീഡനം | - | 2 ലക്ഷം |
| 5. | പൂർണ്ണമായ ശേഷി ക്കുറവ് (80% കൂടുതൽ) | - | 3 ലക്ഷം |
| 6. | ഭാഗികമായ ശേഷി ക്കുറവ് (40% മുതൽ 80% വരെ) | - | 1 ലക്ഷം |
| 7. | പൊള്ളൽ (25% കൂടുതൽ) | - | 2 ലക്ഷം |

| | | | |
|---|---|---|---|
| 8. | പൊള്ളൽ (25% കുറവ്) | - | 20,000/- |
| 9. | ഗർഭസ്ഥ ശിശുവിന്റെ മരണം (25% കുറവ്) | - | 50,000/- |
| 10. | മൈനറെ ശാരീരികമായി ദുരുപയോഗം ചെയ്യുന്നത് | - | 50,000/- |
| 11. | ബലാൽസംഗം | - | 3 ലക്ഷം |
| 12. | ലൈംഗിക പീഡനം | - | 50,000/- |
| 13. | അവയവങ്ങൾക്ക് ഒടിവ്/സ്ഥാന ഭ്രംശം | - | 1 ½ ലക്ഷം |
| 14. | പ്രധാന അവയവങ്ങൾക്ക് ശസ്ത്രക്രിയ/ഗുരുതര കേടുപാട് ഉളവാക്കുന്ന ക്ഷതം | - | 2 ലക്ഷം |
| 15. | ഉത്പാദനശേഷി നശിപ്പിക്കൽ | - | 1 ½ ലക്ഷം |
| 16. | മറ്റുവിധത്തിൽ പ്രതിപാദിക്കാത്ത പ്രധാനപ്പെട്ട ക്ഷതങ്ങൾ | - | 50,000/- |
| 17. | മറ്റു വിധത്തിൽ പ്രതിപാദിക്കാത്ത അപ്രധാന ക്ഷതങ്ങൾ | - | 25,000/- |
| 18. | ആസിഡ് ആക്രമണം (40 %-ത്തിൽ കൂടുതൽ വൈകൃതം ഉണ്ടാക്കിയത്) | - | 3 ലക്ഷം |
| 19. | ആസിഡ് ആക്രമണം (40% ൽ കുറവ് വൈകൃതം ഉണ്ടാക്കിയത്) | - | 1 ലക്ഷം |

(ആസിഡ് ആക്രമണത്തിന് ഇരയാകുന്ന ആൾക്ക് സംഭവം നടന്ന് പതിനഞ്ച് ദിവസങ്ങൾക്കകം 1 ലക്ഷം രൂപാ നൽകാൻ വ്യവസ്ഥയുണ്ട്)

മേൽ പരാമർശിച്ച തുകകൾ അനുവദിക്കാവുന്ന പരമാവധിയാണ്. ഇതിനു പുറമേ പരമാവധി ഒരു ലക്ഷം രൂപാ വരെ പുനരധിവാസത്തിന് വേണ്ടി നൽകുന്നതാണ്. അപകടത്തിനിരയായ ആൾ 14 വയസ്സിൽ താഴെ പ്രായമുള്ള സംഗതിയിൽ മേൽപരാമർശിച്ചിട്ടുള്ള തുകയുടെ 50% അധിക തുക അനുവദിക്കുന്നതാണ്.

ഫണ്ട് രൂപീകരണവും അനുബന്ധ വിഷയങ്ങളും ദ്രുതഗതിയിൽ നടന്നുവരുന്നു. ഫണ്ട് തയ്യാറാകുന്നതോടെ നീതി നിഷേധിക്കപ്പെടുന്നവർക്ക് അത്താണിയാകാനുള്ള ക്ഷേമ സർക്കാരുകളുടെ പടയോട്ടത്തിന്റെ ഒരു പുത്തൻ അദ്ധ്യായം തുറക്കുമെന്ന് പ്രത്യാശിക്കാം.

***Cuilibet in arte sua perito est credendum.***
*(credence should be given to one skilled in his peculiar profession.)*
***സവിശേഷമായ തൊഴിലിൽ വിദഗ്ദ്ധനായ ഒരാളെ വിശ്വസിക്കണം.***



**കെ. പ്രസാദ്,**
*സെക്ഷൻ ഓഫീസർ,*
*നിയമ വകുപ്പ്.*

# മൊബൈൽ ഫോൺ നഷ്ടപ്പെട്ടാൽ

മൊബൈൽ ഫോണുകൾ നഷ്ടപ്പെടുന്നതും കളവുപോകുന്നതും സർവ്വസാധാരണയായി തീർന്നിരിക്കുന്നു. ആയിരങ്ങൾ വിലയുള്ള മൊബൈൽ ഫോൺ നഷ്ടപ്പെട്ടു എന്നുള്ളത് മാത്രമല്ല, മറ്റാരെങ്കിലും ഫോൺ ദുരുപയോഗപ്പെടുത്തുമോ എന്നുള്ളതായിരിക്കും നമ്മുടെ ആശങ്ക. മൊബൈൽ ഫോണുകളുടെ വലിപ്പക്കുറവു കൊണ്ടുതന്നെ അത് യാത്രയ്ക്കിടയിലും മറ്റും നഷ്ടപ്പെടാനുള്ള സാധ്യത കൂടുതലാണ്. ഒരു ക്രിമിനലിന്റെയോ, തീവ്രവാദിയുടെയോ കൈയിൽ നമ്മുടെ സിംകാർഡും ഫോണും അകപ്പെട്ടാൽ, അയാളുടെ ദുരുപയോഗത്തിലൂടെ സംഭവിക്കാവുന്ന കഷ്ടനഷ്ടങ്ങൾക്ക് ഉത്തരം പറയാനായി ധാരാളം ഓഫീസുകളും കോടതികളും തന്നെ കയറിയിറങ്ങേണ്ടി വന്നേക്കാം.

മൊബൈൽ ഫോൺ കളവുപോവുകയോ നഷ്ടപ്പെടുകയോ ചെയ്താൽ, ആദ്യം ചെയ്യേണ്ടത് തൊട്ടടുത്ത പോലീസ് സ്റ്റേഷനിൽ റിപ്പോർട്ട് ചെയ്യുക എന്നുള്ളതാണ്. ഫോൺ കളവുപോയി എന്ന് റിപ്പോർട്ടു ചെയ്താൽ എന്ന്, എപ്പോൾ, എവിടെ വച്ച് കളവുപോയി തുടങ്ങിയ വിവരങ്ങൾ ചോദിച്ചറിഞ്ഞ് പോലീസ് ഒരു പ്രഥമ വിവിറിപ്പോർട്ട് (FIR) തയ്യാറാക്കും. മൊബൈൽ ഫോൺ നഷ്ടപ്പെട്ടു എന്നാണ് പോലീസ് സ്റ്റേഷനിൽ റിപ്പോർട്ട് ചെയ്യുന്നതെങ്കിൽ സംഭവം മുഴുവൻ വെളിപ്പെടുത്തി വെള്ളപേപ്പറിൽ പോലീസ് പരാതി എഴുതി വാങ്ങുകയും അതിന്മേൽ പോലീസ് സ്റ്റേഷന്റെ പേരും, സീലും രേഖപ്പെടുത്തി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ഒപ്പിട്ടു നൽകും. FIR -ന്റെ കോപ്പി അല്ലെങ്കിൽ ഇപ്രകാരം പോലീസ് സ്റ്റേഷനിൽ നിന്നും ലഭ്യമാകുന്ന റിപ്പോർട്ടുമായി മൊബൈൽ ഫോൺ സർവ്വീസ് പ്രൊവൈഡറെ അടിയന്തിരമായി ബന്ധപ്പെടണം. BSNL/ Reliance/ Idea തുടങ്ങിവ സേവനദാതാക്കൾ നമ്മുടെ അപേക്ഷയിൻമേൽ നമ്മുടെ മൊബൈൽ ഫോൺ നമ്പരിലേക്കുള്ള എല്ലാ സേവനങ്ങളും അടിയന്തിരമായി 'ലോക്ക്' ചെയ്യും. മൊബൈൽ ഫോൺ കിട്ടിയ ആൾ നമ്മുടെ നമ്പർ ദുരുപയോഗപ്പെടുത്തുമോ എന്ന ആശങ്കയ്ക്ക് ഇപ്രകാരം പരിഹാരം തേടാം.

ഇനി കളവുപോയ അല്ലെങ്കിൽ നഷ്ടപ്പെട്ട മൊബൈൽ ഫോൺ വീണ്ടെടുക്കാനുള്ള സാധ്യത ആരായാം. ഇവിടെയാണ് IMEI അഥവാ International Mobile Equipment Identity എന്ന 15 അക്ക നമ്പറിന്റെ പ്രസക്തി. IMEI എന്നത് ഓരോ മൊബൈൽ ഹാൻഡ് സെറ്റും തിരിച്ചറിയാനുള്ള ഒരു അന്താരാഷ്ട്ര ഐഡന്റിറ്റി നമ്പരാണ്. മൊബൈലിന്റെ ബാറ്ററിയുടെ അടിയിൽ അല്ലെങ്കിൽ ഹാൻഡ് സെറ്റിൽ ഈ നമ്പർ രേഖപ്പെടുത്തിയിരിക്കും. സ്റ്റാർ, ഹാഷ് എന്നിവയ്ക്കുശേഷം '06' വീണ്ടും ഹാഷ് (*#06#) എന്നിവ സ്വന്തം മൊബൈലിൽ ഡയൽ ചെയ്താൽ IMEI നമ്പർ കണ്ടുപിടിക്കാനാകും. ഈ നമ്പർ ഡയറിയിലോ മറ്റോ കുറിച്ചു വച്ചിരിക്കുന്നത് നന്നായിരിക്കും. ലോകത്ത് എവിടെ ഇതേ ഹാൻഡ് സെറ്റ് ഉപയോഗിച്ചാലും IMEI നമ്പർ വച്ച് പോലീസിന് അല്ലെങ്കിൽ സേവനദാതാവിന് മൊബൈൽ ഫോൺ ഏത് നെറ്റ് വർക്കിൽ ഉണ്ടെന്ന് ലൊക്കേറ്റ് ചെയ്യാൻ കഴിയും. മൊബൈൽ ഫോൺ ഓഫ് ആണെങ്കിൽ കൂടിയും ഇപ്രകാരം ലൊക്കേഷൻ കണ്ടെത്താവുന്നതാണ്.



**റ്റി. ജയകുമാർ**
അസിസ്റ്റന്റ് ലീഗൽ ഓഫീസർ
നിയമ വകുപ്പ്

# ഭാഷാന്തരണം നേരിടുന്ന വെല്ലുവിളികൾ

ആശയവിനിമയത്തിനുള്ള ഉപാധിയാണ് ഭാഷ. ലോകത്താകെയുള്ള 7106 ഓളം ഭാഷകളിൽ 780 ഓളവും ഇന്ത്യൻ ഭാഷകളാണ്. ഈ ബഹുഭാഷാ സ്ഥിതി യാകട്ടെ ആശയവിനിമയത്തിൽ പ്രതിബന്ധം സൃഷ്ടിച്ചുകൊണ്ട് ജനതകളെ തമ്മിൽ ഭിന്നിപ്പിയ്ക്കുന്നതിനു കാരണമായിട്ടുണ്ട്. 121 കോടിയോളം ജനങ്ങൾ സംസാരിക്കുന്ന ചൈനീസ് മൻഡാറിനും, 42 കോടിയോളം ജനങ്ങൾ സംസാരിക്കുന്ന അറബിയും 36 കോടിയോളം ജനങ്ങൾ സംസാരിക്കുന്ന ഹിന്ദിയും 34 കോടിയോളം ജനങ്ങൾ സംസാരിക്കുന്ന ഇംഗ്ലീഷും 6.6 കോടിയോളം ജനങ്ങൾ സംസാരിക്കുന്ന തമിഴും 3.6 കോടിയോളം ജനങ്ങൾ സംസാരിക്കുന്ന മലയാളവും ഒരു ലക്ഷത്തോളം പേർ മാത്രം സംസാരിക്കുന്ന (ഉത്തർഖണ്ഡ്) ഭാഷാ മുത്തശ്ശിയായ സംസ്കൃതവുമൊക്കെ ഒന്നാം ഭാഷയായി തന്നെ സാമൂഹികമായും സാംസ്കാരികമായും വ്യത്യസ്തത പുലർത്തുന്ന ഭാഷകളാണ്. 'വസുധൈവ കുടുംബകം' പോലെ ഭൂഗോളം വെറുമൊരു ഗ്രാമമായി ചുരുങ്ങിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ, ദേശീയ ഐക്യത്തിനും, രാജ്യാന്തര സഹകരണത്തിനും, പരസ്പര ബന്ധം ഊട്ടിയുറപ്പിക്കുന്നതിനും, സാംസ്കാരിക വിനിമയത്തിനും മനുഷ്യ വർഗ്ഗത്തിന്റെ ഉന്നതിയ്ക്കുമുള്ള ഏകമാർഗ്ഗം ഭാഷാന്തരണ മാണെന്നതിൽ (Translation) തർക്കമില്ല. മാതൃഭാഷയോട് അവജ്ഞ കാണിക്കുന്നതു പോലെതന്നെ അപലപനീയമാണ് ഭാഷാ ഭ്രാന്ത് കാണിക്കുന്നതും. മാതൃഭാഷയെ തള്ളി പറയുന്നവർ അധിനിവേശ സംസ്കാരത്തിന് പരവതാനി വിരിയ്ക്കുന്നവരാണ്. ഒരു ഭാഷ മരിയ്ക്കുമ്പോൾ, ഒരു പ്രദേശത്തിന്റെ സംസ്കാരവും വിലപ്പെട്ട നാട്ടറിവുകളുമാണ് കൂടെ ചരമമടയുന്നത്. ഉദാഹരണത്തിന് കാശ്മീരിന്റെ മാതൃഭാഷ കാശ്മീരിയല്ലാ താവുകയും ഉറുദുവിനെ പരവതാനി വിരിച്ച് സ്വീകരിക്കുകയും ചെയ്ത നാൾ മുതൽ അവിടത്തെ അന്യവൽക്കരണം ആരംഭിച്ചു കഴിഞ്ഞിരുന്നു. ഇന്ന് കാശ്മീരി ഭാഷ സംസാരിക്കുന്നവർ വെറും ന്യൂനപക്ഷമാണ്. കാശ്മീർ സർക്കാരിന്റെ ഔദ്യോഗിക ഭാഷ സ്വാഭാവികമായും കാശ്മീരി ഭാഷയായി രിക്കണമെന്നും, നാഗാലാൻഡ് സർക്കാരിന്റെ ഔദ്യോഗിക ഭാഷ നാഗാ ഭാഷ ആയിരിക്കണ മെന്നും, തനത് ഭാഷകളെ സ്നേഹിക്കുന്ന വരുടെ സ്വപ്നം മാത്രമായി അവശേഷി ക്കുമ്പോഴും, തങ്ങളുടെ മാതൃഭാഷ ഇപ്പോഴും ഉറുദുവാണെന്ന് കാശ്മീരിൽ താമസിക്കു ന്നവരും, ഇംഗ്ലീഷാണെന്ന് നാഗാലാൻഡിലെ താമസക്കാരും ഉറച്ചുവിശ്വസിക്കുമ്പോൾ, അത് തനത് സംസ്കാരത്തിന്റെ ചരമഗീതമായും അധിനിവേശ സംസ്കാരത്തിന്റെ വിജയ വുമായി വിലയിരുത്തപ്പെടുന്നു. ബ്രിട്ടീഷ് കൊളോണിയൻ ഭാഷയായ ഇംഗ്ലീഷ് എങ്ങനെയാണ് നാഗന്മാരുടെ മാതൃഭാഷ യാകുന്നത്? നാഗാലാൻഡിലെ നാഗഗോത്ര വർഗ്ഗങ്ങളുടെ സംസ്കാരവും തനത് ഭാഷയും നശിപ്പിച്ച്, സ്യൂട്ടും കോട്ടു മണിയിച്ചപ്പോൾ നാഗ സംസ്കാരം തന്നെ അപ്രത്യക്ഷമായി. അതുപോലെ മലയാള ഭാഷ ഇന്നേ നശിപ്പിച്ചാൽ, നാഗാലാൻഡ് പോലെ, കുറേ നാൾ കഴിയുമ്പോൾ മലയാളികളുടെ, മാതൃഭാഷയും മലയാള സംസ്കാരവും

ഇല്ലാതാകുമെന്നതിൽ യാതൊരു സംശയവുമില്ല. "മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ, മർത്ത്യനു പെറ്റമ്മ തൻഭാഷ തൻ" എന്ന വള്ളത്തോളിന്റെ വരികൾ ഓർമ്മിക്കുന്ന പക്ഷം നമ്മുടെ മലയാളം നമുക്ക് കൈമോശം വരില്ല. ഭാഷാഭ്രാന്തിനും മാതൃഭാഷയോടുള്ള അവജ്ഞയ്ക്കും ഇടയിലുള്ള മാർഗ്ഗം ഇതുമാത്രമാണ്.

അന്യഭാഷകളെ ആട്ടിപായിക്കാതെ മാതൃഭാഷയെ സമ്പന്നമാക്കാനുള്ള നല്ല ശ്രമമാണ് ഭാഷാന്തരണം. ഭാഷാന്തരണം ബൗദ്ധികതലത്തിൽ നിർവ്വഹിക്കേണ്ട ഒന്നാണ്. ഭാഷയുടെ താത്വികാടിസ്ഥാനം, ഘടന, സംസ്കാരവുമായി അതിനുള്ള ബന്ധം, സർഗ്ഗാത്മകത, ഭാഷയുടെ അപര്യാപ്തത എന്നിവ അറിഞ്ഞെങ്കിൽ മാത്രമെ തൃപ്തികരമായി ഭാഷാന്തരണം നടത്തുവാൻ കഴിയൂ.

മറ്റു ജീവികളിൽ നിന്നും മനുഷ്യനെ വ്യത്യസ്തനാക്കുന്നത് അർത്ഥമറിഞ്ഞ് ഭാഷ പ്രയോഗിക്കുന്നതിനുള്ള കഴിവിലാണ്. നാം നേടിയെടുക്കുന്ന പുരോഗതിയ്ക്കുള്ള അടിസ്ഥാനം തന്നെ ഭാഷയിലൂടെയുള്ള ആശയവിനിമയശേഷിയിലാണ്. ശബ്ദങ്ങൾ ചേർന്ന് അർത്ഥവത്തായ വാക്കുകളും, വാക്കുകൾ വാക്യങ്ങളും ഉണ്ടാക്കുന്നു. ഓരോ പദവും ഓരോ ഭാഷാചിഹ്ന (പ്രതീകം) മാണെന്നും അതിന്റെ ശാബ്ദിക രൂപവും അർത്ഥവും (ഭാവം) തമ്മിലുള്ള ഐക്യം സ്ഥിരമാണെന്നും Ferdinent de saussure എന്ന സ്വിസ് ഭാഷാ ശാസ്ത്രജ്ഞൻ 'Course in General Linguistics' എന്ന ഗ്രന്ഥത്തിൽ അഭിപ്രായപ്പെട്ടിട്ടുണ്ട്. നമുക്ക് അറിയാൻ പാടില്ലാത്ത ഒരു ഭാഷയിലൂടെ ഉച്ചരിക്കപ്പെട്ട ശബ്ദങ്ങൾ നമ്മെ സംബന്ധിച്ചിടത്തോളം വെറും ഒച്ച (Noise) ആയി മാത്രം അവശേഷിക്കുന്നു. എന്നാൽ ആ ഭാഷ പഠിക്കുന്നതോടുകൂടി, ഭാഷയുടെ സാംസ്കാരിക പശ്ചാത്തലം ഗ്രഹിക്കുന്നതോടുകൂടി ഒച്ച അർത്ഥസംപുഷ്ടമായ വാക്കുകളും വാക്യങ്ങളും ആശയങ്ങളുമായി മാറുന്നു.

നമ്മുടെ മാതൃഭാഷയെപറ്റി നാം നേടിയിട്ടുള്ള അറിവുകളെല്ലാം തന്നെ തികച്ചും സ്വാഭാവികമായി നമുക്ക് ലഭിച്ചിട്ടുള്ളതുതന്നെ. എന്നാൽ അന്യഭാഷകൾ നമുക്ക് പഠിക്കുകയേ നിവൃത്തിയുള്ളൂ. ഒരു ഭാഷയിലെ ഓരോ പദത്തിന്റെയും അർത്ഥം ആ ഭാഷ സംസാരിക്കുന്നവരുടെ പരസ്പര സഹകരണത്തിലും സാംസ്കാരിക പശ്ചാത്തലത്താലും നിശ്ചയിക്കപ്പെട്ടിരിക്കുന്നു. ഉദാഹരണമായി കഥകളി, ഓണം, പുരം, തറവാട്, യോഗ, ശാന്തി തുടങ്ങിയ പദങ്ങൾ നമ്മുടെ സംസ്കാരവുമായി ബന്ധപ്പെട്ടിരിക്കുന്നു. ഒരു പാശ്ചാത്യന് ഇതിന്റെ അർത്ഥം മനസ്സിലാക്കണമെങ്കിൽ ഭാരതീയ സംസ്കാരമെന്തെന്ന് അറിഞ്ഞിരിക്കണം. അതുപോലെ ഇംഗ്ലീഷ് ഭാഷയിലെ ശൈലികളും പദങ്ങളും ശരിക്ക് മനസ്സിലാകണമെങ്കിൽ ഇംഗ്ലീഷ് സംസ്കാരവും നാം മനസ്സിലാക്കേണ്ടതുണ്ട്.

ഒറ്റനോട്ടത്തിൽ ഓരോ പദത്തിനും ക്ലിപ്തമായ അർത്ഥമുണ്ടെന്ന് തോന്നാമെങ്കിലും സൂക്ഷ്മപരിശോധനയിൽ അങ്ങനെയല്ല. സന്ദർഭമനുസരിച്ച് ഓരോ വാക്കിനും വിഭിന്ന അർത്ഥങ്ങൾ നമുക്ക് ദർശിക്കാനാവും. ഇംഗ്ലീഷ് മാതൃഭാഷയായി സംസാരിക്കുന്നവർ ഉദ്ദേശിക്കുന്ന അർത്ഥവും അതിന്റെ മലയാളത്തിലേക്കുള്ള ഭാഷാന്തരണവും ഒന്നുതന്നെയായിരിക്കണം.

ആശയവിനിമയത്തിൽ 'വാക്യ' മാണ് ഭാഷയുടെ പ്രധാനപ്പെട്ട ഏകകം (unit). കാരണം ഒരാശയം പൂർണ്ണമായി പ്രകാശിപ്പിക്കുവാൻ കഴിയുന്നത് വാക്യരൂപത്തിലാണ്. ഒരു വാക്യം രചിക്കുമ്പോൾ പദങ്ങളെ എങ്ങനെ ഒന്നിനുപുറമെ ഒന്നായി ക്രമീകരിക്കണമെന്നുള്ള നിയമങ്ങൾ ഓരോ ഭാഷയിലും വ്യത്യസ്തമായിരിക്കും.

സവിശേഷാർത്ഥ പ്രയോഗങ്ങളും പഴഞ്ചൊല്ലുകളും ഭാഷാന്തരണം നടത്തുമ്പോൾ പദാനുപദം ഭാഷാന്തരണം നടത്തുന്നത് അബദ്ധജടിലമാണ്., ഇത്തരം പ്രയോഗങ്ങളെ ഒരൊറ്റ ഏകകമായി (unit) കണ്ട്, ആ ഭാഷ സംസാരിക്കുന്ന ജനതയുടെ സംസ്കാരവും ലോകവീക്ഷണവും

ആശയവും പ്രതിഫലിപ്പിക്കുന്ന രീതിയിൽ ഭാഷാന്തരണം ചെയ്യേണ്ടതാണ്. ഭാഷാന്തരണം നടത്തുമ്പോൾ അർത്ഥത്തിനും ഭാവത്തിനും ആശയത്തിനും മാറ്റം വരുവാൻ പാടില്ല. ഒരേ വാക്യം ഒന്നിലധികം പേർ ഭാഷാന്തരണം നടത്തുമ്പോൾ വ്യത്യാസമുണ്ടാവുന്നത് സ്വാഭാവികമാണ്. എന്നാൽ മൂലവാക്യത്തിൽ നിന്നും വ്യത്യസ്തമായ ഒരർത്ഥം ഭാഷാന്തരണത്തിൽ സംഭവിക്കാൻ പാടില്ല. ഒരു ഭാഷയിലെ ശൈലികളും പഴഞ്ചൊല്ലുകളും അതേപടി ഭാഷാന്തരണം ചെയ്യുന്നത് ഭൂഷണമല്ല. ഭാഷാന്തരണം ശരിക്കും ഒരു പുനഃസൃഷ്ടിയാണ്. എന്നാൽ ഭാഷാന്തരണം ചെയ്യുന്നയാൾ (Translator) തന്റെ അധികാര പരിധി ലംഘിക്കരുത്. ഉദാഹരണത്തിന് 'All that glitters is not gold' എന്ന പഴഞ്ചൊല്ല് 'മിന്നുന്നതെല്ലാം പൊന്നല്ല' എന്ന് ഭംഗിയായി ഭാഷാന്തരണം ചെയ്യാൻ കഴിയണം. അതുപോലെ 'Break the ice' എന്നതിന് 'നന്നായി തുടങ്ങുക' എന്ന് ഭാഷാന്തരണം ചെയ്യുന്നതാണ് ഉചിതം. 'Running nose' എന്നതിന് 'ജലദോഷം' എന്നുപയോഗിച്ചാൽ മതിയാകും.

മാതൃഭാഷ സമ്പന്നമാകണമെന്ന ഉദ്ദേശ്യത്തോടെയാകും മറ്റ് ഭാഷകളിൽ നിന്നും ഭാഷാന്തരണം നടത്തുന്നവരുടെ ഉദ്ദേശ്യം. ഒരു ദ്വിഭാഷാ പണ്ഡിതനു മാത്രമേ ഭാഷാന്തരണത്തിൽ ഫലപ്രദമായി ഏർപ്പെടാൻ സാധിക്കുകയുള്ളൂ.

ഇംഗ്ലീഷിലുള്ള മൂലവാക്യം പലതവണ വായിച്ച് അതിന്റെ യഥാർത്ഥ ആശയം മനസ്സിലാക്കേണ്ടതാണ്. അതിനുശേഷം അതേ ആശയം മാതൃഭാഷയിലൂടെ ആവിഷ്കരിക്കുകയാണ് ഭാഷാന്തരണത്തിൽ ചെയ്യേണ്ടത്. ഒരേ വാക്യത്തിന് ഒന്നിലധികം 'ശരിത്തർജ്ജമകൾ' ഉണ്ടാകാവുന്നതാണ്. ഭാഷാന്തരണം ആരെ ഉദ്ദേശിച്ചാണോ ചെയ്യുന്നത് അവർക്ക് മനസ്സിലാകത്തക്ക വിധത്തിലും, അവർ സാധാരണ ഉപയോഗിക്കുന്ന പദങ്ങൾ കൂടുതലായി ചേർത്ത് വേണം ഉപയോഗിക്കേണ്ടത്. നിയമ വിദഗ്ദ്ധർക്കു വേണ്ടിയോ കോടതിയുമായി ബന്ധപ്പെട്ടിടത്ത് ഭാഷാന്തരണം ഉപയോഗിക്കേണ്ടതെങ്കിൽ, ഭാഷാന്തരണം ക്ലിപ്ത അർത്ഥത്തിലും സംശയത്തിനിടവരാത്ത വിധത്തിലും കോടതിയിൽ സർവ്വ സാധാരണമായി ഉപയോഗിക്കുന്ന വാക്കുകളിലൂടെ ആയിരിക്കണം.

ഓരോ ഭാഷയ്ക്കും സ്വന്തമെന്ന് അവകാശപ്പെടാവുന്ന ചില സവിശേഷതകൾ ഉണ്ടായിരിക്കും. പദഘടന, വാക്യഘടന, ശൈലികൾ, പഴഞ്ചൊല്ലുകൾ തുടങ്ങിയവ ഓരോ ഭാഷയ്ക്കും വ്യത്യാസമായിരിക്കും. എന്നാൽ ഇംഗ്ലീഷ് ഭാഷയുടെ രൂപഘടന (Formal structure) മാതൃഭാഷയായ മലയാളത്തിലും അതേപടി കെട്ടിവയ്ക്കാനുള്ള ശ്രമം ഭാഷയെ വികൃതമാക്കുകയേയുള്ളൂ. ഒരു ഭാഷയിൽ വ്യക്തമാക്കാവുന്ന ഏതാശയവും മറ്റൊരു ഭാഷയിലും വ്യക്തമാക്കാവുന്നതേയുള്ളൂ. പഴഞ്ചൊല്ലുകളും ശൈലികളും മറ്റും ഭാഷാന്തരണം നടത്താതെ നേരത്തെ വിവരിച്ച രീതിയിൽ അവയ്ക്ക് ഏകദേശം തുല്യമായതോ സമാനമായതോ ആയ മാതൃഭാഷയിലുള്ളവ പ്രയോഗിക്കുന്നതാണ് കൂടുതൽ നല്ലത്. ഭാഷാന്തരണത്തിലൂടെ നടക്കേണ്ടത് ആശയത്തിന്റെ പുനരാവിഷ്ക്കരണമായിരിക്കണം. ഇംഗ്ലീഷിൽ നിന്നും മലയാളത്തിലേക്ക് ഭാഷാന്തരണം നടത്തുന്നയാൾ, മലയാളത്തിന്റെ സ്വാഭാവികത നിലനിറുത്തി, അനർഗളമായ രീതിയിൽ ആയിരിക്കണം ചെയ്യേണ്ടത്. മാതൃഭാഷയിൽ അവ ലഭ്യമല്ലെങ്കിൽ, ശൈലി പുനരാവിഷ്ക്കരിക്കാതെ, ആശയം മാത്രം പുനരാവിഷ്ക്കരിക്കാവുന്നതാണ്.

ഓരോ സന്ദർഭത്തിനും യോജിച്ച വാക്കുകളായിരിക്കണം ഭാഷാന്തരണത്തിൽ ഉപയോഗിക്കേണ്ടത്. ആരെ ലക്ഷ്യമാക്കിയാണോ ഭാഷാന്തരണം ചെയ്യേണ്ടത് അവർ അംഗീകരിച്ച അർത്ഥമായിരിക്കണം ഉപയോഗിക്കേണ്ടത്. ഇംഗ്ലീഷിൽ നിന്നും മലയാളത്തിലേക്ക് വിവർത്തനം ചെയ്യുന്നതിന് രണ്ട് ഭാഷകളെ പറ്റി മാത്രം അറിഞ്ഞാൽ പോര. അവയുടെ സാംസ്കാരിക പശ്ചാത്തലത്തെക്കുറിച്ചും ശരിയായ ധാരണ ഉണ്ടായിരിക്കണം. കൂടാതെ മൂലവാക്യത്തെ അപഗ്രഥിച്ച് പൂർണ്ണമായും അർത്ഥം മനസ്സിലാക്കേ

ണ്ടതുണ്ട്. ഒരു പദത്തിന് ഒന്നിലധികം അർത്ഥങ്ങൾ ആവാമെങ്കിലും, ഒരു സന്ദർഭത്തിൽ ഒരർത്ഥം മാത്രമെ സാധ്യമാകൂ. എന്നാൽ സമാനാർത്ഥമുള്ള പല പദങ്ങൾ ഉണ്ടെങ്കിൽ വിവർത്തനം വഴി ദുഷ്കരമാകും. ഒരു വാക്കിന്റെ പര്യായപദങ്ങളിൽ ഏത് ഉപയോഗിക്കണമെന്നത് വിവർത്തകന്റെ ഔചിത്യത്തിന് വിട്ടുകൊടുക്കണം. Father എന്ന വാക്കിന് മലയാളത്തിൽ അച്ഛൻ, താതൻ, പിതാവ് തുടങ്ങിയ പര്യായപദങ്ങൾ ലഭ്യമാണ്. ഇതിൽ ഏതു വേണമെങ്കിലും സന്ദർഭാനുസരണം ഉപയോഗിക്കാമെങ്കിലും ഒരിക്കൽ ഒരു സന്ദർഭത്തിൽ `അച്ഛൻ' എന്നുപയോഗിച്ചാൽ സമാന സന്ദർഭങ്ങളിൽ അച്ഛൻ എന്നുപയോഗിക്കുന്നതാണ് ഉചിതം.

പലപ്പോഴും ഭാഷാന്തരണത്തിലൂടെ ഒരുതരം സ്വാഭാവികതയില്ലാത്ത കൃത്രിമ ഭാഷയാണ് പ്രചരിക്കുന്നത്. ദ്വിഭാഷാ പാണ്ഡിത്യമില്ലെങ്കിൽ ഇത്തരം നിർജ്ജീവ ശൈലിക്ക് നാം അടിമപ്പെട്ടുപോകും. ഭാഷയുടെ പ്രധാന ഏകകം (unit) `പദം' ആണെന്നും ഇംഗ്ലീഷ് പദത്തിനുപകരം മലയാളം പദം കണ്ടുപിടിച്ചാൽ ഭാഷാന്തരണം ആയി എന്നു കരുതുന്നവരാണ് പലരും. പദത്തേയോ വാക്യത്തേയോ പ്രത്യേകം പ്രത്യേകം എടുത്ത് വിവർത്തനം ചെയ്യുന്നത് ആശാസ്യമല്ല. ഇംഗ്ലീഷിലെ സവിശേഷമായ ഘടന (structure) അതേപടി മലയാളത്തിലേയ്ക്ക് പറിച്ചുനട്ടാൽ ഭാഷാന്തരണത്തിലെ ഭാവച്ചോർച്ചയും ആശയച്ചോർച്ചയും തീർച്ചയായും കാണും. ഭാഷാന്തരണം ചെയ്യുമ്പോൾ മലയാളത്തിന്റെ ഭാഷാപരവും അർത്ഥപരവുമായ ഘടനയ്ക്ക് ഉതകുന്ന വിധത്തിൽ ക്രമപ്പെടുത്തലുകൾ (adjustments) നടത്തേണ്ടിവരും. ഉദാഹരണത്തിന് uncle നെ ഭാഷാന്തരണം ചെയ്യുമ്പോൾ ചിറ്റപ്പൻ, വല്യച്ഛൻ, അമ്മാവൻ തുടങ്ങിയവ സന്ദർഭാനുസരണം ഉപയോഗിക്കണം. അതുപോലെ I beg your pardon എന്ന വാക്യത്തിന് എന്നോട് ക്ഷമിക്കണമെന്നോ/ഞാൻ ക്ഷമ ചോദിക്കുന്നുവെന്നോ ഭാഷാന്തരണം ചെയ്യുമ്പോൾ മലയാളത്തിന്റെ സ്വാഭാവികത നിലനിറുത്താൻ സാധിക്കും. മറ്റൊരു പ്രധാനപ്പെട്ട സംഗതി ആവശ്യത്തിലധികം വാക്കുകൾ ഉപയോഗിക്കുന്നത് ഒഴിവാക്കുകയെന്നതാണ്. ഉദാഹരണത്തിന് The tongue in the mouth speaks എന്നതിന് നാവുകൊണ്ട് സംസാരിക്കുകയെന്ന് ഭാഷാന്തരണം നടത്തുന്നതിനുപകരം സംസാരിക്കുകയെന്നാക്കിയാൽ മതിയാകും.

മൂലപദം തെറ്റായി ധരിക്കാനിടയുള്ളപ്പോഴും മൂലപദത്തിന് സമാനമായ അർത്ഥം മാതൃഭാഷയിൽ ലഭിക്കാതെ വരുമ്പോഴും, ആശയം വ്യക്തമാക്കാൻ പദസൂചിക നൽകി കൂടുതൽ വ്യക്തത വരുത്താവുന്നതാണ്.

ഇംഗ്ലീഷ് ഭാഷയിലേയും മലയാള ഭാഷയിലേയും ലിംഗവചന പൊരുത്തം സംബന്ധിച്ച പ്രത്യേകതകൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. ഉദാഹരണത്തിന് she എന്നാൽ അവളെന്നും you എന്നാൽ നീയെന്നും നിങ്ങളെന്നും ബഹുമാനത്തോടെ അവർ എന്നും സന്ദർഭാനുസരണം പ്രയോഗിക്കണം. നിഷേധവാക്യങ്ങളുടെ പ്രത്യേകതകൾ കണക്കിലെടുക്കണം. രണ്ട് നിഷേധം ഇംഗ്ലീഷിൽ ചിലപ്പോൾ അനുകൂലാർത്ഥം സൂചിപ്പിക്കുന്നു. എന്നാൽ മലയാളത്തിൽ ഇല്ലേയില്ല, എന്നാൽ ശക്തമായ നിഷേധമാണ്. ഇല്ലാതില്ല എന്നത് അനുകൂലാർത്ഥമാണ് ദ്യോതിപ്പിക്കുന്നത്.

ചില പ്രസിദ്ധീകരണങ്ങളിൽ ഇംഗ്ലീഷ് ഭാഷയിൽ നിന്നും മലയാളത്തിലേയ്ക്കുള്ള ഭാഷാന്തരണങ്ങളിൽ ചിലതെങ്കിലും കൃത്രിമത്വം നിറഞ്ഞതും സ്വാഭാവികതയില്ലാത്തതുമാകാനുള്ള കാരണം ശ്രദ്ധിച്ചാൽ മനസ്സിലാക്കാവുന്നതേയുള്ളു. ചില അന്യഭാഷാ വാക്കുകൾക്ക് സമാനമായ പദങ്ങൾ മലയാള ഭാഷയിലില്ലെന്നുവരാം. അപ്പോൾ പുതിയ വാക്കുകൾ സൃഷ്ടിക്കേണ്ടിവരുന്നു. സൃഷ്ടിക്കപ്പെടുന്ന വാക്കുകൾ ലാളിത്യം നിറഞ്ഞതും സ്വാഭാവികതയുള്ളതും അധികം നീളമില്ലാത്തതുമായിരിക്കണം.

ഭാഷാപാണ്ഡിത്യം മാത്രം ഉപയോഗിച്ച് കൊണ്ട് ഭാഷാന്തരണം നടത്താൻ ശ്രമിക്കുന്നത് ശരിയല്ല. ഓരോ വാക്കിന്റെയും പിന്നിലുള്ള സാംസ്കാരിക ചരിത്രം മനസ്സിലാക്കാതെ പോകുന്നത് ഭാഷാന്തരണത്തെ വികൃതമാക്കുമെന്നതിൽ സംശയമില്ല.

കേരള സർക്കാർ മലയാളം ഔദ്യോഗിക ഭാഷയായി പ്രഖ്യാപിച്ചിട്ടുള്ള സ്ഥിതിക്ക് ഭാഷാന്തരണത്തിന് കൂടുതൽ ശ്രദ്ധ കൊടുക്കണമായിരുന്നു. എന്നാൽ ഇക്കാര്യത്തിൽ, കേന്ദ്ര സർക്കാർ ഉറച്ച നിലപാടെടുത്തിട്ടുണ്ടെന്നുള്ളത് ആശ്വാസകരമാണ്. ഇന്ത്യൻ ഭാഷകളിലേക്ക് ഭാഷാന്തരണം പ്രോത്സാഹിപ്പിക്കുന്നതിന് National Translation Mission [ദേശീയ ഭാഷാന്തരണ ദൗത്യം] ഭാരത സർക്കാർ നടപ്പാക്കിക്കൊണ്ടിരിക്കുന്ന പദ്ധതിയാണ്. ഭാഷാന്തരണവുമായി ബന്ധപ്പെട്ട് ഉയരുന്ന പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാർ ഭാഷാന്തരണ ജോലിയിലേർപ്പെടുന്ന എല്ലാ ഉദ്യോഗസ്ഥർക്കും ഇംഗ്ലീഷ് ഭാഷയുടെയും, മലയാള ഭാഷയുടെയും വ്യാകരണം, പ്രയോഗശൈലി എന്നിവ സംബന്ധിച്ച് പ്രഗൽഭരായ അദ്ധ്യാപകരെ കൊണ്ട്, പരിശീലനം നൽകേണ്ടതാണ്.

ഭാഷാന്തരണം ഇപ്പോൾ യന്ത്രവത്കരിച്ചിട്ടുണ്ട്. അതിനായി പല സോഫ്റ്റ് വെയറുകളും ഇന്ന് ലഭ്യമാണ്. നിലവിലെ കമ്പ്യൂട്ടർ ഭാഷകളെല്ലാം ഇംഗ്ലീഷിനെ അടിസ്ഥാനപ്പെടുത്തിയാണ് ചിട്ടപ്പെടുത്തിയിട്ടുള്ളത്. ഇംഗ്ലീഷ് ഭാഷയ്ക്ക് വ്യാകരണം, ഉച്ചാരണം എന്നീ കാര്യങ്ങളിൽ പലപ്പോഴും ഐകരൂപ്യമില്ല എന്നുള്ളത് വാസ്തവമാണ്. ആകയാൽ ഇംഗ്ലീഷ് ഭാഷ അടിസ്ഥാനപ്പെടുത്തിയിട്ടുള്ള യന്ത്രഭാഷയിലൂടെ ഭാഷാന്തരണം നടത്തുന്നതിന് ചില പ്രായോഗിക ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നുണ്ട്. NASA-യും Artificial Intelligence-മായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ശാസ്ത്രജ്ഞർ ഭാഷാന്തരണത്തിന് ഏറ്റവും അനുയോജ്യമായ intermediate language സംസ്കൃതമാണെന്നാണ് അഭിപ്രായപ്പെട്ടത്. സംസ്കൃതം അടിസ്ഥാനപ്പെടുത്തി കമ്പ്യൂട്ടർ ഭാഷകൾ ചിട്ടപ്പെടുത്തിയാൽ നിലവിലുള്ള പല പരിമിതികളും മറികടക്കാവുന്നതാണ്.

മാതൃഭാഷയിലേയ്ക്ക് ഭാഷാന്തരണം നടത്തുമ്പോൾ, മലയാളഭാഷയുടെ സവിശേഷതകൾക്ക് യോജിച്ചരീതി തെരഞ്ഞെടുത്ത്, മലയാളഭാഷയുടെ ഘടനാപരമായ സവിശേഷത നിലനിറുത്തി ലാളിത്യത്തോടെ, വ്യാകരണനിയമങ്ങൾ തെറ്റിക്കാതെ, വ്യംഗ്യാർത്ഥവും ഭാവവും നിലനിറുത്തി രൂപഘടനയിൽ ചില ശരിപ്പെടുത്തലുകൾ വരുത്തി, ഭാഷയിലില്ലാത്ത പുതിയ വാക്കുകൾ സൃഷ്ടിക്കുമ്പോൾ ലളിതമായ ചെറിയ വക്കുകൾ സൃഷ്ടിച്ച് അച്ചടി-ദൃശ്യമാദ്ധ്യങ്ങളിൽ കൂടുതലായി ഉപയോഗിക്കുന്ന അവസരത്തിൽ, ഭാഷാന്തരണം വിജയിച്ചു വെന്നു പറയാം.

❋

***consuetudo et communis assuetudo vincit legem non scriptam, si sit specialis; et interpretatur legem scriptam, si lex generalis.***

*(Custom and common usage overcome the unwritten law, if it be special; and interpret the written law, if it be general.)*

***ആചാരവും പൊതുവായ വഴക്കവും എഴുതപ്പെട്ടിട്ടില്ലാത്ത പ്രത്യേക നിയമത്തെ അതിജീവിക്കുകയും എഴുതപ്പെട്ട പൊതുവായ നിയമത്തെ വ്യാഖ്യാനിക്കുകയും ചെയ്യുന്നു.***

നിയമധ്വനിയുടെ പ്രകാശനചടങ്ങിൽ നിന്ന്...............





ഭരണഭാഷാ വർഷാചരണത്തിന്റെ ഭാഗമായി നിയമവകുപ്പ് സംഘടിപ്പിച്ച പ്രഭാഷണം



കേരള സർക്കാർ നിയമവകുപ്പിനുവേണ്ടി നിയമ സെക്രട്ടറി സി. പി. രാമരാജ പ്രേമ പ്രസാദ് തിരുവനന്തപുരത്തെ
ഗവ. സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചത്, 2014